# CHANAKYAN

2002

By

P. Sankaran Nambiyar M. A. (Hons.)

1693

# ചാണക്യൻ

ഗ്രന്ഥകർത്താ:

പി. ശങ്കരൻ നമ്പ്യാർ, എം. എ. (ഓണേഴ്സ്).

TRICHUR

V. SUNDRA IYER & SONS.

*Rights Reserved*] 1952 Price 1—4—0]

# CHANAKYAN

*By*

**P. Sankaran Nambiyar M. A. (Hons.)**

# ചാണക്യൻ

ഗ്രന്ഥകർത്താ:

പി. ശങ്കരൻ നമ്പ്യാർ എം. എ. (ഓണേഴ്സ്)

TRICHUR,
V. SUNDRA IYER & SONS.
1952

Price 1—4—0] *Rights Reserved* [വില 1_4_0

ISLAM HIGH SCHOOL
2002
2002
NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

# ചാണക്യൻ

---

## ൧-ാം അദ്ധ്യായം

പണ്ടു പാടലീപുത്രം ഭരിച്ചിരുന്ന നന്ദൻ എന്നു രാജാവിന്നു ക്ഷത്രിയഭാൎയ്യയായ സുനന്ദയിൽ ഒമ്പതു പുത്രന്മാരും ശൂദ്രകന്യകയായ മുരയിൽ ഒരു പുത്രനുമുണ്ടായി. മുരാപുത്രന്റെ പേർ മൌൎയ്യനെന്നായിരുന്നു. ഇവരെല്ലാവരും മുറയ്ക്കു് അസ്ത്രശാസ്ത്രാദിവിദ്യകൾ അഭ്യസിച്ചും വീൎയ്യം വിനയം രാജ്യഭരണത്തിനു വേണ്ട നയം മുതലായ ഗുണങ്ങൾ സമ്പാദിച്ചും യൌവനയുക്തന്മാരായിത്തീൎന്നു. കാലക്രമേണ വയോധികനായ നന്ദമഹാരാജാവിനു് ഐഹികകാൎയ്യങ്ങളിൽനിന്നു നിവൎത്തിച്ചു പാരത്രികമാൎഗ്ഗാന്വേഷണം ചെയ്വാൻ ആഗ്രഹം ജനിച്ചു. അതിനാൽ രാജ്യം തന്റെ പുത്രന്മാരായ നവനന്ദന്മാൎക്കു് ഏല്പിച്ചുകൊടുത്തിട്ടു, കാട്ടിൽ പോയി തപോവൃത്തിയായി ആയുഷ്കാലശിഷ്ടം നയിക്കുന്നതിനു് അദ്ദേഹം നിശ്ചയിച്ചു, മന്ത്രിമാരായ രാക്ഷസൻ മുതൽ പേരെ വിളിച്ചുവരുത്തി അക്കാൎയ്യത്തിൽ അവരുടെ അഭിപ്രായമറിവാൻ ആവശ്യപ്പെട്ടിപ്രകാരം പറഞ്ഞു; നമ്മുടെ പുത്രന്മാർ പൂൎണ്ണയൌവനയുക്തന്മാരും

രാജനീതികളിൽ കുശലന്മാരും ആയിത്തീന്നിരിക്കുന്ന അവസ്ഥയ്ക്കു് അവരിൽ ഒരുവനെ രാജ്യഭാരമേല്പിച്ചു, സേനാപതിയായി മൌൎയ്യനേയും വാഴിച്ചു്, നമുക്കു മോക്ഷമാൎഗ്ഗം നോക്കുകയല്ലയോ ഇനി ഉചിതമായിട്ടുള്ളതെന്നു നാം ശങ്കിക്കുന്നു."

പുത്രന്മാരിൽവെച്ചു പ്രായംകൊണ്ടു് എല്ലാവരുടേയും ജ്യേഷ്ഠനായ മൌൎയ്യന്നാകട്ടെ, തന്റെ അച്ഛന്റെ ഈ വാക്കുകൾ കേട്ടപ്പോൾ കുറെ വ്യസനം തോന്നി "കഷ്ടം! എന്റെ അവസ്ഥ ഇങ്ങനെയായല്ലോ. നവനന്ദനന്മാരുടെ ദാസ്യവൃത്തിയാണോ എന്റെ തലയിലെഴുത്തു്? ഞാൻ ശൂദ്രസ്ത്രീയുടെ പുത്രനാണു്; ശരിതന്നെ. പക്ഷെ, ഞാനല്ലയോ ജ്യേഷ്ഠപുത്രൻ? അതുംകൂടെ വിചാരിക്കേണ്ടതല്ലയോ? രാജപദവിക്കു് എനിക്കു മോഹമില്ല. എന്തെന്നാൽ, എന്റെ കുലം വളരെ ഉൽകൃഷ്ടമല്ലെന്നു് എനിക്കുതന്നെ അറിയാം. എന്നാലും ഞാനും രാജപുത്രനല്ലയോ? ദാസ്യമെങ്ങനെ സഹിക്കും? ഈ രാജ്യത്തിൽ ഏതെങ്കിലുമൊരു ഭാഗമെങ്കിലും വിട്ടുതരുവാൻ അച്ഛനു തോന്നിയില്ലല്ലോ. പിതാവു സ്വമേധയാ എന്നെ ഇങ്ങനെ നിരാകരിക്കുന്നവനല്ല. പുത്രന്മാരുടേയോ മന്ത്രിമാരുടേയോ ഒരു ഏഷണിപ്രയോഗം തീൎച്ചയായും ഈ വിഷയത്തിലുണ്ടായിക്കാണണം. ആകട്ടെ; അവരുടെ ഈ കുസൃതിക്കു തക്കതായ ഒരു പ്രതിവിധി ഞാനും കാട്ടിക്കൊടുത്തേയ്ക്കാം. രാജ്യാവകാശികളായി നന്ദനന്മാർ ഒമ്പതുപേരുണ്ടല്ലൊ. ഇവർ തമ്മിൽ

യോജിക്കാതിരിപ്പാൻവേണ്ട കൌശലം ഞാനും പ്രയോഗിച്ചുനോക്കട്ടെ." ഇങ്ങിനെ വിചാരിച്ചുകൊണ്ടു മുരാപുത്രൻ രാജാവിനോടുണർത്തിച്ചു. "പ്രിയപിതാവേ! ഇക്കാര്യത്തിലെന്താണു വിഷമം? നന്ദനന്മാരിൽ ഒരാളെ എന്നെന്നേയ്ക്കും രാജാവായി വാഴിക്കയും മററുള്ള എട്ടുപേരോടും അദ്ദേഹത്തിൻെറ ഭൃത്യന്മാരായിരിപ്പാൻ കല്പിക്കയും ചെയ്യുന്നതായാൽ യാതൊരു പ്രയാസവും കൂടാതെ കാൎയ്യം തീൎച്ചയാക്കാമല്ലോ". എന്നാൽ ഈ വഴി രാജാവിനത്ര തൃപ്തികരമായിത്തോന്നിയില്ല. അതു കലഹത്തിനു കാരണമാകുമെന്നുള്ള വാസ്തവം അദ്ദേഹം നല്ലവണ്ണം ധരിച്ചു.

നക്രനാസൻ എന്നു പേരായ മന്ത്രിയുടെ അഭിപ്രായം രാജ്യത്തെ ആകപ്പാടെ ഒമ്പതായി വിഭജിച്ചു ഓരോ പുത്രനെ ഓരോ വിഭാഗത്തിൻെറ അധിപനാക്കി വാഴിക്കുകയായിരിക്കും ഉത്തമമെന്നായിരുന്നു. എന്നാൽ സ്വൎഗ്ഗംപോലെയുള്ള പുഷ്പപുരം എല്ലാററിലും വെച്ചു വിശിഷ്ടതമമാകയാൽ അതു് ആൎക്കു കിട്ടുമെന്നുള്ള ഒരു സംശയം മൌൎയ്യൻ അപ്പോളെടുത്തിട്ടു. ഇതു കേട്ടപ്പോൾ അമാത്യപുംഗവനായ രാക്ഷസനു മൌൎയ്യൻെറ ഉദ്ദേശം നല്ലവണ്ണം മനസ്സിലായി. "ഈ വൃഷലീസുതനു രാജകുമാരന്മാരുടെ ഇടയിൽകലഹവിത്തുവിതയ്ക്കുവാനുള്ള ഉത്സാഹമാണു്. ഞാനിരിക്കുമ്പോൾ അതു സമ്മതിക്കുകയില്ല". ഇങ്ങനെ നിശ്ചയിച്ചിട്ടു് ഇദ്ദേഹം നന്ദനന്മാരോടു പറഞ്ഞു. "അല്ലയോ രാജകുമാരന്മാരേ! നിങ്ങളുടെ കൃ

ത്യം പിതൃശാസനാനുസാരണമാണെന്നു ധരിക്കണം. ഈ പുഷ്പപുരം ഇത്ര വളരെ മഹത്തായിട്ടുള്ളതാണെങ്കിൽ ഇതുപോലെതന്നെ വേറെ എട്ടുപുരങ്ങൾ നിർമ്മിച്ചേയ്ക്കാം. മററുള്ള സകല പദാർത്ഥങ്ങളും നിങ്ങൾ ഒൻപതുപേക്കും തുല്യമായി വിഭജിച്ചുതരികയും ചെയ്യാം."

ഇതു കേട്ടിട്ടും മൌര്യൻ വിട്ടില്ല "ഇന്ദ്രപുരമായ അമരാവതിയോടു കിടപിടിക്കത്തക്ക ഈ പുഷ്പപുരം പോലെ ഒരു രാജധാനി നിർമ്മിക്കുവാൻ ഈ ലോകത്തിൽ ആരെക്കൊണ്ടെങ്കിലും സാധിക്കുമെന്നു വിചാരിക്കുന്നതു് അബദ്ധമായിപ്പരിണമിപ്പാനേ വഴിയുള്ളുവെന്നാണു് എനിക്കു തോന്നുന്നതു്. പുഷ്പപുരം പുഷ്പപുരംതന്നെ" എന്നു് അയാൾ വാദിച്ചു. ഇതയുമായപ്പോഴയ്ക്കും നന്ദന്മാരിൽ ഓരോരുത്തനും "പുഷ്പപുരം എനിക്കുവേണം—അല്ലെങ്കിൽ ഞാനിതാ കാട്ടിൽ പോകുന്നു—എനിക്കു രാജ്യവുംവേണ്ട, ഒന്നുംവേണ്ട—. ഞാൻ തപസ്സുചെയ്തു് എന്റെ ആത്മാവിനു ഗതിവരുത്തിക്കൊള്ളാം—എന്നിങ്ങിനെ ശാഠ്യം തുടങ്ങി. മൌര്യനു് അല്പം ആശ്വാസമായി. "ഇനി എന്താണു നിവൃത്തി? കുമാരന്മാരെ ഒൻപതുപേരേയും ഒരുമിച്ചു വാഴിച്ചാലോ? അതു ശരിയാകയില്ല. ബഹുനായകത്വം ഒരിക്കലും ശരിയായവിധത്തിൽ കലാശിക്കുകയില്ല. സമാധാനമെന്നതു രാജ്യത്തിൽ ഉണ്ടാവുകയുമില്ല. അതിനാൽ ഓരോ വത്സരം ഓരോ കുമാരൻ രാജ്യം ഭരിക്കട്ടെ. അതായിരിക്കും നല്ലതു്" എന്നിപ്പ

കാരം രാജാവു കല്പിച്ചു. മന്ത്രിമാൎക്കും നന്ദനന്മാൎക്കും അതു തൃപ്തികരവുമായി. എന്നാൽ ഇതുകൊണ്ടും കഴിഞ്ഞില്ല. "ഒന്നാമതായി രാജ്യഭാരം ചെയ്യേണ്ട അവകാശം ഇക്കൂട്ടത്തിൽ ആൎക്കാണു്?" എന്നായി മൌൎയ്യന്റെ ചോദ്യം. "ഞാൻ മുമ്പിൽ, ഞാൻ മുമ്പിൽ," എന്നു് ഓരോ പുത്രനും വാശിപിടിക്കുവാനും തുടങ്ങി. അമാത്യരാക്ഷസനു് ഇതെല്ലാം കണ്ടു വളരെ കുണ്ഠിതം തോന്നി. എങ്കിലും അദ്ദേഹം പലവിധത്തിലും നന്ദനന്മാരെ ഉപദേശിച്ചു വളരെ കുഴങ്ങി. ഒരുപ്രകാരത്തിൽ താതശാസനം അനുസരിക്കുന്നതിനു സമ്മതിപ്പിച്ചു ഇങ്ങനെ രാജ്യഭാരം നവനന്ദനന്മാരെ ഏല്പിച്ചു, മൌൎയ്യനെ എല്ലാസേനകളുടേയും അധിപതിയാക്കി വാഴിച്ചിട്ടു നന്ദനൃപൻ കാട്ടിലേയ്ക്കു പോകുന്നതിനായി പുറപ്പെട്ടു. അപ്പോൾ പൌരജനങ്ങളെല്ലാംകൂടി രാജ്യം വിട്ടു പോകാതിരിപ്പാൻ അദ്ദേഹത്തോടു വളരെ സങ്കടത്തോടുകൂടി അപേക്ഷിക്കയാൽ ആ വൃദ്ധഭൂപൻ തപോവൃത്തിയായി സ്വപുരത്തിൽതന്നെ ഒരിടത്തിരുന്നു കാലം നയിക്കാമെന്നുവെച്ചു് അതിനായി പ്രത്യേകം തിരഞ്ഞെടുത്ത സ്ഥലത്തു താമസമുറപ്പിക്കുകയും ചെയ്തു.

മുൻനിശ്ചയംപോലെ കുറേക്കാലം വലിയ കലഹമൊന്നും കൂടാതെ മന്ത്രിമാരുടെ നയത്താൽ രാജ്യഭാരം ഒരുവിധം നടന്നുപോന്നു. സേനാധിപതിയായ മൌൎയ്യനു് ഇപ്പോഴേയ്ക്കും നൂറു പുത്രന്മാരുണ്ടായെന്നു മാത്രമല്ല, സ്ഥാനമാനാദികളിൽ ക്രമേണ

അഭിവൃദ്ധി ലഭിക്കയും ചെയ്തു. തൻെറ നയോപായങ്ങൾമൂലം അദ്ദേഹം പ്രജകളുടെ ഇടയിൽ വളരെ രഞ്ജിപ്പു സമ്പാദിച്ചു. സേനാപതിസ്ഥാനം കാലഭേദം കൂടാതെ സ്ഥിരമായി തനിക്കുതന്നെ ആയിരുന്നതിനാൽ മൌൎയ്യൻെറ ബലം, ഓരോ വത്സരം ഊഴമിട്ടു രാജ്യഭാരം ചെയ്യുന്ന നന്ദന്മാരുടെ ബലത്തെക്കാൾ വളരെ അധികമായിഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. എന്തിനേറെപ്പറയുന്നു; ക്രമേണ രാജ്യകാൎയ്യങ്ങളിൽ ഏററവും പ്രബലൻ മൌൎയ്യനായിത്തീൎന്നു. നന്ദന്മാരുടേയും മന്ത്രിമാരുടേയും ശക്തി ക്ഷയിക്കുകയും ചെയ്തു. ഇതെല്ലാം കണ്ടറിഞ്ഞു് ഒരു ദിവസം ഇവർ വളരെ കുണ്ഠിതത്തോടെ തമ്മിൽ ആലോചന തുടങ്ങി.

"കഷ്ടം! നമ്മുടെ അധീനത്തിൽ ഇരിക്കേണ്ടതും നാം അനുഭവിക്കേണ്ടതുമായ ഈ രാജ്യം ശൂദ്രപുത്രനായ മൌൎയ്യൻെറ കീഴിലാണല്ലോ യഥാൎത്ഥമായി ഇപ്പോൾ സ്ഥിതിചെയ്യുന്നതു്. രാജാക്കന്മാരും മന്ത്രിമാരുമായ നാം പേരിനുമാത്രമേയുള്ളു. വാസ്തവത്തിൽ രാജ്യവും മന്ത്രിയുമെല്ലാം അവൻതന്നെ. നമ്മുടെ ഭൃത്യനായിരിക്കേണ്ട ഈ വൃഷലീസുതൻ നമ്മുടെ മേലധികാരിയായിട്ടാണല്ലോഇരിക്കുന്നതു്. ഇവൻെറ ഈ പണി നാം മുമ്പുതന്നെ അറിയേണ്ടതായിരുന്നു. ദോഷത്വം പിണഞ്ഞുപോയല്ലോ. ഏതായാലും ഇനി കർത്തവ്യമായിട്ടുള്ളതെന്തെന്നു് ആലോചിക്കത്തന്നെ. ഒന്നാമതായി മൌൎയ്യൻെറ കഥ കഴിക്കണം.

അതിനുള്ള ഉപായങ്ങൾ നോക്കാം. നേരിട്ടുതന്നെ ഇവനോടു യുദ്ധം ചെയ്താലോ? അതു ഗുണമാകയില്ല. ക്ഷുദ്രനെങ്കിലും ജ്യേഷ്ഠപുത്രനാകയാലും സകല സൈന്യങ്ങളുടേയും അധിപനായും സമ്പൽസന്താനസൌഖ്യംകൊണ്ടു ബലിഷ്ഠനായും സ്വനയസമ്പാദിതമായ ജനരഞ്ജനകൊണ്ടു ഗണനീയമഹിമാവായും തീൎന്നിരിക്കയാലും ഇവനോടുനേരെ പടപൊരുത് ജയിക്കാമെന്നുള്ള ആശ വ്യൎത്ഥംതന്നെ. പക്ഷെ നാം തോൽക്കാനാണ് അധികമെളുപ്പം. പിന്നെ രാജാക്കന്മാരും മന്ത്രിമാരുമായ നാമെല്ലാവരുംകൂടി യുദ്ധം ചെയ്തിട്ടും മൌഢ്യനോടു തോററുപോയി എന്നുള്ള അപകീൎത്തിക്കു നാം പാത്രീഭവിച്ചേയ്ക്കാം. അതിനാൽ ഇവനോടു തുറന്നുള്ള യുദ്ധം കൂടാതെ കഴിക്കയാണു തരമുണ്ടെങ്കിൽ വേണ്ടതു്. വല്ല വിധത്തിലും ആരുമറിയാതെ ഇവനേയും ഇവന്റെ പുത്രബലത്തേയും മുഴുവൻ നശിപ്പിക്കുവാൻ ഉദ്യമിക്കണം. കാൎയ്യമെല്ലാം ഗൂഢമായിരിക്കുകയും വേണം." എന്നിങ്ങിനെ എല്ലാവരുംകൂടി ആലോചിച്ച് ഒരു ഗൂഢോപായവും കണ്ടുപിടിച്ചു സഭ പിരിയുകയും ചെയ്തു.

രാക്ഷസപ്രകൃതികളായ അമാത്യന്മാർ ഭൂമിയുടെ അന്തൎഭാഗത്തു് അതിവിശേഷമായ ഒരു മന്ത്രമണ്ഡപം പണികഴിപ്പിച്ചു. ഗൂഢമായ ആലോചനകളെല്ലാം അന്നുമുതൽ അതിൽവെച്ചാക്കി. ഇങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം ഒരു ദൂതൻ മൌഢ്യന്റെ അടുക്കൽച്ചെന്നു് ഇപ്രകാരമറിയിച്ചു. "രാജാക്കന്മാർ

ഒമ്പതുപേരും മന്ത്രിമാരും മററെല്ലാവരുംകൂടി മന്ത്രമണ്ഡപത്തിൽ ഭവാൻെറ വരവു കാത്തിരിക്കുന്നു. എന്തൊ ഗൌരവമുള്ള കാൎയ്യത്തെപ്പററി ആലോചിക്കാനാണെന്നു തോന്നുന്നു. അതുകൊണ്ടു ഭവാനും പുത്രന്മാരുംകൂടി ഉടൻതന്നെ അവിടേയ്ക്കുചെല്ലുവാൻ കല്പനയായിരിയ്ക്കുന്നു." ഇതു കേട്ടാറെ മൌൎയ്യൻ സസംഭ്രമം തനയന്മാരെയെല്ലാം വിളിച്ചു മന്ത്രാഗാരത്തിലേയ്ക്കു പുറപ്പെട്ടു. യാതൊരു സംശയവും കൂടാതെതന്നെ മൌൎയ്യൻ പതിവുപോലെ മണ്ഡപത്തിലേയ്ക്കു പോകുവാനുള്ള കുടുസ്സായ ആ ഗുഹാദ്വാരമാൎഗ്ഗത്തിലേക്കിറങ്ങി. മൌൎയ്യനും പുത്രന്മാരും ഒന്നൊഴിയാതെ ഗുഹാഗൎഭത്തിലകപ്പെട്ടു എന്നു കണ്ടപ്പോൾ മുൻനിശ്ചയം ചെയ്തിരുന്നതുപോലെ ക്ഷണേന നന്ദകിങ്കരന്മാർ വലിയ കല്ലുകളിട്ടു ദ്വാരത്തെ ഗാഢമായി അടച്ചുകളഞ്ഞു. ഇപ്രകാരം മൌൎയ്യനും പുത്രന്മാരും തീരെ നിസ്സഹായന്മാരായി ഗുഹയിൽ അകപ്പെട്ടു. ആലോചനാമണ്ഡപത്തിലെത്തി നോക്കിയപ്പോൾ ദൂതൻ പറഞ്ഞിരുന്ന പ്രകാരം രാജാക്കന്മാരേയോ മന്ത്രിമാരേയോ ആരേയും അവിടെയെങ്ങുംതന്നെ കാണ്മാനില്ല. തന്നേയും തൻെറ പുത്രന്മാരേയും കൊല്ലുവാൻ നന്ദമന്ത്രിമാർ പ്രയോഗിച്ച പെരുംചതിയാണിതെന്നു് ഇപ്പോളാണു മൌൎയ്യനു മനസ്സിലായതു്. "ഗുഹാഗൎഭത്തിൽനിന്നു പുറത്തു പോകുവാൻ യാതൊരു മാൎഗ്ഗവുമില്ല. ഇവിടെക്കിടന്നു നാമെല്ലാവരും നശിക്കയേ നിവൃത്തിയുള്ളൂ" എ

ന്നു വിചാരിച്ചുനോക്കുമ്പോൾ വിസ്മയജനകമായ ഒരു കാഴ്ച അവിടെ കണ്ടു. നൂറെറാന്നു പാത്രം നിരത്തി ഒരോന്നിലും കുറേശ്ശെ ചോറും വിളമ്പി അതിന്നുമു മ്പിൽ ഓരോ വിളക്കും കൊളുത്തിവെച്ചിരിയ്ക്കുന്നു.

"ഇതെന്താണു്? എന്താ നിശ്ചയിപ്പാനുള്ളതു്? നമ്മുടെ കൊലച്ചോറുതന്നെ. ഹാ കഷ്ടം! ദുർവ്വിധേ! അഗതികളായ ഞങ്ങളുടെ കഥ ഇങ്ങനെയായല്ലോ. ഇങ്ങനെ ചതിച്ചുകൊല്ലുവാൻ ആ ദുഷ്ടന്മാരോടു ഞങ്ങളെന്താണൊരു ദോഷം ചെയ്തിട്ടുള്ളതു്? ഞ ങ്ങൾ വല്ലതും പ്രവൎത്തിച്ചു ദിവസം കഴിപ്പാനായുള്ള തിന്നല്ലാതെകണ്ടൊന്നിന്നും പോയില്ലല്ലൊ." നിസ്സ ഹായന്മാരായി ഇവിടെ അകപ്പെട്ട ഞങ്ങൾ എന്താ ണു ചെയ്യേണ്ടതു്? കൊലച്ചോറുകൊണ്ടു ചത്തുപോ കതന്നെയോ? എന്നാൽ നന്ദന്മാൎക്കും മന്ത്രികൾക്കും കൃതാൎത്ഥതയുമായി. ഇല്ല, ഒരിക്കലുമില്ല. ഈ ദ്രോ ഹികളുടെ ഉദ്ദേശം മുഴുവൻ സാധിപ്പാൻ മൌൎയ്യൻ ഒരിക്കലും അനുവദിക്കയില്ല. ചത്താലും പകപോക്കാ തിരിക്കുന്നവനല്ല മൌൎയ്യൻ." ഇപ്രകാരം വിചാരി ച്ചിട്ടു ധീരനായ ആ സൎവ്വസൈന്യാധിപൻ തന്റെ പുത്രന്മാരെ നോക്കിപ്പറഞ്ഞു. "എന്റെ ഓമനകളെ! മൌൎയ്യകുലം ഉന്മൂലനംചെയ്യുന്നതിന്നായി ഈ ക്രൂരോ പായം പ്രയോഗിച്ചിരിക്കുന്ന മഹാപാപികളായ ആ വഞ്ചകന്മാരുടെ ഉദ്ദേശം പൂൎണ്ണമായി സാധിപ്പാൻ നാം ഒരു വിധത്തിലും അനുവദിക്കരുതു്. നമ്മിൽ ഒരാളെങ്കിലും ജീവിച്ചിരുന്നു തക്കതായ പ്രതിക്രിയ

ചെയ്യാനുത്സാഹിക്കണം. ഈ ചോറെല്ലാം ഒന്നായി എടുത്തുവെയ്ക്കുക. നൂററൊന്നുപേക്കു ഭക്ഷിക്കുവാനുള്ള അന്നമുണ്ടല്ലൊ. അതു് ഒരാളുടെ മാത്രം ജീവസന്ധാരണത്തിനായിരിക്കട്ടെ. മററുള്ളവരെല്ലാം പട്ടിണികിടന്നു മരിക്കണം. ഒരാൾമാത്രം ഇതിൽനിന്നു് അല്പാല്പം എടുത്തു ഭക്ഷിച്ചു കഴിയുന്നത്ര കാലം പ്രാണൻ കൂട്ടിലിട്ടു കിടന്നു് ആ ദുഷ്ടന്മാരോടു പകരം ചെയ്യാൻ നോക്കണം. ഈ ചോറു തീരുന്നതിന്നുമുമ്പിൽ ദൈവം എന്തെങ്കിലും ഒരു വഴി വെച്ചുതരാതിരിക്കയില്ല." വ്യസനക്രോധപരിക്ഷുഭിതനായ മൌര്യൻ ഇപ്രകാരം തന്റെ ആശയത്തെ പ്രകാശിപ്പിച്ചപ്പോൾ പുത്രന്മാർ ദീനരായി അന്യോന്യം നോക്കിത്തുടങ്ങി. അവരുടെ നോട്ടത്തിൽ ഉദ്ദിഷ്ടമായിരുന്നതു തന്റെ സഹോദരന്മാരും പിതാവും അനശനംമൂലം പ്രാണസങ്കടത്തിലകപ്പെട്ടു കാട്ടുന്ന വികൃതികളെക്കണ്ടുകൊണ്ടു മൃഷ്ടാന്നഭോജനം ചെയ്തുകൊണ്ടിരിക്കത്തക്ക കഠിനത്വം തങ്ങളിൽ ആരിലും ഇല്ലെന്നുതന്നെ ആയിരിക്കണം. ഏതായാലും അപ്പോഴത്തെ അവരുടെ അവസ്ഥ ഭാവിവിചാരങ്ങളുടെ പ്രതിഫലനമായിരുന്നിരിക്കാനിടയുള്ളതുകൊണ്ടു് അതിനെക്കുറിച്ചു വിവരിക്കുന്നതിനേക്കാൾ ഊഹിച്ചറിയുകയാണുത്തമം.

"അന്നേരമെല്ലാവക്കും തമ്പിയാമയ്യേവീടിന
ചന്ദ്രസമനാകും ചന്ദ്രഗുപ്തനായുള്ള

നന്ദനൻതന്നെത്താതൻ നോക്കിനാൻ ദുഃഖ-

ത്തോടെ".

പിതാവിൻെറ കുറി തന്നിൽത്തന്നെ പതിച്ചുവെന്നു മനസ്സിലായിട്ടു കോമളാംഗനായ ആ ബാലൻ കണ്ണു നീർ അവിച്ഛിന്നധാരയായി ഒലിപ്പിച്ചുകൊണ്ടെങ്കി ലും സ്ഥിരനിശ്ചയസൂചകമായ സ്വരത്തിൽ താത നോടറിയിച്ചു. "എൻെറ അച്ഛാ! ഒട്ടും വ്യസനി ക്കണ്ടാ. ജീവൻധരിച്ച് ഇതിലിരുന്നു കാലക്രമ ത്തിൽ എന്തെങ്കിലും ഒരു കഴിവുണ്ടായാൽ രക്ഷപ്രാ പിച്ചു പുറത്തുപോയി ഞാൻതന്നെ യഥോചിതം ആ ദുഷ്ടന്മാരോട് ഇതിൻെറ പകരംപോക്കി രാജ്യഭാരം ചെയ്യുന്നുണ്ട്". ബാലനെങ്കിലും ധീരനായ ചന്ദ്ര ഗുപ്തൻെറ മുഖത്തിൽനിന്നു പുറപ്പെട്ട വാക്കുകൾ കേട്ട് അച്ഛനും ജ്യേഷ്ഠന്മാരും അവനെ മുറുകെ പു ണൎന്നു നെറുകയിൽ ചുംബിക്കയും കണ്ണുനീർകൊണ്ടു തന്നെ ഭാവിചക്രവൎത്തിയായി മൂൎദ്ധാവിൽ അഭിഷേ കംചെയ്തനുഗ്രഹിക്കയും ചെയ്തു. കുറച്ചു ദിവസത്തി ന്നകം അവർ ക്ഷുൽപിപാസാവശഗരായി കാലധൎമ്മം പ്രാപിച്ചു. പ്രതിക്രിയയ്ക്കുവേണ്ടി മാത്രം ജീവിക്കുന്ന ചന്ദ്രഗുപ്തകുമാരൻ തത്സമയം അനുഭവിച്ച ദുഃഖങ്ങൾ വാചാമഗോചരങ്ങൾതന്നെ. മൌൎയ്യകുലനാശം കേട്ടു പൌരന്മാരെല്ലാം അത്യന്തം വ്യസനിച്ചുവെങ്കിലും ആൎക്കും ഒന്നും ചെയ്യുന്നതിന്നു സാധിച്ചില്ല. കഷ്ടം, എന്തു ചെയ്യാം!

അക്കാലത്തൊരിക്കൽ വംഗരാജാവിൻെറ ആ

ജ്ഞയനുസരിച്ച് ഒരു കൂട്ടർ കൂട്ടിലിട്ട ഒരു ഭയങ്കര സിംഹത്തേയുംകൊണ്ടു പാടലീപുത്രത്തിലെത്തി. കൂടു പൊളിക്കാതെ സിംഹത്തെ പുറത്തിറക്കണമെന്നായിരുന്നു രാജസന്ദേശം. രാജാക്കന്മാർ തമ്മിൽ യുക്തിബലാദികൾ പരീക്ഷിക്കുന്നതിനായി ഇങ്ങനെ ഓരോന്നുചെയ്ക അന്നത്തെ നടപ്പായിരുന്നു. സന്ദേശഹാരികൾ കൂടു നന്ദരാജാക്കന്മാരുടെ മുമ്പിൽ കൊണ്ടുചെന്നു കാഴ്ചവെച്ചു.

"പഞ്ജരം ഭഞ്ജിയാതെ സിംഹത്തെ ദ്രവിപ്പിപ്പാ
നഞ്ജസാ നിരൂപിച്ചുകൊൾകയും വേണമല്ലോ"

എന്നുണർത്തിച്ചു എന്നാൽ നവനന്ദന്മാർ യാതൊരുപായവും കാണാതെ മാനഹാനി ഭയന്നുഴന്നുതുടങ്ങി. "ശില്പശാസ്ത്രജ്ഞന്മാരിൽവെച്ച് അഗ്രഗണ്യനായ ചന്ദ്രഗുപ്തൻ ഇപ്പോളുണ്ടായിരുന്നെങ്കിൽ അവൻ ഇക്കാര്യം എത്രയെളുപ്പം സാധിക്കുമായിരുന്നു? കഷ്ടം! അവനും നശിച്ചുപോയല്ലോ!! ഇനി യാതൊരു നിവൃത്തിയുമുണ്ടെന്നു തോന്നുന്നില്ല" എന്നായിരുന്നു മൈത്ര്യമിത്രമായ മന്ത്രി വിശിഖൻെറ അഭിപ്രായം. ഇതു കേട്ടു നവനന്ദന്മാർ "പക്ഷെ, അവർ മരിച്ചിട്ടില്ലെങ്കിൽ നന്നായല്ലൊ" എന്നുവെച്ചു, ഗുഹാമാർഗ്ഗം കുത്തിപ്പൊളിച്ചു കഴിച്ചു മന്ത്രിമണ്ഡപത്തിലേക്കിറങ്ങിച്ചെന്നു നോക്കി. ബാലനായ ചന്ദ്രഗുപ്തൻ മാത്രം അവിടെ ഇരിപ്പുണ്ട്. അല്പം പ്രാണൻ ഉണ്ടോ ഇല്ലയോ എന്നു സംശയം.

അവർ എല്ലാവരും അടുത്തുചെന്നു കുലുക്കിവിളിച്ചു ക്ഷമായാചനങ്ങളും മററുംചെയ്തു വ്യസനം നടിച്ചു പുറത്തെക്കിറങ്ങിവരുവാൻ വളരെ കിഴിഞ്ഞപേക്ഷിച്ചു. ചന്ദ്രഗുപ്തൻ കൂട്ടാക്കിയില്ല. തൻെറ പിതാവും സഹോദരന്മാരും മരിച്ചതിനുശേഷം തനിക്ക് ഒററയായി ജീവിച്ചിരിപ്പാൻ മനസ്സില്ലെന്നും അവിടത്തന്നെയിരുന്നു താനും അവർ പോയ വഴിയേ പോകുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും ബാലൻ ശഠിച്ചു. നന്ദന്മാർ അടക്കിയിരുന്ന മൌര്യൻെറ മുതൽ മുഴുവനും അവൻെറ മുമ്പാകെ അവർ കാഴ്ചയായി സമപ്പിക്കയും സഹോദരനെപ്പോലെ രക്ഷിച്ചുകൊള്ളാമെന്നു വളരെ വിനയപൂർവ്വം വാഗ്ദാനം ചെയ്കയും തങ്ങളോടൊരുമിച്ചു പോരുവാൻ കെഞ്ചി അപേക്ഷിക്കയും ചെയ്തതനുസരിച്ചു മൌര്യപുത്രൻ തൻെറ കപടസിദ്ധാന്തത്തിൽനിന്നു വിരമിച്ച് അവരെ അനുഗമിച്ചു.

സ്നാനഭോജനാദികളും വിശ്രമവും കഴിഞ്ഞു വംഗരാജാവയച്ച സിംഹക്കൂട്ടും സന്ദേശവും നന്ദന്മാർ ചന്ദ്രഗുപ്തനു കാണിച്ചുകൊടുത്തു. സിംഹത്തിൻെറ കൂട്ടും സന്ദേശപത്രികയും പരിശോധിച്ചതിനുശേഷം ചന്ദ്രഗുപ്തൻ ആലോചന തുടങ്ങി. "മഹാവിഗ്രഹനായ ഈ പഞ്ചാസ്യനെ അടപ്പിച്ചിട്ടിരിക്കുന്ന ഈ അഴികളുടെ ഇടയിൽകൂടി പുറത്തു കടത്തുന്നതു പ്രകൃത്യാ അസാദ്ധ്യംതന്നെ. അതിനാൽ ഇതു് ഒരു കൃത്രിമമൃഗമായിരിപ്പാനേ തരമുള്ളു.

സൂക്ഷിച്ചുനോക്കുമ്പോൾ ചില യന്ത്രപ്പണികൾ ഇതിന്നുള്ളിലുള്ളതായും തോന്നുന്നുണ്ടു്.

"ദ്രവ്യതാമെന്നുണ്ടൊരു വാക്യമെന്നതുകൊണ്ടു
ധാവനം വരേണമെന്നുള്ളതുമില്ലയല്ലൊ
ദ്രാവണത്തിന്നു യോഗ്യമാസ്തുമെന്നാലിതു
കേവലം മെഴുകുകൊണ്ടെന്നതേ വരൂ നൂനം."

ഇപ്രകാരം നിശ്ചയിച്ചു് ഇരുമ്പുവടികൾ കൊണ്ടുവന്നു ചുട്ടുപഴുപ്പിച്ചു കൂട്ടിനകത്തു കടത്തി കൃത്രിമസിംഹത്തിന്റെ മേൽ വെച്ചപ്പോഴേയ്ക്കും എല്ലാം ഉരുകിയൊലിച്ചു കൂട്ടിനു പുറത്തേയ്ക്കു വന്നുകഴിഞ്ഞു. കണ്ടുനിന്നവരെല്ലാം ചന്ദ്രഗുപ്തന്റെ ബുദ്ധിവൈഭവത്തെപ്പററി അഭിനന്ദിച്ചു് ആശ്ചര്യപ്പെട്ടു. വംഗരാജദൂതന്മാരും തൃപ്തരായി തിരിച്ചുപോയി. നന്ദന്മാർ ആലോചനാമഗ്നരായിത്തീൎന്നു 'ഈ സമത്ഥനെ വല്ലവിധവും പാട്ടിൽ വെയ്ക്കണം. പക്ഷേ, അധികാരം കൊടുത്താൽ ഇവൻ ആപത്തുണ്ടാക്കും. അധികാരം കൊടുക്കാതെ രണ്ടെന്നുള്ള ഭാവം നടിച്ചാലും ഫലം വിഷമം തന്നെ. ഏതായാലും തല്ക്കാലം ഇവൻ അഗ്രഭോജനത്തിന്നു ബ്രാഹ്മണരെ ക്ഷണിപ്പാനിരിക്കട്ടെ" എന്നു നിശ്ചയിച്ചു് അവർ ചന്ദ്രഗുപ്തനെ ആ പണിക്കേൎപ്പെടുത്തി. ബുദ്ധിയും നയവുംകൊണ്ടു ശത്രുക്കളെ ജയിപ്പാൻതക്ക വിരുതുള്ള ഒരു സഹായിയെ അഗ്രഭോജനത്തിനു വരുന്ന ബ്രാഹ്മണരുടെ കൂട്ടത്തിൽനിന്നു തനിക്കു് എപ്പോഴെങ്കിലുമൊരിക്കൽ കിട്ടുമെന്നും, അന്നു നന്ദനാമാത്യന്മാ

ുടെ മേൽ പകപോക്കാമെന്നും ആശിച്ചു മുരാപെയ
ുനം തന്റെ കൃത്യം ഉല്ലാസത്തോടു നോക്കി നാൾ
കഴിച്ചുപോന്നു.

---

## ൩-ാം അദ്ധ്യായം

തരംകിട്ടിയാൽ തന്റെ പിതൃസോദരഹന്താക്ക
ളെ ഉന്മൂലനാശം ചെയ്തു ദൃഢപ്രതിജ്ഞനാകണമെന്നു
നിശ്ചയിച്ചുകൊണ്ടു ചന്ദ്രഗുപ്തൻ തന്റെ ജോലിനോ
ക്കിവരവെ ഒരുദിവസം ഒരു ബ്രാഹ്മണൻ ക്രുദ്ധഭാവ
ത്തിൽ മാർഗ്ഗമദ്ധ്യേ എന്തോ ചിലതു കുത്തിപ്പറിച്ചു
ചുട്ടുകലക്കി കുടിക്കുന്നതു കാണുവാനിടയായി. അ
വൻ വേഗം അദ്ദേഹത്തിന്റെ അടുക്കൽചെന്നു വ
ന്ദിച്ചു വിനീതനായി അദ്ദേഹം ചെയ്ത പ്രവൃത്തിയുടെ
സാരമെന്തെന്നും ഇത്ര കുപിതനായിത്തീരുവാൻ
കാരണമെന്തെന്നും ചോദിച്ചു. "ഈ പുല്ല്—വകതിരി
വില്ലാത്ത ഈ പുല്ല്—എന്റെ കാലിൽ തടയുക
യാൽ ഒരിക്കൽ ഞാൻ മറിഞ്ഞുവീണു. ഈ കള്ളക്കൂ
ട്ടത്തെ ഇനി വെച്ചേക്കാൻ പാടില്ല. ഇവററയെ കാ
ണുമ്പോൾ കുത്തിപ്പറിച്ചു കരിച്ചു കലക്കിക്കുടിച്ചാല
ല്ലാതെ എന്റെ രോഷം ശമിക്കുന്നില്ല. എന്റെ
ക്രോധാഗ്നി ശമിക്കണമെങ്കിൽ അങ്ങനെ ചെയ്തേ
മതിയാവൂ. അല്ലാത്തപക്ഷം ആ ക്രോധാഗ്നി എ
ന്നെത്തന്നെ ദഹിപ്പിച്ചുകളയും."-എന്നായിരുന്നു മറു
പടി. ഇതു കേട്ടപ്പോൾ ആശ്ചര്യാകുലനായ ചന്ദ്ര

ഗുപ്തന് ഒരു ശങ്ക തോന്നി. "സ്വാമിൻ! നിശ്ചേതനായ ഈ പുൽത്തല കാലിൽ തടഞ്ഞതിന് ഇത്രയും കോപിച്ചു പ്രതിക്രിയ ചെയ്യുന്ന അങ്ങ് ഘോരാപരാധികളായ രാജാക്കന്മാരോട്ട് എന്താണു ചെയ്യുക?" ഉടനെ ബ്രാഹ്മണൻ പറഞ്ഞു: "സാധുകുട്ടി; നീ എന്തറിയുന്നു? കൌടില്യനെന്നും വിഷ്ണുഗുപ്തനെന്നുമുള്ള നാമദ്വയത്തോടുകൂടി പ്രസിദ്ധനായ ചാണക്യനെയുണ്ടോ നീ അറിയുന്നു? രഥഗജതുരഗപദാതി സൈന്യങ്ങളും "ഉത്സാഹശക്തി," പ്രഭുശക്തി "മന്ത്രശക്തി" എന്നീ ത്രിവിധബലങ്ങളും മററുമെല്ലാമുള്ള മഹാരാജാക്കന്മാരെപ്പോലും തോല്പിക്കത്തക്ക ബുദ്ധികൌശലമുള്ള ആ ചാണക്യനെ നീ എങ്ങനെ അറിയും?" ഇത്രയും കേട്ടപ്പോൾ ചന്ദ്രഗുപ്തൻെറ മനസ്സിൽ തണുപ്പുവീണു. "ഇദ്ദേഹംതന്നെയാണു നമുക്കു വേണ്ട സഹായി; തേടിയവള്ളി കാലിൽ ചുററി" എന്നു് അയാൾക്കു തോന്നി.

അഗ്രഭോജനത്തിന്നു വരുന്ന ബ്രാഹ്മണരെ രക്ഷിക്കുന്നതിനായി രാജനിയുക്തനായ വൃഷലൻ ഇരിക്കുന്ന സ്ഥലം കാണിച്ചുകൊടുപ്പാൻ ആവശ്യപ്പെട്ട ഭൂസുരനോട്ട് അവൻ ഭക്തിപുരസ്സരം ആ വൃഷലൻ താൻതന്നെയാണെന്നും അദ്ദേഹം യഥാവിധി തന്നാൽ പ്രാത്ഥിതനായിട്ടു ഭോജനശാലയിലേയ്ക്കു പ്രവേശിക്കാമെന്നും പറഞ്ഞു. ബ്രാഹ്മണൻ അല്പം ലജ്ജിതനായി. "രാജകുമാരാ, ഞാൻ പറഞ്ഞ സാഹസവാക്ക് അങ്ങു മറന്നുകളയണം. അങ്ങയെ ഞാൻ

കേട്ടറിയും. വൃഷലൻ എന്നു പറഞ്ഞുപോയതു ഞങ്ങളുടെ ജാതിസ്സ്വഭാവമാകയാൽ അതിൽ പരിഭവിക്കരുതു്" എന്നു് അദ്ദേഹം പറഞ്ഞതുകേട്ടു തനിക്കു പരിഭവത്തിനു പകരം പരമസന്തോഷമാണെന്നും അനുവാദപ്രകാരം അപ്പോൾ തന്റെ ഗുരുവായ് വരിച്ചിരിക്കുന്ന അദ്ദേഹം വൃഷലനെന്നുതന്നെ എപ്പോഴും വിളിക്കുന്നതിനു വിളികേൾക്കാൻ മാത്രമേ താൻ ആഗ്രഹിക്കുന്നുള്ളുവെന്നും ചന്ദ്രഗുപ്തൻ വണക്കത്തോടെ മറുപടി പറഞ്ഞു. ഈ സംഭവം ചന്ദ്രഗുപ്തന്റെ മേൽ ചാണക്യനു് അസാധാരണമായ സ്നേഹവാത്സല്യാനുകമ്പാദി വിവിധവികാരങ്ങൾ ഒരേ സമയത്തു് ഉൽഭൂതമാകുന്നതിനും അതുനിമിത്തം അനവധി ഭാവികാര്യങ്ങൾ സംഭവിക്കുന്നതിനും അസ്ഥിവാരമായി ഭവിച്ചു. ഭോജനശാലയിലേയ്ക്കു പോകുംവഴി നവനന്ദന്മാർ തന്റെ പിതൃസഹോദരന്മാരെ നശിപ്പിച്ചതും തന്റെ ഇപ്പോഴത്തെ നിലയും മററും മുഴുവൻ ചന്ദ്രഗുപ്തൻ ചാണക്യനെ ധരിപ്പിച്ചു. അതുനിമിത്തം സന്തപ്തമായ ഹൃദയത്തിനു് ഒരാശ്വാസമുണ്ടായതായും അയാൾക്കു തോന്നി. ഭോജനത്തിനു ബ്രാഹ്മണരെ ക്ഷണിക്കുകയെന്ന നിസ്സാരജോലിക്കാണു ചന്ദ്രഗുപ്തൻ നിയുക്തനായതെങ്കിലും അതിന്റെ ഫലം എത്ര മഹത്തരം!

"ഭാഗ്യവാന്മാർ ചെയ്യുന്നതെല്ലാം മഹാ
ഭാഗ്യമായേ വരൂ നീക്കമില്ലേതുമേ".

ചാണക്യൻ ഭോജനശാലയിൽ ചെന്നു നോ

ക്കിയപ്പോൾ അവിടെ ഒമ്പതു സ്വൎണ്ണക്കിണ്ണങ്ങൾ കിഴക്കോട്ടു തിരിച്ചു നിരത്തിവച്ചിരിക്കുന്നതു കണ്ടു. അതിനപ്പുറത്തു വിശിഷ്ടമായ ഒരു പൊൻ തളികയും ഒരായിരം വെള്ളിത്തളികകളും ക്രമത്തിൽ വച്ചിട്ടുണ്ട്. ഇതിൻെറ അൎത്ഥമെന്തെന്നു ചാണക്യൻ ചോദിച്ചപ്പോൾ "ഒൻപതു തളികകൾ നവഭൂപന്മാൎക്കും ഒററയ്ക്കിരിക്കുന്ന കനകത്തളിക അഗ്രഭോജനത്തിനു വന്നുചേരുന്ന ബ്രാഹ്മണരിൽവെച്ച് എല്ലാംകൊണ്ടും ഏററവും ശ്രേഷ്ഠനും പൂജ്യപാദനും ആയ ആൾക്കും മററുള്ളവ മററു ബ്രാഹ്മൎക്കുമാണു വച്ചിരിക്കുന്നതെന്നു പാചകന്മാരിൽ ചിലർ അദ്ദേഹത്തെ ഗ്രഹിപ്പിച്ചു. അപ്പോൾ തന്നോടൊപ്പം ശ്രേഷ്ഠത്വമുള്ള ഭൂസുരന്മാർ മററാരുമില്ലെന്നു ദൃഢമായി വിശ്വസിച്ചിരുന്ന ചാണക്യൻ അഗ്രാസനത്തിൽ ചെന്നു സ്ഥലം പിടിച്ചു. ശാസ്ത്രാഭ്യാസം, വിജ്ഞാനം, പാണ്ഡിത്യം, ബുദ്ധികൌശലം ഇവകൊണ്ടു താൻ അദ്വിതീയനാണെന്നു ചാണക്യനുണ്ടായിരുന്ന ബോധം വാസ്തവവിരുദ്ധവുമല്ലായിരുന്നു. എന്നാൽ നന്ദനന്മാർ അതറിഞ്ഞിരുന്നില്ല. അവർ സ്നാനാദികൾ കഴിഞ്ഞു ഭക്ഷണത്തിന്നായി വന്നപ്പോൾ തീരെ അപ്രതീക്ഷിതമായ വിധത്തിൽ ഹ്രസ്വാകാരനായ ഒരു ബ്രാഹ്മണൻ അഗ്രാസനത്തിലിരിക്കുന്നതു കണ്ടു കലശലായ കോപത്തോടുകൂടി "എടോ വടു! എടോ കുള്ള ബ്രാഹ്മണ! തന്നോടു് ഇവിടെ ഇരിക്കുവാൻ ആർ പറഞ്ഞു? തൻെറ ഈ ധാഷ്ട്യത്തിനു കാട്ടിത്തരാം. ആരവിടെ? നമ്മ

ടെ ചോര തിന്നുന്നവരിൽ ഈ കള്ളക്കുരങ്ങിനെ തള്ളിപ്പുറത്താക്കുവാൻ ഇവിടെ ആരുമില്ലേ ?" എന്നും മററും ഗർജ്ജിക്കുവാൻ തുടങ്ങി. എന്നെ നിങ്ങൾ "വടു" എന്നോ "കള്ള"നെന്നോ "മക്കടെ"നെന്നോ വേറെ എന്തെങ്കിലുമെന്നോ വിളിച്ചു ശകാരിച്ചുകൊള്ളുവിൻ. എന്നാൽ, നാലുവേദങ്ങളിലും, ആറു ശാസ്ത്രങ്ങളിലും, അറുപത്തിനാലു കലാവിദ്യകളിലും ഇന്നു് എന്നേക്കാൾ അറിവുള്ള ഒരു ബ്രാഹ്മണൻ ഉണ്ടോ എന്നു നിങ്ങൾ പരീക്ഷിച്ചു നോക്കുവിൻ. എന്നിട്ടുവേണം ഈ മാതിരി ദുർവ്വാക്കുകൾ പ്രയോഗിക്കുവാൻ. അല്ലാതെ നിങ്ങളുടെ ഗർവ്വു കണ്ടു ഇളകിപ്പോകുന്നവനല്ല ചാണക്യൻ എന്നു മനസ്സിലാക്കിക്കൊള്ളുവിൻ എന്നും മററും ചാണക്യനും ഒട്ടും കുറയ്ക്കാതെ ഘോഷിച്ചു. ഈ ന്യായവാദങ്ങൾകേട്ടിട്ടും രോഷം ശമിക്കാതെ നന്ദനന്മാർ തങ്ങളുടെ ഭൃത്യന്മാരോടു് അദ്ദേഹത്തിൻെറ കുടുമ ചുററിപ്പിടിച്ചു തള്ളിയിഴച്ചു തള്ളിപ്പുറത്തു കൊണ്ടുപോയി വിടുവാൻ കല്പിച്ചു. ഭൃത്യന്മാർ അങ്ങനെ ചെയ്കയും ചെയ്തു. ഈ അപമാനം ചാണക്യനു് എത്ര സഹ്യ മാകുമെന്നു് ഊഹിക്കാമല്ലോ. മദ്ധ്യേമാർഗ്ഗം തൻെറ കാലിൽ തടഞ്ഞ ഒരു പുല്ലിനുപകരം കാണുന്ന പുല്ലെല്ലാം പറിച്ചു കലക്കിക്കുടിക്കുന്ന ഈ ബ്രാഹ്മണൻെറ കോപം ഈ അവസരത്തിൽ കാട്ടുതീപോലെ കത്തിജ്വലിച്ചു. പൂജ്യനായ താൻ ഏററവും നിന്ദാവഹമായ വിധത്തിൽ ധിക്കൃതനായതുകൊണ്ടും തന്നേക്കാൾ എത്ര

യോ പടി താഴെയിരിക്കുന്ന മററൊരു വിപ്രന് അ ഗ്രമസ്ഥാനം കൊടുത്തതുകൊണ്ടുമുള്ള ദ്വേഷം സ ഹിക്കവഹിയാതെ അവിടെ വെച്ചുതന്നെ അദ്ദേഹം ഇടിവെട്ടുംപോലുള്ള ഒച്ചയോടുകൂടി ഇപ്രകാരം അ ത്യുഗ്രമായ ഒരു ശപഥം ചെയ്തു. "എൻെറ യോഗ്യത യറിയാതെ എന്നെ ഇത്തരത്തിൽ അവമാനിച്ച മൂഢ ന്മാരേ! നിങ്ങളുടെ ഈ നീചകുലം മുഴുവനും ഉന്മൂല നാശംചെയ്തു് ഒരു ശൂദ്രനെ ഇവിടെ രാജാവാക്കി വാഴിച്ചതിനു മേലല്ലാതെ അഴിഞ്ഞുകിടക്കുന്ന ഈ കുടുമ ചാണക്യൻ കെട്ടുന്നതല്ല. ക്ഷുദ്രക്ഷത്രിയന്മാരേ! നിങ്ങൾ കണ്ടുകൊള്ളുവിൻ." ഇങ്ങനെ പ്രതിജ്ഞ ചെയ്തു് അവിടെനിന്നിറങ്ങിപ്പോയ ഭൂസുരശ്രേഷ്ഠനെ കണ്ടു പ്രേക്ഷകരെല്ലാം ഒന്നു വിറച്ചു. എങ്കിലും രാജാ ക്കന്മാക്കു് ഇതെല്ലാം വെറും നേരംപോക്കായിരുന്നു. "വിശന്നുവലഞ്ഞു ഭ്രാന്തു പറയുന്ന ആ വിഡ്ഢി ബ്രാഹ്മണൻെറ മട്ടുനോക്കു" എന്നും മററും ഉല്ലാസ ത്തോടെ അന്യോന്യം പറഞ്ഞു് അവർ ഭക്ഷണത്തി നിരിക്കയും ചെയ്തു.

ചാണക്യൻ അവിടെനിന്നു തിരിച്ചു മൌയ്യ ൻെറ ഗൃഹത്തിൽചെന്നു് ഉണ്ടായ വിവരമെല്ലാം അദ്ദേഹത്തെ കേൾപ്പിക്കയും "പാടലീപുത്രത്തിലെ ഭാവിരാജാവു ചന്ദ്രഗുപ്തനാണു്" എന്നു ദൃഢമായ പ്രതിജ്ഞ ചെയ്കയും ചെയ്തിട്ടു യാത്ര പറഞ്ഞു പോയി. താൻ വിചാരിച്ചപോലെത്തന്നെ കായ്യമെല്ലാം സംഭ വിച്ചു എന്നു കണ്ടു മൌയ്യനും വളരെ സന്തോഷ

മായി. അവർ തമ്മിലുണ്ടായ സംഭാഷണം ആരും അറിഞ്ഞതുമില്ല.

സ്വഗൃഹത്തിൽ ചെന്നശേഷം ചാണക്യൻ തന്റെ സഹബ്രഹ്മചാരിയായ ഇന്ദുശർമ്മാവിനെ വിവരമെല്ലാമറിയിച്ചു. ഇന്ദുശർമ്മാവു് ഉടൻതന്നെ ഒരു യോഗിവേഷമെടുത്തു മേലെല്ലാം ഭസ്മം പൂശി രുദ്രാക്ഷമാലകളണിഞ്ഞു പീലിക്കെട്ടും കയ്യിലെടുത്തു ബുദ്ധമതമാശ്രയിച്ചുകൊണ്ടു കുസുമപുരത്തിൽ ചെന്നു സഞ്ചാരം തുടങ്ങി ഇക്കാലത്താകട്ടെ, നന്ദന്മാർ വിവേകം കൂടാതെ ചാണക്യബ്രഹ്മണനെ തള്ളിപ്പുറത്താക്കിയ വർത്തമാനവും അദ്ദേഹത്തിന്റെ അതിഘോരമായ ശപഥവൃത്താന്തവും കേട്ടു വളരെ പരിഭ്രമിച്ചു് ഇതികർത്തവ്യതാമൂഢനായിരുന്ന രാക്ഷസാമാത്യൻ ശത്രുബാധാപരിഹാരത്തിൽ നിപുണനായ ഒരു മാന്ത്രികയോഗി നന്ദരാജ്യത്തിൽ വന്നിരിക്കുന്നു എന്നു കേട്ടു് അദ്ദേഹത്തെ ആളയച്ചുവരുത്തി ആരെന്നു ചോദിച്ചതിനുത്തരമായി ജൌതിഷമന്ത്രവാദങ്ങളിൽ ധാരാളം പാണ്ഡിത്യമുള്ളവനായ തന്റെ പേർ ജീവസിദ്ധിയെന്നാണു് എന്നു അയാൾ പറഞ്ഞു. വിപ്രകോപത്തിനു് ഒരു പരിഹാരം ചെയ്യണമെന്നു രാക്ഷസൻ ആവശ്യപ്പെട്ടപ്പോൾ ക്ഷപണകൻ യാതൊരു കുസലും കൂടാതെ അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചു. "ബ്രാഹ്മണരെ എന്തിനായി ഭയപ്പെടുന്നു? അവർ കേവലം ഭീരുക്കളല്ലയോ? അവൎക്കു കൈയൂക്കുമില്ല, പടയുമില്ല, ആഭിചാരംമാത്രം

പഠിക്കും; അതും ദിവസം കഴിപ്പാൻ വേണ്ടി. അതു കൊണ്ടു് ഈ ഭോജനലംപടന്മാർ എന്തെങ്കിലും ചെയ്താൽ അതിനുള്ള പ്രതിവിധി ചെയ്യുവാൻ ഞാനൊരുത്തൻ മതിയെന്നു വിശ്വസിച്ചുകൊള്ളണം." ഇപ്രകാരം ഓരോന്നു പറഞ്ഞു ഫലിപ്പിച്ചു ക്ഷപണകൻ സുഖമായി നന്ദരാജധാനിയിൽ ഒരു ഉററ സേവകൻെറ മട്ടിൽ കടന്നുകൂടി.

പിന്നെ ഒരിക്കൽ ക്ഷപണകൻ രാജാക്കന്മാർക്കെല്ലാം ജ്വരം പിടിപ്പിക്കയും ചാണക്യൻെറ ആഭിചാരമാണതെന്നു് അവരെ ബോധിപ്പിക്കയും തന്നെത്താൻ അതിനുള്ള മറുകൈ ചെയ്തു രോഗം ശമിപ്പിക്കുകയും ചെയ്തു. മറെറാരവസരത്തിൽ അദ്ദേഹം രാജാക്കന്മാൎക്കു ഭ്രാന്തു പിടിപ്പിച്ചു് ഉടനെ മാററി പ്രതിഫലമായി അസംഖ്യം ദ്രവ്യം അവരിൽനിന്നു സമ്പാദിച്ചു. ബ്രാഹ്മണരുടെ ഊട്ടും മുടക്കിച്ചു. ഇങ്ങനെ ഓരോ സൂത്രങ്ങൾകൊണ്ടു ക്രമേണ ക്ഷപണകൻ രാജ്യപാലകന്മാരുടെ വലിയ വിശ്വസ്തനായിത്തീൎന്നു. ഒരിക്കൽ അദ്ദേഹം ലക്ഷണം നോക്കി മൌൎയ്യൻ അവിടെ ഇരുന്നാൽ രാജ്യവിനാശത്തിനു കാരണമാകുമെന്നു കാണുന്നതായി നന്ദന്മാരെ ബോധിപ്പിച്ചു് അദ്ദേഹത്തെ രാജ്യത്തിൽനിന്നാട്ടിക്കളയിച്ചു. അനന്തരം ആരുമറിയാതെ അദ്ദേഹം മൌൎയ്യൻെറ പിന്നാലെ ചെന്നു പുഷ്പപുരത്തിൽനിന്നു നാല്പത്തിയഞ്ചു കാതം അകലമുള്ള വൎദ്ധമാനപുരത്തിൽ ചന്ദ്രഗുപ്തനെ ഇരുത്തി പാടലീപുത്രത്തിലേയ്ക്കു തി

രിച്ചുപോന്നു. ജ്യൗതിഷലക്ഷണപ്രകാരം ഒരു ബ്രാഹ്മണൻ കാട്ടിലിരുന്നുകൊണ്ടു് ഒരു കാട്ടാളനുമൊരുമിച്ചു ചില ക്ഷുദ്രപ്രയോഗങ്ങൾ ചെയ്യുന്നുണ്ടെന്നു കാണുന്നതിനാൽ അതിനൊരു പ്രതിവിധി ചെയ്യണമെന്നു ജീവസിദ്ധി നന്ദനന്മാരോടാവശ്യപ്പെട്ടു. ആ വൃത്താന്തം കേട്ട നന്ദനന്മാൎക്കു് അന്നുമുതൽ കാട്ടാളന്മാരുടെ നേരെയെല്ലാം വിരോധമായിത്തീൎന്നു. അങ്ങനെ ക്ഷപണകൻ "നാട്ടിന്നയൽനാടുവാഴിയായുള്ള കാട്ടാളരാജ"നേയും നന്ദനന്മാരുടെ ശത്രുവാക്കിത്തീൎത്തു. ഈ തക്കം നോക്കി മൌൎയ്യൻ അവനെ തന്റെ പാട്ടിലാക്കി; എന്നുമാത്രമല്ല. തന്റെ അച്ഛന്റെ പേരിൽ പ്രീതിയുണ്ടായിരുന്ന പ്രജകളേയും മൌൎയ്യച്ചന്ദ്രഗുപ്തൻ വശീകരിച്ചു.

അപ്പോഴെയ്ക്കും ചാണക്യന്റേയും പ്രവൃത്തികൾ അടിക്കടിയായി അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. പുഷ്പപുരത്തിൽനിന്നു നൂറു യോജന വടക്കുള്ള രാജ്യത്തിലെ അധിപനായ പൎവ്വതകൻ എന്ന മ്ലേച്ഛരാജാവിനെ അദ്ദേഹം സേവിച്ചു. നവനന്ദനന്മാരെ നശിപ്പിക്കുന്ന പക്ഷം നാട്ടിൽ പകുതി അയാൾക്കു കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. പിന്നീടുള്ള അൎദ്ധരാജ്യത്തിനവകാശി ചന്ദ്രഗുപ്തനായിരിക്കുമെന്നും ബോധിപ്പിച്ചു. പൎവ്വതകൻ തന്റെ അനുജനായ വൈരോധകൻ, മലയകേതുപ്രഭൃതികളായപുത്രന്മാർ, മററു മിത്രാമാത്യജനങ്ങൾ ഇവരോടു് അക്കാൎയ്യത്തെപ്പററി ആലോചിച്ചതിൽ അവർ ചാണക്യനു് അനു-

ക്കുലമായിട്ടുതന്നെ വിധികല്പിച്ചു. ഏവരും ഐകക ണ്ഠ്യേന ഈവിധം അഭിപ്രായപ്പെട്ടതു, ശിഷ്ടമുള്ള പകുതിനാട്ടിന്നവകാശി ബലഹീനനായ ചന്ദ്രഗു പ്തനാകയാൽ ക്രമേണ മുഴവൻരാജ്യവും തങ്ങൾ ക്കു കൈക്കലാക്കാമെന്ന വിചാരത്താലായിരുന്നു.

ചാണക്യന്റെ ബുദ്ധിചാതുര്യവും യുക്തിയും സ്ഥൈര്യത്തെ സ്ഥാപിപ്പിക്കുന്ന നോട്ടവും കണ്ടു തൃപ്തനായ പർവ്വതകൻ അദ്ദേഹത്തെ കുറെ ദി വസം തന്നോടുകൂടി താമസിപ്പിക്കുകയും എല്ലാ വരുടേയും സമ്മതപ്രകാരം പ്രധാനമന്ത്രിയായി താമസംകൂടാതെ നിയമിക്കയും ചെയ്തു. ഉടനെ യുദ്ധ സന്നാഹവും കൂട്ടിത്തുടങ്ങി. പർവ്വതകൻ, വൈരോധ കൻ, മലയകേതു. മന്ത്രിമാർ, പഞ്ചസേനാധിപ ന്മാർ, ശൂകന്മാർ, പാഴ്സികൾ, യവനന്മാർ മുതലാ യവരെല്ലാമൊത്തുചേന്നു് "ആന, തേർ, കാലാൾ, കുതിരപ്പടകളും ആനകഴുംഗമൃദംഗാദിവാദ്യവും ഒ ക്കവെ തിക്കിത്തിരക്കീട്ടു തെക്കോട്ടു വെക്കം നടന്നുതു ടങ്ങി." നന്ദരാജ്യത്തെയ്ക്കാണു് അവർ പോകുന്ന തെന്നു് അവർതന്നെ അറിഞ്ഞിരുന്നില്ല. വേറെ ഏതൊ ഒരു ശത്രുവിനെ ആക്രമിയ്ക്കാനാണെന്നായി രുന്നു ചാണക്യൻ എല്ലാവരേയും ധരിപ്പിച്ചിരുന്നതു്. എന്നാൽ അദ്ദേഹം തന്റെ ചാരന്മാർ മുഖാന്തരം ജീവസിദ്ധിയെ മാത്രം വാസ്തവം അറിയിച്ചിരുന്നു

ജീവസിദ്ധി തന്റെ ജൌതിഷബലംകൊണ്ടറി ഞ്ഞിട്ടെന്നപോലെ അവരുടെ പുറപ്പാടുദിവസം ശരി

യായി നന്ദന്മാരെ അറിയിച്ചു. യുദ്ധം നിശ്ചയിച്ചിരുന്ന ദിവസം നന്ദന്മാക്ക് അപജയപ്രദമായിരുന്നതിനാൽ അന്നു യുദ്ധത്തിലേപ്പെടരുതെന്നു് അവരോടു പറഞ്ഞുറപ്പിച്ചു. അന്നേദിവസം യുദ്ധത്തിലേപ്പെട്ടാൽ മരണമായിരിയ്ക്കുമത്രെ ഫലം. ഈ സംഗതിതന്നെ ജീവസിദ്ധി സ്വകാര്യമായി രാജ്യത്തിൽ പ്രബലന്മാരായ ഓരോരുത്തരോടും വെവ്വേറെ ചെന്നു പറഞ്ഞു. ജ്യൌതിഷത്തിൽ ക്ഷപണകനുള്ള നൈപുണ്യവും മററും കണ്ടനുഭവമുണ്ടായിരുന്നതിനാൽ ആ വാക്കു വിശ്വസിച്ചു ജീവഹാനിയെ ഭയന്നു യുദ്ധദിവസം തങ്ങളെ കാണാതെ കഴിക്കുവാൻ വേണ്ടി അവരെല്ലാം ഓരോ കാരണം പറഞ്ഞു ഓരോ ദിക്കിൽ പൊയ്ക്കളഞ്ഞു. നിശ്ചിതദിവസം ചാണക്യൻെറ മേൽനോട്ടത്തിൽ ശത്രുസൈന്യം പുഷ്പപുരിയെ നിരോധിച്ചപ്പോൾ രാജാക്കന്മാക്കു സഹായം ചെയ്യേണ്ട പൌരപ്രധാനന്മാരേയും സേനാനികളേയും എങ്ങും കാണ്മാനില്ല. ഒടുവിൽ കുണ്ഠിതത്തോടുകൂടി നന്ദന്മാർ ഒമ്പതുപേരും പൎവ്വതചാണക്യന്മാരെ എതിൎത്തു. അപ്പോഴേയ്ക്കും ചന്ദ്രഗുപ്തനും കിരാതരാജനുംകൂടി മറേറപ്പുറമെ കുസുമപുരിയെ വളഞ്ഞു. അവരോടു രാക്ഷസാമാത്യനാണ നേരിട്ടതു്. പിന്നെ അതിഘോരമായൊരു സമരം അവിടെ നടന്നു. അതിൽ നവരാജാക്കാൻ രണാങ്കണത്തിൽവെച്ചു വീൎയ്യ സ്വൎഗ്ഗം പ്രാപിക്കയും പുഷ്പപുരം ശത്രുക്കൾക്കധീനമാകയും ചെയ്തു;

രാജധാനിയിൽ ഏകാന്തമായ ഒരിടത്തു തപോവൃത്തിയിലിരുന്ന വൃദ്ധരാജനായ സൎവ്വാൎത്ഥസിദ്ധി പുത്രവിനാശോദന്തം കേട്ടു ശോകാകുലമനസ്കനായിത്തീരുകയാൽ ഐഹികമെല്ലാം വെടിഞ്ഞു വാനപ്രസ്ഥം സ്വീകരിച്ചു. രാക്ഷസാമാത്യനും അദ്ദേഹത്തെ അനുഗമിച്ചു. ചന്ദ്രഗുപ്തൻ പാടലീപുത്രരാജസ്ഥാനത്തെ പ്രാപിക്കയും ചെയ്തു. എന്നാൽ ഇതുകൊണ്ടും ചാണക്യനു തൃപ്തിയായില്ല. പൎവ്വതകൻ കഠോരനായിരുന്നതിനാൽ രാജ്യാൎദ്ധാവകാശിയായി അയാളെ വാഴിക്കുന്നതുകൊണ്ടു ക്രമേണ ചന്ദ്രഗുപ്തന്റെ ഭാഗം കൂടി അയാൾ അപഹരിച്ചേയ്ക്കുമെന്നുള്ള ഭയം ബ്രാഹ്മണനെ ബാധിച്ചിരുന്നു. അതിനാൽ അയാളെ മൌൎയ്യന്റെ പന്ഥാവിൽനിന്നു ഒഴിക്കണമെന്നും തീൎച്ചയാക്കി. അസാധാരണ നയജ്ഞനായ രാക്ഷസാമാത്യനെ നിഗ്രഹിക്കാൻ പാടില്ല. വല്ല വിധത്തിലും പാട്ടിൽവരുത്തി മൌൎയ്യന്റെ മന്ത്രിയാക്കി വയ്ക്കണം. അതിന്നു സൎവ്വാൎത്ഥസിദ്ധിയുള്ളകാലം എളുപ്പവുമല്ല. അതിനാൽ ആ വൃദ്ധനേയും പുത്രന്മാരുടെകൂടെ അയയ്ക്കയെന്നിയേ നിൎവ്വാഹമില്ല. അല്ലാത്തപക്ഷം അദ്ദേഹം രാക്ഷസനോടു കൂടിച്ചേൎന്ന് ഒരു സമയം മൌൎയ്യനെ കൊന്നേക്കാനും മതി. പക്ഷേ തന്റെ ജീവിതംതന്നെ അവരിൽനിന്നെങ്ങനെ രക്ഷിയ്ക്കും? ഈ രണ്ടുദ്ദേശങ്ങളും ഉള്ളിൽ ദൃഢമായി വച്ചുകൊണ്ടു ചന്ദ്രഗുപ്തനെ വിട്ടുപിരിയാതെ ചാണക്യൻ ഇരിപ്പുറപ്പിച്ചു.

# ൯—ാം അദ്ധ്യായം

സൎവ്വാൎത്ഥസിദ്ധിയൊരുമിച്ചു കാട്ടിൽ വസിച്ചിരുന്ന രാക്ഷസാമാത്യന്നു് എങ്ങനെയെങ്കിലും മൌൎയ്യനെക്കൊന്നു രാജ്യം കൈക്കലാക്കണമെന്നു് ഒരു വാശി കടന്നുകൂടി. അതിനുള്ള ശ്രമങ്ങളും കൊണ്ടുപിടിച്ചുതുടങ്ങി. നേരിട്ടു പടപൊരുതി ജയിക്കുവാൻ ഇനി കഴിവില്ലെന്നുള്ളതു നിസ്സംശയംതന്നെ. ചതിപ്രയോഗം മാത്രമേ ബാക്കിയുള്ളു. ഒരു ദിവസം മൌൎയ്യന്റെ മുമ്പാകെ ചെന്നു ധൈൎയ്യത്തോടുകൂടി രാക്ഷസൻ ഉണൎത്തിച്ചു. “നന്ദമഹാരാജാവിന്റേയും പുത്രന്മാരുടേയും പ്രധാനമന്ത്രിയായി ഇതുകാലവും വാണുപോന്ന എനിക്കു് ഇപ്പോൾ ഭവാന്റെ മന്ത്രിയായിരിപ്പാനാണു യോഗം വന്നതു്. മന്ത്രിമാൎക്കു് അന്നന്നു രാജ്യം ഭരിക്കുന്നവരെ ആശ്രയിക്കുക എന്നല്ലേയുള്ളു? മ്ലേച്ഛനായ പൎവ്വതകനെ സേവിക്കുവാൻ ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. പിന്നെ ഭവാനെത്തന്നെ വേണം സേവിപ്പാൻ. ഭവാനും നന്ദവംശോൽഭൂതനാണല്ലോ എന്നൊരു സമാധാനവും എനിക്കുണ്ടു്. അതിനാൽ എന്റെ ഈ അപേക്ഷ ഉപേക്ഷിക്കാതിരിക്കണം.” രാക്ഷസന്റെ പ്രത്യയവാക്കുകൾ കേട്ടു ചന്ദ്രഗുപ്തൻ ചാണക്യന്റെ അഭിപ്രായം ചോദിച്ചു.

“വ്യാജത്താലെന്നാകിലുമാശ്രയിച്ചവർകളെ
രാജാക്കന്മാൎക്കു പരിപാലിച്ചേ മതിയാവൂ”

എന്നുവെച്ചു ചാണക്യൻ അദ്ദേഹത്തെ സ്വീകരിപ്പാൻ അനുവദിച്ചു. മൌൎയ്യൻ അങ്ങനെ ചെയ്കയും ചെയ്തു.

രാക്ഷസൻ പുഷ്പവനത്തിലിരുന്നുകൊണ്ടു മൌൎയ്യവിനാശത്തിനുള്ള കൌശലങ്ങൾ നോക്കിക്കൊണ്ടിരിക്കെ കാനനവാസിയായ സൎവ്വാൎത്ഥസിദ്ധിയും വെറുതെ ഇരുന്നില്ല. ഒരു ലന്തപ്പഴമെടുത്തു കടുവിഷത്തിൽ മുക്കി തന്റെ ചാരന്മാരിൽ ചിലരെ താപസവേഷം ധരിപ്പിച്ച് അവരുടെ കയ്യിൽ ആ ഫലവും കൊടുത്തു ചന്ദ്രഗുപ്തരാജാവിനു സമ്മാനിപ്പാനേല്പിച്ചയച്ചു. അവർ ഫലവും കയ്യിൽവെച്ചു മാൎഗ്ഗമദ്ധ്യത്തിലൊരിടത്തു കിടന്നുറങ്ങുമ്പോൾ ചാണക്യചാരന്മാർ ഇതെല്ലാമറിഞ്ഞു തങ്ങളുടെവശം ഉണ്ടായിരുന്ന മറ്റൊരു ലന്തപ്പഴം അവിടെ വെച്ചു വിഷമയമായതിനെ എടുത്തുകൊണ്ടുപോയി രാക്ഷസാമാത്യൻ തന്നതാണെന്നു പറഞ്ഞു നന്ദരാജാവിനുതന്നെ കാഴ്ചവെച്ചു. അതെടുത്തു ഭക്ഷിച്ചു താൻകുഴിച്ച കുഴിയിൽതന്നെ രാജാവു വീണുപോകയും ചെയ്തു. ദൈവരക്ഷിതനായ മൌൎയ്യന്റെ നേൎക്കു പ്രയോഗിച്ച കപടം അദ്ദേഹത്തിന്ന് ഒരു ബാധയും ചെയ്യാതെ "തിരിഞ്ഞു പാഞ്ഞു."

രാക്ഷസനാകട്ടെ, ഇപ്പോൾ പൎവ്വതകനെക്കൂടെ ഗൂഢമായി സേവിപ്പാൻ തുടങ്ങി. ഒരു ദിവസം തന്റെ പ്രിയ സുഹൃത്തെന്നു ഭാവിച്ചിരുന്ന ക്ഷപണകനോട് എന്തെങ്കിലും ക്ഷുദ്രപ്രയോഗം ചെയ്തു നന്ദ

നഹന്താവായ മൌൎയ്യനെ നശിപ്പിക്കണമെന്നു രാക്ഷസൻ യാചിച്ചു. അതനുസരിച്ച് അയാഠം സ്വകാൎയ്യമായി ഒരു വിഷകന്യകയെ ഉണ്ടാക്കി വിട്ടു. വിവരം ചാണക്യനെ രഹസ്യമായി അറിയിക്കയും ചെയ്തു. അവളെ പൎവ്വതകനു കൊടുക്കാതെ മൌൎയ്യൻ സ്വീകരിക്കുന്ന പക്ഷം മ്ലേച്ഛൻ മൃഷിയുമെന്നു പറഞ്ഞു ചാണക്യൻ അവളെ മ്ലേച്ഛരാജാവിനുതന്നെ വിട്ടുകൊടുത്തു.

"താന്താനൊട്ടൊഴിഞ്ഞിട്ടും ബന്ധുവാം ജനങ്ങളെ
സ്സന്തോഷിപ്പിക്കയല്ലോ കാൎയ്യമാകുന്നതെടോ"

എന്നായിരുന്നു ചാണക്യൻ പ്രയോഗിച്ച യുക്തി. രാക്ഷസനു് അതിനെ വിരോധിപ്പാൻ തക്ക ന്യായമൊന്നുമുണ്ടായിരുന്നതുമില്ല. പൎവ്വതകന്റെ കഥ അങ്ങനെ കഴിഞ്ഞു. രാജ്യത്തിൽ ഇനി ഒരു നിമിഷമെങ്കിലും താൻ ഇരിക്കുന്നപക്ഷം പൎവ്വതകന്റെ വധം നിമിത്തം തനിക്കെന്തെല്ലാമാണോ വരുന്നതെന്നുള്ള ഭയത്താൽ രാക്ഷസൻ അന്നു രാത്രിതന്നെ ആരുമറിയാതെ പുരം വിട്ടെവിടേയ്ക്കോ ഓടിക്കളഞ്ഞു പിറേറന്നാഠം കാലത്തു പൎവ്വതകൻ ശയ്യാഗൃഹത്തിൽ മരിച്ചു കിടക്കുന്നതും രാക്ഷസൻ കിടന്നിരുന്ന മുറി വിജനമായിരിക്കുന്നതും കണ്ടു. പൌരന്മാരെല്ലാം രാക്ഷസനാണു പൎവ്വതകനെ കൊന്നതെന്നുള്ള ശ്രുതി നാടെങ്ങും പരത്തി. ഇതുതന്നെയായിരുന്നു ചാണക്യൻ ഉദ്ദേശിച്ചിരുന്നതും.

എന്നാൽ ചാണക്യനു് ഇതുകൊണ്ടും മതിയാ

യില്ല. വൈരോധകനും മലയകേതുവും പണ്ടൊരിക്കൽ ചന്ദ്രഗുപ്തനെ നിഗ്രഹിക്കുവാൻ കൊതിച്ചവരായിരുന്നതിനാൽ അവരെ വെറുതെ വിടുന്നതിന്നു് അദ്ദേഹത്തിന്നു മനസ്സു വന്നില്ല. രണ്ടുപേരുടേയും ആയുസ്സിന്നു അറുതി വരുത്തുന്നതായാൽ അവരുടെ എന്നു മാത്രമല്ല, പർവ്വതകൻെറയും വധത്തിന്നു താൻ തന്നെ ഉത്തരവാദിയാകേണ്ടിവരുമെന്നു് അദ്ദേഹം ശങ്കിച്ചു. അതിനാൽ അവരിൽ ഒരുവനെ —വൈരോധകനെ— കൊന്നുകളവാനും മററവനെ രാജ്യത്തുനിന്നു ഓടിപ്പോവാൻ നിർബ്ബന്ധിതനാക്കുവാനും അദ്ദേഹം നിശ്ചയിച്ചു. ഇതിനായി ഉററ സ്നേഹിതനായ ഭാഗുരായണനെയാണു് ഇത്തവണ വിഷ്ണുഗുപ്തൻ സഹായിയായി സ്വീകരിച്ചതു്. ഉപദേശപ്രകാരം ഭാഗുരായണൻ മലയകേതുവിൻെറ അടുക്കൽ ചെന്നു വലിയ മൈത്രി നടിച്ചു സ്വകാര്യമായി പറഞ്ഞു. അല്ലയോ കുമാര! അങ്ങയുടെ പിതാവായ മഹാരാജാവിനെ കൊലചെയ്തതു രാക്ഷസനല്ല, വാസ്തവത്തിൽ ചാണക്യനാണു്. ഈ സംഗതി പുറത്തായാൽ ആ ഘാതകൻ ഭവാനേയും കൊല്ലും. അവൻ അത്യന്തം കൌടില്യമുള്ളവനാണു്. അതിനാൽ ഭവാൻ ഇവിടെ ഇനി ഒരു നിമിഷമെങ്കിലുമിരിക്കുന്നതു് ആപൽക്കരമാണു്. ഞാൻ പറയുന്നതു് അങ്ങേക്കുറിച്ചുള്ള ഇഷ്ടംകൊണ്ടാണു്. എന്തുചെയ്യാം?

കണ്ടിട്ടും കേട്ടിട്ടുമില്ലാത്തൊരുദിക്കിൽ വന്നാൽ
കുണ്ഠതം പിണയാതെ പോവാനും പണിയത്രേ.

ആക്കാനും വേണ്ടി വന്നുചാടിയാലുള്ളാപത്തു
പോക്കാവതല്ല; താന്താൻകണ്ടുനില്ക്കേണമെടോ?

ഭാഗുരായണൻെറ ഈ വാക്കുകഠം കേട്ടു ഭയപ്പെട്ടു മലയകേതുവും താമസിയാതെ രാജ്യംവിട്ടു ഒളിച്ചുപോയി. മലയകേതു തൻെറ അനുവാദപ്രകാരം പോയിരിക്കുയാണെന്നു ചാണക്യനും ഘോഷിച്ചു. തൽഫലമായി പർവ്വതകഹന്താവു ചാണക്യനല്ലെന്നും അദ്ദേഹം രിപുശേഷം വച്ചുകൊള്ളുന്നവനല്ലായ്കയാൽ ഇതു തീർച്ചപ്പെട്ടതാമെന്നും ജനങ്ങഠം ദൃഢമായി വിശ്വസിച്ചു.

അമാത്യരാക്ഷസൻ അപ്പോഠം രാജ്യം ഉപേക്ഷിച്ചുപോയ പർവ്വതകപുത്രനെ ചെന്നാശ്രയിച്ചു. മൌൎയ്യനെ ഉടൻ നശിപ്പിച്ചു മലയകേതുവിനെ രാജാവാക്കി വാഴിക്കാമെന്നും മററും വാഗ്ദാനംചെയ്കയാൽ സാധുവായ മലയകേതു ഭ്രമിച്ചുപോകയും അയാളുടെ ആഗ്രഹാനുസാരം സൈന്യങ്ങളെ വിളിച്ചുകൂട്ടി യുദ്ധസന്നാഹം തുടങ്ങുകയും ചെയ്തു. ഈ വൎത്തമാനങ്ങളും തൻെറ വിശ്വസ്തചാരന്മാർവഴിക്കു ചാണക്യൻ അറിയാതിരുന്നില്ല.

ഇങ്ങനെയിരിക്കുമ്പോഠം ഒരു ദിവസം ചന്ദ്രഗുപ്തൻെറ നന്ദഭവനപ്രവേശനത്തിനു വേണ്ടുന്ന ഒരുക്കങ്ങഠം കൂട്ടി ചാണക്യൻ ശില്പികളെയെല്ലാം വിളിച്ചാജ്ഞാപിച്ചു. "മഹാരാജാവുമൌൎയ്യൻെറ പുരപ്രവേശത്തിനു ശുഭമുഹൂൎത്തം ഇന്നു് അൎദ്ധരാത്രിക്കാണെന്നു നമ്മുടെ ജ്യോത്സ്യന്മാർ പറഞ്ഞിരിക്കുന്നതിനാൽ പ്രഥമഗോപുരദ്വാരംമുതൽ രാജഭവനം

മുഴവൻ ഉടൻതന്നെ തോരണപതാകാദി സംസ്കാര വിശേഷങ്ങളെക്കൊണ്ട് അലങ്കരിക്കുവിൻ." ഇതു കേട്ട സൂത്രകാരന്മാർ ഉണർത്തിച്ചു. "ആര്യ്യ! മൌര്യ്യമഹാരാജാവിൻെറ പുരപ്രവേശം മുൻകൂട്ടിത്തന്നെ ഊഹിച്ചു ദാരുവർമ്മാവെന്ന കൌശലപ്പണിക്കാരൻ കനകതോരണന്യാസാദികളെക്കൊണ്ടു പ്രഥമരാജഭവനദ്വാരത്തെ വിശേഷമായി മോടിപിടിപ്പിച്ചിരിക്കുന്നു. ഇനി അകത്തു വേണ്ടുന്ന അലങ്കാരങ്ങളും ഞങ്ങൾതന്നെ ഉടൻ ചെയ്യുന്നുണ്ട്." താൻ പറയാതെതന്നെ ദാരുവർമ്മാവു ഗോപുരദ്വാരത്തെ മണ്ഡനം ചെയ്തിരിക്കുന്നുവെന്നു കേട്ടപ്പോൾ ചാണക്യൻ കാര്യ്യങ്ങളുടെ വാസ്തവസ്ഥിതി ഏതാണ്ടൂഹിച്ചറിഞ്ഞു, ഹേ! ദാരുവർമ്മാവേ! ഞാൻ വളരെ സന്തോഷിക്കുന്നു. നിൻെറ ഈ മുൻകരുതലിനു് അനുരൂപമായ ഫലം അചിരേണ നിനക്കു അനുഭവിക്കാറാകും, എന്നു പറഞ്ഞു ആ ശില്പിയെ വളരെ പ്രശംസിച്ചയച്ചു.

മുഹൂർത്തമടുത്തപ്പോൾ ബുദ്ധിമാനായ ചാണക്യൻ "മുമ്പിൽ താൻ പറഞ്ഞതിനനന്തരം വരാല്ലാനാം" യിട്ടു വൈരോധകനെ ചന്ദ്രഗുപ്തനോടൊരുമിച്ചു് ഒരു പീഠത്തിന്മേലിരുത്തി, രാജ്യത്തിൻെറ തുല്യാർദ്ധഭാഗങ്ങൾക്കവകാശികളായി രണ്ടുപേരെയും അഭിഷേകം ചെയ്തു. താൻ ആഗ്രഹിച്ചിരുന്നതുപോലെ രാജ്യാവകാശം ലഭിക്കയാൽ, മ്ലേച്ഛൻ വളരെ സന്തോഷിച്ചു. അഭിഷേകാഘോഷാർത്ഥം കൂടിയിരുന്ന ജനങ്ങളെ പുരപ്രവേശത്തിനു വേണ്ടതെല്ലാം ചട്ടംകെ

ട്ടുന്നതിന്ന നിയോഗിച്ചശേഷം ചാണക്യൻ രാജാക്കളോടും ഒരുങ്ങിക്കൊള്ളുന്നതിന്നു പറഞ്ഞു. മൌൎയ്യൻ സ്വദേശിയനും വൈരോധകൻ വിദേശിയനുമാകയാൽ പുരപ്രവേശത്തിന്ന് ആദ്യം പോകേണ്ടതു വൈരോധകൻതന്നെ വേണമെന്നും ചന്ദ്രഗുപ്തൻ പിന്നാലെ മതിയെന്നുമുള്ള ബ്രാഹ്മണന്റെ ഉപദേശത്തെ ഉദ്ധതനായ മ്ലേച്ഛരാജാവു സബഹുമാനം അംഗീകരിച്ചു. രാജോചിതമായ ആഡംബരങ്ങളോടുകൂടി പൎവ്വതകസഹോദരൻ ചന്ദ്രഗുപ്തന്റെ കരിണിമേൽ ഉപവിഷ്ടനായി ഘോഷയാത്ര തുടങ്ങിയപ്പോൾ രാത്രിയായിരുന്നതിനാൽ അയാളുടെ പരിചിതന്മാൎക്കുപോലും ചന്ദ്രഗുപ്തനാണു യാത്രചെയ്യുന്നതെന്നു തോന്നിപ്പോയി. ഈ സംഘം ഗോപുരദ്വാരത്തിനടുത്തെത്തിയപ്പോൾ ചാണക്യൻ കൊടുത്ത കല്പനപ്പടി അകമ്പടിക്കാരെല്ലാം വെളിയിൽനിന്നു. സന്തുഷ്ടനും ഗൎവ്വിഷ്ഠനുമായ വൈരോധകൻ ഗോപുരത്തിനകത്തേയ്ക്കു പ്രവേശിച്ചതും ചതിയനായ ദാരുവൎമ്മാവു യന്ത്രപ്പാവ തിരിക്കുവാനെന്ന വ്യാജേന തോരണത്തിൽ കയറി യന്ത്രച്ചരടയച്ചു വിട്ടതും ഒരേനിമിഷത്തിൽ കഴിഞ്ഞു.

അമാത്യരാക്ഷസന്റെ നിയോഗാനുസാരേണ ചന്ദ്രഗുപ്തന്റെ ചന്ദ്രലേഖയെന്ന ആനയുടെ ആനക്കാരനായി പാൎത്തിരുന്ന ബൎബ്ബരകൻ പുരപ്രവേശസമയത്തു ചന്ദ്രഗുപ്തനെ വധിപ്പാൻ തക്കംനോക്കിയിരിക്കയായിരുന്നു. വൈരോധകനെ വഹിച്ചുകൊണ്ടു ചന്ദ്രലേഖ ഗോപുരംകടക്കാൻ ഭാവിച്ചപ്പോൾ ആ

അംബ്ദ്രഷ്ടൻ ആനഃയ വേഗത്തിൽ നടത്തുവാനെന്ന നാട്യത്തിൽ കൈയിലുണ്ടായിരുന്ന വടിയിൽ നിഗ്ര ഹനം ചെയ്തിരുന്ന വാളൂരി. പൃഷ്ഠഭാഗത്തു് അടികൊള്ളുമെന്ന ഭയന്നു് ആ കരിണി ഗതിവേഗത്തോടുകൂടി കടന്നുപോയതിനാൽ ആദ്യവേഗമനുസരിച്ചു് അയച്ചുവിട്ട യന്ത്രത്തോരണം വൈരോധകനു ഫലിക്കാതെ പിന്നിൽ വാളുമായി നിന്നിരുന്ന ബബ്ബരകൻെറ തലയിൽ വീഴുകയും അതോടുകൂടി അവൻ കാലധമ്മം പ്രാപിക്കയും ചെയ്തു. തോരണപ്രയോഗം ഫലിക്കാതെ പോകയാൽ ഇച്ഛാഭംഗംകൊണ്ടുണ്ടായ കോപവും തൽപ്രയോഗത്തെപ്പററി ആക്കെങ്കിലും സംശയം നേരിട്ടാൽ തനിക്കു വരാവുന്ന പ്രാണാപായമോത്തുണ്ടായ ഭയവും ദാരുവമ്മാവിനെ കൃത്യാന്തരത്തിനായി പ്രേരിപ്പിച്ചു. അവൻ ഉടൻതന്നെ തോരണമിക്കുട്ടുന്നതിനായി വച്ചിരുന്ന ഇരുമ്പുകൂടമെടുത്തുകൊണ്ടു ഗോപുരോപരിഭാഗത്തുനിന്നു സംഭ്രാന്തയായ പിടിയാനയുടെ മേൽ ചാടിവീണു ചന്ദ്രഗുപ്തനെന്നു വിചാരിച്ചിരുന്ന വൈരോധകനെ തച്ചുകൊന്നു. ഇതു കണ്ടു കുപിതരായ മ്ലേച്ഛരും പൌരന്മാരും ഒന്നിച്ചുചേന്നു ദുഷ്ടനായ ദാരുവമ്മാവിൻെറ കഥയും അവസാനിപ്പിച്ചു. ഉദ്ദിഷ്ട കാൎയ്യലാഭത്താൽ സന്തുഷ്ടനായ ചാണക്യൻ മുറയ്ക്കു ചന്ദ്രഗുപ്തൻെറ പുരപ്രവേശം കൊണ്ടാടുകയും അദ്ദേഹത്തെ രാജാവായി വാഴിക്കുകയും ചെയ്തു.

തൽക്കാലമുണ്ടായ കലാപങ്ങളെല്ലാമൊതുക്കി നി

ക്ഷിതിപാലനായി ചന്ദ്രഗുപ്തനെ വാഴിച്ചുവെങ്കിലും അതുകൊണ്ടും ചാണക്യനു പൂർണ്ണതൃപ്തിയുണ്ടായില്ല. അക്കാലത്തു അഭയദത്തനെന്നു വിഖ്യാതനായ ഒരു വൈദ്യൻ രാക്ഷസമന്ത്രിയുടെ ഗൂഢപുരുഷനായി പാടലീപുത്രത്തിൽ വന്നുചേൎന്നു. വിശ്രുതനായ ഒരു ഭിഷഗ്വരൻ തന്നെക്കാണ്മാൻ വന്നിരിക്കുന്നതായി അറിഞ്ഞു രാജാവു് അയാളെ തന്റെമുമ്പിൽ കൊണ്ടു വരുവാൻ കല്പിച്ചു. വൈദ്യൻ തിരുമുമ്പിൽ വന്നു വണങ്ങി. ഉടനെ ചാണക്യനും സന്നിഹിതനായി.

രാജാവു്—വിശേഷിച്ചോ? അതോ, വെറുതെ കാണാൻ വന്നതോ?

വൈദ്യൻ—തിരുമേനി! സാധാരണ വൈദ്യന്മാർ ആത്മപ്രശംസ ഒഴിച്ചുകൂടാത്ത ഒരു വ്രതമായി കരുതിയിരിയ്ക്കുന്ന ഒരു കൂട്ടക്കാരാണെന്നു് എല്ലാവരും വിശ്വസിച്ചുവരുന്നു. അതിൽ ഏറെക്കുറെ വാസ്തവമില്ലെന്നുമില്ല. പക്ഷെ, അടിയന്റെ കാൎയ്യത്തിൽ അപ്രകാരമല്ല. അടിയൻ ഈയിടെ ഒരു പുതിയ ചൂൎണ്ണയോഗം കണ്ടുപിടിച്ചിട്ടുണ്ടു്. ഉപയോഗിച്ചു നോക്കിയതിൽ വളരെ ഫലപ്രദമെന്നും കണ്ടിരിക്കുന്നു. അതിനാൽ വിശ്വവിഖ്യാതനും മഹാഭാഗനും പ്രജാവത്സലനുമായ തിരുമേനിക്കൂടെ അതിന്റെ ഫലം അനുഭവിച്ചറിയുന്നതായാൽ അതു തിരുമേനിക്കും, പ്രജകൾക്കുമടിയനും ശ്രേയസ്കരമായിത്തീരുമെന്നു കരുതി വിവരം തിരുമനസ്സറിയിപ്പാൻ വിടകൊണ്ടതാണു്.

ചാണക്യൻ—കൊള്ളാം. തന്റെ മരുന്നിന്റെ ഫലപ്രാപ്തിയെന്താണ്?

വൈ—അമിതവീൎയ്യമായ ഈ ചൂൎണ്ണം സേവിക്കുന്ന ആളുടെ ദേഹത്തെ ത്രിദോഷകോപങ്ങൾ ഒരിക്കലും ബാധിക്കയില്ല. ദിനംപ്രതി ദേഹകാന്തി വൎദ്ധിച്ചുവരികയും ചെയ്യും.

ചാ—(ആത്മഗതം) ത്രിദോഷങ്ങൾക്കുള്ള ഔഷധങ്ങൾ വിരുദ്ധഗുണങ്ങളോടുകൂടിയവയാണെന്നും, മൂന്നിനേയും ഒരുമിച്ചു ശമിപ്പിക്കുന്നതിനുതകുന്നതായി ഔഷധമൊന്നുമില്ലെന്നും മഹാഭിഷക്കുകൾ സിദ്ധാന്തിച്ചു കേട്ടിട്ടുണ്ടു്. അതിനാൽ ഇവന്റെ മരുന്നു വ്യാജനിൎമ്മിതമെന്നു സംശയം തോന്നുന്നു. എന്നാൽ ഇവൻ രാക്ഷസന്റെ ഭൃത്യനും ചന്ദ്രഗുപ്തനിഗ്രഹത്തിനു വന്നവനുമായിരിക്കണം. ആട്ടെ (പ്രകാശം) കുറെ മരുന്നിവിടെ തരു. ഞാൻ പരീക്ഷിച്ചുനോക്കട്ടെ.

വൈദ്യൻ മരുന്നു കുറെ എടുത്തു ചാണക്യന്റെ കൈയിൽ കൊടുത്തു. അദ്ദേഹം ഉടനെ കൊട്ടാരത്തിന്റെ മറെറാരുഭാഗത്തുചെന്നു് ഒരു പൊൻകിണ്ണമെടുത്തു ചൂൎണ്ണം അതിലിട്ടു തിരുമ്മിനോക്കി. ഈ പ്രവൃത്തിയാൽ പാത്രത്തിലുണ്ടായിരുന്ന നിറഭേദം കണ്ടപ്പോൾതന്നെ കാൎയ്യമെല്ലാം അദ്ദേഹത്തിനു മനസ്സിലായി. "ആട്ടെ. ഈ വിഷംതന്നെ അവനുപററം" എന്നു നിശ്ചയിച്ചു രാജസന്ദേശയെ പ്രാപിച്ചു പ്രസന്നഭാവത്തിൽ ഇപ്രകാരം പറഞ്ഞു.

ചാ— വൈദ്യരേ! തന്റെ മരുന്നു വളരെ നല്ല തുതന്നെ. പക്ഷേ, രാജാക്കന്മാർ ആദ്യമായി ഒന്നും ഭക്ഷിപ്പാൻ പാടില്ല. അതിനാൽ താൻ ആ മരുന്നു കുറെ ഭക്ഷിക്കു. അതിനുശേഷം രാജാവു് അതിനെ വാങ്ങിക്കൊള്ളും. തനിക്കു തക്കതായ പ്രതിഫലവും കിട്ടും.

വൈ—(വിഷണ്ണനായി) ആൎയ്യ ബ്രാഹ്മണാധി കൾ ഭക്ഷിക്കുന്നതിനു മുമ്പു മററുള്ളവർ ഭക്ഷിയ്ക്കുയെ ന്നുള്ളതു വിഹിതമല്ലെന്നു് അവിടേയ്ക്കു അറിവുള്ള തല്ലെ? പിന്നെ ഇപ്രകാരം നിൎബ്ബന്ധിയ്ക്കുന്നതു നല്ല താണോ?

ചാ—ഔഷധങ്ങൾക്കു് ഈവകയൊന്നും നോക്കേ ണ്ടതായിട്ടില്ല. അതു് എപ്പോഴും സേവിക്കാം. കൂ ടാതെ, തന്റെ പ്രതിബന്ധം നോക്കുമ്പോൾ താന്ന പ്പററി സംശയം ജനിച്ചുപോകുമെന്നുകൂടി ഞാൻ ഭയ പ്പെടുന്നു. രാജസന്നിധിയാണെന്നോർമ്മയുണ്ടായി രിക്കട്ടെ.

വൈദ്യന്റെ മുഖത്തു ചോരയില്ലാതായിത്തീൎന്നു. അല്പനേരം ചിന്താഗ്രസ്തനായി നിന്നശേഷം ഗത്യന്ത രമില്ലാതെ വൈദ്യൻ വിഷചൂൎണ്ണം ഭക്ഷിക്കയും വിഷ ശക്തിയുടെ ആധിക്യത്താൽ ഉടൻതന്നെ താഴെ വീണു് ഉൽഗതിയെ പ്രാപിക്കയും ചെയ്തു. ആചാ ൎയ്യന്റെ ബുദ്ധിവൈശിഷ്ട്യം അറിവുണ്ടായിരുന്ന രാ ജാവിന്നു് ഇതിൽ ഒരാശ്ചൎയ്യവുമുണ്ടായില്ല. കൃതജ്ഞ താപൂൎണ്ണമായ ഉപചാരവാക്കുകൊണ്ടു് അദ്ദേഹം ഗുരു

വിനെ വളരെ സ്തുതിച്ചു.

ഇക്കാലത്തു ചന്ദ്രഗുപ്തൻെറ പള്ളിയറവിചാരിപ്പിന്നു ഒഴിവുവന്നു. രാക്ഷസാമാത്യൻെറ ഗൂഢപുരുഷന്മാരിലൊരുവനായ പ്രമോദകൻ എന്നവനെ, പരമാൎത്ഥമറിയാതെ, അദ്ദേഹം ആ ജോലിയ്ക്കു നിയമിച്ചു. ഇവൻ തരംനോക്കി കത്തിവെയ്ക്കുന്നതിന്നു ഒരുമ്പെട്ടിരുന്നു. തനിക്കു രാക്ഷസനിൽനിന്നു ലഭിച്ചിരുന്ന അനവധി ദ്രവ്യം ജനങ്ങൾക്കു പണയം വാങ്ങിച്ചുകൊണ്ടും മററും പുരങ്ങിയ പലിശയ്ക്കു ഇവൻ കൊടുത്തുവന്നിരുന്നു. പ്രമോദകൻ വലിയ ദ്രവ്യസ്ഥനും ജനോപകാരിയുമാണെന്നുള്ള ശ്രുതി രാജധാനിയൊട്ടുക്കു വ്യാപിച്ചു. എന്നാൽ ഇവന്നു ഈ ധനം എവിടെനിന്നു ലഭിച്ചു എന്നുള്ളതു് ആൎക്കും അറിവുണ്ടായിരുന്നില്ല. സന്നിഗ്ദ്ധചിത്തനായ ചാണക്യൻ ധനാഗമത്തെപ്പററി ചോദ്യം ചെയ്തതിൽ അവൻ മുമ്പിൽ വിരുദ്ധമായും വാക്കു മാറിമാറിയും ഉത്തരം പറഞ്ഞതുകേട്ടു് നിശ്ചയം വരികയാൽ അവൻെറ ധനം മുഴുവൻ അപഹരിച്ചിട്ടു കൊന്നുകളവാൻ ഭൃത്യരോടാജ്ഞാപിച്ചു. അങ്ങനെ അവൻെറ കഥ അവസാനിച്ചു.

ചന്ദ്രഗുപ്തവധാൎത്ഥം രാക്ഷസനാൽ നിയുക്തരായവർ പിന്നെയുമുണ്ടായിരുന്നു. ബീഭത്സവേഷവും ബീഭത്സഹൃദയവും ബീഭത്സനാമവും ധരിച്ചിരുന്ന ഇവർ ഭൂമിയുടെ അടിയിൽക്കൂടി ഒരു തുരങ്കമുണ്ടാക്കി രാജാവിൻെറ പള്ളിയറയുടെ നേരെ താഴെയെത്തി

പെട്ടെന്ന പ്രവേശിച്ച രാജാവിനെ വധിപ്പാനിരിക്കയായിരുന്നു. അസ്ഥാനത്തും അതിസൂക്ഷ്മദൃക്കായ കൌടില്യൻ ഒരു ദിവസം രാജാവിനെക്കാണ്മാൻ പള്ളിയറയിൽ പ്രവേശിച്ചു. (ചാണക്യന്ന ചന്ദ്രഗുപ്തനെ സംബന്ധിച്ചു സർവ്വസ്വാതന്ത്ര്യമുണ്ടായിരുന്നു എന്നുള്ളതു വിസ്മർത്തവ്യമല്ല; നിദ്രചെയ്യാനുള്ള സ്ഥലമാകയാൽ പള്ളിയറയെപ്പററി അദ്ദേഹം പ്രത്യേകം ജാഗ്രതയുള്ളവനായിരുന്നു) നാലുപുറവും അകാരണമായി നോക്കിയപ്പോൾ യദൃച്ഛയാ എറുമ്പുകൾ ഭിത്തിക്കിടയിലുള്ള ചെറിയ സുഷിരങ്ങളിൽക്കൂടി ചോറിന്റെ തരികൾ വഹിച്ചുകൊണ്ടു വരിയായി പോകുന്നതു കണ്ടു. "ഇതെങ്ങനെ വരുന്നു? നിലത്തിനടിയിൽ ചോറുണ്ടാകുന്നതെങ്ങിനെ? എന്നു സംശയിച്ചിട്ടു വേലക്കാരെ വരുത്തി അറയ്ക്കകം കഴിക്കുന്നതിനായി അദ്ദേഹം ആവശ്യപ്പെട്ടു. അപ്രകാരം ചെയ്കപ്പോൾ അടിയിൽ ഒരു ഗൃഹവും അതിനകത്തിരിക്കുന്ന വികൃതരൂപികളും പ്രത്യക്ഷമായി. കുറേനാളത്തേയ്ക്കു വേണ്ട ആഹാരസാധനങ്ങളും ചില ആയുധങ്ങളും അവിടെ സംഭരിച്ചിരുന്ന സംഗതി മനസ്സിലായപ്പോൾ കോപാന്ധനായ കൌടില്യൻ ആ ഗൃഹം തീവെയ്ക്കുന്നതിന്നാജ്ഞാപിച്ചു. ഗൃഹത്തിന്ന തീപിടിച്ച് അടിയിൽ വ്യാപിച്ച പുകകൊണ്ടു കണ്ണുകാണായ്കയാൽ ഗൃഹാദ്വാരമറിയാതെ ബീഭത്സന്മാർ ബുദ്ധിമുട്ടി. എന്നാൽ അവർ അധികനേരം ഈ സങ്കടം അനുഭവിക്കേണ്ടി വന്നില്ല. ഉഷ്ണംകൊണ്ടും ശ്വാസം

മുട്ടിയും അഗ്നി അകത്തേയ്ക്കു വ്യാപിച്ചും അവരെല്ലാവ
രും മൃതരായിത്തീൎന്നു.

അമാത്യരാക്ഷസൻെറ വേറെ ചില ദൂതന്മാർ
നന്ദരാജ്യത്തു പ്രവേശിച്ചു, ചാണക്യൻെറ നയം
കൊണ്ടു മൌൎയ്യനോടു സ്നേഹമായി വൎത്തിച്ചിരുന്ന
ഭദ്രഭടൻ മുതലായ ചില പ്രധാനന്മാരെ വിരോധി
കളാക്കിത്തീൎക്കുവാനുദ്യമിച്ചു. ചാരന്മാരിൽനിന്നു് ഈ
വൎത്തമാനം ധരിച്ച ചാണക്യൻ ഉടൻതന്നെ അവരെ
വിളിച്ചു ഗൂഢമായി അവർ ചെയ്യേണ്ട ചില പ്രധാ
നകാൎയ്യങ്ങൾ മനസ്സിലാക്കി അയച്ചു. അവരാകട്ടെ
"ഒട്ടുമേയാകാ ചന്ദ്രൻ" എന്നു പറഞ്ഞു വ്യാജവിരോ
ധം ഭാവിച്ചു നാട്ടിൽനിന്നു പുറപ്പെട്ടുപോയി. ചന്ദ്ര
ഗുപ്തനെ അദ്ദേഹത്തിൻെറ സ്നേഹിതന്മാരിൽനിന്നു
അകററിക്കളയുവാനുത്സാഹിച്ച രാക്ഷസനെ മലയകേ
തുവിൽനിന്നകററേണ്ടതു അവശ്യകരണീയമാകയാൽ
അതിനായിട്ടാണു പിന്നീടു ചാണക്യൻ ഒരുമ്പെട്ടതു്.
ഇതിനായി വിശ്വസ്തനായ ഭാഗുരായണനെ പ്രത്യേ
കം വിളിച്ചു് അയാൾ അനുഷ്ഠിക്കേണ്ട കാൎയ്യങ്ങളെ
ല്ലാം ഭദ്രമായി ഉപദേശിച്ചയച്ചു. ഇപ്രകാരം തൻെറ
ദൂരദൃഷ്ടികൊണ്ടും ചാരദൃഷ്ടികൊണ്ടും നയവൈഭവം
കൊണ്ടും ചന്ദ്രഗുപ്തനെ രക്ഷിച്ചും രാജാവിനേയും പ്ര
ജകളേയും തമ്മിൽ രഞ്ജിപ്പിച്ചു രാജശബ്ദത്തെ അ
ന്വൎത്ഥമാക്കിയും മലയകേതുവിനേയും രാക്ഷസനേ
യും തമ്മിൽ ഛിദ്രിപ്പിക്കുന്നതിനായി ചെയ്തിട്ടുള്ള
ശ്രമങ്ങളെക്കുറിച്ചു തന്നെത്താൻ അഭിനന്ദിച്ചും ചാ

ണക്യൻ ചന്ദ്രഗുപ്തനോടുകൂടി പാടലീപുത്രരാജധാനിയിൽ സസുഖം വസിച്ചു.

---

## ൪-ാം അദ്ധ്യായം

നീതിമാനായ ചാണക്യന്റെ ബുദ്ധിയാകുന്ന കോട്ടയാൽ സുരക്ഷിതരാജ്യനായ ചന്ദ്രഗുപ്തൻ ഇങ്ങനെ സുഖമായി താമസിച്ചുകൊണ്ടിരിക്കെ നിപുണകൻ എന്നൊരുത്തൻ പാടലീപുത്രത്തിലെത്തി. ഇയ്യാൾ കയ്യിൽ ഒരു യമപടം വഹിച്ചിരുന്നു. മഹിഷാരൂഢനായ യമധർമ്മരാജാവിന്റെ പടവും നിവൎത്തിപ്പിടിച്ച് ആദ്ദേഹത്തിന്റെ നാമങ്ങളെ ഉച്ചരിച്ചും ഭക്തിയോടുകൂടി,

"വന്ദിക്കുക യമപദ,മെന്തൊന്നു വരും കാൎയ്യമന്യദേവകളാൽ; അന്യന്മാരുടെ ഭക്തരിൽ നിന്നിളകും ജീവന് വനെടുക്കുന്നു. ജീവിക്കാം വികടനേയും സേവിച്ചു വശത്തിലാക്കി മനുജക്ക്; ഏവരേയും കൊല്ലും യമഭാവനയാൽ ഞാൻ പുലൎന്നുപോരുന്നു"

എന്നിപ്രകാരം ഉച്ചത്തിൽ പാടിയുംകൊണ്ടു നാടുതോറും സഞ്ചരിച്ചുവന്ന ഈ മനുഷ്യൻ ചാണക്യന്റെ ഒരു ഗൂഢപുരുഷൻ തന്നെയായിരുന്നു. രാജ്യത്തുള്ള ജനങ്ങളെല്ലാം മൌര്യനോടു രഞ്ജിപ്പായിരിക്കുന്നുവൊ എന്നും നന്ദപക്ഷപാതികളായി വല്ലവരുമുണ്ടൊ എന്നും അറിയുന്നതിനായി ഈ ചാരൻ നിയുക്തനായിരുന്നു. അയാൾ നേരിട്ടു ചാണക്യന്റെ

മുമ്പിൽ വന്നുവണങ്ങി.

ചാണക്യൻ—ഭദ്ര! വളരെ സന്തോഷം. എന്തെല്ലാമാണു വർത്തമാനങ്ങൾ? പ്രകൃതികളെല്ലാം മൌൎയ്യനോടിണങ്ങിയോ?

നിപുണകൻ—ആൎയ്യ! അതിൽ സംശയിക്കാനുണ്ടോ? വിരുദ്ധകക്ഷിക്കാരെയെല്ലാം ഇവിടെനിന്നുപുറത്തു കളഞ്ഞതിനാൽ പ്രജകളെല്ലാം രാജാവിൻെറ ഭരണത്തിൽ സംതൃപ്തരായിരിക്കുന്നു. എന്നാൽ ഈ നഗരത്തിൽത്തന്നെ ആദ്യംമുതൽ രാക്ഷസപക്ഷപാതികളായി മൂന്നുപേരുണ്ടു്. അവർമാത്രം ചന്ദ്രശ്രീയായ മഹാരാജാവിൻെറ അസഹനീയമായ ഐശ്വൎയ്യത്തിൽ ഈഷ്യാകലുഷന്മാരായിരിക്കുന്നു.

ചാണ—(കോപത്തോടുകൂടി) എന്നാലവൎക്കു് അവരുടെ ജീവനിൽ സ്നേഹമില്ലെന്നാണു പറയേണ്ടതു്. ആട്ടെ. അവരാരെല്ലാമാണു്?

നി—ഒന്നാമൻ നമ്മുടെ ശത്രുപക്ഷക്കാരനായ ക്ഷപണകൻ ജീവസിദ്ധിയാണു്.

ചാ—(ആത്മഗതം) നമ്മുടെ ശത്രുപക്ഷത്തെ പതിപ്പിക്കുന്നതിനുറച്ചിരിക്കുന്ന ഇന്ദുശർമ്മാവാണു്. അല്ലെ. ആട്ടെ, (പ്രകാശം) എന്നു തനിക്കെങ്ങിനെ അറിയാം?

നി—ആൎയ്യ! നമ്മുടെ ബന്ധുവായിരുന്ന പൎവ്വതരാജാവിനെ നിഗ്രഹിക്കുവാൻ വിഷകന്യകയെ നിൎമ്മിച്ചതു രാക്ഷസഹിതാനുസാരിയായ ഇയ്യാളാണു്.

ചാ—ഇരിക്കട്ടെ. പിന്നെ ആരെല്ലാമാണു്?

നി—അമാത്യരാക്ഷസന്റെ പ്രിയ വയസ്യനും ഗൃഹസ്ഥനുമായ ശകടദാസനാണ്. മഹാരാജാവിനെ വധിക്കുന്നതിനായി രാക്ഷസമന്ത്രി നിയോഗിച്ചയച്ചവരെ ഈ ശകടദാസനാണു രക്ഷിച്ചുവരുന്നത്.

ചാ—(ആത്മഗതം) ഒരു ഗൃഹസ്ഥനല്ലേ? സാരമില്ല. എങ്കിലും ശത്രുപക്ഷപാതിയാണല്ലോ എന്നുവച്ച് അയാളുടെ ആത്മമിത്രമായിപ്പാർത്തുകൊള്ളുന്നതിനു ഞാൻ സിദ്ധാർത്ഥകനെ നിയോഗിച്ചിട്ടുണ്ടല്ലോ. (പ്രകാശം) കൊള്ളാം. മൂന്നാമനാരാണ്?

നി—രാക്ഷസന്റെ രണ്ടാമത്തെ ഹൃദയമായി പുഷ്പപുരത്തിൽ താമസിക്കുന്നവനും മഹാവർത്തകനായ രത്നവ്യാപാരിയെന്നു സുപ്രസിദ്ധനുമായ ചന്ദനദാസനാണു മൂന്നാമത്തെ ആൾ. രാക്ഷസൻ നഗരത്തിൽനിന്നു പോകുമ്പോൾ തന്റെ ഭാര്യയെ ചെട്ടിയുടെ രക്ഷയിൽ ഇയ്യാളുടെ ഗൃഹത്തിലാണു താമസിപ്പിച്ചിരിക്കുന്നത്.

ചാ—(വിചാരം) ഓ! വലിയ ബന്ധുത്വംതന്നെ. തന്നോടു തുല്യനായ ആളെയല്ലാതെ രാക്ഷസൻ ഭാര്യയെ ഏല്പിക്കയില്ല. (പ്രകാശം) രാക്ഷസൻ ഭാര്യയെ ചന്ദനദാസന്റെ ഗൃഹത്തിൽ പാർപ്പിച്ചിരിക്കുന്നുവെന്നു തനിക്കെങ്ങനെ മനസ്സിലായി?

നി—"ആര്യ! ഈ മുദ്രമോതിരം അങ്ങയുടെ സംശയത്തെ നിവർത്തിപ്പിക്കും" എന്നു പറഞ്ഞു മടിയിൽനിന്നു മോതിരം എടുത്തു ചാണക്യന്റെ

കയ്യിൽ കൊടുത്തു.

ചാ—(വാങ്ങിനോക്കിയിട്ടു വിചാരം) "രാക്ഷസൻ" എന്നെഴുതിയിരിക്കുന്ന അമാത്യൻെറ മുദ്രമോതിരം എൻെറ കയ്യിലകപ്പെട്ടതിനാൽ രാക്ഷസനും ഹസ്തപ്രാപ്തനായി. (പ്രകാശം) ഈ മോതിരം തനിക്കെങ്ങിനെ കിട്ടി?

നി—ആര്യൻ കേട്ടാലും. അവിടുത്തെ നിയോഗമനുസരിച്ച് അന്യന്മാരുടെ ഗൃഹങ്ങളിൽ ചെല്ലുമ്പോൾ അവക്കു ശങ്കതോന്നാതിരിപ്പാനായി ഈ യമപടവും വായിച്ചുകൊണ്ടു ഞാൻ ചന്ദനദാസൻെറ ഗൃഹത്തിലും ചെന്നു. പതിവുപോലെ അവിടെയും പാടുവാൻ തുടങ്ങിയപ്പോൾ ഒരു മുറിക്കകത്തുനിന്ന് അഞ്ചു വയസ്സോളം പ്രായമുള്ള അതിമനോഹരനായ ഒരു ബാലൻ എൻെറ അടുക്കലേക്കു വരുവാൻ ഭാവിച്ചു. കുട്ടി വെളിയിലേക്കിറങ്ങിയ ഉടനെ ആ മുറിയിൽനിന്നുതന്നെ "അയ്യോ! കുട്ടി വെളിയിൽ പോയല്ലൊ" എന്നു സ്ത്രീസ്വരത്തിൽ ചിലർ ലഹളകൂട്ടി പുറത്തുവിടാതെ സൂക്ഷിക്കപ്പെട്ടുവന്നവനാണെന്നു വ്യക്തമായ ആ കുട്ടിയെപ്പററി എനിക്കു ശങ്ക ജനിച്ചു. ഉടനെ ഒരു സുന്ദരി വാതലിൽ മറഞ്ഞുനിന്നുകൊണ്ടു വെളിയിലേയ്ക്കു കൈ നീട്ടി കുട്ടിയെ പിടിച്ചു. സിദ്ധാന്തിയായ ആ പൈതൽ അല്പനേരത്തേക്കു വഴങ്ങിക്കൊടുക്കാതെ "ബലവിച്ചു". അവനെ പിടിപ്പാൻചെയ്ത ശ്രമത്തിനിടയിൽ,

ആ സ്ത്രീയുടെ കൈവിരലിൽ അവൾക്കു പാകമല്ലാത്ത ഒരു മോതിരം കിടന്നിരുന്നതു് ഊരി താഴെ വീണുപോയി. പുരുഷൻെറ കൈവിരലിനു പാകമായ ഈ മോതിരം വിരലിൽനിന്നു പോയതു് അവർ അറിഞ്ഞില്ല. സാവധാനത്തിൽ എൻെറ അടുക്കലോളം ഉരുണ്ടുവന്ന രാക്ഷസനാമാങ്കിതമായ മുദ്രാംഗുലീയം കണ്ടപ്പോൾ ആര്യൻെറ തൃപ്പാദത്തിൽ കാഴ്ചവെയ്പാൻ ഇതുപോലെ ഉതകുന്നതായി മറെറാന്നുമില്ലെന്നു നിശ്ചയിച്ചു ഞാൻ അതു പാദത്തിൻെറ ചുവട്ടിലാക്കി, അവർ പോയ ഉടനെ എടുത്തുകൊണ്ടുപോരികയും ചെയ്തു.

ചാ—ഭദ്ര! തൻെറ പ്രവൃത്തി വളരെ ഉചിതമായി. തന്നെ ഭരമേല്പിക്കുന്ന കാര്യം നിർവ്വിഘ്നം സാധിച്ചുവരുന്നവനാണു് ഉത്തമനായ ദൂതൻ. തൻെറ ഈ ഉചിതപ്രവൃത്തിക്കു തക്കതായ സംഭാവന രാജാവിനെക്കൊണ്ടു തരുവിക്കാം.

ഉദ്ദിഷ്ടകാര്യലാഭത്തിനു് അത്യന്തോപയുക്തമായ മുദ്രാംഗുലീയവും അതുപോലെതന്നെ ചന്ദനദാസനെപ്പററിയുള്ള വൎത്തമാനവും കൊണ്ടുവന്നു തന്നതിനാൽ ഏററവും പ്രിയകരനായ നിപുണനു, ചാണക്യൻ ഏററവും വിലപിടിച്ച പട്ടുകൾ, വളകൾ മുതലായ അനവധി സമ്മാനങ്ങൾ രാജാവിനെക്കൊണ്ടു കൊടുപ്പിച്ചു് അവനെ സന്തുഷ്ടനാക്കി അയച്ചു. പിന്നീടു വിഷനാരീഹതനായ പൎവ്വതകൻെറ ആഭര

ണങ്ങളിൽനിന്നു നല്ലതായി മൂന്നെണ്ണം തിരഞ്ഞെടുത്ത് അപ്രമേയബുദ്ധിയായ ചാണക്യൻ തൻെറ പാർശ്വത്തിലുള്ള വിഭാവസു മുതലായ മൂന്നു ബ്രാഹ്മണരെ ഏല്പിച്ചു. "ഇതു നിങ്ങൾ കൊണ്ടുചെന്നു്. ഏതു വിധത്തിലും ഗൂഢമായി അമാത്യരാക്ഷസനു യില്ക്കണം" എന്നു് അവരോടു് അദ്ദേഹം പറഞ്ഞതു കേട്ട് അവർ അതിനായിപ്പോകയും ചെയ്തു.

ഈ സമയത്തു മററു ചില ചാരന്മാർ ശത്രുബലമറിഞ്ഞുംകൊണ്ടു വന്നുചേർന്നു. അവരിൽനിന്നു കുസുമപുരനിരോധത്തിനായി സൈന്യശേഖരം ചെയ്യുന്ന രാക്ഷസപ്രേരിതനായ മലയകേതുവിനോടു തല്ക്കാലം അതിപ്രബലന്മാരായ പഞ്ചരാജാക്കൾ ചേന്നതായി അറിവു കിട്ടി ഇവർ,

"ഒന്നാക്കൌലൂതരാജൻ നരഹരി, മലയാ-
ധീശനാം സിംഹനാദൻ,
ധന്യൻ കാശ്മീരഭൂപൻ രിപുവിജയിയതാം
സൈന്ധവൻ സിന്ധുഷേണൻ,
പിന്നീടങ്ങാമത ശപ്പടപെരിയൊരു
മേഘാക്ഷനാം പാർസിരാജാ"

എന്നിവരായിരുന്നു. ഇപ്രകാരം പ്രബലന്മാരായ പുതിയ ബന്ധുക്കൾ ശത്രുപക്ഷത്തിലുണ്ടായപ്പോൾ ചാണക്യനും പ്രബലമായ ഒരു പുതിയ യുക്തി തോന്നി. രാക്ഷസഗുപ്തനായ ശകടദാസൻെറ ഗൃഹത്തിൽതാമസിക്കുന്നതിനു ചട്ടംകെട്ടിയിട്ടുള്ള സിദ്ധാർത്ഥകനെ അദ്ദേഹം ഗൂഢമായി വരുത്തി. "ശകടദാസനെക്കൊ

ണ്ടു് ഒരു എഴുത്തെഴുതി വാങ്ങിക്കണം. അതിനകത്തു ണ്ടായിരിക്കേണ്ടതു് "ആരാൻ്റെ മതാനമൊന്നുണ്ടൊരു ത്തനനേരെ കൊടുത്തയച്ചു വിട്ടിട്ടെന്നും, ഊഹ്യം സ്വയം വാച്യം" എന്നുമായിരിക്കണം. മേൽവിലാസമെഴുതുകയുമരുതു്" എന്നവനോടുപദേശിച്ചു. സിദ്ധാർത്ഥകൻ അപ്രകാരംതന്നെ "കാര്യസ്ഥനായ ശകടനെക്കൊണ്ടൊരുപായം പറഞ്ഞു." പത്രികയുമെഴുതിച്ചു ബ്രാഹ്മണൻെറ അടുക്കൽവന്നു. രാക്ഷസൻെറ മോതിരംകൊണ്ടു് ആ ലേഖനത്തിൽ മുദ്ര വയ്പിച്ചു നല്കി. അതിൻെറ സാരമിങ്ങനെയായിരുന്നു. "ശകടദാസനെ കൊല്ലുന്നതിനായി രാജഭടന്മാർ ഇപ്പോൾ തന്നെ കൊലനിലത്തുകൊണ്ടുവരും. നീ ആ സമയം അതികുപിതനായി കൊലയാളികളെ ആട്ടിയോടിച്ചു ശകടനെ രക്ഷിക്കണം. നിങ്ങൾ രണ്ടുപേരുംകൂടി ഉടനെ അമാത്യനെ ചെന്നുകാണണം. മിത്രമായ ശകടനെ വധാധികൃതന്മാരിൽനിന്നുരക്ഷിച്ചനിന്നെ അമാത്യൻ കൃതജ്ഞതാപൂർവ്വം സ്വീകരിക്കയും പാരിതോഷികമായി നിനക്കു വല്ലതും തരികയും ചെയ്യാതിരിക്കയില്ല. നീ അതു വാങ്ങി മുദ്രമോതിരം പകരം കൊടുത്തിട്ടു കുറേനാൾ അദ്ദേഹത്തെ സേവിച്ചു താമസിക്കണം. പിന്നെ പട പുറപ്പെടാറാകുമ്പോൾ ഈ ലേഖനം മലയകേതുവിനെ കാണിച്ചു് അമാത്യനേയും രാജകുമാരനേയും തമ്മിൽ ഛിദ്രിപ്പിക്കണം. ശേഷമെല്ലാം നിൻെറ യുക്തിപോലെ ചെയ്തുകൊള്ളുക." ഉപദേശാനുഗ്രഹങ്ങൾ വാങ്ങി സിദ്ധാ

ൎത്ഥകൻ യാത്രയായി.

സിദ്ധാൎത്ഥകൻ പോയശേഷം വിഷ്ണുഗുപ്തൻ ക്ഷ പണകനെ വിളിച്ചു രഹസ്യമായി രാക്ഷസനേയും മലയകേതുവിനേയും തമ്മിൽ പിണക്കണമെന്നും അതിനു കാരണം വിഷകന്യകനിമിത്തമുണ്ടായ പൎവ്വതകന്റെ മരണമാക്കണമെന്നും വേഗത്തിൽ യാത്രയ്ക്കു തയ്യാറായിക്കൊള്ളണമെന്നും പറഞ്ഞു; അനന്തരം രാജപുരുഷന്മാരായ കാലപാശികനേയും ദണ്ഡപാശികനേയും വരുത്തി കോപാസഹനായ ചാണക്യൻ പറഞ്ഞു "നമ്മുടെ ബന്ധുവായ പൎവ്വതകനെക്കൊന്ന ക്ഷപണകനെ രാജാജ്ഞയനുസരിച്ചു് ഇക്ഷണം നാട്ടിൽനിന്നാട്ടിക്കളയണം. അതുപോലെതന്നെ രാക്ഷസന്റെ കാൎയ്യസ്ഥനായ ശകടദാസനെ പിടിച്ചു കൊണ്ടുപോയി കഴുവിലിട്ടുകളയണം. രാജാവിനെ കൊല്ലുന്നതിനായി രാക്ഷസൻ അയച്ചിട്ടുള്ള ആളുകളെ അവനാണു രക്ഷിച്ചുവരുന്നതു്." രാജകല്പനയായ ചാണക്യശാസനം പ്രത്യക്ഷരം അനുസരിക്കപ്പെട്ടുകയാൽ ക്ഷപണകൻ നാട്ടിൽനിന്നു പോകയും ശകടദാസൻ മൃത്യുമുഖത്തുനിന്നു സിദ്ധാൎത്ഥകനാൽ മുക്തനാകയും ചെയ്തു. സന്തുഷ്ടനായ ശകടൻ ആപന്മിത്രത്തോടു് ഒരുമിച്ചു തന്റെ സ്വാമിയായ രാക്ഷസനെ കാണ്മാൻ ഉടൻതന്നെ നടകൊണ്ടു.

ചാണക്യന്റെ ഒരു ദൂതൻ ചന്ദനദാസന്റെ ഭവനത്തിൽചെന്നു് ആചാൎയ്യൻ അയാളെ കാണ്മാൻ ആവശ്യപ്പെട്ടുന്നു എന്നറിയിച്ചു. ചെട്ടി ഉടിത്തീ

തലയിൽ വീണതുപോലെ ഒന്നു ഞെട്ടി. എന്നിട്ടി പ്രകാരം വിചാരം തുടങ്ങി. "ഈശ്വരാ! ചാണക്യൻ എന്ന പേരു കേൾക്കുമ്പോൾത്തന്നെ എല്ലാവരും വിറയ്ക്കും. സാധാരണ ജനങ്ങൾക്കിങ്ങനെയാണെങ്കിൽ അപരാധിയായ എൻെറ കഥയെന്തായിരിക്കും? അന്തർമലിത്രമായ അമാത്യൻെറ കളത്രത്തെ ഞാൻ വച്ചു സൂക്ഷിച്ചിരിക്കുന്നതായി ആ മഹാപാപി അറിഞ്ഞിരിക്കുമോ? എങ്കിൽ എല്ലാം അവതാളത്തിലായി. ക്രൂരനായ ആ ബ്രാഹ്മണനു ക്ഷമയെന്നാലെന്തെന്നു് അറിഞ്ഞുകൂടാ. അമാത്യദാരങ്ങളെപ്പററി എന്നോടു ചോദിച്ചാൽ ഞാനെന്താണു പറയേണ്ടതു്? എന്നെ വിശ്വസിച്ചേല്പിച്ചിരിക്കുന്ന ഭാരം ഉപേക്ഷണീയമാണോ? "വിശ്വാസവഞ്ചനം ചെയ്താലമാതൃസമീശ്വരനും വിപരീതമായ്വന്നുപോം." അവരെ ഇവിടെ വിട്ടിട്ടു പോയാൽ ആളയച്ചന്വേഷിക്കുമ്പോൾ പിടിച്ചുകൊണ്ടു പോവാനിടവന്നേയ്ക്കും. എന്നാൽ ഞാൻ ചെയ്തതും ചെയ്യുന്നതും വൃഥാതന്നെ. അവരെ കണ്ടില്ലെങ്കിൽ നിർഘൃണനായ ചാണക്യൻ എന്തെല്ലാം ചെയ്യുമെന്നറിഞ്ഞുകൂടാ. "ഇന്നിതു കൊണ്ടുവരുന്നതനുഭവിക്കേന്നുവനു മററൊന്നാവതില്ലേതുമേ. ഈശ്വരോ രക്ഷതു." ഉടൻ ഒരുയുക്തിതേന്നി തൻെറ ആശ്രിതനായ ധനദാസനെ വിളിച്ചു് അമാത്യൻെറ ഭാര്യയെ എവിടെയെങ്കിലും കൊണ്ടുപോയി രക്ഷിക്കണമെന്നും എന്തുതന്നെയായാലും കൂട്ടാക്കേണ്ടതില്ലെന്നും പറഞ്ഞിട്ടു രാജാവിനു കാഴ്ചവെ-

ള്ളാൻ രത്നങ്ങൾ, ആഭരണങ്ങൾ, പട്ടുകൾ മുതലായ അമൂല്യ സാധനങ്ങൾ ഒട്ടുവളരെ ഒരു പെട്ടിയിലാക്കി ഭൃത്യനെക്കൊണ്ടെടുപ്പിച്ചുകൊണ്ടു ചന്ദനദാസൻ പുറപ്പെട്ടു.

മൌര്യനും ചാണക്യനും ആസനസ്ഥരായിരുന്ന കാര്യാലോചനാമുറിയിലാണു ചന്ദനദാസനെ പ്രവേശിപ്പിച്ചതു്. ആ ശ്രേഷ്ഠവര്യൻ അടുത്തുചെന്നു തിരുമുല്ക്കാഴ്ചവെച്ചു രാജാവിനേയും ബ്രാഹ്മണനേയും പ്രത്യേകം ആദരപൂർവ്വം വണങ്ങിനിന്നു.

ചാ—ഹേ! ചന്ദനദാസനോ? സുഖംതന്നെയല്ലേ? ഇരിക്കണം.

ചെട്ടിയാർ—ധർമ്മമല്ലാത്ത വാക്കുകൾ ആര്യൻെറ മുഖത്തുനിന്നു പുറപ്പെടുന്നതെന്താണു്. അയോഗ്യമായ ഉപചാരം നിന്ദയേക്കാളധികം ദുഃഖത്തെയാണുണ്ടാക്കുന്നതെന്നു് അവിടെ അറിവുള്ളതല്ലേ? ഞാൻ ഈ നിലത്തിൽ ഇരുന്നുകൊള്ളാം.

ചാ—ഐ! അങ്ങിനെയല്ല. ഇപ്പോൾ ഞങ്ങളോടൊപ്പമിരിക്കുന്നതിനു തക്ക യോഗ്യത അങ്ങേയ്ക്കുമുണ്ടു്. അതുകൊണ്ടു് ഈ ആസനത്തിൽത്തന്നെ ഉപവേശിക്കാം.

ചെ—[ആത്മഗതം] കഷ്ടം! ഇദ്ദേഹം എന്തോ ഒന്നു കല്പിച്ചിട്ടുണ്ടു്. അതാണു് ഈ അസാധാരണമായ ഉപചാരമെല്ലാം. എന്തുചെയ്യാം? (പ്രകാശം) ആര്യൻെറ കല്പനപോലെ (എന്നു് ഇരിക്കുന്നു.)

ചാ—ഹേ! വർത്തകകുലാഗ്രേസരാ! അങ്ങേയ്ക്കു കച്ചവ

ടത്തിൽ ലാഭം നാൾക്കുനാൾ വർദ്ധിച്ചുവരുന്നില്ലേ?

ചെ— ആര്യന്റെ പ്രസാദംകൊണ്ടു വാണിഭത്തിനി തുവരെ ദോഷമെന്നും വന്നിട്ടില്ല.

ചാ— സന്തോഷം. ചന്ദ്രഗുപ്തന്റെ രാജ്യഭരണദോഷംകൊണ്ടു നന്ദരാജാക്കളുടെ ഗുണങ്ങളെപ്പററി പ്രജകൾ ഇപ്പോൾ സ്മരിക്കുന്നില്ലേ?

ചെ— (ചെവി പൊത്തിയിട്ടു്) കഷ്ടം! കഷ്ടം! ശരൽക്കാലപൌൎണ്ണമിയിലെ ചന്ദ്രനെ കണ്ടു സന്തോഷിക്കുംപോലെ ജനങ്ങൾ നിഷ്കളങ്കയശസ്സായ ചന്ദ്രഗുപ്തസ്വാമിയെ ബഹുമാനിച്ചുവരുന്നു.

ചാ— എന്നാൽ നൃപഗുണത്താൽ സന്തുഷ്ടരായിരിക്കുന്ന പ്രജകളിൽനിന്നു മഹാരാജാവു് ഇഷ്ടത്തെ കാംക്ഷിക്കുന്നു.

ചെ— ആര്യ! ഗുണവാനായ നരപാലകനായിക്കൊണ്ടു് എന്തെങ്കിലും ചെയ്യാനിടവന്നാൽ അതു് ഈയുള്ളവർ അനുഗ്രഹമായി കരുതുന്നു. അതിനാൽ വർത്തകരായ ഞങ്ങൾ എത്ര ദ്രവ്യമാണു തിരുമനസ്സിലേയ്ക്കു കാഴ്ചവെക്കേണ്ടതെന്നറിവാൻ കാത്തിരിക്കുന്നു.

ചാ— (അഭിമാനത്തോടുകൂടി) ഹേ ചന്ദനദാസാ! നിങ്ങൾക്കു തെററിപ്പോയി. ഇതു ചന്ദ്രഗുപ്തന്റെ രാജ്യമാണു്. നന്ദരാജ്യമല്ല. അവരെപ്പോലെ ദ്രവ്യാഗ്രഹവും ചന്ദ്രഗുപ്തനശേഷമില്ല. മററുള്ളവർ സമ്പദാദിസമൃദ്ധികൊണ്ടു സന്തോഷിക്കുന്നതിനാൽ തൃപ്തിയടയുന്നവനാണു് ഈ രാജപുംഗ

വൻ. നിങ്ങളുടെ ബുദ്ധിമുട്ടില്ലായ്മതന്നെ അദ്ദേഹത്തിനു സുഖം.

ചെ—(സസന്തോഷം) എന്നാൽ ഞാൻ അനുഗ്രഹീതനായി.

ചാ— ആ ബുദ്ധിമുട്ടില്ലായ്മ എങ്ങനെയുണ്ടാകുന്നുവെന്നു് അങ്ങേയ്ക്കറിയാമോ?

ചെ—മൂഢജനങ്ങൾ എന്തറിയുന്നു? ആര്യൻ കല്പിക്കണം.

ചാ— ചുരുക്കത്തിൽ രാജാവിനു വിരോധമില്ലാത്ത പ്രവൃത്തിമൂലം

ചെ—ആര്യന്റെ നീതിഭസ്മീകയാൽ ആധിമാത്രമായ ചന്ദ്രഗുപ്തശിഖിയെ ഭയപ്പെടാതെ വിരോധത്തിനുതാസാക്ഷിക്കുന്ന ആ മാനുഷശലഭങ്ങളാരാണു്?

ചാ—എന്നേക്കൊണ്ടു പറയിക്കണം അല്ലേ? എന്നാൽ അങ്ങുന്നുതന്നെയാണു് ഈ ശലഭങ്ങളിൽ ഒന്നാമൻ.

ചെ—(ചെവി പൊത്തിയിട്ടു്) ഹാ കഷ്ടം! ആര്യ! അറിഞ്ഞുകൊണ്ടു കടന്നൽക്കൂട്ടിൽ കല്ലിടുമോ?

ചാ—ഇതങ്ങനെതന്നെയാണു്. പക്ഷേ അതുകൊണ്ടിവിടെ കലുക്കമുണ്ടെന്നു വിചാരിക്കണ്ടാ. വിശ്വാസം വന്നില്ലായിരിക്കാം. എന്നാൽ കേട്ടോളു. രാജശത്രുവായ അമാത്യരാക്ഷസന്റെ ഗൃഹജനത്തെ നിങ്ങൾ ഇപ്പോഴും സ്വഭവനത്തിൽവച്ചു രക്ഷിക്കുന്നില്ലേ?

ചെ—ഇതു ശുദ്ധ കളവാണ്, എൻെറ ശത്രുക്കളി ലാരൊ ആൎയ്യനെ തെററിദ്ധരിപ്പിച്ചിരിക്കുന്നു.

ചാ—ഹേ വ്യാപാരി! ശങ്കിക്കേണ്ടാ. രാജഭയത്താൽ പണ്ടും ഓരോരുത്തർ തങ്ങളുടെ ഗൃഹജന ങ്ങളെ അന്യരുടെ രക്ഷയിൽ, അവരുടെ പൂൎണ്ണസ മ്മതമില്ലാത്തതന്നെയും, ഏല്പിച്ചിട്ടു പലായനം ചെയ്തു പതിവുണ്ട്. അതു സാരമില്ല. എന്നാൽ അതു മറയ്ക്കുന്നതാണാപത്ത്.

ചെ—ആൎയ്യ! സംഗതി വാസ്തവമാണ്. അമാ ത്യൻ പുറപ്പെട്ടുപോകുമ്പോൾ ഗൃഹിണിയെ എ ൻെറ രക്ഷയിൽ ഏല്പിച്ചിരുന്നു. പിറേറദിവസം ഉദയത്തിന്നുമുമ്പു കൊണ്ടുപോകയും ചെയ്തു.

ചാ—ഏതോ! മുമ്പെ താൻ ഇല്ലെന്നു പറഞ്ഞു. ഇപ്പോ ളുണ്ടെന്നും. വാക്കുകൾ തങ്ങളിൽ ചേരുന്നില്ല. "നേരുകേടായിപ്പറയുന്ന നേരവും ചേരുന്നതേ പറഞ്ഞാൽ നിരസ്പൃദ്ധം".

ചെ—ഞാൻ നേരുകേടൊന്നും പറഞ്ഞില്ല. അങ്ങ നിക്കു ശീലവുമില്ല

ചാ—ഇല്ല അല്ലേ? ഹേ ചെട്ടി! പാമ്പു തലയിലാ യിരിക്കുന്നു. അതിന്നുള്ള പ്രതിവിധി അകലെയു മാണ്. എന്നുതന്നെയല്ല നന്ദനെ വിഷ്ണുഗുപ്തൻ എന്നപോലെ:—

(അധോക്തിയിൽ ലജ്ജിച്ചു വിരമിക്കുന്നു)

ചെ—(ആത്മഗതം)

"മുകളിൽ കൊട്ടതരമിടിരവ—
മകലെ പ്രിയയെന്തു വന്നുകൂടുന്നു?
ശിഖിയിൽ പെട്ടിതു ഫണി, ഹിമ—
ശിഖിരിയിലാകുന്നു നല്ലൊരൗഷധികം"

ചാ—(തുടൎന്നുപറഞ്ഞു)—അമാത്യൻ ചന്ദ്രഗുപ്തനേയും ഉന്മൂലനാശം വരുത്തിക്കളയുമെന്നു ശങ്കിക്കണ്ടാ.

"നന്ദൻ വാഴുന്ന നാൾ വിക്രമനയയുതരാം
നക്രനാസാദിസമ—
ന്ത്രീന്ദ്രന്മാൎക്കും കഴിഞ്ഞില്ലൊരു വിധമിളകാ—
തൊന്നുറപ്പിച്ച വയ്പ്പൻ
നന്നായാഹ്ലാദമേകുന്നൊരു നിജ രുചിയെ—
ച്ചന്ദ്രനിന്നൊന്നമട്ടി—
ന്നൊന്നായാശ്രീയെനീക്കാൻതുനിയുവതെവന—
ച്ചന്ദ്രഗുപ്താങ്കൽ നിന്നും?

എന്നുമാത്രമല്ല ഓൎത്തുനോക്കൂ.

ദന്തിച്ചോരകുടിച്ചു ശോണനിറമായ്
ശോഭിച്ച സിംഹത്തിനു—
ള്ളന്തിച്ചോപ്പെഴുമബ്ദശാങ്കകലയോ—
ടൊത്തുള്ളോരദ്ദംഷ്ട്രയെ
പൊന്തിച്ചങ്ങിനെ കോട്ടുവായിടുമ്പട—
യ്ക്കുമ്പോടു കാണും വിധൌ
ചിന്തിച്ചീടുവതാരെത്തുടനട—
ക്കീടാമിതെന്നിങ്ങനെ?

ചൈ.—(വിചാരം) ഇദ്ദേഹത്തിന്റെ ഈ ആത്മപ്രശംസ ഭയങ്കരമെങ്കിലും സഫലമായിരിക്കകൊണ്ടു

ശോഭനംതന്നെ. അമ്പ!

ചാ—ചന്ദനദാസ! എന്താണൊന്നും മിണ്ടാതെ നില്ക്കുന്നതു്? അങ്ങു കാട്ടുന്ന ദുന്നയങ്ങളുടെ ഫലം അങ്ങുതന്നെ അനുഭവിക്കേണ്ടിവരും. "ആപത്തു വന്നു തലയിൽക്കരേറിയാലാവതെന്തെന്നു നിരൂപിക്കയും വേണം". ദുഷ്ടനായ ക്ഷപണകൻ സ്വന്തദോഷംകൊണ്ടു നാട്ടിൽനിന്നു നിഷ്കാസിതനായതു് അറിഞ്ഞിരിക്കുമല്ലോ. അതുപോലെ രാജവിരോധി ശകടൻെറ ഇപ്പോഴത്തെ പാപ്പിടം അറിയാമായിരിക്കും. ചന്ദ്രഗുപ്തമഹാരാജാവു് അങ്ങയുടെ ഈ ദുശ്ചാര്യങ്ങളൊന്നും സഹിക്കയില്ല. പിന്നെ വരുന്ന ഫലവും അറിയമല്ലോ. അതുകൊണ്ടു് അങ്ങെയ്ക്കു ബന്ധുവായി ഞാൻ പറയുന്നതു കേട്ടു നടക്കുന്നതാണു നല്ലതു്. അമാത്യകളത്രത്തെ മഹാരാജാവിനു കൊടുത്തു രാജപ്രസാദങ്ങളുമനുഭവിച്ചു സുഖമായി താമസിപ്പാനുത്സാഹിക്കൂ.

ചെ—ആര്യ്യ! ഉള്ളതല്ലാതെ തരാൻ സാധിക്കുമോ?

ചാ—അപ്പോൾ അമാത്യദാരങ്ങൾ തൻെറ ഗൃഹത്തിലില്ല; അല്ലേ? നിഷ്കരുണമായ രാജസ്വഭാവത്തെ ദൃഷ്ടാന്തമുഖേന ഞാൻ തന്നെ ധരിപ്പിച്ചു പക്ഷെ "ആപത്തു വന്നിട്ടുത്തീടുന്ന കാലത്തു ശോഭിക്കയില്ലെടൊ സജ്ജനഭാഷിതം". ആരാൻെറ കുടുംബത്തെ തൻെറ സ്വന്തകുടുംബംകൊണ്ടു തട്ടുത്തുനില്ക്കാനാണു താനുത്സാഹിക്കുന്നതു്. ഓമ്മിച്ചു

കൊള്ളൂ.

ചെ—ആൎയ്യ! അവിടുത്തെ ഭീഷണി അസ്ഥാനത്താണു്. "ഇല്ല" എന്നു നൂറുപ്രാവശ്യം പറഞ്ഞാലും വിശ്വാസം വരാഞ്ഞാൽ പിന്നെന്തു ചെയ്യാം? എന്റെ ഗൃഹത്തിലുണ്ടെങ്കിൽത്തന്നെയും അവരെ ഞാൻ തരാൻ ഭാവമില്ല. പിന്നെ ഇല്ലാത്തോലത്തെ കഥയെന്താണു്?

ചാ—നിശ്ചയംതന്നെയോ? ഉറച്ചുകഴിഞ്ഞുവോ?

ചെ—നിശ്ചയമായി ഉറച്ചിരിക്കുന്നു.

ചാ—(വിചാരം) നല്ലതു്; ചന്ദനദാസ! നല്ലതു തന്നെ. ഇങ്ങനെയാണു മൈത്രി കാട്ടേണ്ടതു്. അമ്പ! ഇവന്റെ ധൈൎയ്യം! (പ്രകാശം) എടോ! ആലോചിച്ചു പറയൂ. ഇതു തന്റെ അവസാനനിശ്ചയം തന്നെയോ?

ചെ—ആൎയ്യ! ഇതിൽ ആലോചിപ്പാനൊന്നുമില്ല. അവസാനത്തതു തന്നെ.

ചാ—(ക്രോധതാമ്രാക്ഷനായി വാളിളക്കിക്കൊണ്ടു്) എടാ! കള്ളക്കച്ചവടക്കാരാ! രാജകോപത്തിനു പാത്രീഭവിച്ച വണിജകുലാധമനായ നിന്റെ ചോര കുടിപ്പാനുള്ള ഉത്സാഹത്താൽ ഇളകിത്തുള്ളിച്ചാടുന്ന നിശിതമായ ഈ അസിലതയെ നീ കാണുന്നുവോ? ഇപ്പോൾ നിന്നെ രാക്ഷസൻ വന്നു രക്ഷിക്കുന്നതു കാണട്ടെ. (വെട്ടാനോങ്ങുന്നു)

ചെ—(നിന്നസ്ഥലത്തുനിന്നിളകാതെ) ആൎയ്യ! ഇതുകൊണ്ടു ഞാൻ ഭയപ്പെടുന്നില്ല. അങ്ങയുടെ കയ്യി

ലിരിക്കുന്ന വാളും എൻെറ കഴുത്തുംകൂടി ഒന്നിച്ചു വന്നാൽ പിന്നെ അവിടെ ആ കൈ നിരോധിക്കു ന്നതിനാരുമില്ല. അതിനാൽ ആര്യൻ ഇക്കൊ വിളയാടി അനുഗ്രഹിച്ചാലും. (തല കുനിച്ചു നില്ക്കുന്നു.)

ചാ—(സാശ്ചര്യം പിൻവാങ്ങീട്ടു വിചാരം) ബന്ധു സ്നേഹത്തിൻെറ ആധിക്യം! ഇങ്ങിനെയുള്ളവരോ ടെന്തുചെയ്യട്ടെ. (പ്രകാശം) വേണ്ട അതെല്ലാപ്പം കഴിയുന്നതല്ലേ? അതുകൊണ്ടായില്ല. നിന്നെ ഇത്ര എളുപ്പം പിരിച്ചയപ്പാൻ പാടില്ല. (ഉറക്കെ) ആ രവിടെ?

(ഒരു ദൂതൻ പ്രവേശിച്ചു്) ആര്യ! കല്പിക്കണം.

ചാ—ദുഷ്ടരാക്ഷസൻെറ ബന്ധുവായ ഈ കള്ളച്ചെ ട്ടിയുടെ സ്വത്തെല്ലാം കത്തിക്കവെന്നു കൊണ്ടുപോ രികയും അവൻെറ ഭാര്യാ പുത്രാദികളെ നിർദ്ദയം പിടിച്ചുകെട്ടി അവനോടൊന്നിച്ചു് അന്ധതാമിശ്ര തുല്യമായ കാരാഗൃഹത്തിലിടുകയും ചെയ്യുന്ന തിനു മഹാരാജാവു കല്പിച്ചിരിക്കുന്നതായി ദുർഗ്ഗപാ ലനോടും വിജയപാലനോടും പറയൂ.

ദൂതൻ—കല്പനപോലെ (ചന്ദനദാസനോടു്) എടോ ചെട്ടി! ഇങ്ങോട്ടു നടക്കു.

ചെ—(ആത്മഗതം) ഭാഗ്യവശാൽ ഞാൻ അനുഭവി ക്കുന്നതെല്ലാം എൻെറ ആപ്തമിത്രത്തിനു വേണ്ടി യാണല്ലോ എന്നു സമാധാനമുണ്ടു്. അതുകൊണ്ടു വരുന്നതെല്ലാം വരട്ടെ.

ഇപ്രകാരം ചിന്താമഗ്നനായ് ചന്ദനദാസൻ "സൎവം നടന്നുപോകുന്നപോലെ" ദൂതനെ അനുഗമിച്ചു. വളരെത്താമസിയാതെ രാജാവിൻെറ ആജ്ഞാകാരന്മാർ ചന്ദനദാസൻെറ ഗൃഹത്തിൽ ചെന്നു് അയാളുടെ ദ്രവ്യമെല്ലാം കത്തിവാരി രാജാവിനു കാഴ്ചവയ്ക്കുകയും ഗൃഹജനങ്ങളേയും ബന്ധുക്കളേയും ബന്ധിച്ചു് അയാളോടൊന്നിച്ചു "കണ്ടകപാഷാണസഞ്ചിതമായുള്ള കണ്ഠറതന്നിൽ" പിടിച്ചു തള്ളുകയും ചെയ്തു.

---

## ൭-ാം അദ്ധ്യായം

ചാണക്യൻെറ രഹസ്യനിയോഗപ്രകാരം മൌൎയ്യനോടു വിരോധം ഭാവിച്ചു നാട്ടിൽനിന്നു പുറപ്പെട്ടുപോയ ഭദ്രഭടൻ മുതലായവരിൽ പ്രധാനനും അമിതബുദ്ധിമാനുമായ ഭാഗുരായണൻ നേരിട്ടു മലയകേതുവിനെ ചെന്നുകണ്ടു താൻ രാജസചിവനായിരുന്നെന്നും രാജാവിൻെറ പ്രകൃതിദോഷംകൊണ്ടു നാടുവിട്ടുപോന്നതാണെന്നും അറിയിച്ചു. ചാണക്യാദികളുടെ വലയിൽനിന്നു ചാടിപ്പോകുവാൻ തനിക്കു മുന്നറിവുതന്ന ഭാഗുരായണനെ, അതിൻെറ വാസ്തവമറിയുന്നതിനു ബുദ്ധിശക്തിയില്ലാത്ത മലയകേതു തീരെ മറന്നിരുന്നില്ല. അതിനാൽ അയാളുടെ ബുദ്ധിവൈഭവവും മററു യോഗ്യതകളും ചുരുക്കത്തിൽ പരീക്ഷിച്ചറിഞ്ഞതിൻെറശേഷം കുമാരൻ അയാളെ തൻെറ വിശ്വസ്തമന്ത്രിയായി സ്വീകരിക്കയുംചെയ്തു.

ഒരിക്കൽ ഭാഗുരായണൻ രാജകുമാരനോടു രാക്ഷസാമാത്യന്ന് അണിയുവാൻ തക്കതായി വല്ലതുമൊന്നു സമ്മാനിക്കണമെന്നും രാക്ഷസനെ സന്തുഷ്ടനാക്കി പാട്ടിൽ വയ്ക്കേണ്ടതു കാൎയ്യഗതികൾക്കത്യാവശ്യമാണെന്നും ഉപദേശിച്ചു. അതനുസരിച്ചു പൎവ്വതകകുമാരൻ അമാത്യനെ തന്റെ മുമ്പിൽ വരുത്തി തന്റെ കഴുത്തിൽ അണിഞ്ഞിരുന്ന അതിവിശേഷമായ ഒരു മുത്തുമാലയഴിച്ച് അദ്ദേഹത്തിനു സമ്മാനിച്ചു. അപ്പോൾ രാക്ഷസൻ തനിക്കിതു വാങ്ങുവാനുള്ള സന്ദർഭം ഇപ്പോഴല്ലെന്നും ആയതു നന്ദരാജ്യാധിപതിയായി പുഷ്പപുരസിംഹാസനത്തിൽ പ്രവിഷ്ടനാകുമ്പോഴായാൽ ഉചിതമായിരിക്കുമെന്നും എതിൎവാദിച്ചു. എങ്കിലും അമാത്യന്റെ കൃപാകടാക്ഷമുണ്ടാകുന്നപക്ഷം ഇതിലും കൂടുതലായുള്ള സമ്മാനങ്ങൾ ആ അവസരത്തിൽ അദ്ദേഹത്തിനു കൊടുപ്പാൻ പ്രയാസമില്ലെന്നും തല്ക്കാലം അതു സ്വീകരിക്കണമെന്നുമുള്ള രാജകുമാരന്റെ നിർബ്ബന്ധത്താൽ അമാത്യൻ അതിനെ തന്റെ കഴുത്തിൽ അൎപ്പിക്കുന്നതിനു സമ്മതിക്കേണ്ടിവന്നു.

രാക്ഷസന്റെ പ്രധാനചാരനായ വിരാധഗുപ്തൻ ഒരു പാമ്പാട്ടിയുടെ വേഷം ധരിച്ചു പുഷ്പപുരത്തിൽ ചെന്ന് അവിടെ നടക്കുന്ന സംഗതികളെല്ലാമറിഞ്ഞ് അദ്ദേഹത്തിന്റെ അടുക്കൽ വന്നുചേൎന്നു. കുറവന്റെ വേഷം ധരിച്ചിരുന്നതിനാലും ആൾമാറാട്ടത്തിൽ അയാളുടെ ഉദ്ദേശ്യം പ്രതീക്ഷാസീമയെ

ലംഘിച്ചിരുന്നതുകൊണ്ടും അയാളെ തിരിച്ചറിയുന്ന തിനു മന്ത്രിക്കു കുറെ ശ്രമം വേണ്ടിവന്നു. ആളറി ഞ്ഞ ഉടൻ സന്താപാകുലിതനായ രാക്ഷസൻ "നി ന്റെ ഈ ശ്രമത്തിനു തക്കതായ കൂലി തരുവാൻ എ ന്റെ രാജാക്കന്മാരാരുമില്ലല്ലോ" എന്നു ഖേദിക്കുവാൻ തുടങ്ങി. ചാരൻ തന്റെ സാന്ത്വനവാക്കുകൾകൊ ണ്ടും ഉദ്ദേശിച്ചിരിക്കുന്ന അവസരം താമസിയാതെ മന്ത്രിക്കു ലഭിക്കുന്നതാണെന്നു പറഞ്ഞും അദ്ദേഹ ത്തെ ആശ്വസിപ്പിക്കാൻശ്രമിച്ചു. അതിനു സമാധാ നമായി തന്റെ രാജാക്കൾ വീരസ്വർഗ്ഗം പ്രാപിച്ച തിനോടുകൂടി താനും അങ്ങനെ ചെയ്യേണ്ടിയിരുന്നു; എങ്കിലും "സ്വർഗ്ഗേമരുവും മമഭൂപതിക്കു രിപുവർഗ്ഗമശേ ഷമൊടുക്കുന്ന നേരത്തു സന്തോഷമുണ്ടാകുമെന്നുള്ള തോർത്തു" മാത്രം താൻ പരദാസ്യമേററു ജീവിക്കുന്ന താണെന്നു് അദ്ദേഹം പറഞ്ഞു. അനന്തരം പുഷ്പപു രവൃത്താന്തങ്ങൾ കേൾക്കുന്നതിനായി ആവശ്യപ്പെട്ടു. വിരാധഗുപ്തൻ പറഞ്ഞുതുടങ്ങി.

"ചന്ദ്രഗുപ്തന്റെ പുരപ്രവേശത്തിന്നായി ഉണ്ടാ ക്കിവച്ചിരുന്ന യന്ത്രത്തോരണംകൊണ്ടു് അങ്ങയുടെ ചാരനായ അംബഷ്ഠനാണു് മരിച്ചതു്. ദാരുവർമ്മാ വു് ഉടനെ വൈരോധകനെക്കൊന്നതിനാൽ മററു ള്ളവർ അവന്റെ ജീവിതവും തീർത്തു.

**രാക്ഷസൻ**—കഷ്ടം! കാലവൈഭവംതന്നെ. ആട്ടെ പിന്നെയെന്തെല്ലാമാണു്?

**വിരാധഗുപ്തൻ**—അവിടത്തെ നിയോഗത്താൽ പവ്വ

തകനെക്കൊൽവാൻ വിഷകന്യകയെ നിൎമ്മിച്ചതിനുവേണ്ടി ക്ഷപണകനെ രാജ്യത്തുനിന്നു് ഓടിച്ചുകളഞ്ഞു. ആ വൈദ്യൻ അഭയദത്തൻ കൊണ്ടുചെന്ന വിഷചൂൎണ്ണം അയാളേക്കൊണ്ടുതന്നെ സേവിപ്പിച്ചു കൊന്നു. പള്ളിയറ വിചാരിപ്പുകാരൻ പ്രമോദകൻ അങ്ങു കൊടുത്ത ദ്രവ്യം അസ്ഥാനത്തു് ഉപയോഗിക്കയാൽ സംശയഗ്രസ്തനായ ചാണക്യനാൽ ഹതനായി.

രാക്ഷ—(വിചാരം) എന്റെ ആപ്തമിത്രങ്ങളായ ഇവർ എനിക്കുവേണ്ടി ആത്മത്യാഗം ചെയ്കതിന്റെ സൂക്ഷ്മഗതി വിചാരിച്ചാൽ ഇവരല്ല, ഇവരെക്കൊന്ന ഞാൻതന്നെയാണു് മരിച്ചതു്. [പ്രകാശം] ആട്ടെ, തുരങ്കത്തിലിരുന്ന ബീഭത്സാദികളൊ?

വിരാ—അവൎക്കും മററുള്ളവരുടെ ഗതിതന്നെ. ആ മുറിയിൽ തീയിട്ടു പുകയ്ക്കുകയാൽ ശ്വാസംമുട്ടി അവരും കഥാവശിഷ്ടരായി.

രാക്ഷ—ചന്ദ്രഗുപ്തന്റെ ഭാഗ്യമെന്നല്ലാതെ എന്തു പറയുന്നു?

ഗൂഢമായവനെ നിഗ്രഹിപ്പതിനു
ഞാനയച്ച വിഷകന്യതാൻ
നാടിനൎദ്ധമവകാശി പൎവ്വതനെ
നിഗ്രഹിച്ചു വിധിശക്തിയാൽ
കേട്ടുചേൎത്തു രസയന്ത്രകൌശല-
മതിൽത്തുനിഞ്ഞൊരവർകൾക്കമി-

ന്നീടെഴും മമ നയങ്ങൾ നോക്കുകവ
തന്നെ മെയ്യുന്നഗുണത്തിനായ്."

വിരാ—എന്നുവച്ചു തുടങ്ങിയതു മുഴുവനാക്കാതെ വിട്ടുകളയരുതു്.

"ആരംഭിക്കില്ല നീചപ്പുരിഷകൾ പിണയും
വിഘ്നമോരോന്നു ചിന്തി-
ച്ചാരംഭിക്കും മുടങ്ങുമ്പൊഴുതവിടെയിട്ടും
മദ്ധ്യമന്മാരശേഷം
പാരാതെ പിന്നെയും പിന്നെയുമുടനുടനേ
വിഘ്നമെത്തീടിലും താൻ
പ്രാരംഭിപ്പൊന്നു സാധിച്ചിട്ടുമതിഗുണവാ-
ന്മാർകളങ്ങെന്ന പോലെ;

രാ—ക്ഷപണകനെ ആട്ടിക്കളഞ്ഞതായി മുൻപു സൂചിപ്പിച്ചുവല്ലോ. എങ്ങനെയാണു വിഷകന്യകയുടെ നിർമ്മാതാവു് അയാളാണെന്നു സ്ഥാപിച്ചതു്?

വി—അതറിവാൻ പ്രയാസമാണു്. ചാണക്യന്റെ ബുദ്ധിയുടെ അഗാധത ആൎക്കറിയാം? അവിടുത്തെ പ്രേരണമൂലം ക്ഷപണകൻ നിൎമ്മിച്ച വിഷകന്യകയാലാണു പൎവ്വതകൻ ഹതനായതെന്നു നാടു മുഴുവൻ പരന്നിരിക്കുന്നു.

രാ—(അത്ഭുതത്തോടുകൂടി ആത്മഗതം) കൌടില്യ! കൊള്ളാം!

"ദ്വേഷ്യരു നീക്കിയതു നമ്മുടെ മേൽ ചുമത്തി-
യപ്പാതിനാടിനവകാശിയെ നിഗ്രഹിച്ചു

ക്കെല്ലാറ്റിന്നും നിൻറയൊരു നീതിയതിൻറ ബീജം വാഴ്ത്തോടനേക ഫലമുള്ളതു തന്നെയല്ലോ".

(പ്രകാശം) പിന്നെ?

വി—ചന്ദ്രഗുപ്തനെ ഉപദ്രവിപ്പാൻ ദാരുവൎമ്മാ മുതലായവരെ പ്രേരിപ്പിച്ചു എന്ന കുററത്തിനു ശകടദാസനെ ശൂലാരോഹണം ചെയ്യിച്ചു.

രാ—ഹാ കഷ്ടം! ഞാനിങ്ങനെ ഇരിക്കയും ചെയ്യുന്നു. ഇനി വല്ലതുമുണ്ടോ?

വി—അങ്ങയുടെ കുഡുംബത്തെ വച്ചുസൂക്ഷിക്കുന്ന ചന്ദനദാസനെ ആളയച്ചു വരുത്തി അവരെ വിട്ടുകൊടുപ്പാൻ ആവശ്യപ്പെട്ടു. പക്ഷേ അയാളിതു മുൻകൂട്ടി ഊഹിച്ചിരുന്നതിനാൽ അമാത്യകളത്രത്തെ മററു മാൎഗ്ഗമായി രക്ഷിക്കുന്നതിന് അയാൾക്കു സാധിച്ചുവെങ്കിലും, തന്മൂലം അപഹൃതസൎവ്വസ്വനായി കുടുംബസമേതം കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നു.

രാ—കഷ്ടം! കഷ്ടം! ഹതഭാഗ്യനായ എന്നോടു ചേരുന്നവൎക്ക് ഇങ്ങനെയല്ലാതെ അനുഭവം വരുന്നില്ലല്ലോ. എൻറ അന്തരംഗമിത്രം ഹൃതസൎവ്വസ്വനായി കാരാഗൃഹത്തിൽ കിടക്കുന്നു. ഞാൻ ഇതുകേട്ടു സ്വസ്ഥനായി ഇവിടെയും ഇരിക്കുന്നു ആട്ടെ, പ്രതികാരകാലം വരാതിരിക്കുമോ?

ഈ അവസരത്തിൽ ഒരു ഭൃത്യൻ പ്രവേശിച്ചു ശകടദാസൻ അമാത്യനെ കാണാൻ വന്നിരിക്കുന്നതായി അറിയിച്ചു. അമാത്യൻ വിസ്മയസ്തബ്ധനാ

യെങ്കിലും അയാളെ കൂട്ടിക്കൊണ്ടു വരുവാൻ ഭൃത്യനു് അനുമതി കൊടുത്തു. ഉടനെ ശകടദാസൻ സിദ്ധാർത്ഥകനോടൊന്നിച്ചു് അകത്തുവന്നു. യഥായോഗ്യം ആസനോപവിഷ്ടനായ ശകടനോടു മന്ത്രി ഇങ്ങനെ പറഞ്ഞു. "സ്നേഹിതാ! നിങ്ങളുടെ മരണവൃത്താന്തവും സംശയമെന്യേ മൃത്യുമുഖത്തുനിന്നു വിമുക്തനായ നിങ്ങളുടെ മുഖദർശനഭാഗ്യവും, ഒരേ സമയത്തു് എന്നിൽ വിവിധവികാരങ്ങളെ ഉളവാക്കുന്നതിനാൽ എന്റെ സന്ദേഹനിവാരണം ചെയ്താലും".

ശകടൻ—അവിടുന്നു കേട്ടതു വാസ്തവംതന്നെ. എന്നാൽ പ്രിയസുഹൃത്തായ ഈ സിദ്ധാർത്ഥകനാണു് വധാധികൃതന്മാരിൽനിന്നു് എന്നെ മോചിപ്പിച്ചതു്. അല്ലെങ്കിൽ നമ്മുടെ പരസ്പരദർശനം പരലോകത്തിലാകുമായിരുന്നു.

രാ—(സന്തോഷത്തോടുകൂടി) "ഭദ്ര സിദ്ധാർത്ഥകാ! നിങ്ങൾ ഹേതുവായി സിദ്ധാർത്ഥകനായ ഞാൻ ഈ തരുന്നതു നിങ്ങളുടെ പ്രവൃത്തിക്കു മതിയാകുന്നതല്ലെങ്കിലും ഇപ്പോൾ ഇത്രയും ഇരിക്കട്ടെ" എന്നു പറഞ്ഞു തന്റെ ദേഹത്തിൽ അണിഞ്ഞിരുന്ന ആഭരണങ്ങൾ അഴിച്ചു സിദ്ധാർത്ഥകനു സംഭാവന ചെയ്തു. സിദ്ധാർത്ഥകൻ അവ വാങ്ങി അമാത്യന്റെ കാല്ക്കൽതന്നെ വച്ചു വന്ദിച്ചിട്ടിങ്ങനെ അറിയിച്ചു. "സ്വാമി എനിക്കിവിടെ ഒരു പരിചയവുമില്ലാത്തതിനാൽ അവിടുത്തെ സമ്മാനം സൂക്ഷിപ്പാൻ നിവൃത്തിയില്ല. ആകയാൽ ഇതുകൊണ്ടു

മുദ്രവെച്ചു ഇവിടുത്തെ ഭണ്ഡാരത്തിൽത്തന്നെ ഇതിനെ സൂക്ഷിച്ചുതന്നാൽ ഉപകാരമായിരിക്കും. വേണ്ടപ്പോൾ വാങ്ങിക്കൊള്ളാം" എന്നു പറഞ്ഞു സിദ്ധാൎത്ഥകൻ തന്റെ മടിയിൽനിന്നു മുദ്രമോതിരമെടുത്തു. രാക്ഷസൻ അപ്രകാരം ചെയ്യുന്നതിനു ശകടനോടാവശ്യപ്പെട്ടുകയാൽ അയാൾ മുദ്ര നോക്കി. ഉടനെ മന്ത്രിയോടു സ്വകാൎയ്യമായിട്ടു", അതു് അദ്ദേഹത്തിന്റെ മുദ്രമോതിരമാണെന്നു മന്ത്രിച്ചു.

രാ—(വിഷാദത്തോടെ വിചാരം) ഞാൻ നഗരത്തിൽനിന്നിറങ്ങിപ്പോരുമ്പോൾ എന്റെ മേലുള്ള അതിപ്രേമംകൊണ്ടു വിനോദത്തിന്നായി എന്റെ കൈയിൽനിന്നും എന്റെ ഭാൎയ്യ വാങ്ങിയതാണു ഈ മോതിരം. ഇതു് ഇവന്റെ കൈവശം വന്നതെങ്ങനെ? (പ്രകാശം) ഭദ്ര സിദ്ധാൎത്ഥകാ! നിങ്ങൾക്കീമോതിരം എങ്ങനെ കിട്ടി?

സിദ്ധാൎത്ഥകൻ—കുസുമപുരത്തിലെ മണികാരച്ചെട്ടിയായ ചന്ദനദാസന്റെ ഗൃഹദ്വാരത്തിൽ കിടന്നാണു് എനിക്കിതു കിട്ടിയതു്.

രാ—ശരി. അങ്ങനെ വരാം. വലിയ വൎത്തകന്മാരുടെ ഭവനപരിസരങ്ങളിൽ ഇങ്ങനെയുള്ള സാധനങ്ങൾ കിടക്കുന്നതു് അപൂൎവ്വമല്ല.

ശകടൻ—സഖേ സിദ്ധാൎത്ഥകാ! അമാത്യന്റെ നാമാങ്കിതമായ ഈ മോതിരം നിങ്ങൾക്കു ഒട്ടുവളരെ ദ്രവ്യം തരുന്നപക്ഷം അദ്ദേഹത്തിന്നു കൊടുത്തേക്കു-

മല്ലോ?

സി—അമാത്യൻ അങ്ങിനെ ആഗ്രഹിയ്ക്കുന്നുവെങ്കിൽ എനിക്കതിൽപ്പരം സന്തോഷം മററൊന്നില്ല, എന്നുപറഞ്ഞു് മോതിരം കൊടുത്തു.

രാ—ശകടദാസാ! അങ്ങ് ഈ മുദ്രകൊണ്ടു സ്വന്തം അധികാരം നടത്തിക്കൊള്ളു.

സി—അമാത്യനോടു എനിക്കൊന്നു ബോധിപ്പിക്കാനുണ്ടു്. ഞാൻ ഈ ശകടദാസനെ രക്ഷിച്ചപ്പോൾ ചാണക്യന്റെ ശത്രുവായി. അദ്ദേഹത്തിന്നു അഹിതംചെയ്തു് പാടലീപുത്രത്തിൽ ജീവിക്ക അസാദ്ധ്യമാകയാൽ ജീവിതത്തിലിഷ്ടം അമാത്യന്റെ പാദദാനനായിക്കഴിച്ചുകൂട്ടുവാൻ ആഗ്രഹിക്കുന്നു.

രാ—എനിക്കിതു വളരെ സന്തോഷം. അഭിപ്രായമറിയായ്കയാൽ അങ്ങോട്ടു പറയാഞ്ഞതാണ്. അതുകൊണ്ടു് അങ്ങനെ ആയിക്കൊള്ളു. ശകടദാസാ! സിദ്ധാത്ഥകനെ ചുമതലയായി സ്വീകരിച്ചു വിശ്രമിപ്പിക്കുള്ളു.

ശകടദാസൻ സിദ്ധാത്ഥകനോടൊന്നിച്ചു പോയശേഷം വിരാധഗുപ്തനും അമാത്യനും പൂവ്വസംഭാഷണം തുടന്നു. അതിൽനിന്നു പ്രജകളെല്ലാം മൌയ്യനോടിണങ്ങിയതായി ഭാവിക്കുന്നു എങ്കിലും നന്ദഭാഗക്കാർ വല്ലവരും ഉണ്ടാകുന്നുണ്ടെങ്കിൽ പ്രധാനന്മാർ ഉടൻതന്നെ ആ ഭാഗത്തു ചേരുമെന്നും മലയകേതുവിനെ കളഞ്ഞതുമുതൽ മൌയ്യൻ ചാണക്യനോടു മുഷിഞ്ഞു തുടങ്ങിയിരിക്കുന്നുവെന്നും ഗവ്വിഷ്ഠനായ

ചാണക്യൻ ഒരേ ആജ്ഞാഭംഗംകൊണ്ടു രാജാവിനു പദ്രവമുണ്ടാകുന്നുണ്ടെന്നും രാക്ഷസൻ ഗ്രഹിച്ചു. അനന്തരം മൌര്യനും ചാണക്യനും തമ്മിൽ ഛിദ്രിക്കുമ്പോൾ രാജപക്ഷം ചേർന്നു സ്തുതിക്കുവാനും ചാണക്യനെ ദൂഷിക്കുവാനും സ്തനകലശൻ എന്നൊരുവനെ കുസുമപുരത്തിലേക്കയച്ചിട്ടുണ്ടെന്നും അയാൾക്കുവേണ്ടതൊക്കെയെല്ലാം ചെയ്തുകൊടുക്കുന്നതിനായി വിരാധഗുപ്തൻ ഉടനെ അങ്ങോട്ടു പോകണമെന്നും രാക്ഷസൻ ആവശ്യപ്പെട്ടു. കല്പനയും വാങ്ങി വിരാധഗുപ്തൻ പോയശേഷം മന്ത്രിയുടെ മുമ്പിൽ ഒരു ഭൃത്യൻ പ്രവേശിച്ച് അതിവിശേഷമായ മൂന്നാഭരണങ്ങൾ ചില ബ്രാഹ്മണർ കൊണ്ടുവന്നു വില്പാൻ ഭാവിക്കുന്നുവെന്നറിയിച്ചു. തന്റെ ആഭരണങ്ങൾ സിദ്ധാർത്ഥകനു കൊടുത്തതിനാൽ സ്വന്തമായി ഒന്നുമില്ലല്ലോ എന്നു വിചാരിച്ച് അമാത്യൻ ആ ആഭരണങ്ങളെ പരിശോധിച്ചു വിലയ്ക്കു വാങ്ങിക്കൊള്ളുന്നതിനു ശകടദാസനെ ചുമതലപ്പെടുത്തി. അനന്തരം അദ്ദേഹം വിചാരിച്ചു. "ഞാൻ രാജാവായി എന്നു മൌര്യനും, എന്റെ സാമർത്ഥ്യത്താലാണ് ഇയാൾ രാജാവായതെന്നു ചാണക്യനും തള്ളലുണ്ടായിരിക്കും. അതിനാൽ ഇരുവരും തമ്മിൽ ഛിദ്രിക്കുന്നതിനെളുപ്പമുണ്ട്. ചാണക്യവിസൃഷ്ടനായ മൌര്യനെ ബാധിപ്പാൻ ഒരു പ്രയാസവുമില്ല. "ഏവംവിധങ്ങളായ വിചാരങ്ങളാൽ കൃതാർത്ഥനായ അമാത്യരാക്ഷസൻ സന്തുഷ്ടനായി തന്റെ ഗൃഹത്തിൽ പാർത്തു.

ഇക്കാലത്താകട്ടെ ചാണക്യൻ ഇങ്ങനെ വിചാരം തുടങ്ങി "അമാത്യരാക്ഷസനെ പാട്ടിലാക്കുവാനുള്ള പ്രയോഗങ്ങളിൽ ഏകദേശമെല്ലാം ചെയ്തുകഴിഞ്ഞു. ഇനി അതിൻെറ മകുടസ്ഥാനത്തു ചേർക്കാനുള്ളതു ഞാനും വൃഷലനുമായി അകന്നിരിക്കയാണെന്ന് അമാത്യനെ മനസ്സിലാക്കുകയാകുന്നു അതിനു ഞങ്ങൾ തമ്മിൽ തല്ക്കാലം പിണക്കം ഭാവിക്കതന്നെ വേണം അക്കഥ കേൾക്കുമ്പോൾ രാക്ഷസൻ സൈന്യവുമായി മലയകേതുവോടൊന്നിച്ചു പുഷ്പപുരം സ്വാധീനമാക്കാൻ വരാതിരിക്കയില്ല. അപ്പോൾ അവരെ തമ്മിൽ ഛിദ്രിപ്പിച്ചു മലയകേതുവിനാൽ വിസൃഷ്ടനാകുന്ന രാക്ഷസനെ സ്വാധീനത്തിൽ വരുത്താവുന്നതുമാണ്". ഈ നിശ്ചയം കഴിഞ്ഞു ചാണക്യൻ രാജാവിനെ വിവരം ധരിപ്പിക്കയും അവാസ്തവമായിട്ടും ഗുരുവിനോടു പിണങ്ങുന്നതു മനസ്സാക്ഷി സമ്മതിക്കാത്തതാണെങ്കിലും ചാണക്യൻെറ യുക്തായുക്തവചനങ്ങളാൽ അദ്ദേഹം അനുവദിക്കയും ചെയ്തു. പിന്നീട് ഓരോ നിസ്സാരകാരണങ്ങൾകൊണ്ടു രാജാവും മന്ത്രിയും തമ്മിലിടയാൻ ആരംഭിച്ചു. ആ കൂട്ടത്തിൽ ഒരിക്കൽ ചന്ദ്രഗുപ്തമഹാരാജാവു പഴയകാലത്തു നടപ്പുണ്ടായിരുന്നപോലെ ഒരു ചന്ദ്രോത്സവം ഘോഷിക്കുന്നതിനു കല്പന കൊടുത്തു അതു വൈരപ്രകടനത്തിൻെറ കേന്ദ്രമായിരിക്കണമെന്നുവെച്ചു ചാണക്യൻ ദൃഢമായി നിരോധിച്ചു. "തിരുവായ്ക്കെതിർവായില്ലാ"തെ രാജ്യഭാരം ചെയ്തിരുന്ന ചന്ദ്രഗു

പ്പന്റെകല്പന കല്ലേപ്പിളക്കുമായിരുന്നു. പ്രസ്തുതോത്സവാഘോഷത്തിൽ അതു വിപരീതമായിക്കാണുകയാൽ കുപിതനായ രാജാവു ആ മഹോത്സവം ഘോഷിക്കുന്നതിൻെറ മുഖ്യസ്ഥാനമായിട്ടു കരുതിയിരുന്ന സ്വഗാംഗപ്രസാദത്തെ പ്രാപിച്ചിട്ടു ചാണക്യൻ സദസ്സിൽ തിരുമുമ്പാകെ ഹാജരാകുവാൻ കല്പിച്ചു. കല്പനകേട്ടു പ്രതിഹാരി രാജശാസനം നടത്താൻ ചാണക്യഗൃഹത്തിലേയ്ക്കു തിരിച്ചു.

ചാണക്യൻ കേവലം ഏകാന്തമായ തന്റെ വസതിയിൽ മനോരാജ്യമഗ്നനായിരിക്കയായിരുന്നു. അദ്ദേഹത്തിന്റെ ഭാവമോ ഗൂഢോപകരണാദികളോ കണ്ടാൽ "കുററം കൊണ്ടേററു. പാമ്പിൻപടി ......ആ പട്ടണം വിട്ടിറങ്ങിയത്തൊററന്നാനന്ദരക്കൊന്നവനിപതിയതായ് മൌർയ്യനെവച്ചു" ചണകാത്മജനാണെന്നു ആൎക്കു തോന്നും?

"കെട്ടക്കല്ലുകളുണ്ടിതാ വരളിയെ കുത്തി-
പ്പൊടിച്ചീടുവാൻ
കെട്ടാശ്ശുട്ടികൾ കൊണ്ടുവന്നൊരു പുറെ
ക്കൂട്ടീട്ടിതാ ദൎഭയും
വെട്ടിക്കീറിയുണക്കുവാൻ ചമതചിക്കീ-
ട്ടൊട്ടകത്തേയ്ക്കു വീ-
ണൊട്ടിച്ചാഞ്ഞിറയും പഴഞ്ചുമരുമായ്",

കാണുന്നതാണു് അദ്ദേഹത്തിന്റെ വാസസ്ഥലം. രാജാവിനെ വൃഷലനെന്നു ചിലപ്പോൾ അദ്ദേഹം സംബോധനം ചെയ്യാറുണ്ടു്. അതിൽ ചിലൎക്കു

രസമില്ലാതെയുമുണ്ടായിരുന്നു. പക്ഷേ അദ്ദേഹം ആരുടെ രസക്കേടിനെ വകവയ്ക്കണം?

വക്ത്രം വാടാതെ വാചാലതയൊടു ഗുണമി-
ല്ലാത്തതും വച്ചുകൂട്ടി-
സ്തുത്യം ചൊല്ലുന്ന സത്തുക്കളെ മവനിപനേ-
ദൈന്യമോടൊത്തു വാഴ്ത്തും
ഓർത്താലിന്നായതെല്ലാം ദുരയുടെ മഹിമാ-
വാ, ണതാണെങ്കിലൊന്നും
പേർത്തും ചിന്തിച്ചിടാതോക്കരചനൊരുതൃണം
പോലെ നിസ്സാരനല്ലോ".

ഇഹലോകസംബന്ധമായ കാര്യങ്ങൾ ഒന്നും തന്നെ സാരമില്ലെന്നു കരുതി അവയിൽ സക്തി കൂടാതെ പരമസാത്വികനായവനു് ആരെ കൂട്ടാക്കണം? എങ്കിലും വേണ്ടിവന്നാൽ എന്തും കഴിയുമെന്നു് അദ്ദേഹം കാണിച്ചിട്ടില്ലേ?

"മൌര്യനും നന്ദനും താനൊരു സമയമതിൽ-
തന്നെ ലോകത്തെ വെന്നി-
ട്ടിയ്യാളെന്നൊട്ടു ചേർത്തങ്ങുദയവുമതുപോ-
ലസ്തവും കൃത്യമായി;
പര്യായത്താൽ തണുപ്പുഷ്ണമിതിവകൾ കൊടു-
ത്തെങ്ങുമേ ചിന്നിടും നൽ
സൂര്യനുള്ളോരു തേജസ്സിനെയുമതിശയി-
ക്കുന്നു തേജസ്സിനാലേ".

അത്ര പ്രതാപവാനായ അദ്ദേഹത്തിന്റെ ഗൃഹ ജീവിതം അത്ഭുതംപോലെതന്നെ സന്തോഷത്തെയും

നിർവൃതിയേയും പ്രഥമവീക്ഷണത്തിൽ ഉദിപ്പിക്കാതിരിക്കയില്ല. രാജാവിൻെറ സന്ദേശഹാരി ചെന്ന സമയം അദ്ദേഹം ആലോചനയിൽ ലയിച്ചിരിക്കയായിരുന്നുവെന്നു മുൻ സൂചിപ്പിച്ചുവല്ലോ. അതു താഴെ വരുംപ്രകാരമായിരുന്നു.

അല്ലയോ രാക്ഷസാ! അങ്ങു ദുർമ്മോഹത്തിൽ നിൻവാങ്ങിക്കൊള്ളൂ.

ധാർഷ്ട്യംകൈക്കൊണ്ടു ദുർമ്മന്ത്രിയുടെ വിധിയാൽ
 നാട്ടുകാര്യങ്ങൾ കാട്ടി-
ക്കൂട്ടിടും നന്ദനല്ലെന്നറിയണമിവന-
 ച്ചന്ദ്രഗുപ്താഖ്യനല്ലോ
തിട്ടം നീയല്ലചാണക്യ,നൊരു വിധമെ-
 ന്നാലുമെന്നോടു സാമ്യ-
പ്പെട്ടീടുന്നുണ്ടു നീ കേവലമതി ബലവ-
 ത്തായ വൈരത്തിൽ മാത്രം".

അല്ലെങ്കിൽ ഞാൻ എന്തിന് ഇക്കാര്യത്തിൽ മനസ്സിനെ വൃഥാ ക്ലേശിപ്പിക്കുന്നു?

ചുററും മൽഭൃത്യർപോയ് പർവ്വതസുതനെ വള-
 ഞ്ഞുണ്ടു പാർക്കുന്നു നന്നായ്
തെറെറന്നെന്നാജ്ഞ സിദ്ധാർത്ഥകമുഖചരരും
 ചെയ്യുവാൻ കാത്തിടുന്നു
മുററും വ്യാജേന മൌര്യേന്ദുവിനൊടു കലഹി-
 ച്ചിന്നുടൻ ശത്രുവോടായ്
തെററിപ്പൻ തീർച്ചയായ് രാക്ഷസനെ മതിബലം
 കൊണ്ടു ഭേദജ്ഞനാം ഞാൻ.

അദ്ദേഹത്തിൻെറ വിചാരം ഈ ദിക്കിലെത്തിയതും പ്രതിഹാരി മുമ്പിലെത്തിയതും ഒരുമിച്ചായിരുന്നു. രാജശാസനമനുസരിച്ചു കൌടില്യൻ സുഗാംഗപ്രസാദത്തിലേയ്ക്കു പോയി. അവിടെ മററു മന്ത്രിമാർ, പുരോഹിതന്മാർ, സ്തുതിപാഠകന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ ഹാജരുണ്ടായിരുന്നു. ചാണക്യാഗമത്തെ ബഹുമാനിച്ചു നരപതി തുടങ്ങിയുള്ളവർ എല്ലാവരും എണീററു ഉപചാരം ചെയ്തു. അനന്തരം യഥായോഗ്യം എല്ലാവരും ആസനസ്ഥരായശേഷം രാജാവും ഭക്തിയോടും, എന്നാൽ അനിഷ്ടശങ്കയോടും ചാണക്യൻെറ പാദങ്ങളിൽ വീണു വീണ്ടുംവന്ദിച്ചു. ചന്ദ്രഗുപ്തൻെറ ഭക്ത്യതിശയത്താൽ ചലിതചിത്തനായ വിഷ്ണുഗുപ്തൻ രണ്ടുകൈകൊണ്ടും അദ്ദേഹത്തെ പിടിച്ചെണീപ്പിച്ചിട്ട് ആശീർവ്വാദം ചെയ്തു.

കല്ലിൽച്ചാടുന്ന ഗംഗാജലശിഷിരമതാം
പർവ്വതം തൊട്ടുതെക്ക-
ങ്ങെല്ലാടം വർണ്ണഭേദം വിതറിന മണിയു-
ള്ളബ്ധിതീരം വരെയ്ക്കും.
വല്ലാതേ പേടി കൈക്കൊണ്ടവനിപനികരം
വന്നു വന്നൊത്തു വന്ദി-
ച്ചെല്ലാംകൂക്കട്ടെ നിൻ കാൽവിരലടിയണിചൂ-
ഡാമണിശോഭയാലെ."

വൃഷല! ഈ പ്രശ്രയം മതിയാകും. എന്നെ വരുത്തിയ കാര്യമെന്താണെന്നു കേൾക്കട്ടെ.

ചന്ദ്രഗുപ്തൻ—ആൎയ്യദൎശംകൊണ്ടു് ആത്മാവിനെ അനുഗ്രഹിപ്പിക്കാനാണു്.

ചാണക്യൻ—വത്സ! വിനയം മതി എന്നു പറഞ്ഞില്ലെ? പ്രഭുക്കന്മാർ അധികാരികളെ കാൎയ്യംകൂടാതെ വരുത്താറില്ല. അതിനാൽ അതെന്താണെന്നു പറയൂ.

ചന്ദ്ര—സ്വാമീ! കോപിക്കരുതു്. കൌമുദീമഹോത്സവം മുടക്കിയതിനു് എന്തു കാൎയ്യമാണു് അവിടുന്നുദ്ദേശിക്കുന്നതു്?

ചാ—ഓഹോ! എന്നെ ശകാരിക്കാൻ വരുത്തുകയായിരുന്നു അല്ലെ?

ചന്ദ്ര—ആൎയ്യ; ശകാരിക്കാനല്ല. ഒരു സംഗതി അറിയിക്കാനാണു്.

ചാ—എന്നാൽ അറിയിക്കാൻ അവരുടെ അഭിപ്രായത്തെ ശിഷ്യജനങ്ങൾ അനുസരിക്കേണ്ടതല്ലേ?

ചന്ദ്ര—ശിഷ്യനെന്നു മാത്രമല്ല, ഭൃത്യനല്ലയോ എന്നുകൂടി എനിക്കു സംശയമുണ്ടു്. എങ്കിലും "കാൎയ്യമറിയാത്തവരൊന്നു ചോദിച്ചാൽ കാൎയ്യമറിഞ്ഞവർ ചൊല്ലിക്കൊടുക്കണം, എന്നാണല്ലൊ. പ്രയോജനംകൂടാതെ ആൎയ്യൻ ഒന്നും ചെയ്യാറില്ല. അതുകൊണ്ടുള്ള താല്പൎയ്യമാണു് എന്നെക്കൊണ്ടു ചോദിപ്പിക്കുന്നതു്.

ചാ—ശരി, അങ്ങു് എന്നെ ശരിയായി ധരിച്ചു. പ്രയോജനേച്ഛകൂടാതെ ഞാനൊന്നും ചെയ്യാറില്ല. എന്നാൽ കേട്ടുകൊള്ളൂ. ലോകത്തിൽ അൎത്ഥശാ

ന്ത്രജ്ഞന്മാരുടെ മതപ്രകാരം സ്വായത്തം, സചിവായത്തം, ഉഭയായത്തം ഇങ്ങനെ മൂന്നു വക സിദ്ധിയോടുകൂടിയവരാണു രാജാക്കന്മാർ. അതിൽ കേവലം സചിവായത്തസിദ്ധിയായിരിക്കുന്ന അങ്ങു ഫലാന്വേഷണംകൊണ്ടു വാക്കിനും മനസ്സിനും ക്ലേശമുണ്ടാക്കുന്നതെന്തിനു്! അതിനെപ്പററി കാര്യമന്വേഷിക്കുന്ന ഞാൻ ശ്രദ്ധിച്ചുകൊള്ളാം.

ഇപ്രകാരമുള്ള ചാണക്യൻെറ വാക്യങ്ങൾ കേട്ടു ക്ഷതമായ അഭിമാനത്തോടുകൂടിയവനെന്നപോലെ രാജാവു മുഖംതിരിച്ചു, കുപിതഭാവത്തിൽ ഇരുന്നു. ഉടനെ രാക്ഷസനിർദ്ദിഷ്ടനായ സ്തനകലശനെന്ന വൈതാളികൻ "അന്തരം കൊള്ളാം" എന്നു വിചാരിച്ചു തിരുമുമ്പിൽ ചെന്നു സ്തുതിച്ചുതുടങ്ങി.

"സത്വോൽക്കർഷനിധാനമായ് വിധിയതെ-
ന്തിന്നോ ചമച്ചോർകളായ്
മത്തേഭേന്ദ്രരെയും സ്വവീര്യമഹസാ
താനേ ജയിപ്പോർകളായ്
വ്യക്തമാനമദോഗ്രരാം ഹരികൾ ദം-
ഭോഗമെന്നാവിധം
സത്വം ത്വാദൃശചക്രവർത്തികൾ സഹി-
ക്കില്ലാജ്ഞ തൻ ലംഘനം

എന്നു മാത്രമല്ല,

നന്നായാഭരണാദിയാകിയൊരലം-
കാരങ്ങൾ പാരം ധരി-

ച്ചെന്നാലും പ്രഭ കേവലം പ്രഭുവതായ്-
ത്തീരുന്നതല്ലേതുമേ.
അന്യന്മാരുടെ ലംഘനത്തിനിട
യാകാത്തുള്ളൊരാജ്ഞാബലം
ചിന്നും നിന്തിരുമേനിതൻ പ്രഭ
ദ്ധം മററാരുമില്ലെങ്ങുമേ".

ച—(കേട്ടിട്ടു വിചാരം) ഓഹോ! മനസ്സിലായി ക ള്ളരാക്ഷസൻെറ വിദ്യ. നിന്നെ ഞാനറിഞ്ഞു ഞാൻ നോക്കിയിരിക്കുന്നുണ്ട്.

ഉടനെ രാജാവു് ആ വൈതാളികനു നൂറായി രം വരാഹൻ സമ്മാനം കൊടുക്കുവാൻ ചട്ടം കെട്ടുന്ന തിനു പ്രതിഹാരിയോടു കല്പിച്ചതു കേട്ടു ചാണക്യൻ അതിനെ തടഞ്ഞു. "പ്രജകളിൽനിന്നീടാക്കുന്ന ദ്ര വ്യം മുഖസ്തുതിക്കാൎക്കു കൊടുക്കുന്നതിനല്ല. അതിനാൽ ആ കല്പന നിഷേധിച്ചിരിക്കുന്നു. സ്ഥാനത്തുവേണം വ്യയംചെയ്യാൻ. സ്ഥാനവ്യതിക്രമം ഇപ്പോൾ സ ഹ്യമല്ല."

ചന്ദ്ര—ആൎയ്യ! അങ്ങു് എൻെറ ഉപകൎത്താവാണെന്നു ള്ളതു സത്യംതന്നെ. എങ്കിലും ഇപ്രകാരം എന്നെ എപ്പോഴും അസഹ്യപ്പെടുത്തി മാനഭംഗം വരു ത്തുന്നതായാൽ ഈ രാജസ്ഥാനം എനിക്കൊരു ബന്ധനംപോലായിത്തീരും.

ചാ—അവരവർ കാൎയ്യാകാൎയ്യമറിഞ്ഞു പ്രവൎത്തിക്കാൻ അപ്രാപ്തരായിരിക്കുമ്പോൾ ഇങ്ങനെയെ ഭവിക്കൂ. അല്ല, സ്വാതന്ത്ര്യത്തിനാണാഗ്രഹമെങ്കിൽ ഏ

ൻെറ അധികാരമിതാ ഒഴിഞ്ഞിരിക്കുന്നു. തന്നെ ത്താൻ കാൎയ്യം വിചാരിച്ചുകൊള്ളുക.

ച—അങ്ങനെതന്നെ. എൻെറ കാൎയ്യം ഞാൻ നോക്കിക്കൊള്ളാം. എങ്കിലും കൌമുദീമഹോത്സവം മുടക്കിയതിൻെറ പ്രയോജനം കേട്ടേ മതിയാവൂ.

ചാ—കൌമുദീമഹോത്സവം ഘോഷിക്കുന്നതിൻെറ പ്രയോജനമെന്താണ്?

ച—എൻെറ മുഖ്യപ്രയോജനം ആജ്ഞ നടത്തുക എന്നുള്ളതാണ്.

ചാ—എന്നാൽ എൻെറ പ്രയോജനം അങ്ങയുടെ ആജ്ഞ മുടക്കുകയാണ്. എന്തെന്നാൽ,

"തീരം തിങ്ങും തമാലത്തളിരിരുൾവനമാ-
ന്നുള്ള യാദോഗണത്താ-
ലേറെ ക്ഷോഭിച്ച നാലാഴികളുടെ മറുതീ-
രംവരെ ബ്ഭൂമിപന്മാർ
പാരം വന്ദിച്ചു പൂമാലകളൊടു സദൃശം
ചൂടുവോരാജ്ഞയെന്നിൽ
തീരെത്തെറ്റുന്ന മൂലം തവ വിനയമണി
പ്രാഭവം കാട്ടിടുന്നു"

എന്നുള്ളതാണ്.

ച—കൊള്ളാം. ഇനി വേറെ വല്ല പ്രയോജനവുമുണ്ടോ?

ചാ—ഉണ്ട്. അതു പറയാം, എന്നു പറഞ്ഞിട്ടു പ്രതിഹാരിയോടു ഭദ്രഭടൻ മുതലായവരുടെ ഒരു കണക്കുള്ളതു ഗ്രമസ്ഥനോടു വാങ്ങിക്കൊണ്ടുവരുവാൻ പ

 13-7-5879 ISLAM HIGH SCHOOL

റഞ്ഞു. പ്രതിഹാരി കണക്കുംകൊണ്ടു പ്രവേശിച്ചതുവരെ എല്ലാവരും മൌനമായിരുന്നതേയുള്ളു. ഉടനെ ചാണക്യൻ കണക്കു വാങ്ങി വായിച്ചു.

ശ്രീ

"സുഗൃഹീതനാമാവായിരിക്കുന്ന സ്വാമി ചന്ദ്രഗുപ്തനോടൊരുമിച്ച് വളർന്നവരായ പ്രധാനപുരുഷന്മാരിൽ ഇവിടെനിന്നുപോയി മലയകേതുവിനെ ആശ്രയിച്ചിട്ടുള്ളവരുടെ വിവരം കണക്ക്:— ആദ്യം തന്നെ ആനവിചാരിപ്പുകാരൻ ഭദ്രഭടൻ, കുതിരവിചാരിപ്പു പുരുഷദത്തൻ, പ്രധാനപ്രതിഹാരിയായ ചന്ദ്രഭാനുവിന്റെ മരുമകൻ ഹിംഗുരാതൻ; സ്വാമിയുടെ ദായാദിയായ മഹാരാജാവു ബലഗുപ്തൻ; സ്വാമിയുടെ കുമാരസേവകനായിരുന്ന രാജസേനൻ; പടനായകനായ സിംഹബലദത്തന്റെ അനുജൻ ഭാഗുരായണൻ; ഭാളവരാജപുത്രൻ ലോഹിതാക്ഷൻ; ക്ഷത്രിയകുലശ്രേഷ്ഠൻ വിജയവർമ്മാവു. എന്നിത്രയും ആണ് കണക്കിലുള്ളതു്."

ച— ഇവർ പിണങ്ങുന്നതിനുള്ള കാരണമോ?

ചാ— പറയാം! ഭദ്രഭടനും പുരുഷദത്തനും സ്ത്രീസേവ, മദ്യപാനം, നായാട്ടു് ഇവയിൽ അത്യാസക്തന്മാരായിത്തീർന്നതിനാൽ സ്വന്തം ജോലികളിൽ ധാരാളം വീഴ്ച വരുത്തിയിരുന്നു. അതിനാൽ അവരെ അധികാരഭ്രഷ്ടന്മാരാക്കി ശമ്പളം മാത്രം കൊടുത്തുവന്നു. അധികാരകാംക്ഷികളായ അവർ ഈ കാരണത്താൽ മലയകേതുവിനെ ആശ്രയിച്ചു.

ഹിംഗുരാതൻ ബലഗുപ്തൻ ഇവർ സ്വതേ ദുരാഗ്രഹികളാകയാൽ ഇവിടെ കിട്ടുന്നതിലധികം അവിടെ കിട്ടാൻ വഴിയുണ്ടെന്നു വിചാരിച്ച് ശത്രുപക്ഷത്തിൽ ചേൎന്നതാണ്. കുമാരസേവകന്മായ രാജസേനൻ ഭണ്ഡാരം മോഷ്ടിച്ചു വന്നിരുന്നതു കാലക്രമേണ അറിഞ്ഞവരാമായെങ്കിലോ എന്നു ശങ്കിച്ചു ഒളിച്ചോടി മറവുകക്ഷിയോടു യോജിച്ചു അടുത്ത ആൾ ഭാഗുരായനനാണ്. ഇയാൾ പൎവ്വതകന്റെ പക്ഷമായിരുന്നു. ഒരു ദിവസം ഗൂഢമായി മലയകേതുവിനോടു "അങ്ങയുടെ അച്ഛനെ കൊന്നതു ചാണക്യനാണ്" എന്നുപദേശിച്ചു. ഇയ്യാളുടെ വാക്കിൻപ്രകാരമാണു മലയകേതു ഓടിപ്പോയതു്. എന്നാൽ രാജദ്രോഹികളായ ചന്ദനദാസൻ മുതൽപേരെ പിടിക്കുമ്പോൾ തന്റെ കള്ളവും തെളിഞ്ഞേയ്ക്കുമെന്നു ഭയന്നു അയാൾ ചാടിപ്പോകയും തന്റെ ജീവനെ രക്ഷിച്ചവനും അച്ഛന്റെ മിത്രവുമായ ഭാഗുരായണന്നു മലയകേതു പ്രധാനമന്ത്രിപദത്തെ കൊടുക്കുകയുമാണുണ്ടായതു്, ഇനിയുള്ളതു ലോഹിതാക്ഷനും വിജയവൎമ്മാവുമാണ്. അവരും അഭിമാനഭ്രമം അധികമാകയാൽ അങ്ങു് സ്വന്തദായാദന്മാൎക്കും കൊടുക്കുന്ന സമ്മാനത്തെ സഹിക്കാതെ അസൂയാലുക്കളായി വൈരിപക്ഷമവലംബിച്ചു. ഇങ്ങനെയാണിവരുടെ ചരിത്രം.

ച—ഇവരുടെ പിണക്കത്തിനുള്ള കാരണം ഇത്ര സൂക്ഷ്മമായി അറിഞ്ഞിരിക്കെ, ആൎയ്യൻ അതിനെ

ന്നുകൊണ്ടു പ്രതിവിധി ചെയ്യില്ല? കൌശലമി ല്ലാഞ്ഞോ പ്രയോജനം കരുതീട്ടോ?

ചാ—ഇതിന്നു പ്രതിവിധി ചെയ്യാൻ എനിക്കു കൌശലമില്ലാതായിട്ടില്ല. അതിനാൽ പ്രയോജനേച്ഛ കൊണ്ടുതന്നെ.

ച—എന്നാൽ അതൊന്നു കേട്ടാൽ കൊള്ളായിരുന്നു.

ചാ—ഇടഞ്ഞിരിക്കുന്ന പ്രകൃതികാംക്കു രണ്ടുപ്രകാരമുള്ള പ്രതിവിധാനങ്ങാം അനുഗ്രഹനിഗ്രഹങ്ങളാണ്. അതിനാൽ അനുഗ്രഹമാണെങ്കിൽ സ്ഥാനഭ്രഷ്ടമായ ഭദ്രപുരുഷദത്തന്മാക്കു പിന്നെയും ആ സ്ഥാനം കൊടുക്കേണ്ടി വരും. ദുൎമ്മാൎഗ്ഗികളെന്നു പ്രത്യക്ഷമായി തെളിഞ്ഞിട്ടുള്ളവക്കു വീണ്ടും അധികാരം കൊടുത്താൽ രാജ്യത്തിൻെറ അസ്ഥിവാരമായിട്ടുള്ള ആനകളേയും കുതിരകളേയും മോശമാക്കും. അതിലുബ്ധന്മാരായ ഹിംഗുരാതബലഗുപ്തന്മാക്കു നാടാസകലം കൊടുത്താലും തൃപ്തിയുണ്ടാകയില്ല. പിന്നെ അവരെ എങ്ങനെ അനുഗ്രഹിക്കും? തങ്ങളുടെ സ്വന്ത ധനവും പ്രാണനും നശിക്കുമെന്നു ഭയപ്പെട്ടിരിക്കുന്ന രാജസേനഭാഗുരായണന്മാരെ അനുഗ്രഹിപ്പാൻ വഴിയെങ്ങനെ? മാനവും അപമാനമാണെന്നു വിചാരിക്കുന്ന മഹാഭിമാനികളായ ലോഹിതാക്ഷ വിജയവൎമ്മാക്കാംക്കും അനുഗ്രഹം എത്രത്തോളം പ്രീതികരമാകും? ഈ വിചാരങ്ങളാൽ ആദ്യഭാഗം ഉപേക്ഷിക്കേണ്ടതായി വന്നു. നാം ഇപ്പോറം നന്ദന്മാരുടെ ഐശ്വൎയ്യത്തെ പ്രാ

പിച്ചിരിക്കയാണു്. ആ സ്ഥിതിക്കു് ഒരുമിച്ചുവല്ല ന്ന പ്രധാന പുരുഷന്മാരുടെ കൂട്ടത്തെ വലുതായി ഭണ്ഡിപ്പിച്ചാൽ നന്ദവംശത്തിൽ കൂറുള്ള പ്രജക ൾക്കു നമ്മുടെമേൽ വലുതായ അതൃപ്തിയും അവി ശ്വാസവുമുണ്ടാകും. അതുകൊണ്ടു രണ്ടാമത്തെ അഭിപ്രായവും ഉപേക്ഷണീയമായിത്തീൎന്നു. ഇനി ഇപ്പോഴത്തെ സ്ഥിതി എങ്ങനെ എന്നു് നോക്കുക. അസ്മദീയന്മാരെ പാട്ടിലാക്കിയും രാക്ഷസോപദേ ശങ്ങളിൽ ജാഗ്രത വച്ചും വലിയ മ്ലേച്ഛസൈന്യ ത്തോടുകൂടിയിരിക്കുന്ന മലയകേതു നമ്മെ ജയി പ്പാൻ കാലതാമസം കൂടാതെ വന്നുചേരും. അതി നാൽ നാം വളരെ ഉത്സാഹത്തോടുകൂടി ശ്രദ്ധവെ പ്പാനുള്ള ഒരു കാലമാണിതു്? ഉത്സവകാലമല്ല. അതു ഹേതുവായിട്ടാണു കൌമുദീമഹോത്സവം മുടക്കിയതു്.

ച—ആൎയ്യ! ഏതായാലും ചോദിക്കയും പറകയും എ ന്നു വന്നിരിക്കകൊണ്ടു് എനിക്കു് ഇനിയും ചില തുകൂടി അറിയേണ്ടതായുണ്ടു്. നമ്മുടെ ഈ സകല ഐശ്വൎയ്യത്തിനും നിദാനമായ ആ മലയകേതു ചാടിപ്പോയപ്പോൾ ആൎയ്യൻ അയാളെ എന്തുകൊ ണ്ടുപേക്ഷിച്ചു?

ചാ—ശരി. മലയകേതു ചാടിപ്പോകാൻ സമ്മതി ക്കാതിരുന്നാൽ രണ്ടുപായങ്ങളാണുള്ളതു്. അതും മുൻപറഞ്ഞതുപോലെ അനുഗ്രഹമോ നിഗ്രഹമോ തന്നെ. അനുഗ്രഹമാണെങ്കിൽ മുമ്പു പറഞ്ഞിട്ടുള്ള

അർദ്ധരാജ്യം കൊടുക്കണം. നിഗ്രഹിച്ചാൽ പർവ്വതകനെ കൊന്നതും നാംതന്നെയെന്നു പ്രത്യക്ഷമാവും. രാജ്യം കൊടുക്കുക എന്നുവെച്ചാൽ പർവ്വതകനെ കൊന്നതു കൃതഘ്നത മാത്രമായി ശേഷിക്കും. അതുകൊണ്ടാണു മലയകേതുവിനെ ഉപേക്ഷിച്ചതു്.

ച— അതങ്ങനെയായി. രാക്ഷസൻ ഇവിടെ നഗരത്തിൽ പാർത്തിരുന്നപ്പോൾ അദ്ദേഹത്തെ വിട്ടുകളഞ്ഞതോ?

ചാ— വത്സ! രാക്ഷസൻെറ അവസ്ഥ എങ്ങനെയാണെന്നു നോക്കൂ. അയാൾ തൻെറ സ്വാമിയിൽ ദൃഢാരൂഢമായ ഭക്തിയുള്ളവനാകകൊണ്ടും വളരെക്കാലം ഒരുമിച്ചിരുന്നതുകൊണ്ടും ശീലമറിഞ്ഞിട്ടുള്ളവരും നന്ദന്മാരിൽ കൂറുള്ളവരുമായ പ്രജകൾക്കു് അത്യന്തം വിശ്വാസ്യനും ബുദ്ധിയും പൌരുഷവുമുള്ളവനും സഹായബലത്തോടുകൂടിയവനും ഭണ്ഡാരശക്തിയുള്ളവനുമാകകൊണ്ടു് ഇവിടെ നഗരത്തിനകത്തുതന്നെ പാർത്തുകൊണ്ടിരുന്നാൽ വലുതായ അന്തഃഛിദ്രങ്ങളുണ്ടാക്കും. അകത്തിക്കളഞ്ഞാൽ പുറമേ കോപമുണ്ടാക്കിയാലും പ്രയാസമില്ലാതെ സാധിക്കാം. അതിനാലാണു് അയാൾ ചാടിപ്പോയപ്പോൾ തടയാതിരുന്നതു്.

ച— അദ്ദേഹം ഇവിടെ ഇരിക്കുമ്പോൾതന്നെ ഉപായങ്ങളെക്കൊണ്ടു വശത്തു വരുത്താമായിരുന്നില്ലേ?

ചാ— എൻെറ ഉപായങ്ങളെക്കൊണ്ടുതന്നെയാണു ഏ

ദയത്തിലിരുന്ന ശല്യംപോലെ അയാളെ പറിച്ചു ദൂരെക്കളഞ്ഞത്.

ച—ആ സ്ഥിതിക്ക് അമാത്യനെ വിക്രമംകൊണ്ടു പാട്ടിലാക്കരുതായിരുന്നോ?

ചാ—വിക്രമംകൊണ്ടു പാട്ടിലാക്കിയാൽ ഉൽക്കരുത്തേറുന്ന അയാൾ ആത്മഹത്യ ചെയ്യുകയോ അല്ലെങ്കിൽ അങ്ങയുടെ സൈന്യത്തെ നശിപ്പിക്കയോ ചെയ്യുകലയും. ഇതു രണ്ടും ദോഷവുമാണ്. എന്തെന്നാൽ,

"ഊറ്റം ചേർന്നുറ്റമെത്രപ്പെതാകിലവനെ-
ങ്ങാനും മരിച്ചെങ്കിലോ
വേറിട്ടു നിരൂപിക്കെടോ! വൃഷലനാ-
മപ്പുരുഷൻ തന്നോടും
പാരം പിൻപട നഷ്ടമാകിലതുമ-
ക്കേടാകയാൽ കൌശല-
ദ്വാരാ പാട്ടിൽ വരുത്തിടേണമവനെ-
ക്കാട്ടാനയെപ്പോലെതാൻ."

ച— ആര്യനെ വാക്കുകൊണ്ടു ജയിപ്പാൻ ഞാൻ ശക്തനല്ല. എങ്കിലും അമാത്യരാക്ഷസൻ മഹാത്മാവാണെന്നുള്ളതിനു സംശയമില്ല.

ചാ—ശരി. ഞാൻ അല്ലെന്നുകൂടി ഉണ്ടായിരിക്കാം. എന്താണയാൾ ചെയ്തിട്ടുള്ളതു്?

ച—നന്ദരാജ്യം കൈവശപ്പെടുത്തിയിട്ടും അദ്ദേഹം യാതൊരു ക്ലേശംകൂടാതെ ഈ നാട്ടിൽത്തന്നെ താമസിക്കയും തന്റെ നീതിപ്രയോഗങ്ങളാൽ

ജനങ്ങൾ നമ്മോടിണങ്ങാതിരിക്കുന്നതിന്ന വേണ്ട വിധം ശ്രമിക്കയും ചെയ്തില്ലേ? ജനങ്ങൾ നമ്മോടിണങ്ങിയുമില്ലല്ലോ.

ചാ—(ഉറക്കെ ചിരിച്ചിട്ടു്) ഇതാണൊ അമാത്യൻ ചെയ്തതു്. ഇതത്രവലിയ കാൎയ്യമായിക്കരുതുന്നുവോ? ഞാൻ വിചാരിച്ചതു് അങ്ങയുടെ വംശം ഉന്മൂലനം ചെയ്തു രാക്ഷസൻ മലയകേതുവിനെ രാജാവാക്കിയെന്നാണു്.

ച—ആൎയ്യ! ഇങ്ങനെ ശകാരിക്കരുതു്.

ചാ—അങ്ങെയ്ക്കെന്നേക്കാൾ ബഹുമാനം രാക്ഷസനെയല്ലേ? രാക്ഷസനേയും എന്നേയും താരതമ്യപ്പെടുത്തിക്കൊള്ളൂ. രാക്ഷസൻ ഇത്രയല്ലേ ചെയ്തിട്ടുള്ളൂ. ഞാനോ?

"ചുററീടും ലോകർ കാൺകെസ്സകലരിപുവധം
കൊണ്ടു നീണ്ടുഗ്രസത്യം
മുററും കോപേന ചെയ്തക്കുടുമ വിരലതിൻ
തുമ്പിനാൽ കെട്ടഴിച്ചു
മററാരാണുററമുൾക്കൊണ്ടതിലുനികളതാം
നന്ദരേക്കൊന്നതപ്പോൾ
മാററം പൂണ്ടോരു ശുദ്ധം പശുനിവഹസമൻ
രാക്ഷസൻ നോക്കിനിൽക്കേ?
വട്ടത്തിൽ ഗൃദ്ധ്രജാലം നെടിയ ചിറകനക്കാതെ മേൽച്ചുററിയട്ടി-
ക്കോട്ടുക്കും കാറു ചിന്നുംപടി രവികിരണം
ധൂമരേഖ്യാമറച്ചു

പൊട്ടീടും മോദമേകിപ്പിതുവനമതിലെ
പ്രാണികൾക്കിന്നുമത്തീ
കെട്ടില്ലാ കാങ്ക നീ നന്ദരുടെ വസയൊലി-
ച്ചേററവും ചേൻറ നന്നായ്".

ച— ഇതു ചെയ്തതു ദൈവമാണ്. അവരുടെ കഷ്ട
കാലത്താൽ അങ്ങനെ സംഭവിച്ചു.

ചാ—ദൈവത്തെ പ്രമാണമാക്കുവാൻ അറിവില്ലാ
ത്തവരാരാണ്.

ച—അറിവുള്ളവർ ആത്മപ്രശംസ ചെയ്യുമോ?

ചാ—ഛേ! ഒരു ഭൃത്യനെപ്പോലെ അങ്ങെന്നെ കട
ക്കുവാനിച്ഛിക്കുന്നുവോ? എന്നാൽ കേട്ടോളൂ.

(കോപം നടിച്ചു എണീററ് ഉറക്കെ)

കെട്ടീട്ടില്ല കടുമ്മയെങ്കിലുമഴിച്ചീടാൻ തു-
ടങ്ങുന്ന കൈ

(നിലത്തു് ഉറക്കെ ചവിട്ടിയിട്ടു്)

"ധൃഷ്ടം കാലിളകുന്ന പിന്നെയുമഹോ! സ-
ത്യത്തിലേറീടുവാൻ
നഷ്ടം നന്ദകുലത്തിനെത്തിയതിനാൽ കെ-
ട്ടോരു കോപാഗ്നിനീ
കഷ്ടം കാലവശം ഗമിച്ചധികമാളിക്കുന്നു
രണ്ടാമതും".

എന്നു പറഞ്ഞു കണ്ണുരുട്ടി രാജാവിനെ നോക്കി.

ശുദ്ധാത്മാവായ ചന്ദ്രഗുപ്തൻ വല്ലാതെ പരുങ്ങി.
ശമധനരായ യതീശ്വരന്മാരിൽ നിക്ഷിപ്തവും ആവ
ശ്യപ്പെടുമ്പോൾ വെളിയിലേക്കു ചാടിപ്പുകഞ്ഞു പുറ

പ്പെടുന്നതുമായ കോപാഗ്നിയിൽ ഭയപ്പെടാതെ ആരു തന്നെ ഉണ്ടു്? ആ സ്ഥിതിക്കു സാധുവായ രാജാവിന്റെ കാൎയ്യത്തിൽ അത്ഭുതപ്പെടേണ്ടതില്ല.

കോപം കൊണ്ടിളകുന്ന പക്ഷ്മവഴി വാ-
ൎന്നശ്രുക്കളാൽ മഗ്നമായ്
ഭ്രൂഭംഗപ്പുകയാൎന്നു തീയിനെതിരായ്
മഞ്ഞിച്ച നേത്രാഭയാൽ
ക്ഷോഭത്താൽ പുരവൈരി രൌദ്രനടനം
ചെയ്യുന്ന മട്ടേത്തിതാ
ഭൂപൃഷ്ഠം കഷ്ണിച്ചു താങ്ങിയിളകി-
ക്കൊണ്ടിച്ചുവിട്ടിന്നഹോ!”

എന്ന തരത്തിൽ ക്രോധാവേശനായി ഭൂമിയെ പാദപ്രഹരം കൊണ്ടു തകൎക്കുന്ന അദ്ദേഹത്തിന്റെ കോപാഗ്നി ചന്ദ്രഗുപ്തനെപ്പോലെയുള്ള ഒരാൾ എങ്ങനെ ഭയംകൂടാതെ കാണും? അനന്തരം മേഘഗൎജ്ജനം പോലെ ചാണക്യൻ ഉദീരണം ചെയ്തു. “എടോ! മേൽക്കുമേൽ പറഞ്ഞതു മതി. രാക്ഷസനാണെന്നേക്കാൾ കേമനെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഇതാ ഈ വാൾ അയാൾക്കു കൊടുത്തോളൂ”. എന്നു വാൾ വച്ചിട്ടു പുറത്തേക്കിറങ്ങി പിൻതിരിയാതെ യാത്ര തുടങ്ങി. അദ്ദേഹത്തിന്റെ അന്തൎഗ്ഗതമീവഴിയിൽ പാഞ്ഞു. രാക്ഷസ! ഇതാണു കൌടില്യനെ ജയിപ്പാനിച്ഛിക്കുന്ന അങ്ങയുടെ ബുദ്ധിശക്തി അല്ലേ?

ക്ലേശം വിനാ ചണകജപ്രണയം കളഞ്ഞു
വാശിക്കു മെയ്യുന്നെ മടക്കുവനെന്നു കണ്ടു,

നീ ശണ്ഠയോടു ശഠ! ചെയ്തു ചതിപ്രയോഗം
നാശത്തിനായി വരുമൊക്കെ നിനക്കു തന്നെ."

ചാണക്യൻ കുപിതനായി അധികാരമുദ്രയുമപേക്ഷി ച്ചു പോയശേഷം മഹാരാജാവു ചന്ദ്രഗുപ്തൻ പ്രതിഹാരിയെ വിളിച്ച്, "ഇനിമുതൽ ചാണക്യനെ കൂട്ടാക്കാതെ നാംതന്നെ രാജ്യകാര്യങ്ങൾ നോക്കുന്നതാണെന്നുള്ള വിവരം പരസ്യമൂലം പ്രജകളെ അറിയിക്കണം" എന്നരുളിച്ചെയ്തു. ഈ കല്പന കേൾക്കയും ആര്യചാണക്യനും രാജാവുമായുണ്ടായ കൂടിക്കാഴ്ചയിൽ ദൃക്സാക്ഷ്യം വഹിക്കയും ചെയ്ത ആളുകൾക്കു വാസ്തവത്തിൽ രാജാവും മന്ത്രിയും തമ്മിൽ ഛിദ്രിച്ചു എന്നുതന്നെ ഉറപ്പായി. ചിലർ ഇപ്രകാരം ഉൽഘോഷിപ്പാനും തുടങ്ങി. "കല്പന വിശേഷംതന്നെ. മുൻപു സ്വാമി, ആര്യൻ, ആചാര്യൻ തുടങ്ങിയ ബഹുമാനപ്പേരോടുകൂടിയുപയോഗിച്ചു വന്ന ആര്യന്റെ നാമധേയം കേവലം ചാണക്യൻ എന്നു കല്പിച്ചതിൽ നിന്നുതന്നെ സംഗതി ഏതാണ്ടു ഗൌരവമുള്ളതാണെന്നു വ്യക്തമാകുന്നു. അതിനാൽ അധികാരം എടുത്തു എന്നുള്ളതിൽ തർക്കമില്ല. അല്ലെങ്കിൽ ഇക്കാര്യത്തിൽ മഹാരാജാവിനു ദോഷമുണ്ടെന്നു ശങ്കിപ്പാൻ ന്യായമില്ല. എന്തുകൊണ്ടെന്നാൽ

എന്തുതെററു രചൻചെയ്‌വു മന്ത്രിതൻകുററമാണതു്;
യന്താവിൻ തെററിനാലത്രെ ദന്തി ദുഷ്ടനതായ്‌വരു"

ഇപ്രകാരം ചാണക്യൻ ഉദ്ദേശിച്ച കാര്യം വഴിപോ

ലെ സാധിച്ചുവെങ്കിലും ക്രുദ്ധമനസ്സനായ ചന്ദ്രഗു പ്തൻ തലവേദനയെന്ന വ്യാജേന കഠിനമായുള്ള ഏ ദയവേദനയോടുകൂടിയാണ ശയനഗൃഹത്തെ പ്രാപി ച്ചതു്. ചാണക്യൻെറ കോപഭാവത്തിൽ അദ്ദേഹ ത്തിന്നത്ര ഭയം തോന്നിയിരുന്നു. എങ്കിലും പള്ളി യറയിൽ പ്രവേശിച്ചതിനുശേഷം ചന്ദ്രഗുപ്തൻ ഇങ്ങ നെ വിചാരിച്ചു ചകിതചിത്തനായിത്തീൎന്നു.

"ഇന്നിഗ്ഗൗരവഹാനി ഞാൻ ഗുരുവരൻ
തന്നാജ്ഞയാൽ ചെയ്തതാ-
ണെന്നിട്ടും മതി മന്നിടത്തിനടിയിൽ
താഴാൻ തുടങ്ങുന്നുമേ
എന്നാൽദ്ദേശികനിന്നു വാസ്തവമതായ്
ചെയ്തിട്ടുവാൎത്തമ്മനം
കുന്നിക്കുന്നൊരു ലജ്ജയെങ്ങനെ
പിളൎന്നിടാതിരുന്നീടുമേ?

---

## ൧൦-ാം അദ്ധ്യായം

പാടലീപുത്രത്തിൽ ഇപ്രകാരമോരോ കാൎയ്യ ങ്ങൾ സംഭവിച്ചുകൊണ്ടിരുന്നപ്പോൾ അവിടെ നിന്നു പോയ ഭദ്രഭടാദികളും സ്വസ്ഥന്മാരായിരി ക്കയല്ലായിരുന്നു. ചന്ദ്രഗുപ്തനോടു പിണങ്ങിപ്പോയ ഇവൎക്കു മലയകേതുവിൻെറ സന്നിധിയിൽ കരുണ ലഭിക്കാതിരിക്കുന്നതു് അസംഭാവ്യമാണു്. ഇവരിൽ മിക്കപേരും സൈന്യനാഥന്മാരും മററുമായി ഓരോ

പ്രധാന ജോലിയിലാണു് ഏർപ്പെട്ടതു്. അതിസമർത്ഥനായ ഭാഗുരായണൻ പ്രധാന മന്ത്രിപദത്തെ പ്രാപിച്ചിരിക്കുന്നതായി മുമ്പു സൂചിപ്പിച്ചുവല്ലൊ. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഭാഗുരായണനെക്കുറിച്ചു കുമാരമലയകേതുവിനും മററുള്ളവർക്കും വലിയ വിശ്വാസവും ബഹുമാനവും തോന്നി. അതിനിടെ ഭദ്രഭടാദികളിൽ ചിലർ പ്രധാന സേനാനായകനായ ശിഖരസേനനെ പാട്ടിലാക്കി അയാളോടൊരുമിച്ചു കുമാരൻെറ അടുക്കൽ ചെന്നു് അവസരം നോക്കി ഇപ്രകാരമറിയിച്ചു. "സ്വാമീ! അമാത്യരാക്ഷസൻ അവിടുന്നു വിചാരിക്കുംപോലെ വിശ്വാസ്യനല്ല. അയാളുടെ ഉദ്ദേശ്യം തരംനോക്കി മൌര്യനെ സേവിക്കണമെന്നാണു്. അതുകൊണ്ടു് അയാളുടെ ചതിയിൽ പെടാതെ സൂക്ഷിച്ചുകൊള്ളണം."

ഈ അഭിപ്രായംകേട്ടതിൽ മലയകേതു വല്ലാതെ അന്ധാളിച്ചുപോയി. ഇതിൻെറ സൂക്ഷ്മമറിയാതെ വിശ്വസിക്കുന്നതബദ്ധമെന്നു വിചാരിച്ചു തൻെറ വിശ്വസ്തസചിവനായ ഭാഗുരായണനെ വരുത്തുവാൻ ആ മുഗ്ദ്ധൻ കല്പിച്ചു. ഭാഗുരായണൻ രാജസന്നിധിയിൽ പ്രവേശിച്ചപ്പോൾ അമാത്യനെക്കുറിച്ചു കേട്ട അഭിപ്രായവ്യത്യാസങ്ങളെ കുമാരൻ അയാളെ അറിയിച്ചു. എന്നു മാത്രമല്ല, ഋജുബുദ്ധിയായ അമാത്യരാക്ഷസനെപ്പോലെ സ്നേഹവും വിശ്വാസവും ഉള്ള ആളുകൾ വളരെ ദുർല്ലഭമാകയാൽ അദ്ദേഹത്തെപ്പററി

13-7-56

ഇങ്ങനെ ശങ്കിക്കുന്നതു പാപമാണെന്നുകൂടി സൂചിപ്പിച്ചു. ഭാഗുരായണൻ പ്രതിവചിച്ചു.

"കുമാര! അങ്ങു കല്പിക്കുന്നതു് അങ്ങയുടെ യുക്തിപ്രകാരം ശരിതന്നെ. എന്നാൽ അമാത്യനു ചാണക്യനോടുള്ള വിരോധാവസ്ഥ അവിടെ അറിവുള്ളതാണല്ലോ. മൌര്യൻ നന്ദവംശനാണ്. അദ്ദേഹത്തിന്റെ പേരിൽ തല്ക്കാലവിരോധമുള്ളതു് അമാത്യൻ കാർയ്യലാഭകാലത്തു് ഓർക്കയില്ല. കുടിലബുദ്ധിയായ കൌടല്യന്റെ കഠിനപ്രവൃത്തികളിൽ വിരക്തനായി ചന്ദ്രഗുപ്തൻ അദ്ദേഹത്തെ അധികാരത്തിൽനിന്നു നീക്കുന്നതിനു് ഒരു കാലമുണ്ടായെങ്കിൽ അന്നു പൂർവ്വവിരോധമെല്ലാമുപേക്ഷിച്ചു തന്റെ സ്വാമിയുടെ പൌത്രനായ മൌര്യനെ സേവപിടിച്ചു് ഈ രാക്ഷസൻ മന്ത്രിസ്ഥാനത്തിലിരിക്കും. അതിനു സംശയംവേണ്ട. എന്നു മാത്രമല്ല അങ്ങനെ ഒരു കാലം വരുമ്പോൾ, ഈ വിവരം നേരത്തെ ഇവിടെ അറിയിക്കാതെയിരുന്നതിൽ അവിശ്വാസ്യന്മാരായി വന്നേയ്ക്കുമെന്ന ഭയം നിമിത്തമാണു് ഈ ഭദ്രഭടനും മററും ശിഖരസേനനെ ആശ്രയിച്ചും അമാത്യന്റെ അറിവുകൂടാതെയും കുമാരന്റെ അടുക്കൽ ഗൂഢമായി വന്നു് ഈ വർത്തമാനമറിയിച്ചതു്. അതിനാൽ, ഇവരുടെ ശങ്ക അസ്ഥാനത്താകയില്ലെന്നാണെനിക്കു തോന്നുന്നതു്."

പ്രധാന സചിവന്റെ ഇപ്രകാരമുള്ള പ്രസംഗംകേട്ടപ്പോൾ മലയകേതുവിന്റെ ഉള്ളിൽ രാക്ഷ

സനെപ്പററി ഉറച്ചിരുന്ന വിശ്വാസ വൃക്ഷത്തിന്റെ വേരുകൾ ഓരോന്നായി പൊട്ടുവാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു "നിങ്ങൾ പറയുന്നതു സത്യമായിവരാം. ചാണക്യന്റെ കടുംകൈകൾക്കൊണ്ടു നിവൃത്തിയില്ലാതെ ഓരോ ആളുകൾ മൌര്യനെ ഉപേക്ഷിച്ചു നമ്മെ വന്നാശ്രയിക്കുന്നുണ്ടു്, നാം ഇപ്പോൾ സൈന്യസമേതം അങ്ങോട്ടു ചെന്നാക്രമിക്കയാണെങ്കിൽ ജയവും ജനങ്ങളും നമ്മോടു ചേരുന്നതിൽ രണ്ടുപക്ഷമില്ല. കഷ്ടം! എന്റെ ഉപേക്ഷ ചില്ലറയല്ല. എന്റെ അച്ഛനെ അവർ ചതിച്ചു കൊന്നിട്ടു് ഇപ്പോൾ പത്തു മാസം കഴിഞ്ഞിരിക്കുന്നു."

"മാറിൽത്തച്ചിട്ടു പൊട്ടീടിന മണിവലയം
ഭ്രഷ്ടമാമുത്തരീയം
പാരം ഹാഹേതി ദീനസ്വരമവനിരജോ-
രൂക്ഷമാം ചൂർണ്ണകേശം
പാരാതെന്നമ്മമാർക്കീവിധമഴലിലെഴു-
ന്നോരവസ്ഥാന്തരം ഞാൻ
വൈരിസ്ത്രീകൾക്കു ചേർത്തേ ഗുരുവിനിനി നിവാ
പോദകം നല്കയുള്ളൂ."

എന്നിപ്രകാരം അതിഘോരപ്രതിജ്ഞചെയ്തു് അലസനായിരിക്കുന്ന എന്നെ ഇപ്പോൾത്തന്നെ ജനങ്ങൾ പഴിക്കുന്നുണ്ടായിരിക്കും. അതുകൊണ്ടു്,

"ശൂരർക്കു ചേരുമൊരു ഭാരമെടുത്തെതൃത്തു
പാരിട്ടു താതഗതമാം വഴിപോകയെന്നോ

പാരാതെ മാതൃനയനങ്ങളിൽനിന്നു ബാഷ്പം
വൈരിപ്രിയാക്ഷികളിലേക്കു നയിക്കുമയാ"

ഞാൻ ചെയ്യാതെ ഇനി അടങ്ങുന്നതല്ല. അതിനു് അമാത്യരാക്ഷസൻെറ സഹായം വളരെ ഉതകുന്നതുമാണു്. ഏതായാലും നമുക്കും അമാത്യൻെറ ഗൃഹത്തിലേയ്ക്കു പോയി ഈ സംഗതിയെക്കുറിച്ചു ഗാഢമായി ആലോചിക്കണം. അദ്ദേഹം തലവേദനയായിരിക്കുയുമാണല്ലോ. അതിനാൽ സുഖക്കേടന്വേഷിക്കയും ചെയ്യാം. പോകതന്നെ.

യഥാവസരം ഉത്തേജിതഹൃദയനായ മലയകേതു ഭാഗുരായണനോടൊരുമിച്ചു രാക്ഷസഭവനത്തിലേയ്ക്കു യാത്രയാരംഭിച്ചു. ആ അവസരത്തിൽ കുസുമപുരവൃത്താന്തമറിവാൻ രാക്ഷസനാൽ നിയുക്തനായിരുന്ന കരഭകൻ എന്ന ദൂതൻ രാക്ഷസഗൃഹത്തിൽ വന്നുചേൎന്നു. കാൎയ്യാലോചന നിമിത്തം തലവേദന പിടിപെട്ടു കിടന്നിരുന്ന മന്ത്രിസത്തമൻ തൻെറ ചാരൻെറ വരവിനെക്കുറിച്ചു കേട്ടപ്പോൾ അയാളെ മന്ത്രശാലയിൽ കൂട്ടിച്ചു കൊണ്ടുവരുവാൻ ആജ്ഞാപിച്ചിട്ടു കാൎയ്യസ്ഥനായ ശകടദാസനുമൊരുമിച്ചു് അങ്ങോട്ടുപോയി. അപ്പോൾത്തന്നെ രാജകുമാരനും മന്ത്രിയും അവിടെ എത്തി. ആതുരനായ അമാത്യൻ എവിടെയെന്നു ചോദിച്ചതിനു മന്ത്രശാലയിലാണെന്നു പറകയാൽ അവർ അങ്ങോട്ടു ചെന്നു. എന്നാൽ വാതിൽ ദൃഢമായി ബന്ധിച്ചിരുന്നതുകൊണ്ടു വെളിയിൽ നിന്നതേയുള്ളൂ. ഉടനെ അകത്തുനിന്നു അമാ

ത്യൻ കരഭകനോടു കസുമപുരത്തിലുള്ള വൃത്താന്തം പറവാനാവശ്യപ്പെട്ടു. രാജകുമാരനും ഭാഗുരായണനും "ഇറപ്പുത്തു്"നിന്നു് ഇവരുടെ സംഭാഷണം കേട്ടുകൊണ്ടിരുന്നു. ഭാഗുരായണൻ ചാണക്യനാൽ ചതിവിലേയ്ക്കു നിയുക്തനാണെങ്കിലും ശുദ്ധാത്മാവായ രാജകുമാരൻെറ പ്രവൃത്തി ഉചിതമായില്ലെന്നും നമുക്കു തോന്നും. എന്നാൽ,

"അരചനൊടോരോന്നരിക-
ത്തുരചെയ്യും സചിവർ മന്ത്രഭംഗഭയാൽ
പരമത്തു മററൊരു വിധമായ്
പൊരുളും വിവരിക്കും രഹസ്യസല്ലാപെ"

എന്നോർത്തിട്ടായിരിക്കാം അദ്ദേഹവും പതുങ്ങി നില്പാൻ നിശ്ചയിച്ചതു്. ഉടനെ അകത്തുനിന്നു മന്ത്രിചോദ്യം തുടങ്ങി.

രാക്ഷസൻ—കരഭകാ! താൻ കുസുമപുരത്തിൽവെച്ചു സ്തനകലശൻ എന്ന വൈതാളികനെ കണ്ടുവോ?

കരഭകൻ—ഉവ്വു്.

രാ—ആട്ടെ, കാര്യം സാധിച്ചുവോ?

കര—അമാത്യൻെറ നയവും ഭാഗ്യവും കൊണ്ടു സാധിച്ചു.

മലയകേതു— (പുറത്തുനിന്നു ഭാഗുരായണനോടു സ്വകാര്യമായി) സഖെ ഭാഗുരായണ! എന്താണിയ്യാൾ സാധിക്കാനുത്സാഹിച്ച കാര്യം?

ഭാഗുരായണൻ—മന്ത്രിമാർ മന്ത്രതന്ത്രശാലികളും അഗാധബുദ്ധികളുമാകയാൽ ഇത്രമാത്രം കേട്ടതുകൊ

ണ്ടു തീച്ച്യയാക്കുവാൻ പാടില്ല. വരട്ടെ; ശ്രദ്ധിച്ചു മുഴുവൻ കേൾക്കാം.

രാക്ഷ—വിസ്തരിച്ചു പറയൂ. കേൾക്കട്ടെ.

കര—അമാത്യൻെറ നിയോഗമനുസരിച്ചു ഞാൻ ഒരു ഗതിയുടെ വേഷത്തിൽ കുസുമപുരിയിൽ ചെന്നു സ്തനകലശനെക്കണ്ടു ചാണക്യൻ രാജാവിനോടു പിണങ്ങുമ്പോൾ അയാൾ രാജാവിനെ വളരെ സ്തുതിക്കണമെന്നു് അമാത്യൻ പറഞ്ഞയച്ചിരിക്കുന്നതായി അയാളെ അറിയിച്ചു.

രാ—അവൻ അനുസരിച്ചായിരിക്കും. പിന്നെ?

കര—അതിനിടയ്ക്കു നന്ദാദിവധംകൊണ്ടു നിരുത്സാഹന്മാരായ പ്രജകളുടെ സന്തോഷത്തിനായിട്ടു രാജാവു കുസുമപുരത്തിൽ കൌമുദീമഹോത്സവമാഘോഷിക്കുന്നതിനു കല്പന കൊടുത്തു. ഇപ്രകാരമൊരുത്സവം വളരെക്കാലം കൂടീട്ടുണ്ടായതാകയാൽ ജനങ്ങൾ അതിനെ സന്തോഷബഹുമാനപുരസ്സരം സ്വീകരിക്കയും ചെയ്തു.

രാ—(കണ്ണുനീരോടുകൂടി) ഹാ കഷ്ടം! സ്വാമിൻ നന്ദമഹാരാജാവേ! ലോകത്തിൽ എത്ര ചന്ദ്രന്മാർ ശോഭിച്ചാലും അങ്ങയെ കൂടാതെയുള്ള കൌമുദീമഹോത്സവം എന്തുതന്നെ?" എന്നു പറഞ്ഞു ദുസ്സഹദുഃഖത്തോടുകൂടി മോഹിച്ചുവീണു.

ശകടദാസനും കരഭകനുംകൂടി രാക്ഷസനെ താങ്ങിയെടുത്തു ശീതോപചാരങ്ങൾ ചെയ്തു. അതിനുശേഷം ആശ്വസ്ഥനായ മന്ത്രി ശിഷ്ടം പറയുന്നതിനു

കരഭകനോടാവശ്യപ്പെട്ടു.

കരഭകൻ— ജനങ്ങൾക്കു നയനാനന്ദകരമായിത്തീന്നിരുന്ന ആ മഹോത്സവം ജനസമ്മതംകൂടാതെ ചാണക്യൻ മുടക്കി. അതിനിടെ സ്തനകലശൻ മേന്നിയേറുന്ന ശ്ലോകങ്ങളെക്കൊണ്ടു രാജാവിനെ സ്തുതിച്ചു.

രാ—അങ്ങനെയാണല്ലോ വേണ്ടതു്. അവൻ ഉചിതജ്ഞനാണു്.

കര—എന്നിട്ടു് ആജ്ഞാലംഘനത്താൽ കുപിതനായ ചന്ദ്രഗുപ്തൻ അമാത്യൻെറ ഗുണഗണങ്ങളെപ്പററി ഒട്ടേറെ പ്രശംസിച്ചിട്ടു രുഷ്ടനായ ചാണക്യനെ അധികാരത്തിൽനിന്നു നീക്കിക്കളഞ്ഞു.

രാ—അങ്ങനെ വരാനേ വഴിയുള്ളു. ശിഷ്യക്കളും നിജകളിൽച്ചെന്നു നശിപ്പിച്ചാലതു സഹിക്കയില്ലവർ. "നരവരനരണ്ടോ പുനരാജ്ഞാഭംഗം സഹിച്ചു പാക്കുന്നു മനസി സന്തതം?" അതുകൊണ്ടു ചാണക്യനെ വെച്ചുകൊണ്ടിരിപ്പാൻ ചന്ദ്രഗുപ്തന്നു നിവൃത്തിയില്ല. വളരെ നന്നായി.

മല—ഭാഗുരായണ! അമാത്യൻെറ ഗുണപ്രശംസ ചെയ്തതുകൊണ്ടു മൌര്യന്നു് അദ്ദേഹത്തോടുള്ള പക്ഷപാതം പ്രത്യക്ഷമായി.

ഭാഗു—ഉവ്വു്. പക്ഷേ ഗുണപ്രശംസകൊണ്ടല്ല; ചാണക്യനെ അധികാരത്തിൽനിന്നു നീക്കിയതുകൊണ്ടാണു്.

രാക്ഷ—രാജാവു് ചാണക്യൻെറ നേരെ കോപി

പ്താൻ കൌമുദീമഹോത്സവം മുടക്കിയ കാരണം-
മാത്രമോ, അതോ വേറെ വല്ലതും കൂടിയുണ്ടോ?

മല—ചന്ദ്രഗുപ്തൻ ചാണക്യനോടു കോപിപ്പാനുള്ള കാരണം ഇത്ര സൂക്ഷ്മമായി തിരക്കിയറിഞ്ഞിട്ടിദ്ദേഹത്തിന്നെന്തു ഫലമാണ്.

ഭാഗു—കുമാര! ബുദ്ധിമാനായ ചാണക്യൻ പ്രയോജനംകൂടാതെ കോപിക്കുന്നതല്ല. കൃതജ്ഞനായ ചന്ദ്രഗുപ്തൻ ഇത്രമാത്രംകൊണ്ടു ഗൌരവം ലംഘിക്കയുമില്ല. എങ്ങനെയായാലും ചാണക്യചന്ദ്രഗുപ്തന്മാർ തമ്മിൽ മതിയായ കാരണം കൊണ്ടിടഞ്ഞെങ്കിൽ മാത്രമേ ആ വിരോധം നിലനില്ക്കയുള്ളു. അതിൻെറ നിശ്ചയം വരുത്താനാണ് അമാത്യൻെറ ശ്രമമെന്നു തോന്നുന്നു.

കര—ഇതുകൂടാതെ മുമ്പ് അവിടെനിന്നിടഞ്ഞുപോന്ന രാക്ഷസാമാത്യനേയും മലയകേതുവിനേയും ചാണക്യൻ വിട്ടുകളഞ്ഞു എന്നുള്ളതാണ പിന്നത്തെ കാരണം.

രാ—ശകടദാസാ! സന്തോഷിച്ചോളു. ഇപ്പോൾ ചന്ദ്രഗുപ്തനെൻെറ കയ്യിലായി.

ശകടദാസൻ—വാസ്തവംതന്നെ. ചന്ദനദാസൻെറ ബന്ധനമോചനവും അങ്ങയ്ക്കു ഭാര്യാപുത്രാദികളോടുള്ള സംയോഗവും ജീവസിദ്ധി മുതലായവരുടെ ബുദ്ധിമുട്ടിനുള്ള അവസാനവും അടുത്തു.

ഭാഗു—(ആത്മഗതം) ഒടുവിലത്തെ ഭാഗം ശരിയാണ്. ജീവസിദ്ധിയുടെ ബുദ്ധിമുട്ടു തീൎന്നുകഴിഞ്ഞു.

മല—സ്നേഹിതാ! "ഇപ്പോൾ ചന്ദ്രഗുപ്തനെൻെറ കയ്യിലായി" എന്നു് അമാത്യൻ എന്തു കാരണത്താലാണു സന്തോഷിക്കുന്നതു്?

ഭാഗു—മററൊന്നുമല്ല, ചാണക്യനിൽനിന്നു തെററിയിരിക്കുന്ന ചന്ദ്രഗുപ്തനെ സ്വാധീനമാക്കാൻ വളരെ എളുപ്പമുണ്ടെന്നുതന്നെ.

രാ—അധികാരഭ്രഷ്ടനായ ആ ചാണക്യവടു ഇപ്പോൾ എവിടെയാണു്?

കര—ആ പാടലീപുത്രത്തിൽതന്നെ താമസിക്കുന്നു.

രാ—(വ്യസനത്തോടെ) അവിടെത്തന്നെ ഇരിക്കുന്നേ ഉള്ളു, അല്ലേ? തപോവനത്തിലേയ്ക്കു പോകയോ പ്രതിജ്ഞ ചെയ്കയോ ഒന്നും ഉണ്ടായില്ലേ?

കര—താമസിയാതെ വനവാസത്തിനു യാത്രയുണ്ടെന്നു കേട്ടു.

രാ—(മുഖഭാവമാസകലം മങ്ങി) ശകടദാസാ! ഇതു ശരിയായി തോന്നുന്നില്ല.

"മന്നിൻ വാസവനായ ദേവനൊരുനാ-
ളഗ്രാസനം തന്നിൽ നി-
ന്നന്നാത്തള്ളിയിറക്കിയെന്നൊരവമാ-
നത്തെസ്സഹിക്കാത്തവൻ
തന്നത്താൻ നൃപനാക്കിവച്ചൊരുവിധം
വാഴിച്ചമൌര്യ്യങ്കൽനി-
ന്നിന്നിത്ഥം വെളിവായി വന്നൊരവമാ-
നത്തെപ്പൊറുത്തീടുമോ?

മല—സഖേ! കേട്ടില്ലേ? ചാണക്യൻ പ്രതിജ്ഞ

ചെയ്തിട്ടും വനവാസത്തിന്ന പോയിട്ടും അമാത്യ നെന്താണു വേണ്ടതു്?

ഭാഗു—കുമാരാ! ഇതറിവാൻ പ്രയാസമില്ല. മൌര്യൻ ചാണക്യങ്കൽനിന്നു് എത്രമാത്രം അകലുന്നുവോ, അത്രത്തോളം അമാത്യൻ അദ്ദേഹത്തോടടുക്കുകയില്ലേ?

രക—സ്വാമീ! ഇതിൽ ചേർച്ചയില്ലായ്കയൊന്നുമില്ല. വിചാരിച്ചുനോക്കൂ.

ചൂഡാരത്നാംശുചൂഴും നൃപശിരസി പദം
വച്ചു വാഴുന്ന മൌര്യൻ
കൂടെപ്പാർക്കുംജനം കല്പനയതു നിരസി-
ച്ചാൽപ്പൊറുക്കുന്നതാണോ?
കൌടില്യൻ ശുണ്ഠിയാനെങ്കിലുമതിവിഷമം
സാഹസേ കണ്ടുദൈവാൽ
ചേട്ടീസ്സത്യം കടന്നോനിനി വിഫലനയം
കൊണ്ടു ചെയ്കില്ല കൃത്യം.

രാ—ഇതങ്ങനെതന്നെയായിരിക്കാം. ഏതായാലും നമുക്കു വളരെ സന്തോഷം തന്നെ. കരഭകനു തക്കതായ സമ്മാനംകൊടുത്തു് അയാളെ വിശ്രമിപ്പിക്കതന്നെ.

ഇപ്രകാരം ചാരനേയും കാര്യസ്ഥനേയും യാത്രയാക്കിയ ശേഷം അമാത്യൻ രാജകുമാരനെ കാണ്മാനുള്ള ഔത്സുക്യത്തോടുകൂടിയിരുന്നു. മേൽപറഞ്ഞ സംഭാഷണം മുഴുവൻ കേട്ടുകൊണ്ടിരുന്ന കുമാരമലയകേതുവിനു രാക്ഷസനെപ്പററി പ്രബലമായ സം

ശയം ജനിച്ചു. അഭ്യഹത്തിൻെറ ബുദ്ധിബലത്തിനു പുറമേ ഭാഗുരായണൻെറ സന്ദർഭോചിതമായ വ്യാഖ്യാനങ്ങളും ഈ അഭിപ്രായത്തെ ദൃഢീകരിക്കുന്നതിനു വേണ്ടുവോളം സഹായിച്ചുവെന്നു പറയേണ്ടതില്ലല്ലോ. സംഭാഷണാവസാനമാകാറായപ്പോൾ ഭാഗുരായണൻ കുമാരനോടു കേട്ടതെല്ലാം വാസ്തവമാണെങ്കിലും ഇപ്പോൾ അതൊന്നും വെളിയിൽ കാട്ടരുതെന്നും പഴയപോലെ മാത്രമേ അമാത്യനുമായി പെരുമാറാവൂ എന്നും സന്ദർഭം വരുമ്പോൾ എല്ലാം യുക്തിപോലെ ചെയ്തുകൊള്ളാമെന്നും പ്രത്യേകം ചട്ടംകെട്ടി. അതനുസരിച്ചു കുമാരൻ അമാത്യൻെറ മുമ്പിൽ പ്രവേശിച്ചപ്പോൾ, ഭാവഭേദം കൊണ്ടു വിശിഷ്യ എന്തെങ്കിലുമുണ്ടായിട്ടുണ്ടെന്ന് ഊഹിപ്പാൻപോലും രാക്ഷസൻ അപ്രാപ്തനായിരുന്നു

ശകടദാസനും കരഭകനുംകൂടി വാതിൽ തുറന്നപ്പോൾ പുറത്തു രാജകുമാരനും മന്ത്രിയും നില്ക്കുന്നതു കണ്ടു. രണ്ടുപേരും വന്ദിച്ചു പോയതിനുശേഷം അവർ അകത്തു പ്രവേശിച്ചു. രാജോചിതമായ അകമ്പടി മുതലായതൊന്നും കൂടാതെ രാജകുമാരൻ പ്രധാനമന്ത്രിയോടൊന്നിച്ച് ഇപ്രകാരം ആഗതനായതിൽ രാക്ഷസൻ അല്പം അത്ഭുതസംഭ്രമങ്ങൾ പ്രദർശിപ്പിച്ചു. എങ്കിലും അപ്രതീക്ഷിതമല്ലാതിരുന്നതിനാലും സുഖക്കേടാണെന്നു കേട്ടു പരിഭ്രമിച്ചു വന്നതാണെന്നു രാജകുമാരൻ സമാധാനം പറകയാലും

രാക്ഷസനു വളരെ ആശ്വാസമുണ്ടായി. അനന്തരം യഥായോഗ്യം ആസനസ്ഥരായശേഷം കുമാരൻ പറഞ്ഞു.

മ—അവിടുത്തെ തലവേദന കുറേ ഭേദമുണ്ടോ?

രാ—കുമാരന്റെ പേരിനെ "മഹാരാജ" ശബ്ദംകൊണ്ടും ശിരസ്സിനെ മൌൎയ്യന്റെ കിരീടംകൊണ്ടും അലങ്കരിക്കുന്ന കാലത്തല്ലാതെ എന്റെ ഈ തലവേദനയ്ക്കു ശമനമുണ്ടാകുന്നതല്ല.

മല—ഈ കാൎയ്യം ആൎയ്യൻ ഏററിട്ടുള്ളതാകകൊണ്ടു് അത്ര പ്രയാസമുള്ളതായി തോന്നുന്നില്ല. എന്നാൽ നാം ഇങ്ങനെ സൈന്യങ്ങളേയും ശേഖരിച്ചു വെച്ചുകൊണ്ടു് എത്രകാലം ക്ഷമിച്ചിരിക്കണമെന്നാണുദ്ദേശിക്കുന്നതു്?

രാ—ഒരു പഴുതു കണ്ടിട്ടു് അടുക്കാമെന്നാണു വിചാരിച്ചിരുന്നതു്. അതിപ്പോൾ ആയിരിക്കുന്നു. ഇനി ജയിക്കാനായി പുറപ്പെടാം.

മല—അതെന്താണു്? ശത്രുക്കൾക്കിപ്പോൾ വിശേഷിച്ചു വല്ല ആപത്തും പിണഞ്ഞിട്ടുണ്ടോ?

രാ—ഉണ്ടു്. മന്ത്രിയില്ലാതെയായ ആപത്തുതന്നെ. ചന്ദ്രഗുപ്തൻ ചാണക്യങ്കൽനിന്നു തെററിയിരിക്കുന്നു.

മല—അമാത്യാ! മന്ത്രിദോഷം ഒരു രാജാവിനു് ആപത്തല്ലല്ലോ.

രാ—കുമാരാ! മററു രാജാക്കന്മാൎക്കു മന്ത്രിദോഷം ആപത്താവുകയില്ല. എന്നാൽ ചന്ദ്രഗുപ്തന്റെ

വിഷയത്തിൽ അതു അത്യാപത്താണ്.

മല—എന്നാൽ ചന്ദ്രഗുപ്തനെസ്സംബന്ധിച്ചിടത്തോളം തീരെ അപത്തല്ല. എന്തെന്നാൽ ചന്ദ്രഗുപ്തന്റെ രാജ്യാംശങ്ങൾക്കു ചാണക്യൻതന്നെയാണു വിരോധത്തിന്നു കാരണം. അയാളെ നീക്കിക്കളഞ്ഞാൽ മുമ്പുതന്നെ ചന്ദ്രഗുപ്തനിൽ രഞ്ജിച്ചിരിയ്ക്കുന്ന പ്രജകൾ ഇപ്പോൾ വിശേഷിച്ചും അദ്ദേഹത്തെ സ്നേഹിക്കും.

രാ—അങ്ങിങ്ങനെയാണു ധരിച്ചിരിക്കുന്നതു്, അല്ലേ? എന്നാൽ അങ്ങനെയല്ല വാസ്തവം. ഇപ്പോൾ ആ രാജ്യാംശങ്ങൾ ചന്ദ്രഗുപ്തപക്ഷ്യന്മാരും നന്ദകുലാനുരക്തന്മാരും ആയി രണ്ടുവകക്കാരാണ്. അതിൽ രാജപക്ഷത്തിലുള്ളവർക്കു ചാണക്യന്റെ ദോഷമാണു വിരോധത്തിന്നു കാരണം. മററക്കൂട്ടർക്കതല്ല. സ്വപിതാവിന്റെ വംശത്തിലുള്ള നന്ദകുലം മുഴുവൻ കൃതഘ്നനായ ഇവൻ നശിപ്പിച്ചല്ലോയെന്നുള്ള ശണ്ഠകൊണ്ടും ദ്വേഷംകൊണ്ടും ഇടഞ്ഞിട്ട് അവർ ഇപ്പോൾ അന്യാശ്രയമില്ലായ്കയാൽ ചന്ദ്രഗുപ്തനെത്തന്നെ സേവിക്കുകയാണ്. ശത്രുവിനെ ഉന്മൂലനാശം ചെയ്യാൻ തക്ക ശക്തിയുള്ള അങ്ങയെപ്പോലെ ഒരെതിരാളിയെ കിട്ടുമ്പോൾ അവർ വേഗം ഇങ്ങോട്ടുതന്നെ വന്നാശ്രയിക്കുമെന്നുള്ളതിന്നു ഞാൻതന്നെ ഒന്നാമത്തെ ദൃഷ്ടാന്തമല്ലേ?

മല—ആവട്ടെ നമുക്കു ഗുണമായിട്ട് ഈ മന്ത്രിദോഷം മാത്രമെയുള്ളോ?

രാ —വേറെ ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ; അതാണു സൎവ്വപ്രധാനം

മല—ഇതെങ്ങനെ സൎവ്വപ്രധാനമാകുന്നു? ചാണക്യനുപകരം മറ്റൊരുവനെ ആ സ്ഥാനത്താക്കീട്ടു് തന്റെ കാൎയ്യം വഴിയാകുംവണ്ണം നോക്കുവാൻ ചന്ദ്രഗുപ്തനു ശേഷിയില്ലെ? അദ്ദേഹം നല്ല നയജ്ഞനാണല്ലോ.

രാ—തന്റെ കാൎയ്യം തന്നത്താൻ നോക്കുന്നതിന്നു ശക്തിയുള്ള രാജാവിന്നു കുമാരൻ പറയുന്നതു പോലെ സാധിക്കും. പക്ഷെ സചിവായത്തസിദ്ധിയായിരിക്കുന്ന ചന്ദ്രഗുപ്തൻ കണ്ണില്ലാത്തവനെപ്പോലെ ലോകവ്യവഹാരങ്ങളൊന്നുമറിയാതെ ഇരിക്കുന്ന ആളുകകൊണ്ടു തന്നത്താൻ പ്രതിവിധിചെയ്യാൻ ഒരിക്കലും ശക്തനാകയില്ല. മുലകുടി മാറാത്ത കുട്ടികൾക്കു അമ്മ മരിച്ചാലുണ്ടാവുന്ന അവസ്ഥയാണിവിടെ ചന്ദ്രഗുപ്തനുള്ളതു്.

മല—(ആത്മഗതം) ഇയാൾ വെറെറിയാൽ എനിക്കു ഈയവസ്ഥ വരുമെന്നദ്ദേശിക്കുന്നുണ്ടോ എന്തോ? ദൈവാനുകൂല്യത്താൽ ഞാൻ സചിവായത്തസിദ്ധിയല്ലല്ലോ. (പ്രകാശം) ഇതു വാസ്തവമാണെങ്കിലും നേരിടുന്നതിന്നു വളരെ കാരണങ്ങളുണ്ടായിരിക്കെ സചിവവ്യസനം മാത്രമുള്ള ശത്രുവിനോടെതൃക്കുന്നവനു കാൎയ്യസിദ്ധി നിശ്ചിതമല്ലല്ലോ.

രാ—പക്ഷെ ഈ കാൎയ്യത്തിൽ കുമാരന്നു ജയം നിശ്ചയമെന്നുതന്നേ വിചാരിച്ചാലും.

എന്തുകൊണ്ടെന്നാൽ,

"പ്രൌഢശ്രീബലശാലി നീയെതൃനൃപൻ
നന്ദപ്രിയം തൽപ്പുരം
കൌടില്യൻ പണിവിട്ടുമാറിയകലെ-
പ്പുത്തൻ നൃപൻ മൌൎയ്യനും,
കൂടേ ഞാൻ—(ലജ്ജനടിച്ചിട്ടു)
വഴിചെൽകമാത്രമതിനായ്
സന്നദ്ധനെന്നേവമാ-
യിട്ടുമ്പോഴും ഭവദിച്ഛ തന്നെ തടവീ
നമ്മൾക്കു കാൎയ്യങ്ങളിൽ"

മല—അതിനാൽ എതൃക്കാനുള്ള കാലമായെന്നാണു് തോന്നുന്നതെങ്കിൽ ഇനി അമാന്തിച്ചിട്ടുകാൎയ്യമില്ല. ഉടൻതന്നെ പട പുറപ്പാടിനുള്ള മുഹൂൎത്തം നിശ്ച യിച്ചു് വേഗത്തിൽ എല്ലാം ചട്ടംകെട്ടിക്കൊള്ളുക.

ഇങ്ങനെ ആജ്ഞാപിച്ചിട്ടു ഭാഗുരായണനോ ടൊരുമിച്ചു മലയകേതു പോയി. അനന്തരം രാക്ഷ സാമാത്യൻ ഒരു ഭൃത്യനെ വിളിച്ചു ക്ഷപണകനെ കൂട്ടിക്കൊണ്ടു വരുവാനയച്ചു. ആവശ്യപ്രകാരം ജീ വസിദ്ധി അദ്ദേഹത്തിന്റെ മുമ്പിൽ വന്നഉടൻ പടപുറപ്പാടിനുള്ള മുഹൂൎത്തം നിശ്ചയിക്കാനാണു വരുത്തിയതെന്നദ്ദേഹം പറഞ്ഞു ക്ഷപണകൻ കു റെ കവടികൾ നിരത്തി അതുകളെ ഭക്തിപൂൎവ്വം കുറെ നേരം ചുഴററിയിട്ടു് ഒരു പിടി വാരി വേറെ വച്ചു ചില കണക്കുകൾ കവടികൊണ്ടും വിരൽകൊണ്ടും നോക്കിയശേഷം അയാൾ പറഞ്ഞു. ഇന്നുച്ചമുതൽ

പൂൎണ്ണചന്ദ്രനോടുകൂടിയ വാവിൻെറ ഏഴഭാഗം കഴിഞ്ഞതിനുമേൽ പരിശുദ്ധമായുള്ള ഒടുവിലത്തെ ഭാഗവും തെക്കൻദിക്കിലേയ്ക്കുള്ള നക്ഷത്രവുമാകയാൽ വടക്കൻ ദിക്കിൽനിന്നു നിങ്ങൾക്കു തെക്കോട്ടു പുറപ്പെടുവാൻ ശുഭം. അത്രതന്നെയല്ല,

"ചണ്ഡകരണസ്തമിച്ചാ-
മണ്ഡലപരിപൂൎണ്ണചന്ദ്രനുമുദിക്കെ,
ബുധലഗ്നത്തിൽപോകാം
കേതുവുദിച്ചസ്തമിക്കുമ്പോൾ"

രാ— എന്താണസംബന്ധം പറയുന്നതു്? തിഥിതന്നെ നന്നല്ലല്ലോ. വാവുന്നാൾ ശുഭകാൎയ്യത്തിനായി പുറപ്പെടുക പതിവില്ല.

ക്ഷപ— ആൎയ്യ! അങ്ങനെയല്ല. ജ്യൗതിഷം പ്രമാണത്തെ അടിസ്ഥാനമാക്കീട്ടുള്ളതാണ് പ്രാമാണികന്മാൎക്കുണ്ടാകുന്ന അഭിപ്രായഭേദത്തിനു മററുള്ളവർ ഉത്തരവാദികളാകയില്ല. നോക്കു.

"ഒരുഗുണമേയുള്ളു തിഥി
ക്കരിയൊരു നാളിന്നു നാലുഗുണമുണ്ടു്;
അറുപത്തുനാലുലഗ്നേ
ശരിയായി ജ്യൗതിഷത്തിലിതു കാൺമൂ
നന്നാകും ദുർല്ലഗ്നമ-
തെന്നാലും സൗമ്യഖേടദൃഷ്ടിവശാൽ
ഇന്നിഹ ദീൎഘായുസ്സും
ചന്ദ്രബലത്തിൽഗ്ഗമിപ്പവന്നുണ്ടാം"

രാ— ശരിയായിരിക്കാം. പക്ഷെ മഹാന്മാൎക്കും പിഴ

ച്ചുകൂടെന്നില്ലല്ലൊ. അതിനാൽ അങ്ങേക്കും തെററിപ്പോകാവുന്നതല്ലേ? വേറെ വല്ലവരോടുംകൂടി ഒന്നാലോചിച്ചുകളയൂ.

ക്ഷപ—അവനവൻെറ അഭിപ്രായത്തിൽ വിശ്വാസമില്ലാത്തവനല്ലെ അന്യനുമായി ആലോചിപ്പാൻ പോവൂ. ഞാൻ എൻെറ അഭിപ്രായം സ്ഥിരപ്പെടുത്തി പറഞ്ഞതാണു്. അതിനാൽ എനിക്കിനി ആലോചിക്കേണ്ട കാര്യമില്ല നല്ല വിശ്വാസം വന്നില്ലെങ്കിൽ അങ്ങുതന്നെ പോയി ആലോചിച്ചോളൂ. അല്ലെങ്കിൽ തന്നത്താൻ കവടി ഉപയോഗിച്ചോളൂ, ഞാൻ പേണു

രാ—ഏഏ, മുഷിഞ്ഞുപോകയാണൊ?

ക്ഷപ—"ഞാൻ അങ്ങയോടെന്തിനു മുഷിയുന്നു? എനിക്കു മുഷിച്ചലില്ല. അഭിപ്രായവ്യത്യാസമുള്ളിടത്തു ഞാൻ ഇരിക്കയില്ല. അങ്ങയ്ക്കുന്നേക്കൊണ്ടിനി കാര്യമൊന്നുമില്ല. സ്വപക്ഷം വെടിഞ്ഞു് അപരപക്ഷം പ്രമാണമാക്കിയ മഹാത്മാവായിരിക്കുന്ന അങ്ങയുടെ ഉദ്ദേശ്യം അചിരേണ സാധിക്കട്ടെ." എന്നു പറഞ്ഞു ഭദന്തൻ കുപിതനായി ഇറങ്ങിപ്പോയി. ക്ഷപണകൻെറ അഭിപ്രായപ്രകടനത്തിൽ ഒടുവിലത്തെ ഭാഗം രാക്ഷസൻെറ ഹൃദയമർമ്മത്തിൽത്തന്നെ കൊണ്ടു. "എങ്കിലും ജീവസിദ്ധി സ്വപക്ഷ്യനാണല്ലൊ എന്നു രണ്ടാമത്തെ ആലോചനയിൽ തോന്നിയതിനാൽ അത്ര വകവെച്ചില്ല. തങ്ങളുടെ അഭിപ്രായത്തിനെതിര

ഭിപ്രായം പുറപ്പെട്ടമ്പോൾ കോപിക്കുകയെന്നതു ക്ഷപണകന്മാരുടെ ജാതിസ്വഭാവമാണെന്നും കുറെ കഴിഞ്ഞു വീണ്ടുവിചാരമുണ്ടാകുമ്പോൾ തിരിയെ വരുമെന്നും അതിനാൽ ജീവസിദ്ധി പിണങ്ങിപ്പോയതിനെപ്പററി തല്ക്കാലം അത്ര ഗൌനിക്കേണ്ടതില്ലെന്നും സമാധാനം വിചാരിച്ചിട്ട് അമാത്യനും ദിനകൃത്യങ്ങൾക്കായി പോയി.

## ൭-ാം അദ്ധ്യായം

പിറേറദിവസം പ്രഭാതമായി. ഉദയസൂര്യന്റെ കിരണങ്ങൾ രാജധാനിയിൽ അതി മനോഹരമായി പ്രകാശിച്ചുതുടങ്ങിയപ്പോൾ സൈന്യങ്ങൾ പുറപ്പെട്ടുകൊള്ളുന്നതിനു പ്രധാന സേനാനായകനായി ശിഖരസേനന്റെ ആജ്ഞ അനുസരിച്ചു കാഹളശബ്ദം മുഴങ്ങുന്നതു കേൾക്കാറായി. അതിനെത്തുടൎന്നു ഭേരി മുതലായ വാദ്യഘോഷങ്ങളും ജയജയശബ്ദഘോഷങ്ങളും കൂടി സൈന്യത്തിന്റെ പുറപ്പാടും ആരംഭിച്ചു. സ്വൎണ്ണമയമായ ഒരു രഥത്തിൽ ആരോഹണം ചെയ്തിരിക്കുന്ന മലയകേതു വിശ്വസ്തമന്ത്രിയായ ഭാഗുരായണനാൽ അനുഗതനായി അകമ്പടിക്കാരോടുകൂടി മദ്ധ്യഭാഗത്തു ശോഭിച്ചു. അദ്ദേഹത്തിന്റെ അടുത്തുതന്നെ അതിവിശേഷമായ ഒരു ആനപ്പുറത്തു കയറി തന്റെ വാളും ഇളക്കിക്കൊണ്ടു രാക്ഷസനുമുണ്ടായിരുന്നു. ആന, കുതിര, തേര്, കാലാൾ എന്നിങ്ങനെ

പഴയ സമ്പ്രദായത്തിലുള്ള ചതുരംഗസൈന്യങ്ങളും അതിവിശേഷമായി അലങ്കരിച്ച് ആ കൂട്ടത്തിൽ കാണാമായിരുന്നു. മ്ലേച്ഛസേനയെ കൂടാതെ അവരുടെ സഹായത്തിന്ന ശകന്മാർ, പാരസീകന്മാർ ഇവരും ചാണക്യപക്ഷ്യന്മാരായി ചതിപ്പാനൊരുങ്ങിയിരിക്കുന്ന ഭദ്രഭടാദികളും മലകകേതുവിൻെറ ഉററ ബന്ധുക്കളായ പഞ്ചരാജാക്കളും ശകടദാസൻ സിദ്ധാർത്ഥകൻ ഇവരും സേനാധിപതിയായ ശിഖരസേനനും എല്ലാവരുംകൂടി ഘോഷയാത്രയായി പുറപ്പെട്ടു.

ഇവർ ഇപ്രകാരം പോയി പുഷ്പപുരം അടുക്കാറായപ്പോൾ അവിടെ പാളയമുറപ്പിക്കുന്നതിന്ന ഭാഗുരായണൻെറ ഉപദേശപ്രകാരം രാജകുമാരൻ സേനാനിയോടു കല്പിച്ചു. സൈന്യമെല്ലാം രാജാവിൻെറ കൂടാരത്തിന്ന ചുററം പാളയമടിച്ച് ഉറപ്പായി കിടന്നതിന്നശേഷം ഭാഗുരായണൻ മലയകേതുവിൻെറ അടുക്കൽ ചെന്നു വിനീതനായ് അറിയിച്ചു. "കുമാര! നാം കുസുമപുരപ്രാന്തങ്ങളിലണഞ്ഞിരിക്കുന്നു. ഇതു വളരെ സൂക്ഷിക്കേണ്ട ഒരു ഘട്ടമാണ്. ചാണക്യൻെറ കൌശലങ്ങളറിവാൻ വളരെ പ്രയാസം. അദ്ദേഹത്തിൽനിന്നു ചതിപററാൻ എളുപ്പമുണ്ട്. എന്തുകൊണ്ടെന്നാൽ ആ മഹീസുരൻെറ ചാരന്മാർ എല്ലാ സമയത്തും സഞ്ചരിച്ചുകൊണ്ടിരിക്കും. ഇതിൽകൂടെക്കൂടി ഒരു വിശേഷമുള്ളത് ആ ചാരന്മാർ തമ്മിൽ അന്യോന്യം അറികയില്ലെന്നുള്ളതാണ്. സംഗതികൾ ഇങ്ങനെ ഇരിക്കകൊണ്ടു നമുക്കു ഒരു നിശ്ച

യം ചെയ്യേണ്ടതായിട്ടുണ്ടു്. കുമാരൻെറ കല്പനയാവട്ടെ, വേറെ ആരുടെയെങ്കിലും നിർദ്ദേശമാവട്ടെ, സ്വീകരിച്ചുകൊണ്ടു പാളയത്തിലേയ്ക്കു പ്രവേശിക്കയൊ പാളയത്തിൽനിന്നു പോകയൊ ചെയ്യുന്നവർ എൻെറ മുദ്ര വാങ്ങിച്ചുകൊണ്ടല്ലാതെ അങ്ങനെ ചെയ്യാൻ പാടില്ല. ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്യാതിരുന്നാൽ അപകടത്തിൽ ചാടുന്നതിനു എളുപ്പമുണ്ടു്. ശിഷ്ടം കല്പനപോലെ" ഭാഗുരായണൻെറ അഭിപ്രായം കുമാരൻ ശരിവെയ്ക്കുയും അതിനെക്കുറിച്ചു വളരെ പ്രശംസിക്കയും ചെയ്തു.

...ISLAM HIGH S...
18-7-58

രാജാജ്ഞയാ ഭാഗുരായണമന്ത്രി ദീൎഘാക്ഷനെന്നവനെ വിളിച്ചു പാളയത്തിനു നാലുപുറത്തും ഊർജ്ജിതമായി കാവൽക്കാരെ നിയമിക്കുന്നതിനും അതിൻെറ മേൽനോട്ടം അയാൾതന്നെ വഹിക്കുന്നതിനും ചട്ടംകെട്ടി. അനന്തരം ഇങ്ങനെ ഉപദേശിക്കയും ചെയ്തു. "കടകത്തിൽനിന്നു വെളിയിലേക്കൊ കടകത്തിലേക്കൊ പ്രവേശിക്കുന്ന ആൎക്കും എൻെറ അനുമതിപ്പത്രമുണ്ടായിരിക്കണം. അതില്ലാത്തവൻ ആരായാലും ഉടനെ പിടിച്ചു് എൻെറ മുമ്പിൽ ഹാജരാക്കണം." ദീൎഘാക്ഷനെ പറഞ്ഞയച്ചശേഷം രാജകുമാരൻ സ്വന്തകൂടാരത്തിലേയ്ക്കു പോയി. ഇപ്പോൾ മന്ത്രിയുടെ കൂടാരത്തിൽ ഭാഗുരായണൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ചാണക്യനിയോഗം അനുഷ്ഠിപ്പാൻ ബദ്ധകങ്കണനായിരുന്നെങ്കിലും ഭാഗുരായണൻ ഹൃദയനൈർമ്മല്യം തീരെ ഇല്ലാത്തവനല്ലായിരുന്നു. ഓ

രോ പ്രവൃത്തികഠം സ്വാമിയുടെ നിയോഗമനുസരി ച്ചും സ്വന്ത യുക്തിപ്രകാരവും മലയകേതുവിനെ കട്ടുകന്നതിനായി അയാഠം ചെയ്തുവെങ്കിലും അത് തൻെറ അത്യുച്ചസ്ഥാനം ആസന്നമായ ഈ സമയത്തു—വേറെ ആരും തന്നെ ഉപദേശിക്കുന്നതിനോ കുററപ്പെടുത്തുന്നതിനോ ഇല്ലാതിരുന്ന ഈ സമയത്ത്— അയാഠം തൻെറ ഹൃദയത്തെ പരിശോധിക്കുവാൻ തുടങ്ങി.

മനുഷ്യർ ദൈവപരീക്ഷയിൽ പെട്ടു കുഴങ്ങുന്നു എന്നു ചിലരും, അതല്ല പിശാചിൻെറ അടിമത്തത്തിൽ പെട്ടു വലയുന്നു എന്നു മററു ചിലരും, ഇതൊന്നുമല്ല മനുഷ്യഹൃദയം അശക്തവും മൃദുവുമാകയാൽ പുറമേയുള്ള പ്രകൃതിയുടെ വിവിധശക്തികളാൽ ആകൃഷ്ടരായിട്ട് ഓരോ വഴികളിൽ യഥേഷ്ടം വിഹരിക്കുകയാണെന്നു പിന്നെച്ചിലരും ഉൽഘോഷിക്കുന്നുണ്ട്. ഇതിൽ ഏതാണു ശരിയെന്നുള്ള തത്വാന്വേഷണത്തിന്നു് ഇവിടെ തുനിയുന്നില്ല. എന്നാൽ ഏതുപ്രകാരമായാലും തല്ക്കാലമുണ്ടായ ക്ഷോഭങ്ങളനുസരിച്ചു മനുഷ്യർ പ്രവൎത്തിക്കുന്നുണ്ടെന്നും, ഈശ്വരശക്തിയാലോ പ്രകൃതി ശക്തിനിമിത്തമോ അഥവാ മററതെങ്കിലും യദൃച്ഛാസംഭവഹേതുകമായോ, തീരെ കെട്ടുപോകാത്ത ഹൃദയങ്ങളിൽ വാസ്തവനിഴൽ പ്രതിഫലിക്കുമെന്നും ആയതു മിക്കവാറും നാം തനിച്ചിരിക്കുമ്പോഠം ആയിരിക്കുന്നതിനാൽ അവ ഹൃദയാന്തൎഭാഗത്തുനിന്നു പുറപ്പെടുന്ന പരമാൎത്ഥവിചാരങ്ങ

ളായിരിക്കുമെന്നും ഉള്ളതു നിൎവ്വിവാദമാണ്. ചിലപ്പോഠം ഇങ്ങനെ സംഭവിക്കുന്നതു് ഓരോ ദുൎമ്മോഹങ്ങഠം പ്രമാണിച്ചു നാം ഓരോ അപകടങ്ങളിൽ ചെന്നു ചാടുകയും ഏതെങ്കിലും വിധത്തിൽ അവ നമ്മുടെ ഉദ്ദേശ്യത്തിനെതിരായി പരിണമിച്ചു ഭയം എന്ന വികാരം ഹൃദയത്തെ ബാധിക്കയും ചെയ്യുമ്പോളായിരിക്കാം. ചിലപ്പോഠം അങ്ങനെയല്ലാതെയും വരാം. ഭാഗുരായണനെ സംബന്ധിച്ചിടത്തോളം ഇതു കേവലം ഭയംകൊണ്ടല്ല, മററു കാരണങ്ങഠം കൊണ്ടാണെന്നുള്ളതു നിസ്തൎക്കമത്രെ. അയാളുടെ വിചാരങ്ങളെന്തെല്ലാമായിരുന്നു എന്നു നമുക്കാരായ്ക തന്നെ.

"കഷ്ടം! കഷ്ടം! ശുദ്ധനായ മലയകേതു എന്നെ സൎവ്വാധികാരവുമേല്പിച്ചു് എന്നിൽത്തന്നെ വിശ്വസിച്ചുകൊണ്ടാണിരിക്കുന്നതു്. ഞാൻ അദ്ദേഹത്തെ ചെന്നു കണ്ട ഉടൻതന്നെ എന്റെ വാക്കു മാത്രം പ്രമാണമാക്കി എന്നെ പ്രധാനമന്ത്രിയായി നിയമിച്ചു. അതിനുശേഷം എന്റെ ആജ്ഞതന്നെ രാജാവു മുതൽ ശിപായി വരെ അനുസരിച്ചുപോരുന്നുമുണ്ടു്. അപ്രകാരം എന്നെ വിശ്വസിച്ചുകൊണ്ടിരിക്കുന്ന കുമാരനെ എങ്ങനെ ചതിക്കും? വിശ്വാസവഞ്ചനം ചെയ്യുന്നതിൽപരം കഷ്ടം മറെറാന്നുമില്ല. എന്നാൽ അദ്ദേഹത്തോടു ചെന്നു പരമാൎത്ഥം മുഴുവൻ വെളിപ്പെടുത്താമെന്നു വച്ചാൽ അതിനുള്ള കാലം കഴിഞ്ഞു. ഞാൻതന്നെ പലതും ചെയ്തിട്ടുണ്ടു്.

അത്രമാത്രമല്ല, ചാണക്യന്റെ നിയോഗമനുഷ്ഠിക്കാതിരുന്നാൽ ജീവനോടുകൂടിയിരിക്കുന്ന കാൎയ്യം സാദ്ധ്യമല്ല. കൂടാതെ ഞാൻ തെററിക്കുന്ന വഴി ശരിയാക്കി താൻ ഉദ്ദേശിച്ച കടവിൽതന്നെ അടുക്കുന്നതിന്നു വേണ്ട ബുദ്ധിസാമൎത്ഥ്യം ചാണക്യനുണ്ടെന്നും എത്രയോ പ്രാവശ്യം ഞാൻതന്നെ കണ്ടറിഞ്ഞിരിക്കുന്നു. അദ്ദേഹം നിശ്ചയിച്ചിരിക്കുന്ന പ്രകാരമല്ലാതെ കാൎയ്യങ്ങൾ സംഭവിക്കയില്ലെന്നു നിശ്ചയമുള്ള സ്ഥിതിക്ക് അതിനു ഭംഗം ചെയ്യാൻ നിവൃത്തിയില്ലാത്ത ഞാൻ നിരുപയോഗമായി അദ്ദേഹത്തിന്റെ കോപത്തിനും എന്റെ ജീവഹാനിക്കും പാത്രീഭവിക്കുന്നതെന്തിന്? അതിനാൽ "സൎവ്വവുമുപേക്ഷിച്ചുമാത്മാവെ രക്ഷിക്കണം" എന്ന പ്രമാണം അംഗീകരിക്കയേ ഇനി നിവൃത്തിയുള്ളു. സാധ്വാത്മാവായ കുമാരന്ന് അദ്ദേഹത്തിന്റെ മനശ്ശുദ്ധിമൂലം ആപകടമൊന്നും പിണയാതിരിക്കട്ടെ അല്ലെങ്കിൽ 'വിധിവിഹിത"മാണെന്നുവെച്ചു സമാധാനപ്പെടാം. അല്ലെങ്കിൽ,

തുഷ്ട്യാ തൻ തറവാടു, നാണമഭിമാ-
നം, കീൎത്തിയെല്ലാം മറ-
ന്നിട്ടാനശ്വരമാം ധനത്തിനുടലും
ദ്രവ്യസ്ഥനായ് വിററുടൻ
ഇഷ്ടാനിഷ്ടവിചാരമറ്റുമതു വിട്ടോ-
രൊന്നവൻ ചൊൽവതും.

കേട്ടുംകൊണ്ടു പരന്റെ പാട്ടിൽ മരുവു -
ന്നോനെന്തിതോൎക്കുന്നതും?"

എന്നിങ്ങനെ സമാധാനിച്ച് അദ്ദേഹം രാത്രി കഴി ച്ചുകൂട്ടി.

പിറേറ ദിവസം രാവിലെ മുദ്രക്കായി ആരെങ്കി ലും വന്നാൽ അവരെ തന്റെ മുമ്പിൽ കൂട്ടിച്ചുകൊ ണ്ടുവരുവാനായി തവണക്കാരനു കല്പന കൊടുത്തിട്ടു ഭാഗുരായണൻ തന്റെ കൂടാരത്തിൽ സ്വസ്ഥമായി രിക്കുമ്പോൾ മലയകേതുവും അവിടെ വന്നുചേൎന്നു. രാക്ഷസൻ ചതിക്കുമെന്നു ശങ്കയുണ്ടായപ്പോൾ മുതൽ തനിക്കു വളരെ വല്ലായ്മ തോന്നിത്തുടങ്ങിയിരിയ്ക്കുന്നു വെന്നും തന്റെ ആ ശങ്ക അസ്ഥാനത്തിലാവാൻ മാൎഗ്ഗമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു വെന്നും കുമാരൻ പറഞ്ഞു. അപ്പോൾ ഭാഗുരായണൻ ഏതായാലും തല്ക്കാലം പരിഭ്രമിക്കേണ്ടതില്ലെന്നും സൈന്യം രാജധാനി വളയുമ്പോൾ എല്ലാം അറിയാ റാവുമെന്നും അതേവരെ സൂക്ഷ്മതയോടെ ഇരുന്നാൽ മതിയെന്നും പറഞ്ഞു കുമാരനെ ആശ്വസിപ്പിച്ചു. ഉടനെ ഒരു ഭടൻ പ്രവേശിച്ചു. ക്ഷപണകൻ, ഭദ ന്തൻ മുദ്ര കിട്ടാനായി കാത്തുനില്ക്കുന്നു എന്നറിയിച്ചു. മന്ത്രിയുടെ അനുവാദപ്രകാരം അയാൾ അവരുടെ മുമ്പിൽ പ്രവേശിച്ചപ്പോൾ "എന്താണ്? അമാ ത്യന്റെ നിയോഗപ്രകാരം വല്ല സ്ഥലത്തും പോക യാണോ?" എന്നു ഭാഗുരായണൻ ചോദിച്ചു

ക്ഷപണകൻ—കഷ്ടം! രാക്ഷസന്റെയും പിശാചി

ൻേറയും പേരുകാം കേഠംക്കാത്ത ദിക്ക വല്ല സ്ഥല ത്തുമുണ്ടെങ്കിൽ അവിടെ പോകയാണ്.

ഭാഗു—പ്രണയകോപംകൊണ്ടല്ല, വാസ്തവമായിട്ടാണെങ്കിൽ പ്രാണസ്നേഹിതന്മാരായിരുന്ന നിങ്ങഠം തമ്മിൽ പിണങ്ങിയെന്നു തോന്നുന്നതിൻെറ കാരണം കേട്ടാൽ കൊള്ളാം. സ്വകായ്യമാണെങ്കിൽ വേണ്ട.

ക്ഷപ—സ്വകായ്യമല്ല. എങ്കിലും ആവശ്യമില്ലാത്തതെന്തിനു കേഠംക്കുന്നു? ചീത്ത കായ്യമാകകൊണ്ടു ഞാനതു പറകയില്ല.

ഭാഗു—എന്നാൽ ഞാൻ മുദ്ര തരികയുമില്ല.

ക്ഷപ—നിബ്ബന്ധമാണെങ്കിൽ പറയാതെ നിവൃത്തിയില്ലല്ലോ. പക്ഷേ രാജസന്നിധിയാകയാൽ—

മലയകേതു—ഒന്നും പേടിക്കേണ്ട; പറഞ്ഞുകൊഠംക.

ക്ഷപ—എന്തുചെയ്യാം! കേട്ടുകൊള്ളുക. നിർഭാഗ്യനായ ഞാൻ പാടലീപുത്രത്തിൽ പാക്കുമ്പോഠം രാക്ഷസനോട് ഇഷ്ടമായി. ആ കാലത്തുതന്നെ രാക്ഷസൻ ഗൂഢമായി എന്നേക്കൊണ്ട് ഒരു വിഷകന്യകയെ നിമ്മിപ്പിച്ചു പവ്വതേശ്വരനെ കൊല്ലിച്ചു.

മല—അച്ഛനെ കൊല്ലിച്ചതു ചാണക്യനല്ല, രാക്ഷസനാണല്ലേ?

ക്ഷപ—അതേയതേ. പിന്നെ രാക്ഷസൻെറ ഇഷ്ടനാണെന്നുള്ള കാരണം പ്രയോഗിച്ചു ചാണക്യൻ എന്നെ അവമാനിച്ചു നാട്ടിൽനിന്നു് ഓട്ടിക്ക

ളഞ്ഞു. ഇപ്പോഴും അനേകരാജ്യങ്ങളിൽ വ്യാപൃതനായിരിക്കുന്ന രാക്ഷസൻ വേറെ ഒരു കാര്യംകൂടി ചെയ്യുന്നതിന് എന്നെ നിർബ്ബന്ധിക്കുന്നു. പക്ഷേ, ഞാൻ അതിനു വഴിപ്പെട്ടില്ല. അതു ചെയ്താൽ ഞാൻ ജീവലോകത്തുനിന്നുകൂടി പുറത്തുപോകേണ്ടിവരും, ഞാൻ അതിന്നു തയ്യാറില്ലെന്നു പറഞ്ഞതുകേട്ട് അമാത്യൻ കോപിച്ചു എന്നോടെവിടെയെങ്കിലും പൊയ്ക്കൊള്ളുന്നതിന്നാജ്ഞാപിച്ചു. അതു ഹേതുവായി ആര്യൻ ദയവുചെയ്ത് എനിക്കു മുദ്ര തരുമാറാകണം.

ഭാഗു—അഹാ! ഇതു ബഹുകഷ്ടംതന്നെ. ആട്ടെ, വരൂ. ഇതാ മുദ്ര എന്നു പറഞ്ഞു മുദ്രകൊടുത്തു. ജീവസിദ്ധി മുദ്ര വാങ്ങിയിട്ട് "എല്ലാവരും നന്നായിരിക്കട്ടെ; മഹാരാജാവിനിഷ്ടസിദ്ധിയുണ്ടാവട്ടെ" എന്നാശീർവ്വദിച്ചുകൊണ്ടു പോകയും ചെയ്തു. അയാൾ പോയ ഉടനെ മലയകേതു പിതാവിനെക്കുറിച്ചു ദുഃഖിപ്പാനും രാക്ഷസനെ നിലയില്ലാത്ത അപരാധംകൊണ്ടു മൂടുവാനും തുടങ്ങി. കുമാരൻെറ ക്രോധം അടിക്കടി വർദ്ധിക്കുന്നതു കണ്ടിട്ടു ഭാഗുരായണൻ വിചാരിച്ചു. "രാക്ഷസൻെറ പ്രാണൻ രക്ഷിച്ചുകൊള്ളണമെന്ന് ആര്യൻ പ്രത്യേകം കല്പിച്ചിട്ടുള്ളതിനാൽ കുമാരൻെറ കോപാഗ്നി ഇതിലധികം വർദ്ധിപ്പിച്ചുകൂടാ. അല്ലെങ്കിൽ പിന്നെ എനിക്കുംകൂടി കെടുത്തുന്നതിന്നു സാധിക്കാതെ വരും. ആകയാൽ ഇദ്ദേഹത്തെ ഇപ്പോൾ സമാ-

ധാനപ്പെടുത്തുകതന്നെവേണം." അനന്തരം ഭാഗുരായണൻ മലയകേതുവിനോടു സാന്ത്വനവാക്യങ്ങൾ ഉപയോഗിച്ചുതുടങ്ങി. "കുമാരാ! നാം ഇപ്പോൾ യുദ്ധത്തിന്നായി കുസുമപുരിക്കു സമീപം എത്തിയിരിക്കുന്നു. ഒന്നാമതു്, ഇപ്പോൾ നമ്മുടെ ഇടയിൽത്തന്നെ പിശകുണ്ടാകുന്നതായാൽ സൈന്യങ്ങൾ ഇളകി വശമാവും; പിന്നീടവരെ സമാധാനപ്പെടുത്താൻ അതിപ്രയത്നംചെയ്താലും സാധിക്കാതെ വരും. അപ്പോൾ, നാം ഇതേവരെ ചെയ്തതെല്ലാം നിഷ്ഫലമാകയും ചെയ്യും. രണ്ടാമതു് ഉദ്ദിഷ്ടകാര്യസിദ്ധിക്കു കുസുമപുരത്തെപ്പററി പരിചയവും ജനരഞ്ജനയും പഴക്കവുമുള്ള ആളും നല്ല ഒരു യോദ്ധാവുമായ അമാത്യനെപ്പോലെ ഒരുവൻ ഉണ്ടായിരിക്കുന്നതു് എത്ര നല്ലതാണു്. എന്നുതന്നെയല്ല, അദ്ദേഹത്തിൻെറ ചതിപ്രയോഗങ്ങൾ കണ്ടറിയുന്നതുവരെവിശ്വാസം പൂർത്തിയാവുന്നതുമല്ല. മൂന്നാമതു് അക്കാലത്തെ സ്ഥിതിയെപ്പററി ഓർത്തുനോക്കൂ. വൃദ്ധനായ സർവ്വാർത്ഥസിദ്ധിയെ സിംഹാസനത്തിൽ വാഴിക്കാനായിരുന്നു അമാത്യൻെറ ശ്രമം. അതിനു നന്ദപൌത്രനേക്കാൾ വിദേശീയനായ കുമാരൻെറ പിതാവല്ലെ വലുതായ പ്രതിബന്ധം? ഇവിടെ നീതിശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ശത്രുമിത്രമദ്ധ്യസ്ഥരുടെ നിയമം അർത്ഥവശാലാണു്. അല്ലാതെ സാധാരണ ജനങ്ങളെപ്പോലെ അവനവനു തോന്നിയതല്ല. അതുകൊണ്ടു് അന്നു

രാക്ഷസൻ ഇതു ചെയ്തതു വലിയ ദോഷമായി-
പ്പറവാനില്ല.

"ചൊവ്വോടു ബന്ധുവിനെ വൈരിയതാക്കുമത്ഥം
കൈവന്നിടാൻ നയമരാതിയെ മിത്രമാക്കും
പൂർവ്വം കഴിഞ്ഞ കഥയോർമ്മ വരാത്തവർക്കും
ജീവിച്ചിരിപ്പവനു താൻ മറുജന്മമേകം?

അതിനാൽ രാക്ഷസനെ ഇപ്പോൾ കുററക്കാരനാക്കി-
ക്കൂടാ. നന്ദരാജ്യം സ്വാധീനമാവുന്നതുവരെ ബഹു-
മാനിക്കയും വേണം. പിന്നീടുള്ള കഥയെപ്പററി
ഞാൻ ഒന്നുംതന്നെ പറയുന്നില്ല. കുമാരൻെറ ഇഷ്ടം-
പോലെ അദ്ദേഹത്തെ അനുഗ്രഹിക്കയോ നിഗ്രഹി-
ക്കയോ ചെയ്തുകൊള്ളാം. അതിലേയ്ക്കു സ്വന്തമന-
സ്സാക്ഷിതന്നെ പ്രമാണം.

ഭാഗുരായണൻെറ ഈ ദീർഘോപന്യാസം മല-
യകേതുവിൽ അയാൾ ഉദ്ദേശിച്ച ഫലത്തെ ഉള-
വാക്കി. തല്ക്കാലം അയാളോടു സഹകരിച്ചു പ്രവ-
ർത്തിക്കുന്നതിനു രാജകുമാരൻ നിശ്ചയിച്ചു. ആ സ-
മയം ഒരു ഭടൻ പ്രവേശിച്ചു, മന്ത്രിയുടെ മുദ്രകൂടാതെ
ഒരുത്തൻ കള്ളനെപ്പോലെ പതുങ്ങി പാളയത്തിൽ
നിന്നു പോകാൻ ഭാവിച്ചതായും അവനെ കയ്യും-
കഴുത്തും കെട്ടി കൂടാരത്തിൽ ഹാജരാക്കിയിരിക്കുന്ന-
തായും ദീർഘാക്ഷൻ ബോധിപ്പിക്കുന്നു എന്നറിയിച്ചു.
ആജ്ഞാനുസരണം നീതനായ ആ ബന്ധനസ്ഥനെ
ബന്ധനമോചനം വരുത്തി അവനോടു മന്ത്രി ഇങ്ങി-
നെ ചോദ്യംചെയ്തു. "എടോ! താൻ ആരാണു്?

കള്ളനോ, ചാരനോ, അതോ വല്ലവരുടേയും ദൂതനോ?"

ബന്ധനസ്ഥനായിരുന്നവൻ — "ഞാൻ സാക്ഷാൽ അമാത്യന്റെ ദൂതനായ സിദ്ധാർത്ഥകനാണ്; കാര്യഗൌരവംകൊണ്ടു മുദ്ര വാങ്ങാതെ പോയതാണ്" എന്നു പറഞ്ഞുകൊണ്ടു കയ്യിലുണ്ടായിരുന്ന എഴുത്തിനെ ഒളിപ്പാൻ ഭാവിച്ചു

ഭാഗു—തന്റെ കയ്യിലുള്ള എഴുത്തെന്താണ്? തന്റെ തോളിൽ ഒരു ഭാണ്ഡം കാണുന്നല്ലോ. അതിനുള്ളിലെന്താണുള്ളത്? ഇതിനും പുറമെ രാജശാസനം ലംഘിക്കത്തക്കവണ്ണം തനിക്കെന്താണു കാര്യഗൌരവം?

സിദ്ധാ—ആര്യ! എഴുത്തും മാറാപ്പും ഇവിടെ സാരമുള്ളതല്ല. എനിക്കു പോകാൻ വൈകിയതിനാൽ എന്നെ വൃഥാ താമസിപ്പിക്കരുത്. ഞാൻ പോട്ടെ.

ഭാഗു—ദീർഘാക്ഷാ! ഇവൻ വലിയ കള്ളൻ. ആ എഴുത്തു വാങ്ങിക്കൂ. മര്യാദകൊണ്ട് ഒന്നും നടക്കയില്ല.

ഉടനെ ദീർഘാക്ഷൻ സിദ്ധാർത്ഥകന്റെ കയ്യിൽനിന്ന് എഴുത്തുവാങ്ങി മന്ത്രിയെ ഏല്പിച്ചു. രാക്ഷസന്റെ മുദ്രയോടുകൂടിയ ആ എഴുത്തു കുമാരന്റെ നിശ്ചയംഗമനുസരിച്ചു മുദ്രയ്ക്കു കേടുകൂടാതെ പൊളിച്ചു ഭാഗുരായണൻ കുമാരനെ ഏല്പിച്ചു. അദ്ദേഹം അതു തുറന്ന് ഇങ്ങനെ വായിച്ചു.

ശ്രീ.

"ഇന്നയാറം ഇന്നയാളെ അറിയിക്കുന്നതു്. സത്യവാനായ അങ്ങു നമ്മുടെ എതുവാദിയെ അകത്തി സത്യവാദിത്വം കാണിച്ചു. എന്നാലിനി മുമ്പെ തന്നെ സന്ധിപറഞ്ഞു വെച്ചിട്ടുള്ളവരും നമ്മുടെ ഇഷ്ടന്മാരുമായ ഇവക്കു മുൻ പറഞ്ഞു വെച്ചിട്ടുള്ള സന്ധിയുടെ ഇനാമമായ വസ്തു കൊടുത്തു് ഉത്സാഹപ്പെടുത്തി, സത്യവാനായ അങ്ങു പ്രീതിയുണ്ടാക്കണം. ഇങ്ങനെ ഒരനുഗ്രഹ ചെയ്താൽ ഇവരും സ്വന്തം ആശ്രയത്തെ നശിപ്പിച്ചിട്ടുതന്നെയും സ്വാമിയെ ആരാധിക്കും. ഇവരിൽ ചിലർ ശത്രുവിൻെറ ഭണ്ഡാരം, ആന ഇവയും, ചിലർ നാടിനേയും ഇച്ഛിക്കുന്നു എന്നുള്ളതു സത്യവാനായ അങ്ങു മറന്നിട്ടില്ലെങ്കിലും ഒന്നുകൂടി ഓമ്മപ്പെടുത്തുന്നു ശ്രീമാനായ അങ്ങു് അയച്ച ആഭരണം മൂന്നും ഇവിടെ കിട്ടി. ഞാനും എഴുത്തോടുകൂടി ഒരു സാധനമയച്ചിരിക്കുന്നു. ശേഷം വിവരം വിശ്വസ്ഥനായ സിദ്ധാത്ഥൻ പറയും."

മല— ഇങ്ങനെയാണെഴുത്തു്. ഇനി അയാളോടു ചോദിക്കാം.

ഭാഗു—എടൊ ഈ എഴുത്താരുടേതാണു്?

സിദ്ധാ— എനിക്കറിവില്ല.

ഭാഗു—എടാ കള്ളം! നീ കൊണ്ടുപോകുന്ന എഴുത്തു് ആരുടേതാണെന്നു നിനക്കറിവില്ല, അല്ലെ? ഇരിക്കട്ടെ; അറിവുണ്ടാകും. അടയാളവാക്കെന്താണു്? കേറക്കട്ടെ.

സിദ്ധാ— എന്നെ പ്രഹരിച്ചതുകൊണ്ടു് എന്താ പറയേണ്ടതെന്നു രൂപമില്ല.

ഭാഗു— ദീർഘാക്ഷാ! ഈ കള്ളനെക്കൊണ്ടു പരമാർത്ഥമെല്ലാം പറയിക്കൂ. വരട്ടെ. ആദ്യംതന്നെ ആ ഭാണ്ഡത്തിലെന്താണെന്നു പരിശോധിക്കൂ.

സിദ്ധാർത്ഥകൻെറ പക്കൽനിന്നു ഭാണ്ഡം പിടിച്ചുപറിച്ചഴിക്കുന്നതിനു ദീർഘാക്ഷനു വലിയ ബുദ്ധിമുട്ടൊന്നും വേണ്ടിവന്നില്ല. അതിനകത്തു രാക്ഷസൻെറ മുദ്ര വെച്ചിട്ടുള്ള ഒരു പെട്ടിയാണുണ്ടായിരുന്നതു്. കുമാരൻെറ ആജ്ഞാനുസരണം മന്ത്രി മുദ്രയ്ക്കു കേടുകൂടാതെ അതു തുറന്നപ്പോൾ അതിനകത്തു് ഒരാഭരണം വെച്ചിരിക്കുന്നതായിക്കണ്ടു.

മല— (ആഭരണം എടുത്തു നോക്കിക്കൊണ്ടു്) ഈ പൊന്മണിമാല ഞാൻ ധരിച്ചിരുന്നതും ഒരവസരത്തിൽ രാക്ഷസനു സമ്മാനിച്ചിട്ടുള്ളതുമാണു്. അതിനാൽ ഈ എഴുത്തു ചന്ദ്രഗുപ്തനുള്ളതല്ലയോ എന്നു ശങ്കിക്കുന്നു.

ഭാഗു— ശങ്കിച്ചിട്ടു കാര്യമില്ല. ഇപ്പോൾ തീർച്ചയാക്കിക്കളയാം. ദീർഘാക്ഷ! ഇതിൻെറ സത്യാവസ്ഥ അവനെക്കൊണ്ടു പറയിക്കൂ.

മന്ത്രിയാൽ സഗൌരവം ആജ്ഞാപിതനായ ദീർഘാക്ഷൻെറ ദീർഘബാഹുക്കളുടേയും ആയുധങ്ങളുടേയും രുചി നല്ലതിന്മണ്ണം അനുഭവിച്ചപ്പോൾ രക്തം കുറേശ്ശെ ദേഹത്തിൽനിന്നു് ഉദ്ഗമിക്കയാൽ സിദ്ധാർത്ഥകൻെറ സിദ്ധാന്തത്തിനു ശമനമുണ്ടായി. അവൻ

ഉറക്കെ കരഞ്ഞുതുടങ്ങി. "മഹാരാജാവെ! ദയവുണ്ടാ യി എന്നെ ദണ്ഡിപ്പിക്കരുതേ. എനിക്കു വേദന സ ഹിച്ചുകൂടാ. ഞാൻ പരമാൎത്ഥമെല്ലാം പറയാം.

മല—അവൻ പരമാൎത്ഥം പറയുന്നെങ്കിൽ ഇനി അ വനെ അടിക്കരുതു്.

സിദ്ധാ—സ്വാമീ! എന്നെ അമാത്യരാക്ഷസൻ ഈ എഴുത്തോടുകൂടി പറയേണ്ട വാക്കുംപറഞ്ഞു മഹാ രാജാവു ചന്ദ്രഗുപ്തൻെറ അടുക്കലേക്കു് അയച്ചിരിക്ക യാണു്.

മല—എന്താണു പറയേണ്ട വാക്കു് എന്നുപറഞ്ഞതു്? സ്വാമി! കൗലൂതരാജാവായ ചിത്രവൎമ്മാവു, മലയ രാജാവായ സിംഹനാദൻ, കാശ്മീരരാജാവു പുഷ്ക രാക്ഷൻ, സിന്ധുരാജാവു സിന്ധുഷേണൻ പാ രസികരാജാവു മേഘാക്ഷൻ ഇങ്ങനെ എൻെറ സ്നേഹിതന്മാരായ പഞ്ചരാജാക്കന്മാർ മുമ്പുതന്നെ അങ്ങയോടു യോജിച്ചിട്ടുള്ളവരാണു്. ഇവരിൽത്ത ന്നെ ആദ്യത്തെ മൂന്നുപേരും മലയകേതുവിൻെറ രാജ്യത്തെയും മററവർ രണ്ടുപേരും ഭണ്ഡാരത്തെ യും ആനക്കൂട്ടത്തെയും ആഗ്രഹിക്കുന്നു. അതുകൊ ണ്ടു മഹാരാജാവായ അങ്ങു ചാണക്യനെ നിരാക രിച്ചു് എൻെറ പ്രീതിയെ സമ്പാദിച്ചതുപോലെ മുൻ കരാറനുസരിച്ചു് ഇവരുടെ കാൎയ്യവും സാധി പ്പിക്കേണ്ടതാണു്." ഇത്രയുമാണു ചന്ദ്രഗുപ്തരാജാ വിനോടു പറവാൻ രാക്ഷസാമാത്യൻ എന്നെ ഏല്പിച്ച സന്ദേശം.

2—ആശ്ചര്യമാശ്ചര്യം! എന്റെ ആപ്തമിത്രങ്ങളായി വർത്തിച്ചുപോരുന്ന ചിത്രവർമ്മാദികളും രാക്ഷസൻ മുഖാന്തിരം ചന്ദ്രഗുപ്തനു വശഗന്മാരായി ചരിപ്പാനൊരുങ്ങിയിരിക്കുന്നവരോ! ഹാ കഷ്ടം! പരമാൎത്ഥമറിഞ്ഞില്ലെങ്കിൽ എന്റെ കഥയെന്താകുമായിരുന്നു? സഖേ! ഭാഗുരായണാ! ഇനി അമാന്തിക്കേണ്ടതില്ല. ഇതിന്റെ തീർച്ച ഇപ്പോളുണ്ടാകണം. ആരവിടെ അമാത്യരാക്ഷസനെന്നെ കാണാനിച്ഛിക്കുന്നു.

മലയകേതുവിന്റെ കല്പനപ്രകാരം ഒരു പ്രതിഹാരി രാക്ഷസനോടു കുമാരൻ അദ്ദേഹത്തെ കാണാൻ ആവശ്യപ്പെടുന്നതായി അറിയിച്ചു. ആ സമയത്താകട്ടെ, രാക്ഷസൻ പലമാതിരി ജോലികളിൽ വ്യാപരിച്ചിരിക്കയായിരുന്നു. കുസുമപുരം നാൾക്കുനാൾ അടുത്തു വരുന്നതുകൊണ്ടും ചാണക്യന്റെ ചാരന്മാർ എല്ലായിടത്തും എപ്പോഴും സഞ്ചരിക്കുമെന്നു നിശ്ചയമുണ്ടായിരുന്നതിനാലും തന്റെ സൈന്യത്തിൽ ചന്ദ്രഗുപ്തന്റെ സൈന്യവും കലൎന്നിട്ടുണ്ടെന്നു ശങ്ക തോന്നിയതിനാലും മാഗധന്മാർ, ഗാന്ധാരന്മാർ മുതലായവരോടു പ്രത്യേകം കുമാരനെ നോക്കിക്കൊള്ളുന്നതിനും ഇന്നയിന്ന സൈന്യഭാഗമാണു മുമ്പു, പിമ്പു, മദ്ധ്യം ഈ ഭാഗങ്ങളിൽ ചേൎന്നു നടക്കേണ്ടതെന്നുള്ളതിനും വേണ്ട ചട്ടംകെട്ടുകൾ അഗാധബുദ്ധിയായ അദ്ദേഹം വേണ്ടവണ്ണം ചെയ്തു് അതിന്റെ മേൽനോട്ടം മുറയ്ക്കു നട

ത്തിവന്നിരുന്നു. അപ്പോഴാണു രാജശാസനം വന്നു ചേൎന്നതു്. കുമാരൻ തനിക്കണിയുവാൻ ആഭരണം തന്നിരുന്നതിനാൽ താൻ അനലംകൃതനായി കുമാരനെക്കാണുന്നതായാൽ അദ്ദേഹത്തിന്നു രസിക്കാതെ വന്നേക്കുമെന്നു ശങ്കിച്ച അമാത്യൻ ശകടദാസനോടു താൻ വിലക്കുവാങ്ങിച്ചിരുന്ന ആഭരണങ്ങളും വാങ്ങി അണിഞ്ഞുകൊണ്ടു് താമസിയാതെ കുമാരൻ ഇരിക്കുന്ന സ്ഥലത്തേക്കു പോയി. അവിടെ യാതൊരു വിശേഷവിധിയുമില്ലാത്തതുപോലെ.

"കാലിൻതുമ്പത്തു തൻ കണ്ണുകൾ ദൃഢതരമായ്—
ച്ചേൎത്തുടൻ ശൂന്യഭാവ—
ത്താലെ ചെററായതിങ്കൽക്കലരുമൊരു വിശേ—
ഷം ധരിക്കാത്തവണ്ണം
മേലേറെററം വഹിപ്പാൻ പടിയുടയൊരുകാ—
ൎയ്യങ്ങൾ തൻ ഗൌരവത്താൽ
ചാലെ താണെന്നു തോന്നുന്നൊരു മുഖമതുകൈ
കൊണ്ടുടൻ താങ്ങി"

ഇരിക്കുന്ന കുമാരന്റെ മുമ്പിൽ പ്രവേശിച്ചു് അമാത്യൻ "ജയ" ശബ്ദംകൊണ്ടദ്ദേഹത്തെ അനുമോദിച്ചു. അന്യോന്യം അഭിവാദ്യവും കഴിച്ചു് എല്ലാവരും ആസനസ്ഥരായശേഷം കുമാരൻ അമാത്യനോടു് 'ആൎയ്യ! കുറെ ദിവസമായി ആൎയ്യനെക്കാണാത്തതുകൊണ്ടു വ്യസനിക്കുന്നു" എന്നു പറഞ്ഞു.

രാക്ഷസൻ—യാത്രയ്ക്കുവേണ്ടുന്ന ഒരുക്കങ്ങളും ഏൎപ്പാടുകളും ചെയ്യുക എന്ന ജോലിയിലുൾപ്പെട്ടിരിക്കയാ

ലാണു കുമാരൻെറ ഈ പരിഭവം കേൾക്കേണ്ടി വന്നതു്.

മല—വളരെ സന്തോഷം. എന്തൊക്കെയാണു ചട്ടം കെട്ടിയതെന്നു കേൾക്കാമോ!

രാ—തുള്ളും സൈന്യത്തൊടൻ പിമ്പിംഗ വസമഗ
വ്വീശർ മുമ്പിട്ടിറങ്ങി— [ധോ—
ക്കൊള്ളണം മദ്ധ്യഭാഗേ യവനപതികളൊ—
ന്നിച്ചു ഗാന്ധാരർ താനും
വെള്ളക്കാരൊത്തു പിന്നിൽ ശ്ലകനൃപതികളാം
വീരരും ശിഷ്ടരായി
ട്ടുള്ളാക്കൗലൂകർ തൊട്ടുള്ളരചർ പഥികമാ—
രൻെറ ചുററും ചുഴന്നും"

ഇങ്ങനെയാണു് ഏർപ്പാടു ചെയ്തിരിക്കുന്നതു്.

മല—(വിചാരം) ഇവർ എല്ലാവരുംകൂടി തരംനോക്കി എന്നെ കൊന്നുകളയുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ടായിരിക്കണം. അല്ലെങ്കിൽ ശത്രുപക്ഷപാതികളെത്തന്നെ ചുററും നിറുത്തിയിരിക്കുന്നതു മററെന്തിനാണു്? (പ്രകാശം) ഈയിടെ കുസുമപുരത്തിൽ പോയി വരുന്നവരായിട്ടാരുമില്ലേ? അവിടുത്തെ വർത്തമാനമെന്താണെന്നറിഞ്ഞില്ലല്ലോ.

രാ—കുമാര! ഇപ്പോൾ കുസുമപുരത്തിൽ പ്രവേശിപ്പാൻ എളുപ്പമുണ്ടെന്നു തോന്നുന്നില്ല. എന്നുതന്നെയല്ല അതിനത്ര ആവശ്യവുമില്ല. ഏതാനും ദിവസത്തിനകം നാംതന്നെ കുസുമപുരത്തെ വളയുമല്ലോ.

മല—(ആത്മഗതം) ആവശ്യമില്ല എന്നുള്ളതു മന
സ്സിലായി. (പ്രകാശം) എന്നാൽ ഇയ്യാളെ എഴു
ത്തുംകൊടുത്തു് അങ്ങോട്ടയക്കുന്നതിൻെറ ഉദ്ദേശ്യ
മെന്താണു്?

രാ—ഞാൻ ആരേയും എഴുത്തുംകൊടുത്തയച്ചിട്ടില്ല.
അഃ! ഇതു സിദ്ധാൎത്ഥകനല്ലെ? എടൊ! എന്താ
ണിതു്?

സിദ്ധാ—അമാത്യൻ പ്രസാദിക്കണെ! അടികൊണ്ടു
പൊറുതിയില്ലാതായപ്പോൾ അവിടുത്തെ ഗൂഢ
വൎത്തമാനം ഒതുക്കാൻ ഞാൻ ശക്തനായില്ല "താ
ന്താൻെറ ജീവനോളം വലുതല്ലൊന്നും."

രാ—എടൊ! എന്തു ഗൂഢവൎത്തമാനമാണു്? മനസ്സി
ലായില്ലല്ലൊ.

സി—അയ്യൊ! ഞാനതെങ്ങനെ പറയുന്നു? അടിയു
ടെ വേദനകൊണ്ടു് ഒരിക്കൽ പറഞ്ഞുപോയി.

മല—സഖേ ഭാഗുരായണ! സ്വാമിയുടെ മുമ്പിൽ ല
ജ്ജകൊണ്ടും ഭയംകൊണ്ടും ഇവൻ പരമാൎത്ഥം പ
റവാൻ മടിക്കുന്നു. അതിനാൽ അങ്ങുതന്നെ അ
മാത്യൻെറ സംശയനിവൃത്തി വരുത്തിക്കളയു.

ഭാഗു—അധികമൊന്നുമില്ല. "അമാത്യൻ ഇവൻെറ
പക്കൽ ചന്ദ്രഗുപ്തനു് ഒരു എഴുത്തുംകൊടുത്തു പറ
യേണ്ട വാക്കും പറഞ്ഞയച്ചിരിക്കയാണു്." എ
ന്നിവൻ പറയുന്നു. അത്രതന്നെ.

രാ—എടോ! സിദ്ധാൎത്ഥകാ! ഇതു സത്യംതന്നെയോ?

സി—സ്വാമി! പ്രസാദിക്കണം. അടികൊണ്ടു സ

ഹിക്കാഞ്ഞിട്ടു ഞാൻ എല്ലാം സമ്മതിച്ചുപോയി.

രാ—ഇതു ശുദ്ധമേ കളവാണ്. ദേഹത്തിൽ വേദനയേല്പിച്ചാൽ ആരെക്കൊണ്ടും എന്തും പറയിക്കാൻ പ്രയാസമുണ്ടോ?

മല—ഭാഗുരായണാ! എഴുത്തുതന്നെ അമാത്യനെ കാണിച്ചുകൊടുക്കൂ. സംശയം തീരട്ടെ. അടയാളവാക്കു സ്വന്ത ഭൃത്യനായ ഇവൻതന്നെ പറയും.

രാ—(എഴുത്തുവാങ്ങി നോക്കിയിട്ട്) ഇതു വെറും കൃത്രിമമാണ്. ശത്രുവിൻെറ പ്രയോഗമായിരിക്കണം.

മല—(ആഭരണം കാണിച്ചിട്ട്) എഴുത്തോടുകൂടി ഒരു സാധനമയയ്ക്കുന്നു എന്നു കാണുന്നില്ലേ? അതിതാ. ഇതും ശത്രുവിൻെറ പ്രയോഗമാണല്ലേ?

രാ—കുമാരാ! ഇതു ഞാൻ കൊടുത്തയച്ചതല്ല ഒരു സന്തോഷാവസരത്തിൽ സിദ്ധാർത്ഥകനു സമ്മാനം കൊടുത്തതാണ്.

ഭാഗു—അമാത്യാ! ഈ മാതിരി വിശേഷപ്പെട്ടതും കുമാരൻ തൻെറ ദേഹത്തിൽ അണിഞ്ഞിരുന്നതും ആയ ആഭരണം സന്തോഷസൂചകമായി അങ്ങയുടെ ദേഹത്തിൽ അണിയുന്നതിനായി തന്നതു് അങ്ങു സിദ്ധാർത്ഥകനു സമ്മാനിച്ചു എന്നു പറയുന്നതുതന്നെ ചേരുന്നില്ല. അതിരിക്കട്ടെ. അടയാളവാക്കും ഇവനു സമ്മാനിച്ചതായിരിക്കുമോ?

രാ—എഴുത്തുതന്നെ എൻേറതല്ലാതിരിക്കുന്ന സ്ഥിതിക്കു് അടയാളവാക്കുകൊണ്ടെന്തു പ്രയോജനം? അ

ത്തു് എന്തുതന്നെ?

മല— എന്നാൽ ഈ മുദ്ര ആരുടേതാണു്.

രാ— കുമാരാ! കള്ള എഴുത്തുണ്ടാക്കുന്നവന്നു കള്ളമുദ്ര അശക്യമല്ല.

ഭാഗു—അമാത്യൻെറ അഭിപ്രായം ശരിയായിരിക്കണം. (സിദ്ധാൎത്ഥകനോടു്) എടാ! ഈ എഴുത്തെഴുതിയതാരാണു്?

സിദ്ധാൎത്ഥകൻ രാക്ഷസൻെറ മുഖത്തു നോക്കിയതല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല.

ഭാഗു—പ്രഹരാദികഷായം കുറേക്കൂടി സേവിക്കുമ്പോൾ ഈ സുഖക്കേടു ശമിക്കും.

സി—(വിറച്ചുകൊണ്ടു്) സ്വാമീ! ശകടദാസനാണെഴുതിയതു്.

രാ—ശകടനാണു് എഴുതിയതെങ്കിൽ ഞാൻതന്നെ എഴുതിയതു്.

മല— എന്നാൽ ശകടദാസനേയും വരുത്തുകതന്നെ.

കല്പന മുഴുവനാകുംമുമ്പു പ്രതിഹാരി യാത്രയായി. എന്നാൽ അയാൾ പോകുംമുമ്പുതന്നെ ഭാഗുരായണനാൽ നിവാരിതനായി. ഇങ്ങനെ ചെയ്യപ്പെട്ടെന്നൊരു വിചാരം മന്ത്രിയെ ബാധിച്ചുതുകൊണ്ടായിരുന്നു. ചാണക്യചാരനാണു സിദ്ധാൎത്ഥകനെന്നു ഭാഗുരായണൻ ഊഹിച്ചിരുന്നു. ചാണക്യചാരന്മാർ പരമാൎത്ഥമറിയാതെയും നിശ്ചയം വരാതെയും ഒരു കാൎയ്യം പറയുന്നതല്ലായ്കയാൽ ശകടദാസൻെറ കൈയക്ഷരമാണു് എഴുത്തെന്നുള്ളതിനും

തക്കമില്ല. എങ്കിലും ശകടദാസനെ രാജസന്നിധിയിൽ വരുത്തി ചോദ്യം ചെയ്യുകയെന്നു വന്നാൽ എഴുത്തിന്റെ കൃത്രിമനിർമ്മിതി പക്ഷേ തെളിഞ്ഞേയ്ക്കുവാനും എളുപ്പമുണ്ട്. അപ്പോൾ മുൻകഥകളെക്കുറിച്ചും എഴുത്തിനെക്കുറിച്ചുതന്നേയും കുമാരൻ ചോദ്യം തുടങ്ങും. എന്നുമാത്രമല്ല, അങ്ങനെയാകുമ്പോൾ താൻ പണി ചെയ്തുവരുന്ന ഏഴനിലമാടത്തിന്റെ അസ്ഥിവാരം കൂടി മറിഞ്ഞുപോകുമോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഈ വിചാരങ്ങൾ മിന്നലിന്റെ ഗതിവേഗത്തിൽ ഭാഗുരായണമന്ത്രിയുടെ ഹൃദയത്തിൽക്കൂടി കടന്നുപോയതുകൊണ്ടാണ് അയാൾ പ്രതിഹാരിയെ തടഞ്ഞത്. എന്നിട്ടിങ്ങനെ അറിയിച്ചു. "കുമാരാ! ശകടദാസൻ തന്റെ സ്വാമിയായ അമാത്യന്റെ മുമ്പിൽനിന്നു് അദ്ദേഹത്തിനത്യന്തം ദോഷകരമായ ഈ ലേഖനം താനെഴുതിയതാണെന്നു് ഒരിക്കലും സമ്മതിക്കയില്ല. അതിനു ലജ്ജാദിവികാരങ്ങൾ ഒരിക്കലും അയാളെ അനുവദിക്കയുമില്ല. അതിനാൽ ശകടദാസന്റെ കയ്യക്ഷരത്തിലുള്ളതെന്നു നമുക്കെല്ലാവർക്കുമറിയാവുന്ന പല എഴുത്തുകൾ ഇവിടെയുള്ളതിനാൽ ഒന്നു കൊണ്ടുവന്നു് ഒത്തുനോക്കിയാൽ സംശയനിവൃത്തി വരുമല്ലോ.

മല—ശരി തന്നെ. എന്നാൽ അങ്ങുതന്നെ അതിൽ ഒന്നെടുത്തു കൊണ്ടുവരൂ.

ഭാഗുരായണൻ അതിൻപ്രകാരം ചെന്നു് ഒരെ

ഴുത്ത് എടുത്തുകൊണ്ടുവന്നു. കൂട്ടിച്ചേർത്തു നോക്കിയതിൽ അക്ഷരങ്ങൾക്കു ലവലേശം ഭേദമുണ്ടായിരുന്നില്ല. അതിനാൽ വിശ്വാസം വരുത്തുന്നതിനായി അതു രാക്ഷസൻെറ കയ്യിൽ കൊടുത്തു. തനിക്കു നിത്യപരിചിതമായ ശകടൻെറ കൈപ്പടയെക്കുറിച്ചു അമാത്യന് ആദ്യമേതന്നെ ശങ്കയുണ്ടായിരുന്നില്ല. രണ്ടാമത്തെ എഴുത്തുകൂടെ കണ്ടപ്പോൾ അദ്ദേഹം പരിഭ്രമംകൊണ്ടു് ഇതികർത്തവ്യതാമൂഢനായി നിന്നുപോയി. അമാത്യരാക്ഷസൻെറ ഈ പരിഭ്രമാവസ്ഥ കണ്ടു രാജകുമാരൻ വിസ്മിതനായെങ്കിലും ആ അവസരത്തിൽതന്നെ തൻെറ പിതാവണിഞ്ഞിരുന്നതായി തനിക്കു നല്ലവണ്ണം അറിയാമായിരുന്ന ചില ആഭരണങ്ങൾ അമാത്യൻ അണിഞ്ഞിരിക്കുന്നതായി കണ്ടിട്ടു് അദ്ദേഹം അമാത്യനേക്കാൾ പരിഭ്രമിച്ചു. പെട്ടെന്നുണ്ടായ സ്തോഭം ശമിച്ചശേഷം കുമാരൻ തൻെറ പിതാവിൻെറ ആഭരണങ്ങൾ അമാത്യൻ അണിഞ്ഞിരിക്കുന്നതെങ്ങനെയാണെന്നു ചോദ്യം തുടങ്ങി. എന്നാൽ അമാത്യൻ ഈ ചോദ്യം കേട്ടതേയില്ല. തനിക്കേററവും വിശ്വസ്തനായി ഇതേവരെ വർത്തിച്ചിരുന്ന ശകടൻ തന്നെ ചതിക്കുന്നതിനാരംഭിച്ചാൽ ഇനി ആരേയാണു വിശ്വസിക്കാവുന്നതെന്നു രാക്ഷസനു രൂപമില്ലായിരുന്നു. പക്ഷേ, ശകടൻ സിദ്ധാർത്ഥകൻെറ മിത്രമാണു്. അയാളുടെ കയ്യിൽ മുദ്രയും ഇരിപ്പുണ്ടു്. ഒരിക്കലും മാറിപ്പോകാത്ത അവൻെറ കൈയക്ഷരവും എഴുത്തിൽ വ്യക്തമാകുന്നുണ്ടു്.

അതിനാൽ സിദ്ധാൎത്ഥകനും ശകടദാസനും ഒരുമിച്ചു ശത്രുപക്ഷത്തിൽ ചേൎന്നു തന്നെച്ചതിക്കാനായി ഇങ്ങനെ ചെയ്തതായിരിക്കണം. ഈ വിധമായ വിചാരപരമ്പരകളിൽ ലയിച്ചിരുന്നതിനാലാണ കുമാരൻെറ ചോദ്യം രാക്ഷസൻ കേൾക്കാതിരുന്നതു്. ഉത്തരമൊന്നുമുണ്ടാകാഞ്ഞതിനാൽ കുമാരൻെറ സംശയം ഒന്നുകൂടി ദൃഢീഭവിക്കുവാൻ തുടങ്ങി. എങ്കിലും വീണ്ടും ഉറക്കെ ചോദിച്ചപ്പോൾ മന്ത്രി ഞെട്ടിതിരിഞ്ഞിട്ടു കുമാരൻെറ മുഖത്തുനോക്കി. അപ്പോളാണു കാൎയ്യം മനസ്സിലായതു്.

രാ—കുമാര! ഈ ആഭരണങ്ങൾ ഞാൻ സഞ്ചാരികളായ ചില കച്ചവടക്കാരോടു വിലയ്ക്കു വാങ്ങിയതാണു്.

മല—(ആഭരണങ്ങൾ പ്രതിഹാരിയെ ചൂണ്ടിക്കാണിച്ചിട്ടു്) എടോ! താൻ ഈ ആഭരണങ്ങൾ അറിയുമോ?

പ്രതിഹാരി—കുമാരാ! ഇതു ഞാനെങ്ങനെ അറിയാതിരിക്കും? ഇതു സുഗൃഹീത നാമാവായ പൎവ്വതേശ്വര മഹാരാജാവു സ്നേഹപൂൎവ്വം സദാ ധരിക്കാറുണ്ടായിരുന്ന വിശിഷ്ടാഭരണങ്ങളാണു്.

മല—(കണ്ണുനീർ തുടച്ചിട്ടു) അയ്യോ! പിതാവേ? അങ്ങു് അതിസ്നേഹത്തോടുകൂടി തിരുമെയ്യിൽ അലങ്കരിച്ചിരുന്നതാണല്ലൊ ഈ ആഭരണങ്ങൾ. അതിപ്പോൾ ഏതെല്ലാം സ്വാമിദ്രോഹികൾ അപഹരിച്ചിരിക്കുന്നു?

രാക്ഷ—ഹാ കഷ്ടം! എന്നാൽ ആ കച്ചവടക്കാരെ ചാണക്യനാണു സഞ്ചാരികളാക്കി അയച്ചത്.

മല—ആര്യ! എന്റെ അച്ഛൻ അണിഞ്ഞിരുന്നവയും ചന്ദ്രഗുപ്തന്റെ കയ്യിൽ അകപ്പെട്ടവയുമായ ആഭരണങ്ങൾ കച്ചവടക്കാരോടു വാങ്ങിയവയാണെന്നുള്ള വാദം യുക്തിയുക്തമായിരിക്കുന്നു. കുബേരതുല്യനായ ചന്ദ്രഗുപ്തനു ആഭരണം വിററു വേണം പണമുണ്ടാക്കുവാൻ. അതിനേക്കാൾ ഭേദം ഈ ആഭരണാദികൾ ഇനാമായി വാങ്ങി കൊണ്ടു് അങ്ങു തന്നെ ചന്ദ്രഗുപ്തനുവിററു എന്നു പറയുന്നതായിരിക്കും

രാ—(വിചാരം) ആകപ്പാടെ കഥ നന്നായിരിക്കുന്നു എന്റെ മുദ്രയുള്ള ഈ എഴുത്തു എന്റേതല്ലെന്നെങ്ങനെ പറയും? ശകടദാസൻ എന്നെച്ചതിച്ചതു വിചാരിപ്പാൻ കൂടി വയ്യാ. മഹാധനികനായ ചന്ദ്രഗുപ്തൻ ആഭരണങ്ങൾ വിററതായി പറഞ്ഞാൽ ആക്കാണു ബോദ്ധ്യമാവുക? അതിനാൽ ഇവിടെ തക്കിക്കുന്നതിനേക്കാൾ അനുസരിക്കയാണുചിതം. (ഒന്നും മിണ്ടാതെ നില്ക്കുന്നു.)

മല—ആര്യ! ഇനി ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ.

രാ—ഞാൻ ആര്യനല്ല, അനാര്യനാണു്. അതിനാൽ ആര്യനാരാണെന്നുവെച്ചാൽ ആ ആളോടു ചോദിച്ചുകൊള്ളു.

മല—ശരി ക്ഷുദ്രബുദ്ധിയായിരിക്കുന്ന അങ്ങേ സ്വാമിപുത്രനാണു മലയൻ. ഞാൻ അങ്ങേടെ ശത്രു

പുത്രനാകയാൽ എന്നെക്കുറിച്ചു ദ്വേഷമുണ്ടാവാനേ തരമുള്ളു. ഇതൊന്നും വിചാരിക്കാതെ മന്ത്രിപദവും അധികാരങ്ങളും അതിന്നനുസരണമായി വേണ്ടുവോളം ധനവും തന്നു് അങ്ങേ ഞാൻ സല്ക്കരിച്ചതിനു പകരം എന്നെ ചതിക്കണമെന്നുള്ള അഭിമതം ഹൃദയത്തിൽ എപ്പോഠം അങ്കുരിച്ചുവോ അപ്പോഠം മുതല്ക്കങ്ങു് അനാര്യൻ തന്നെ.

രാക്ഷ—അതേ ഞാൻ കുമാരനെ ചതിക്കും, നിശ്ചയം. അല്ലേ കുമാര! അങ്ങ ശത്രുക്കളുടെ യന്ത്രത്തിരിപ്പിലകപ്പെട്ടു നഷ്ടവിവേകനായിത്തീന്നിരിക്കുന്നു. ഇപ്രകാരമെല്ലാം സംഭവിച്ചതു വിധിവിലാസത്താലെന്നല്ലാതെ 'ചാണക്യസൂത്രം' എന്നു പറയേണ്ട ആവശ്യമില്ല. അവനവൻെറ ഭാഗ്യദോഷത്തിനു മറവുള്ളവരെ പഴിക്കുന്നതുകൊണ്ടെന്തു പ്രയോജനമാണുള്ളതു്.

മല—(കണ്ണുരുട്ടിക്കൊണ്ടെണീററിട്ടു്) എന്തു? ഇനിയും ഇതു ദൈവവിലാസമാണു്; ദുരയുടെ വിലാസമല്ല, അല്ലേ? സത്യമായിട്ടുള്ളതിനെ മറച്ചാൽ മറയുമോ? കാലം സത്യത്തെ വെളിപ്പെടുത്തും. എന്തെന്നാൽ,

ഒട്ടേറെത്തായി വിശ്വസിച്ച മമ താ—
തൻതന്നെയന്നാവിഷം
കുട്ടിത്തീർത്തൊരു കന്യയാൽ കഥകഴി—
ച്ചാൻ നിന്ദ്യനായോരു നീ

കഷ്ടം സമ്പ്രതി വമ്പെഴുന്ന രിപുതൻ
മന്ത്രാധികാരം വഹി
ച്ചിഷ്ടത്തിന്നൊരിറച്ചിപോലിവനേയും
വില്ക്കാൻ തുടങ്ങുന്നവോ!

രാ—(മുഖം വിളറി വിവശനായി) ഇതാണു കുന്നിന്മൽ കുരുവെന്നു പറയുന്നതു്. കഷ്ടം കഷ്ടം! പരമവിശ്വാസസ്ഥനായ പർവ്വതേശ്വരന്റെ കാര്യത്തിൽ ഞാൻ നിരപരാധിയാണു്. അന്യഥാ ശങ്കിക്കരുതു്.

മല—എന്നാൽ പിന്നെ അച്ഛനെക്കൊന്നതാരാണു്?

രാ—അതു ദൈവത്തോടു ചോദിക്കേണ്ട ചോദ്യമാണു്.

മല—(കോപംകൊണ്ടു വിറച്ചിട്ടു്) ഛേ ദുഷ്ടാ! ക്ഷപണകൻ ജീവസിദ്ധിയോടല്ല, അല്ലേ.

രാ—(മുഖത്തു രക്തം മുഴുവൻ പോയിട്ടു്) അഹോ കഷ്ടം. ജീവസിദ്ധിയും ചാണക്യന്റെ ഗൂഢപുരുഷനോ? ദൈവമേ! എന്റെ ഹൃദയവും കൂടി ശത്രുക്കൾ അപഹരിച്ചുകളഞ്ഞല്ലോ.

മല—(മുൻപത്തെ ഭാവത്തിൽത്തന്നെ) ആരവിടെ? സേനാധിപൻ ശിഖിരസേനനെ വിളിച്ചുകൊണ്ടു വരട്ടെ

കോപാവിഷ്ടനായ രാജകുമാരന്റെ മുമ്പിൽ പരിഭ്രമത്തോടെ പ്രവേശിച്ചു ശിഖരസേനനോടു് അദ്ദേഹം ഇങ്ങനെ ആജ്ഞാപിച്ചു. "ദുഷ്ടനായി നിഷ്ഠുരനായിരിക്കുന്ന അമാത്യരാക്ഷസന്റെ ഇഷ്ടനായി

എന്നെക്കൊന്നു ചന്ദ്രഗുപ്തനെ സന്തോഷിപ്പിക്കാനിരിക്കുന്ന പഞ്ചരാജാക്കളിൽ എന്റെ രാജ്യത്തെ കാംക്ഷിക്കുന്ന ചിത്രവമ്മാവു്, സിംഹനാദൻ, പുഷ്കരാക്ഷൻ ഇവരെ അഗാധമായ കുഴികുഴിച്ചു് അതിലിട്ടു മൂടുകയും സിന്ധുഷേണൻ, മേഘാക്ഷൻ ഇവർ എന്റെ ആനപ്പടയെ കൊതിക്കുന്നതിനാൽ അവരെ ആനയെക്കൊണ്ടു കുത്തിക്കൊല്ലിക്കുകയും വേണം. ഇപ്പോൾതന്നെ നടത്തണം താമസിക്കണ്ട, പൊയ്ക്കൊള്ളു." ശിഖരസേനൻ പോയശേഷം മലയകേതു തിരിഞ്ഞു രാക്ഷസനെ നോക്കി ഇങ്ങനെ പറഞ്ഞു. "രാക്ഷസാ! ഞാൻ വിശ്വസിച്ചവരെ ചതിക്കുന്ന ഒരു രാക്ഷസനല്ല; മലയകേതുവാണു്. അതുകൊണ്ടു പൊയ്ക്കൊള്ളു! സർവ്വപ്രകാരേണയും ചന്ദ്രഗുപ്തനെത്തന്നെ ആശ്രയിച്ചോളു. പക്ഷെ ഒരു കാര്യം ഓർമ്മവെക്കണം.

കൌടില്യനും മൌര്യനുമായുടൻ നി-
ന്നോടൊത്തു നേരിട്ടു വരുന്നതാകിൽ
ചോടെ പറിപ്പാൻ മതി ഞാൻ ത്രിവർഗ്ഗ-
മോടിക്കുവാൻ ദുർന്നയമെന്നപോലെ.

ദീർഘാക്ഷാ! ചതിയനായിരിക്കുന്ന ഇയ്യാളെ തൽക്ഷണം അലങ്കാരങ്ങളും പറിച്ചു പാളയത്തിനു വെളിയിൽ തള്ളിക്കളയൂ. സഖേ ഭാഗുരായണാ! ഇനി താമസിക്കേണ്ട. സൈന്യങ്ങൾ വേഗം നടകൊള്ളട്ടെ. പെട്ടെന്നു കുസുമപുരം വളയണം. ഓരോരുത്തരുടെ സാമർത്ഥ്യം അപ്പോളറിയാറാകും."

കുപിതനായ കുമാരന്റെ ഭീഷണാജ്ഞയനുസരിച്ചു രാക്ഷസാമാത്യനെ ഭൃത്യജനങ്ങൾകൂടി അലങ്കാരാദികൾ പറിച്ചു പാളയത്തിനു വെളിയിലാക്കി. സൈന്യങ്ങൾ ഉടനെ തിരിക്കയും ചെയ്തു. അനന്തരം ഏക ഖഡ്ഗമാത്രാവലംബിയായ രാക്ഷസൻ ഇന്ന സ്ഥലത്തേക്കെന്നു് ഒരു നിശ്ചവുംകൂടാതെ ബോധരഹിതനെന്നപോലെ മുന്നോട്ടു പാഞ്ഞു. അദ്ദേഹത്തിനു പ്രജ്ഞയുണ്ടായപ്പോൾ ഈ വിചാരങ്ങൾ ഉള്ളിലുദിച്ചു "ഹാ കഷ്ടം എന്റെ പ്രാണസ്നേഹിതന്മാരായ ചിത്രവർമ്മാദികൾ ഞാന്മൂലം ഹതരായി. ഹതഭാഗ്യനായ ഞാൻ ഇതുവരെ ജീവിച്ചിരുന്നതു് എന്റെ ബന്ധുക്കളെ കൊല്ലാനായിട്ടാണു; ശത്രുക്കളെയല്ല. അപ്രകാരമുള്ള ഞാൻ ഇനിയെന്തിനു ജീവിച്ചിരിക്കുന്നു? ഈശ്വരാ! ഞാൻ ഇനിയെന്താണു വേണ്ടതു്? കാട്ടിൽ പോയി തപസ്സു ചെയ്യാമെന്നുവെച്ചാൽ ഈ വൈരം അതുകൊണ്ടു ശമിക്കുമോ? എന്റെ മിത്രങ്ങളെ അനുഗമിച്ചാലോ? ഛേ! ശത്രുക്കൾ ജീവിച്ചിരിക്കുമ്പോൾ ആ പക്ഷമവലംബിക്കുന്നതു സ്ത്രീത്വമല്ലേ? പുരുഷത്വമല്ലല്ലോ. എന്നാൽ, പുരുഷോചിതമായി യുദ്ധാങ്കണത്തിലെത്തി കഴിവുള്ളേടത്തോളം ശത്രുക്കളെ നിഗ്രഹിച്ചിട്ടു് അവരുടെ ആയുധത്താൽ മരിച്ചാലോ? വീരത്വമാവും; വീരസ്വർഗ്ഗവും കിട്ടും. പക്ഷേ, "രാക്ഷസൻ സത്യസന്ധനല്ല" എന്നൊരപവാദവുമുണ്ടാവും. എന്നുമാത്രമല്ല, എനിക്കുവേണ്ടി സ്വന്ത ജീവനെ തൃണവൽക്ക

ിക്കുന്ന പ്രിയസുഹൃത്തായ ചന്ദനദാസനെ വിചാരിച്ചാൽ അതിനും നിവൃത്തിയില്ല. ഏതായാലും നന്ദരാജ്യത്തിൽ പ്രവേശിച്ച് അധികം ആളും ബഹളമില്ലാത്ത സ്ഥലത്തെത്തി കഴിയുന്നതും ഗൂഢമായ വിധത്തിൽ ചന്ദനദാസൻെറ വൎത്തമാനമറിയാൻ ശ്രമിക്കാം" ഈ നിശ്ചയത്തോടുകൂടി അദ്ദേഹം ഒരു ദിക്കിലേയ്ക്കു യാത്രയായി. മലയകേതുവിൻെറ പാളയത്തിൽനിന്നു പിരിഞ്ഞുപോകുന്ന രാക്ഷസൻെറ പ്രയാണമറിവാനായി ദൂരദൃഷ്ടിയായ ചാണക്യനാൽ നിർദ്ദിഷ്ടനായ ഇന്ദുകരനെന്ന ചാരനും അമാത്യൻെറ പിന്നാലെ ഉണ്ടായിരുന്നു.

---

## ൨൭-ാം അദ്ധ്യായം

മ്ലേച്ഛസൈന്യങ്ങൾ ആൎത്തുവിളിച്ചുചെന്നു കുസുമപുരിയെ വളഞ്ഞു. ഈ സംഭവമെല്ലാം ചാരന്മാർ മുഖേന അപ്പോഴപ്പോൾ അറിഞ്ഞുവന്നിരുന്ന ചാണക്യൻ തക്കം നോക്കി സൈന്യങ്ങളേയും തയാറാക്കിയിരിക്കുന്നു. അദ്ദേഹം പെട്ടെന്നു മന്ത്രിപദവും ആയുധവും സ്വീകരിച്ചു സൈന്യസമേതം വെളിയിലേയ്ക്കു പുറപ്പെട്ടു. അനന്തരം കുറച്ചുനേരത്തേയ്ക്കു യുദ്ധം അതിഭയങ്കരമായിരുന്നു എന്നാൽ ചാണക്യൻെറ ബലം സുരക്ഷിതവും നിശ്ചിതപ്രവൎത്തിയും മലയകേതുവിൻെറ ഭാഗം അധികവും നേരെ മറിച്ചുമായിരുന്നതിനാൽ ജയം നിർണ്ണയിക്കാൻ വ

ളരെ താമസം വേണ്ടിവന്നില്ല. പഞ്ചരാജാക്കന്മാരുടെ നിഗ്രഹം ഹേതുവായി സൈന്യത്തിനു പൊതുവിൽ മലയകേതുവിനോടു അതൃപ്തിജനിച്ചിരുന്നു. യുദ്ധാരംഭം മുതൽ ഭാഗുരായണൻ മൌനിയായി കാണപ്പെട്ടു. യുദ്ധവിദഗ്ദ്ധനും സുശിക്ഷിതനേതാവുമായിരുന്ന പരമോപകാരിയായ അമാത്യൻ രണാങ്കണത്തിലുണ്ടോ? അതിനാൽ ആദ്യത്തെ വലിയ യുദ്ധത്തിൽത്തന്നെ നാഥനില്ലാതിരുന്ന മ്ലേച്ഛസൈന്യത്തിന്റെ മിക്ക ഭാഗവും ഇളകിവശായി. സൈന്യം ഇളകിയതുകണ്ടു ചാണക്യനും പ്രധാനന്മാരായ മററുള്ളവരും തങ്ങളുടെ സൈന്യത്തെ ഉത്സാഹിപ്പിച്ചുകൊണ്ടു ശത്രുക്കളുടെ ഇടയിൽക്കടന്നു അനവധി ആളുകളെ അന്തകപുരിക്കു യാത്രയാക്കി. ഈ ഭയങ്കരപ്രയോഗംകണ്ടു ശത്രുസൈന്യത്തിൽ അധികംപേരും ഓടിയൊളിച്ചു. ഇതുതന്നെ തരമെന്നു വിചാരിച്ചു ശത്രുസൈന്യത്തിൽ പ്രധാനന്മാരായി നിന്നിരുന്ന ഭദ്രഭടൻ, പുരുഷദത്തൻ മുതലായവർ സ്വസൈന്യത്തിൽ കഴിയുന്നത്ര ആളുകളെ നിർദ്ദയംനിഗ്രഹിപ്പാനാരംഭിച്ചു. ഇതുകൂടെകണ്ടപ്പോൾ ചന്ദ്രകേതുവിന്നു എന്തെന്നില്ലാത്ത പരിഭ്രമമുണ്ടായി. ഇപ്പോളാണു് അദ്ദേഹത്തിന്നു സംഗതിയുടെ സ്ഥിതി ഏതാണ്ടു മനസ്സിലായിത്തുടങ്ങിയതു്. അദ്ദേഹം വയററിൽ കൈവെച്ചു പരക്കെ നോക്കി. തന്നെ രക്ഷിക്കുന്നതിന്നു സർവ്വഥാ ജാഗരൂകരായിരുന്ന പഞ്ചരാജാക്കളെ നിഗ്രഹിച്ച ദോഷത്തവും ഇപ്പോൾ മനസ്സിലായി.

പക്ഷെ, "പാത്രസംസ്ഥമയം വാരാന്നാഴിഞ്ഞളവു സേതുബന്ധനോദ്യോഗം" കൊണ്ടെന്തുഫലം? പോയ ബുദ്ധി ആനപിടിച്ചാൽ വരുമോ? ചങ്ങാതിമാരായ പഞ്ചരാജാക്കന്മാരെയും ഉൽസൃഷ്ടനായ രാക്ഷസനേയും തിരിയെ കിട്ടുന്നതിന്നായി ലോകം മുഴുവൻ തന്നെ വേണമെങ്കിലും കൊടുത്തുകളവാൻ കുമാരൻ സന്നദ്ധനായിരുന്നെങ്കിലും അതുകൊണ്ടുള്ള പ്രയോജനം പശ്ചാത്താപം മാത്രമായിരുന്നു. ആ അല്പസമയംകൊണ്ടു പൎവ്വതേശ്വരകുമാരനിൽ ഉൽഭൂതമായ വിവേകബുദ്ധി ലോകത്തിൽ സൎവ്വസാധാരണമായി നിറഞ്ഞിരുന്നെങ്കിൽ ഇന്നു നാം കണ്ടുവരുന്ന ലോകഗതി എത്ര വ്യത്യസ്തമാകുമായിരുന്നു? ഈ വിവേകബുദ്ധിയും വിശേഷജ്ഞാനവുമല്ലയോ സൃഷ്ടികളിൽവെച്ചു മനുഷ്യനെ ഉൽകൃഷ്ടനാക്കിത്തീൎക്കുന്നതു്? ആ രണ്ടിനേയും വേണ്ടപോലെ ഉപയോഗിക്കാതെ എത്രയോ ജനങ്ങൾ കേവലം മൃഗപ്രായമായി വൎത്തിച്ചു ഫലാനുഭവത്തിൽ, സാക്ഷാൽ ജഗന്നിയന്താവായി, സച്ചിദാനന്ദസ്വരൂപനായി, അഭേദചക്ഷുസ്സായിരിക്കുന്ന സൎവ്വേശ്വരനെ വൃഥാപവാദം ചെയ്യുന്നു? ഇങ്ങനെ വരുന്നതു ചിലപ്പോൾ ഉപദേഷ്ടാക്കളുടെ അഭാവം കൊണ്ടാവാം. എന്നാൽ മലയകേതുവിന്നൊ ആ ദോഷവും പറവാനില്ല. സാക്ഷാൽ സ്നേഹിതനും വിശ്വസ്തനുമായ രാക്ഷസൻ അദ്ദേഹത്തെ ഓൎമ്മപ്പെടുത്തിയില്ലെ? കുമാരൻ ദുഷ്പ്രേരകന്മാരാൽ വഞ്ചിതനായിരിക്കുന്നെന്നും ശത്രുക്കളുടെ വലയിലകപ്പെട്ടതിന്നാ

ലാണ തന്നേയും അവിശ്വസിപ്പാനിടവന്നതെന്നും ഗുണവാനായ അമാത്യൻ ഇടനെഞ്ഞുപെട്ടിയാണു പ്രലപിച്ചതു്. പക്ഷെ അതുകൊണ്ടെന്തുപ്രയോജനം?

സംഭ്രാന്തിമൂലം അസ്തവിവേകനായി നിന്നിരുന്ന പൎവ്വതരാജകുമാരനെ ഭദ്രഭടൻ മുതലായ സൈന്യാധിപന്മാർ യാതൊരു പ്രതിബന്ധവും കൂടാതെ പിടിച്ചു ബന്ധനസ്ഥനാക്കി. രാജകുമാരൻെറ കരചരണാദി ബന്ധനശേഷം ഓടാതെയുണ്ടായിരുന്ന സൈന്യങ്ങളെല്ലാം ചാണക്യൻെറ ആജ്ഞയ്ക്കു വശംവദരായി ആയുധംവെച്ചു കീഴടങ്ങി. ഭദ്രഭടാദികൾ ചേൎന്നു ജയഭേരി മുഴക്കുകയും ചന്ദ്രഗുപ്തൻെറ അഥവാ ചാണക്യൻെറ പൂൎണ്ണജയപ്രാപ്തിയോടുകൂടി യുദ്ധം അവസാനിപ്പിക്കയും ചെയ്തു. ബദ്ധനായ മലയകേതുവിനെ സേനാനികൾ ചന്ദ്രഗുപ്തൻ കാഴ്ചവെച്ചു അനന്തരം രാജശാസനമനുസരിച്ചു കുമാരനെ മാന്യമായ സ്ഥിതിയിൽ കാരാഗൃഹത്തിൽ പാൎപ്പിക്കയും ചെയ്തു.

അതി ഭയങ്കരമാകുമായിരുന്ന യുദ്ധത്തിൻെറ നില ഇപ്രകാരം ലഘുവാക്കിത്തീൎത്ത ഭദ്രഭടൻ മുതലായവരേയും സിദ്ധാൎത്ഥകൻ തുടങ്ങിയുള്ള പരേയും ചാണക്യൻ വിസ്മരിച്ചില്ല. അവൎക്കു യഥായോഗ്യം സമ്മാനങ്ങൾ സ്ഥാനമാനങ്ങൾ മുതലായവ രാജാവിനെക്കൊണ്ടു കൊടുപ്പിച്ചു. സന്തുഷ്ടരായ അവർ രാജാവിനും മന്ത്രിക്കും മംഗളത്തെ പ്രാൎത്ഥിച്ചിട്ടു വളരെക്കാലമായി പിരിഞ്ഞിരിക്കുന്ന തങ്ങളുടെ ഗൃഹ

ജനങ്ങളെ സന്തോഷിപ്പിക്കുന്നതിനായി പോകയും ചെയ്തു. തൽക്കാലം അത്യാവശ്യമായ കാര്യങ്ങളെല്ലാം നിർവ്വഹിച്ചതിനുശേഷം അനന്തരകരണീയത്തിൽ പ്രധാനമായ ഉന്ദുരകൻെറ വരവിനേയും പ്രതീക്ഷിച്ചു ചാണക്യൻ തൻെറ നിരാഡംബരമായ ആശ്രമപദത്തെ പ്രാപിച്ചു സ്വസ്ഥനായിരുന്നു.

പാളയത്തിൽനിന്നു നിഷ്ഠുരണം പുറത്തിറക്കപ്പെട്ടതിലുള്ള അവമാനംകൊണ്ടും തൻെറ സ്വന്തമായ ചില ഉദ്ദേശ്യസിദ്ധിക്കു പ്രതിബന്ധം നേരിട്ടതിനാലും ക്ലേശസഹനായി ചിന്താമഗ്നനായിട്ട് ഇന്ദ്രിയങ്ങൾ വഴിക്കായുള്ള ജ്ഞാനത്തിനു വിഷയീഭൂതനല്ലാതെ ഉന്ദുരകനാൽ അനുഗതനായ രാക്ഷസൻ കുസമപുരത്തിൽനിന്നു വളരെ അകലെയല്ലാത്ത ജീർണ്ണോദ്യാനത്തിൽ പ്രവേശിച്ചു. ചാരനും അടുത്തൊരിടത്ത് ഒളിച്ചുകൂടി. അനന്തരം പഠിച്ച പാഠങ്ങളെ ഹൃദിസ്ഥമാക്കുന്നതുപോലെ ചിലപ്പോൾ ഉറക്കെയും ചിലപ്പോൾ പതുക്കെയും ഇങ്ങനെ മന്ത്രിച്ചു തുടങ്ങി. "ഹതഭാഗ്യനായ ഞാൻ ഇനി എന്താണു ചെയ്യുക? ഈ മലയകേതുവിൻെറ സ്ഥിതി കഷ്ടാൽകഷ്ടതരമത്രേ. മഹാരാജാവിനേയും പുത്രന്മാരേയും നിഗ്രഹിച്ചു പരിഭവം തീർക്കുന്നതിനായി ഞാൻ അതിസാഹസം ചെയ്തു പർവ്വതരാജാവിനെ ആശ്രയിച്ചു. വിധിവൈപരീത്യത്താൽ അദ്ദേഹം കാലധർമ്മം പ്രാപിച്ചു. തദനന്തരം അദ്ദേഹത്തിൻെറ പുത്രനാണല്ലോ എന്നു വിചാരിച്ചു മലയകേതുവിനേയും സേവിച്ചു; എ

ന്നാൽ അതു കേവലം നിഷ്ഫലമായിട്ടാണല്ലൊ വന്നു കൂടിയതു്. ഞാൻ കണ്ടുകൊണ്ടിരിക്കെ എൻെറ സ്വാമിയുടെ പുത്രന്മാരെ കൊല്ലിച്ച ആ നീചനോടു വീണ്ടും ഇണങ്ങത്തക്കവണ്ണം അത്ര പുരുഷത്വമില്ലാത്തവനാണു ഞാനെന്നു വിചാരിപ്പാൻ തക്ക ഭോഷത്തം അദ്ദേഹത്തിനു പിണഞ്ഞതല്ലോ. ആ അവസ്ഥ വിചാരിച്ചാൽ ഇതെല്ലാം ദൈവവിരോധമാണെന്നു തോന്നിപ്പോകുന്നു. "ദൈവത്താലുപഹതനായവനൊരിക്കലും കൈവന്നീടുമോ ശുഭം ഹാ ഹന്ത! നിരൂപിച്ചാൽ?" മനുഷ്യക്കുള്ള ഗുണദോഷങ്ങളെ എല്ലാനാളും കാണുന്നതോരോ കാലമോരോരോ തരമല്ലൊ. വൃഥാ കൌടില്യനെ പഴിച്ചിട്ടാവശ്യമില്ല. ഹാ കഷ്ടം! മുമ്പു മഹാരാജാവു നന്ദൻ നാടുവാണുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിൻെറ മന്ത്രിപദത്തെ അലങ്കരിച്ചിരുന്ന എന്നെക്കാണുന്നതിന്നായി ഓരോ കാൎയ്യവശാൽ അനേകം രാജാക്കന്മാർ സമയം പാൎത്തുകാത്തു കെട്ടിക്കിടക്കുക പതിവായിരുന്നു. അങ്ങനെയുള്ള രാജാക്കളാലും സേവകജനങ്ങളാലും ആവൃതനായി ഞാൻ രാജഗൃഹത്തിലേക്കു പോകുമ്പോൾ ഓരോ ജനങ്ങൾ അവരവരുടെ ഗൃഹങ്ങളിലിരുന്നുകൊണ്ടു "ഇതാ രാക്ഷസാമാത്യൻ പോകുന്നു. നോക്കുക. എന്തു ശ്രീമാൻ! എന്തു ഭാഗ്യവാൻ!" എന്നിങ്ങനെ പറയാറുമുണ്ടായിരുന്നു. അപ്രകാരമുള്ള പദവികളോടു കൂടി വസിച്ചിരുന്ന ആ രാക്ഷസൻ ഇതാ ഒരു വെറും കള്ളനെപ്പോലെ ജീൎണ്ണോദ്യാനത്തിൻെറ ഒരു മൂല

യിൽ ഒളിച്ചിരിക്കുന്നു "ഇക്കാലം നിനക്കിതെന്നീശ്വരൻ നിയോഗിച്ചാലക്കാലമത്രമനുഭവിക്കേണ്ടതത്രെ!" ഈ ജീർണ്ണോദ്യാനം തന്നെ ഇപ്പോൾ അതിന്റെ പേര് നെ അനർത്ഥമാക്കിയിരിക്കുന്നു. മഹാരാജാവിനോടൊന്നിച്ച് ഇവിടെ നമ്മാലാപത്തിനായി വരുമ്പോൾ ഇതിന്റെ സ്ഥിതി എങ്ങനെ ഇരുന്നു? അഥവാ ഞാൻ ഈവിധം കഴിഞ്ഞ കാര്യം എന്തിനാണു പുലമ്പുന്നത്? പ്രിയ സുഹൃത്തായ ചന്ദനദാസന്റെ കഥ വല്ലവരും പറഞ്ഞു കേട്ടെങ്കിലോ എന്ന ശങ്കയോടുകൂടിയാണ് ഇവിടെ വന്നതു തന്നെ. ആട്ടെ വല്ല വിധത്തിലും അറിയാൻ വഴിയുണ്ടോ എന്നു പരീക്ഷിക്കാം."

ചാണക്യന്റെ ചാരന് അമാത്യരാക്ഷസന്റെ ഉള്ളിൽനിന്നു ചാടുന്ന വിചാരങ്ങൾ മിക്കവാറും മനസ്സിലാക്കുവാൻ സാധിച്ചു. അവൻ ഉടൻതന്നെ രാജധാനിയിൽചെന്നു താൻ കണ്ടതും കേട്ടതുമായ വിവരം മുഴുവൻ ചാണക്യനെ അറിയിച്ചു. അനന്തരം അവൻതന്നെ വേറൊരു വേഷം വഹിക്കുന്നതിനു നിർബ്ബന്ധിതനായി. ഉടനെ ഒരു പാശവും ധരിച്ചു പുറപ്പെട്ടുചെന്നു രാക്ഷസനിരിക്കുന്നതിനു മുൻഭാഗത്തുള്ള ഒരു വൃക്ഷത്തിൽ അദ്ദേഹം കാണ്കെ അദ്ദേഹത്തെക്കാണാതെ കെട്ടിത്തൂങ്ങിച്ചാകാൻ ഭാവിക്കണമെന്നും സഹതാപത്തോടെ അപ്പോൾ രാക്ഷസൻ അടുത്തുചെല്ലുമെന്നും അദ്ദേഹത്തിന്റെ ചോദ്യത്തിന് ഇന്നിന്നപ്രകാരം മറുപടി പറയണമെന്നുമായിരുന്നു

ഇയ്യാളെ ഏല്പിച്ചുവിട്ടതു്. അവൻ രാക്ഷസൻെറ മുന്നിൽച്ചെന്നു കാണാത്തനാട്യത്തിൽ നിലവിളിച്ചുകൊണ്ടു കെട്ടിത്തൂങ്ങുവാൻ ഭാവിച്ചു. ഭൂതദയയാൽ ആകൃഷ്ടനായ സചിവോത്തമൻ ഈ ഭയങ്കരഭാവന കണ്ടു സായുധനായിത്തന്നെ അവൻെറ സമീപത്തു ചെന്നു അകൃത്യം ചെയ്യാൻ തുനിയുന്നതിൽനിന്നു വിരമിക്കുവാൻ അവനോടാജ്ഞാപിച്ചു. അപ്പോൾ അവൻ "താൻ ചെയ്യാനുദ്ദേശിക്കുന്നതു് ഏററവും ന്യായവും ഒരുത്തമസ്നേഹിതന്നു് ഏററവും അടുത്തതുമായ പ്രവൃത്തിയാണെന്നും ദയവുണ്ടായി തന്നെത്തടയരുതെ" എന്നും അറിയിച്ചു. ഈ നിവേദനാംശം രാക്ഷസൻെറ ജിജ്ഞാസയെ വല്ധിപ്പിക്കയാൽ അദ്ദേഹം അവനോടു് ശോകകാരണത്തെ വ്യക്തമായി അറിയിക്കുന്നതിനാവശ്യപ്പെട്ടു. "തുല്യദുഃഖന്മാരുടെ വാൎത്തകൾ കേൾക്കുന്നേരം തെല്ലുസൌഖ്യമുണ്ടാകും ദുഃഖികൾക്കെന്നു സിദ്ധം"

ഉന്ദുരകൻ— അങ്ങുന്നേ! എൻെറ പ്രാണസ്നേഹിതനായ ഒരാൾക്കു സംഭവിക്കുന്ന അത്യാപത്തു കണ്ടുകൊണ്ടിരിപ്പാൻ ശേഷിയില്ലാതെ ഞാൻ മരിപ്പാൻ തുടങ്ങുകയാണു്.

രാക്ഷ—അല്ല! അപ്പോൾ താൻ വ്യസനത്തിൽ എൻെറ സബ്രഹ്മചാരിയാണല്ലേ? ആട്ടെ, തൻെറ ഈ ഉത്തമസ്നേഹത്തിന്നു പാത്രീഭൂതനാരാണു്? അദ്ദേഹത്തിനു് എന്താപത്താണു സംഭവിച്ചതു്?

ഉ—അയ്യോ! അതു പറവാനെന്നെ നിർബ്ബന്ധിക്കരു

തേ. എനിക്കത്രനേരം താമസിപ്പാൻ ശക്തിയില്ല. പറഞ്ഞതുകൊണ്ടു ഫലവുമില്ല

രാ—തന്റെ ഓരോ വാക്കും എന്റെ ജിജ്ഞാസയെ വൎദ്ധിപ്പിക്കുന്നതെ ഉള്ളൂ. അതിൽ തന്റെ സുഹൃത്തിന്റെ ആപല്ക്കാരണവും മററു സംഗതികളും നാമധേയവും എനിക്കു കേട്ടേ മതിയാവൂ.

ഉ—അവിടെക്കത്ര നിൎബ്ബന്ധമാണെങ്കിൽ പറയാം. പക്ഷെ, സംഗതി കേട്ടു കഴിയുമ്പോൾ എന്റെ പ്രവൃത്തിയിൽനിന്നു എന്നെ വിലക്കരുതു്.

രാ—(ആത്മഗതം) അമ്പ! മിത്രസ്നേഹത്തിന്റെ ദാൎഢ്യം. ഇവൻ എന്നെ എത്രയും നിസ്സാരനാക്കുന്നു (പ്രകാശം) അങ്ങനെയാവട്ടെ.

ഉ—ഈ പട്ടണത്തിൽ സ്വൎണ്ണക്കച്ചവടക്കാരായി ജിഷ്ണുദാസൻ എന്നൊരു ചെട്ടിയുണ്ടു്. അദ്ദേഹം എന്റെ ആത്മമിത്രമാണു്.

രാ—ശരി. അദ്ദേഹം ചന്ദനദാസന്റെയും ആത്മസ്നേഹിതനാണു്. (ആത്മഗതം) ഇയ്യാൾ ചന്ദനദാസന്റെ വൎത്തമാനം വല്ലതുമറിഞ്ഞിരിക്കും. അതിനാൽ എന്റെ ശ്രമം നിഷ്ഫലമല്ലെന്നു തോന്നുന്നു.

ഉ—അദ്ദേഹം ഇപ്പോൾ തന്റെ സൎവ്വസ്വവും സാധുക്കൾക്കു ദാനം ചെയ്തു് അഗ്നിപ്രവേശത്തിനായി നഗരത്തിൽനിന്നു പുറപ്പെട്ടിരിക്കുന്നു. ആ അവസ്ഥ അദ്ദേഹത്തിനു സംഭവിച്ചതായി കേൾപ്പാൻ എനിക്കു നിവൃത്തിയില്ലായ്കയാൽ അതിനു മുമ്പിൽ

ത്തന്നെ മരിച്ചുകളയാമെന്നു വിചാരിച്ച് ഈ ഞാൻ ജീർണ്ണോദ്യാനത്തിലേയ്ക്കു പോന്നു.

രാ—തന്റെ ആ മാന്യസ്നേഹിതൻ ഇപ്രകാരം ചെയ്യാനെന്താണു കാരണം? ചികിത്സിച്ചാൽ ഭേദമാവാത്ത വല്ല രോഗവും പിടിപെട്ടുവോ?

ഉ—ഇല്ല. അതുകൊണ്ടല്ല.

രാ—പിന്നെ രാജകോപംകൊണ്ടു സഹിക്കാൻ പാടില്ലാതെ വന്നുവോ?

ഉ—മഹാരാജാവു ചന്ദ്രഗുപ്തനോടു സ്നേഹമില്ലാത്ത പ്രജകളാരുംതന്നെ ഈ നാട്ടിലില്ല.

രാ—എന്നാൽ ക്ഷന്തവ്യമല്ലാത്ത വല്ല പാപവും ചെയ്തതിനു പരിഹാരമാർഗ്ഗം കാണാതെ നിരാശപ്പെട്ടു പോയോ?

ഉ—ജിഷ്ണുദാസനോളം സന്മാർഗ്ഗചാരിയായ ഒരുവൻ ഈ നഗരവാസികളിൽ വേറെ ഇല്ല.

രാ—പിന്നെന്താണ്? മാനഹാനി വരികയോ? അതോ തന്റെ സ്നേഹിതന്മാരിൽ ആക്കെങ്കിലും സംഭവിക്കുന്ന അതിദുസ്സഹമായ ദുഃഖം കാണാൻ അദ്ദേഹം അശക്തനായെന്നുണ്ടോ?

ഉ—അങ്ങുന്നേ! വാസ്തവം പറഞ്ഞാൽ അതുതന്നെ കാരണം. ഈ നഗരത്തിൽ പുഷ്പത്തെരുവിൽ രത്നവ്യാപാരിയായി ചന്ദനദാസൻ എന്നൊരു വനുണ്ട്.

രാ—പറഞ്ഞോളൂ; കേൾക്കുന്നുണ്ട്.

ഉ—ആ ചന്ദനദാസൻ രാജദ്രോഹകുററത്തിനായി

ഇപ്പോഠം ബന്ധനസ്ഥനാണ്. ജിഷ്ണുദാസൻ മഹാരാജാവിനോടു തൻെറ ദ്രവ്യം മുഴുവൻ കൊടുക്കാമെന്നും ചന്ദനദാസനെ സകുഡുംബം വിട്ടുകൊടുക്കണമെന്നും അപേക്ഷിച്ചു.

രാ—(വിചാരം) ഹാ! മിത്രബന്ധത്തിൻെറ ശക്തി ജിഷ്ണുദാസാ! അങ്ങ് ഉചിതജ്ഞനാണ്. ഇങ്ങനെയുള്ളവരാണു ബന്ധുക്കളായിരിക്കേണ്ടതു്. എന്നേപ്പോലെ ഉദാസീനരും അശക്തരുമല്ല. മനസ്സേ! ധൈര്യമായിരുന്നു കൊഠക. എന്തോ രസമില്ലാത്ത കഥയാണിതു്. (പ്രകാശം) എന്നിട്ടു മൌര്യൻ ആ അപേക്ഷ സ്വീകരിച്ചില്ലല്ലേ?

ഉ—മറുപടിയായി മഹാരാജാവിങ്ങനെ അരുളിച്ചെയ്തു. "ജിഷ്ണുദാസാ! ഞാൻ ധനാശകൊണ്ടല്ല ഇയ്യാളെ ബന്ധനത്തിൽ പാർപ്പിച്ചതു്. രാജദ്രോഹിയായ രാക്ഷസാമാത്യൻെറ കളത്രത്തെ ഇയ്യാഠം വെച്ചു സൂക്ഷിക്കുന്നു. എത്ര വളരെ അപേക്ഷിച്ചു ചോദിച്ചിട്ടും തരുന്നതുമില്ല. അതിനാൽ ഇയ്യാളെ വിട്ടുതരണമെങ്കിൽ രാക്ഷസൻെറ ഗൃഹജനത്തെ കിട്ടണം. അല്ലാത്തപക്ഷം രാജദ്രോഹിയെ സഹായിക്കുന്ന ഇവനും രാജദ്രോഹിയാകയാൽ ന്യായപ്രകാരം മരണശിക്ഷ അനുഭവിക്കണം". ചന്ദനദാസൻെറ സ്വഭാവത്തെപ്പററി നല്ല നിശ്ചയമുള്ള ജിഷ്ണുദാസൻ, ശ്രവണദുസ്സഹമായ ആ കല്പന കേട്ടിട്ടു് അതിൻെറ ഫലത്തേക്കുറിച്ചു നല്ലവണ്ണം ആലോചിച്ചു് അതുകൂടി കേഠക്കുന്നതിനു

മുമ്പു പ്രാണത്യാഗം ചെയ്യാൻ ഭാവിക്കുന്നു. ആ കാരണത്താൽ തന്നെ ഞാനും.

രാ—(ആത്മഗതം) അഹോ! പരമദയാശീലൻ! അത്ഥാത്ഥം പുത്രന്മാർ താതന്മാരേയും, താതന്മാർ പുത്രന്മാരേയും, മിത്രങ്ങൾ അന്യോന്യവും ഭാര്യാഭർത്താക്കന്മാരും സ്വാമിഭൃത്യന്മാരും തമ്മിൽത്തമ്മിലും കൊലചെയ്തു കളയും. ഇവിടെയാകട്ടെ, എന്റെ അന്തരംഗമിത്രത്തിനുവേണ്ടി തന്റെ സൎവ്വസ്വവും ആത്മാവുപോലും ജിഷ്ണുദാസൻ ഉപേക്ഷിച്ചിരിക്കുന്നു. "മിത്രം" എന്ന അക്ഷരദ്വയത്തിന്റെ മാഹാത്മ്യം ബ്രഹ്മാവിനുപോലും ഉച്ചരിപ്പാൻ കഴിയുന്നതല്ല. (പ്രകാശം) ആട്ടെ. ചന്ദനദാസനെ കൊന്നുകഴിഞ്ഞില്ലല്ലൊ.

ഉ—ഇല്ല. അദ്ദേഹത്തോടു വീണ്ടും വീണ്ടും നിർബ്ബന്ധിച്ചും ഭയപ്പെടുത്തിയും അമാത്യദാരങ്ങളെ ചോദിച്ചുകൊണ്ടിരിക്കുന്നു; അദ്ദേഹം കൊടുക്കയുമില്ല. പക്ഷേ, വളരെ താമസിയാതെ കൊന്നുകളഞ്ഞേക്കും.

രാ—ആട്ടെ, താൻ വേഗം ചെന്നു ജിഷ്ണുദാസനെ മരണത്തിൽനിന്നു മോചിക്കൂ. ഞാനും ചന്ദനദാസനെ വിടുവിക്കാം.

ഉ—അങ്ങുന്നെ! എനിക്കിതു സന്തോഷപ്രദമാണെങ്കിലും വിശ്വാസ്യമായി തോന്നുന്നില്ല. അതിനാൽ എന്തുപായംകൊണ്ടാണവിടുന്നു ചന്ദനദാസനെ വിമുക്തനാക്കുന്നതെന്നറിഞ്ഞാൽ കൊള്ളാ

മായിരുന്നു.

രാ—വാളൂരി (ഇളക്കിക്കൊണ്ടു്) വ്യവസായത്തിനു ബന്ധുവായിരിക്കുന്ന ഈ കൃപാണധാരകൊണ്ടുതന്നെ നോക്കു.

"മെത്തും കാർപോയ മാനത്തിനു സമരുചിയായ്
സംഗരശ്രദ്ധയാലെ
പുത്തൻ രോമാഞ്ചമേന്തുംപടി മമ കരമായ്
വേഴ്ചപൂണ്ടുള്ള ഖഡ്ഗം
സത്വോൽക്കർഷാലരാതിപ്പടയിൽ മഹിമകാ-
ണിച്ചതല്ലെങ്കിലേററം
മിത്രസ്നേഹാത്തനാമെന്നെയിതുടനെയയ-
യ്ക്കുന്നിതസ്സാഹസത്തിൽ."

ഉ—അങ്ങുന്നേ! ഇപ്രകാരം ചന്ദനദാസൻെറ ജീവനെ സധൈര്യം രക്ഷിക്കാമെന്നുറപ്പു പറഞ്ഞിട്ടും ആപൽഗതനായിരിക്കുന്ന എനിക്ക് അവിടുന്നു് അമാത്യരാക്ഷസനാണെന്നു തീച്ചയാക്കുവാൻ കഴിയുന്നില്ല. അതിനാൽ എൻെറ സംശയനിവൃത്തി വരുത്തിത്തരണം.

രാ—ശത്രുനാശം കണ്ടനുഭവിച്ചു ജീവിച്ചിരിക്കുന്നവനും ബന്ധുനാശത്തിനു കാരണഭൂതനുമാകയാൽ നിർല്ലജ്ജനും അനാര്യനുമായ രാക്ഷസൻെറ നാമത്തെ യഥാത്ഥമായി വഹിക്കുന്നതു ഞാൻതന്നെയാണു്.

ഉ—(നമസ്കരിച്ചിട്ടു്) സ്വാമി! ഇപ്പോൾ എനിക്കു വിശ്വാസമായി. എൻെറ ഭാഗ്യത്താൽ അവിടു

ത്തെ കാണാനും സംഗതിയായി.

രാ— (പിടിച്ചേണീപ്പിച്ചിട്ട്) നല്ലതു വരട്ടെ. ഇതാ രാക്ഷസൻ ചന്ദനദാസനെ വധിക്കുന്നുവെന്നു ജിഷ്ണുദാസനോടു ചെന്നു പറയൂ.

ഉ—അമാത്യൻ ക്ഷമിക്കണേ. ഇവിടെ മുമ്പൊരിക്കൽ ശകടദാസനെ കൊല്ലാൻ വിധിക്കയുണ്ടായി. ആ കൊലനിലത്തുനിന്നു് അയാളെ ആരോ ദേശാന്തരത്തിലേയ്ക്കു കടത്തിക്കൊണ്ടുപോയി. മഹാരാജാവു് ആരുടെ നോട്ടക്കുറവുനിമിത്തം ഇങ്ങനെ സംഭവിച്ചു എന്നും മററും അന്വേഷണം നടത്തിയിട്ടു്, ഒടുവിൽ വധാധികൃതന്മാരെ എല്ലാം കൊന്നുകളഞ്ഞു. ആ സംഭവത്തിനുശേഷം വദ്ധ്യന്മാരെ കൊലനിലത്തിലേയ്ക്കു കൊണ്ടുപോകുമ്പോൾ ആയുധപാണികളായി ആരെങ്കിലും മുമ്പിൽനിന്നോ പിമ്പിൽനിന്നോ വരുന്നതുകണ്ടാൽ ഘാതകന്മാർ തങ്ങളുടെ ജീവനെ ഭയന്നു കൊലനിലത്തെത്തിയില്ലെങ്കിലും, വദ്ധ്യന്മാരെ ഉടനെ വധിച്ചുകളയും. അതിനാൽ സ്വാമി സായുധനായി വധസ്ഥലത്തേയ്ക്കു പോകുന്നതായാൽ ചന്ദനദാസൻെറ വധത്തിനു് എളുപ്പമുണ്ടാക്കുകയാവും.

രാ—(വിചാരം) അമ്പോ! ചാണക്യൻെറ നീതിയുടെ വഴി അറിവാൻ പ്രയാസം. ശകടദാസനെ എൻെറ അടുക്കലേക്കയച്ചതു ശത്രുക്കൾക്കു ഹിതമാണെങ്കിൽ ഘാതകന്മാരെ എന്തിനു കൊന്നു? അല്ലെങ്കിൽ ആ കള്ള എഴുത്തു് ഈ കപടങ്ങളെല്ലാം

തെളിയിച്ച് എന്നെ ഈ പതനത്തിൽ തള്ളിവിട്ടമായിരുന്നാവോ? ആലോചിച്ചിട്ട് ഒരു നിശ്ചയവും വരുന്നില്ല. ഏതെങ്കിലും അതു കഴിഞ്ഞ കഥയല്ലേ? ഇപ്പോൾ വേണ്ടതു വേറെ കാൎയ്യമാണല്ലൊ. (പ്രകാശം) എടോ! തന്റെ അഭിപ്രായം ശരിയാണു്.

"വാളിപ്പോൾ പററിടാ ഘാതകരുടെ നിധനം
മുമ്പിലെ ചെയ്തിരിക്കെ
കാലം നീണ്ട ഫലിക്കു നയ മതുമിവടെ-
ക്കാൎയ്യമായ് ത്തീരുകില്ല
കോളല്ലോത്താലമാനം ബഹുകഠിനവിപ-
ത്തിൽ സുഹൃത്തിന്നഹോ! ഞാൻ
മൂലം ചാട്ടമ്പോളെന്നാൽ മമതനു പകരം
നൽകിടുന്നുണ്ടിതാ ഞാൻ.

അതിനാൽ താൻ തന്റെ കൃത്യം മുറയ്ക്കു ചെയ്ക. ഞാൻ വേഗം കൊലനിലത്തിലേയ്ക്കു ചെല്ലട്ടെ. അമാത്യൻ ഇപ്രകാരം പറഞ്ഞു ഉന്ദൂരകനെ യാത്രയാക്കിയിട്ടു വാളും ദൂരെ എറിഞ്ഞു വായുവേഗേന വധസ്ഥലത്തേയ്ക്കു പാഞ്ഞു.

---

## ൻ-ാം അദ്ധ്യായം

അമാത്യരാക്ഷസനും ഉന്ദൂരകനും തമ്മിൽ ഇങ്ങനെ സംഭാഷണത്തിൽ ഏൎപ്പെട്ടുകൊണ്ടിരുന്നപ്പോൾ നമ്മുടെ കഥയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സം

ഭേവം വേറൊരു സ്ഥലത്തു നടക്കുന്നുണ്ടായിരുന്നു അമാത്യനെ വശീകരിക്കാൻ ഉന്ദുരകനെ യാത്രയയച്ചിട്ടു ചാണക്യൻ തന്റെ പഴയ ഭൃത്യനായ സിദ്ധാത്ഥകനേയും അവന്റെ സുഹൃത്തായ സമൃദ്ധാത്ഥകനേയും വിളിച്ചു് ആജ്ഞാപിച്ചു. 'ഇനി നിങ്ങളെക്കൊണ്ടൊരു കായ്യം സാധിക്കേണ്ടതുണ്ടു്. നിങ്ങൾ ചണ്ഡാലവേഷം ധരിച്ചു കണ്ടായിൽ കിടക്കുന്ന ചന്ദനദാസനെ കൊലനിലത്തു കൊണ്ടുപോയി കൊല്ലണം. എന്നാൽ രാക്ഷസാമാത്യൻ അവിടെ എത്തി ഏതെങ്കിലും പ്രതിബന്ധം തുടങ്ങുന്നതായാൽ അവനെ കൊല്ലാനുത്സാഹിക്കാതെ ഉടൻതന്നെ നിങ്ങളിലൊരുവൻ ഇവിടെവന്നു വിവരമറിയിക്കണം." ഏവംവിധം ആജ്ഞാപിതരായ സിദ്ധാത്ഥക സമൃദ്ധാത്ഥകന്മാർ കാലവിളംബമെന്യേ ചണ്ഡാലവേഷധാരികളായി കാരാഗൃഹത്തിൽ കിടന്നിരുന്ന ചന്ദനദാസനെ പുറത്താക്കി. ചണ്ഡാലന്മാരെപ്പോലെ ഭീഷണവാക്കുകളും ഉച്ചരിച്ചുകൊണ്ടു് അവർ അയാളുടെ അരയ്ക്കു കയറിട്ടു കയ്യിൽ ഒരു ശൂലവുംകൊടുത്തു് ഇരുവരുടേയും മദ്ധ്യേ നടത്തിക്കൊണ്ടു കൊലസ്ഥലത്തേയ്ക്കു തിരിച്ചു. ഈ ദയനീയമായ കാഴ്ചകണ്ടു് അയാളുടെ ഭായ്യയും പുത്രനും മുക്തകണ്ഠം രോദനം ചെയ്തുകൊണ്ടു് അയാളെ അനുഗമിച്ചു. പിന്നാലെ ചില ഭൃത്യരും ഉററ സ്നേഹിതന്മാരും മൌനാവലംബികളായി നടന്നിരുന്നു. കുറേനേരംകൊണ്ടു് ഒരു വലിയ ജനസംഘം ആ കൂട്ടത്തി

ലുണ്ടായി. ചന്ദനദാസൻ ഉത്തമനും വിശ്വാസ്യനുമായിരുന്നതിനാൽ അയാളെ മിക്ക ജനങ്ങൾക്കും വലിയ കാര്യമായിരുന്നു. എങ്കിലും രാജശാസനയാകയാൽ ആരും ഒന്നും പറഞ്ഞില്ല. ചന്ദനദാസനും മിത്രങ്ങളും ഇടയ്ക്കിടെ പുറപ്പെടുവിക്കുന്ന നെടുവീർപ്പുകളും ഭാര്യാപുത്രന്മാരുടെ രോദനവുമല്ലാതെ വേറെ യാതൊരു ശബ്ദവും ആ കൂട്ടത്തിൽനിന്നു പുറപ്പെട്ടില്ല.

കുറേ മുമ്പോട്ടു നടന്നതിന്റെ ശേഷം ചണ്ഡാലന്മാരിലൊരുവൻ ചന്ദനദാസനോടു "ഹേ ചെട്ടിയാരേ! കൊലനിലമായി, അതിനാൽ ഭാര്യയേയും പുത്രനേയും പറഞ്ഞയക്കൂ" എന്നു പറഞ്ഞു.

രണ്ടാമൻ—ഉത്തമനായ ചന്ദനദാസച്ചെട്ടിയാരേ! അങ്ങ് എന്തിനിങ്ങനെ ദുഃഖിക്കുന്നു? തന്നത്താൻ വരുത്തിക്കൂട്ടുന്ന ആപത്തല്ലേ ഇതു്? നിവാരണമാർഗ്ഗം സ്വാധീനത്തിലുണ്ടല്ലോ. അതിനാൽ മന്ത്രിശ്രേഷ്ഠന്റെ ഭാര്യയെ മഹാരാജാവിനു കൊടുത്തിട്ടു ഭാര്യാപുത്രാദികളോടുകൂടി ഗൃഹത്തിൽ ചെന്നു സുഖമായി വസിക്കരുതോ?

ഈ ഗുണദോഷത്തിനു് ആ ചണ്ഡാലനെ നിന്ദാസൂചകമായ ദൃഷ്ടികളെക്കൊണ്ടു നോക്കുകയല്ലാതെ ചന്ദനദാസൻ ഉത്തരമൊന്നും പറഞ്ഞില്ല. അയാൾ പിന്നീടു തന്റെ പുത്രനേയും ഭാര്യയേയും പ്രത്യേകം ആലിംഗനം ചെയ്തിട്ടു പറഞ്ഞു: "പ്രിയതമേ പുത്രനോടുകൂടി തിരിച്ചു പൊയ്ക്കൊള്ളൂ. ഈ സ്ഥലം

പരിശുദ്ധയായ ഭവതിക്കു സഞ്ചാരയോഗ്യമല്ല.

രാജ്ഞി—നാഥാ! അങ്ങു പരദേശഗമനത്തിനല്ലല്ലൊ പുറപ്പെട്ടിരിക്കുന്നതു്; പരലോകഗമനത്തിനല്ലെ? അതിനാൽ ഇപ്പോൾ തിരിച്ചുപോകുന്നതു കുലസ്ത്രീകൾക്കു യുക്തമല്ല.

ച—എന്നാൽ ഭവതി ഇനി എന്തുചെയ്യാനാണു വിചാരിക്കുന്നതു്?

രാജ്ഞി— ഭർത്തൃപാദശുശ്രൂഷ ചെയ്യാനെവിടെ വന്നാൽ സാധിക്കുമോ ആ സ്ഥലത്തേയ്ക്കു പോവാൻ തീർച്ചയാക്കിയാണു ഞാൻ തിരിച്ചതു്!

ച—പ്രിയേ! ഭവതിയെക്കുറിച്ചു എനിക്കു ഒരേസമയത്തു ബഹുമാനസ്നേഹങ്ങളും വ്യസനവുമുണ്ടാകുന്നു. എന്നാൽ രണ്ടാമത്തെ വികാരമാണധികം. എന്നാൽ ഭവതി ഇപ്രകാരം ചെയ്താൽ നാട്ടുനടപ്പുപോലുമറിവാൻ പ്രായമായിട്ടില്ലാത്ത ഈ കൊച്ചുകുട്ടി എന്തുചെയ്യും? അവനാരാണൊരാശ്രയം? (പുത്രനെ ചുംബിക്കുന്നു)

രാ—ഇവനെ കുലദേവതമാർ രക്ഷിക്കട്ടെ. നാഥാ! നാം ഈശ്വരവിരോധമൊന്നും ചെയ്തിട്ടില്ലല്ലോ. ആ സ്ഥിതിക്കു നമ്മുടെ ഓമനയിൽ ഈശ്വരകോപമുണ്ടാവാൻ വഴിയില്ല. ഉണ്ണീ! അവസാനമായി അച്ഛനെ നമസ്കരിക്കു.

പുത്രൻ—(കരഞ്ഞുകൊണ്ടു നമസ്കരിച്ചിട്ടു്) അച്ഛ അച്ഛനെ പിരിഞ്ഞു ഞാൻ പിന്നെ എന്താണു ചെയ്യേണ്ടതു്? എവിടെ പോകുന്നു?

ച—(പുത്രനെ രണ്ടുകൈകൊണ്ടും വാരി മാറോടണച്ചുകൊണ്ടു്) മകനേ! ചാണക്യനില്ലാത്ത നാട്ടിൽ ചെന്നാൽ നിനക്കു സുഖമായി ജീവിക്കാം. എല്ലാവരും ഒന്നുപോലെയാകയില്ല.

ചണ്ഡാലന്മാർ—ചെട്ടിയാരെ! ശൂലം നാട്ടിക്കഴിഞ്ഞു. വേഗമാവട്ടെ.

ഭാര്യ—ആര്യന്മാരെ! രക്ഷിക്കണെ! രക്ഷിക്കണെ!

പുത്രൻ—"അയ്യോ അച്ഛാ!" എന്നു പറഞ്ഞു വീണ്ടും കാല്ക്കൽ വീഴുന്നു.

ച—പ്രിയതമെ! ആരെ വിളിച്ചു നിലവിളിക്കുന്നു? ദീനാനുകമ്പികളായ നമ്മുടെ മഹാരാജാക്കന്മാർ സ്വർഗ്ഗാരോഹണം ചെയ്തുകഴിഞ്ഞല്ലൊ. എന്നു മാത്രമല്ല, മിത്രകാര്യത്തിനായിട്ടല്ലെ ഞാൻ മരിക്കുന്നതു്? അല്ലാതെ പുരുഷദോഷംകൊണ്ടല്ലല്ലൊ. അതിനാൽ സൽഗതി നേടാനായി ചെയ്യുന്ന സൽക്കർമ്മത്തിൽ സന്തോഷിക്കേണ്ടതിനു പകരം ദുഃഖിക്കയാണൊ വേണ്ടതു്.

ചണ്ഡാലൻ—എടാ! ഇവനെ പിടി. വെറുതേ നേരം കളയുന്നു.

രണ്ടാമൻ—അതിപ്പോൾ കഴിച്ചേക്കാം, എന്നു പറഞ്ഞു് ഓടിച്ചെല്ലുന്നു.

ചന്ദ—നിങ്ങൾ കുറച്ചുനേരം നില്ക്കണെ. ഞാൻ എന്റെ കുട്ടിയെ ഒരിക്കൽക്കൂടി ആലിംഗനം ചെയ്യട്ടെ (പുത്രനെ എടുത്തു പുണൎന്നിട്ടു്) ഉണ്ണീ! മകനെ! എന്റെ കുട്ടി ഒരിക്കലും ദുഃഖിക്കരുതു്.

എങ്ങനെ എങ്കിലും മരണമുണ്ടാകാതിരിക്കയില്ല എന്നുള്ള സ്ഥിതിക്കു, മിത്രകാൎയ്യത്തെ നിൎവ്വഹിച്ചു കൊണ്ടു ഞാൻ ഇതാ മരിപ്പാൻ പോകുന്നു.

പുത്രൻ—അതു പറയാനുണ്ടോ? അതു നമ്മുടെ കുലധൎമ്മമാണെന്നു് അച്ഛൻതന്നെ പല തവണ പറഞ്ഞു തന്നിട്ടുണ്ടല്ലോ.

ഈ വാദം തുടൎന്നുകൊണ്ടിരിക്കുന്നതു് കണ്ടു് ചണ്ഡാലന്മാർ അക്ഷമന്മാരായി. ഒരുവൻ ചന്ദനദാസനെ പിടിപ്പാനായി അടുത്തു ചെല്ലുന്നതുകണ്ടു് ഭാൎയ്യയും പുത്രനും അയാളെ വിടാതെ പററിക്കൂടി; ഉടനെ മററവൻ'പിടിയെടാ! സ്ത്രീജനങ്ങൾക്കു മാനം വേണമെന്നുണ്ടെങ്കിൽ തന്നത്താൻ മാറിക്കൊള്ളും" എന്നു പറഞ്ഞു ആദ്യത്തെ ആളെ ധൈൎയ്യപ്പെടുത്തി. അപ്പോഴേക്കും ധൈൎയ്യവതിയായിരുന്ന ഭാൎയ്യ ഉറക്കെ കരഞ്ഞുതുടങ്ങി. ഗുണവാനായ പുത്രനും മാതാവിനെ അനുകരിച്ചു. "അയ്യോ! ഞങ്ങളെ ഈ വിപത്തിൽനിന്നു മോചിപ്പിക്കുവാനാരാണുള്ളതു്?" എന്നു് ഉൽപ്രേക്ഷികളായി അവർ വിളിച്ചുപറഞ്ഞു. ഈ പ്രാൎത്ഥനയ്ക്കു മറുപടിയായി "ഞാനുണ്ടു പേടിക്കേണ്ട" എന്നു പറഞ്ഞുകൊണ്ടു തക്ക സമയത്തു് അമാത്യൻ ബദ്ധപ്പെട്ടു് അവിടെ വന്നുചേൎന്നു. അദ്ദേഹം എത്ര വേഗത്തിലാണു് അവിടെ വന്നുചേൎന്നതെന്നു തുടിക്കുന്ന നെഞ്ചും അടഞ്ഞ ശ്വാസവും പ്രത്യക്ഷമാക്കി. ആ വേഗത്തിൽത്തന്നെ അദ്ദേഹം ചണ്ഡാലന്മാരെ തടുത്തുപറഞ്ഞു. ഹേ! ഹേ! ചന്ദനദാസനെ കൊല്ലു

ച. എന്തെന്നാൽ,

“ഭർത്തൃവംശഹതി ശത്രുവംശഹതി പോലെ
പണ്ടു ബത കണ്ടവൻ
മിത്രസങ്കടമതിങ്കലുത്സവമതിങ്ക-
ലെന്ന പടി നിന്നവൻ
ഏത്ര വൻചതികളേല്ക്കിലും വലിയ ജീവ-
നിൽ കൊതിയനേഷഞാൻ;
മൃത്യുലോകപദമായിടുന്ന കൊലമാല
കെട്ടുക കഴുത്തിൽ മേ.”

എന്നു സേനാപതിയോടു ചെന്നു പറയണം.

ചന്ദനദാസൻ, തൻെറ മാന്യസുഹൃത്തിനെ പ്രത്യക്ഷമായി കണ്ട സമയം അതുവരെ അയാൾ ഉരുക്കൂട്ടിവെച്ചിരുന്ന ധൈര്യത്തിൻെറ അസ്ഥിവാരം ഉടഞ്ഞു ചോരന്നൊഴുകുന്നതുപോലെ കണ്ണീർ ധാരമുറിയാതെ ഒഴുക്കിക്കൊണ്ടു ഗൽഗദാക്ഷരമായി പറഞ്ഞു. “ആര്യ എന്താണിതു്?”

രാ—പ്രിയമിത്രമേ! അങ്ങയുടെ ഒരു സുചരിതത്തിൻെറ ഏകദേശം ഛായ പിടിക്കാമോ എന്നു പരീക്ഷിക്കുകയാണു്.

ചന്ദ—ആര്യ! ഞാനിതുവരെ സഹിച്ച ബുദ്ധിമുട്ടുകളെല്ലാം നിഷ്ഫലമാക്കിത്തീർക്കുന്നതുകൊണ്ടു ആര്യൻ എനിക്കനിഷ്ടമാണു ചെയ്യുന്നതു്.

രാ—സഖേ! ഈ ജീവലോകത്തിന്നൊക്കെ സ്വാർത്ഥം തന്നെയാണു് പ്രധാനം. അതുകൊണ്ടു പരിഭവം! പറഞ്ഞതു മതി. (ചണ്ഡാലന്മാരോടു്) എടോ

ആ ദുർബ്ബുദ്ധിയായ ചാണക്യഹതകനോടിങ്ങനെ പറഞ്ഞേക്കു

"ദുർജ്ജനപ്രിയമതായ ദുഷ്ടകലിയിൽ
പരാത്ഥമുടൽ കൈവിടാൻ
സജ്ജനായ് ശിബി യശസ്സിനും ബഹു കനം
കുറച്ചോരു യശോധനൻ
സജ്ജനാഗ്ര്യനിഹ ബുദ്ധചേഷ്ടിതവുമൊട്ടി-
ടിച്ചു പരിശുദ്ധന-
പ്പൂജ്യനും തവ വിരോധിയായെന്നു വേണ്ടി-
യപ്പുരുഷനേഷ ഞാൻ".

ഒന്നാം ചണ്ഡാലൻ—എടോ ചങ്ങാതി! താൻ ഈ ചെട്ടിയാരെപ്പിടിച്ചുകൊണ്ടു ഈ ശ്മശാനവൃക്ഷത്തിൻെറ തണലിൽ കുറച്ചുനേരം നില്ക്കു. ഞാൻ വേഗത്തിൽച്ചെന്നു അമാത്യരാക്ഷസനെ പിടികൂടി എന്നു് ആര്യചാണക്യനോടറിയിച്ചു് അദ്ദേഹത്തിൻെറ സന്ദേശവാക്യവും പറയട്ടെ".

ശ്മശാനസ്ഥലത്തുനിന്നു് ഓടിപ്പോയ ചണ്ഡാലവേഷധാരി ചാണക്യനെക്കണ്ടു ഉണ്ടായ അവസ്ഥകളെല്ലാം അറിയിച്ചു. തൻെറ ശ്രമങ്ങളുടെ ഫലപരിപാകം സന്നിഹിതമായെന്നോർത്തു് അത്യന്തം സന്തുഷ്ടനായ ചാണക്യൻ ഒട്ടും കാലതാമസം കൂടാതെയും വിശേഷാഡംബരമൊന്നും കൂടാതെയും ചന്ദ്രഗുപ്തനോടും ഭൃത്യനോടുമൊരുമിച്ചു ശ്മശാനഭൂമിയെ പ്രാപിച്ചു.

കത്തിക്കാളുന്ന ചെന്തീയെവനൊരു തുണിയിൽ
കെട്ടി, താനങ്ങുമിങ്ങും
തത്തിപ്പായുന്ന കററക്കയറുകളുതുകൊ-
ണ്ടാരനങ്ങാതെയാക്കി.
മത്തേഭോല്ലാനഗണ്ഡോൽബ്ബണ സടഹരിയെ-
ക്കൂട്ടിലാരിട്ടടച്ചു
ഹസ്തംകൊണ്ടുഗ്രനക്രോൽക്കടവികടകടൽ
ക്കക്കരെയ്ക്കാരു പൂക"

അപ്രകാരം നീതിനിപുണബുദ്ധിയായ ചാണക്യൻ ചന്ദ്രതുല്യനായ മഹാരാജാവിനോടൊരുമിച്ച് ആ സ്ഥലത്തേയ്ക്കു വരുന്നതു കണ്ടിട്ടു ചന്ദനദാസന്റെ കാവലേററിരുന്ന ചണ്ഡാലൻ അയാളോടായി രാക്ഷസാമാത്യൻ കേൾക്കുന്നതിനു് ഇങ്ങനെ പറഞ്ഞു. ഹേ ചെട്ടിയാരെ! തന്റെ കണക്കു തീരുകയായി. ഇതാ നന്ദകുലപർവ്വതത്തിനെ പൊടിപ്പാനുള്ള വജ്രായുധമായും മൌര്യകുലപ്രതിഷ്ഠയ്ക്കുള്ള അഷ്ടഗന്ധമായും ശോഭിക്കുന്ന ആര്യ്യചാണക്യൻതന്നെ തന്റെ വിധി കല്പിക്കുന്നതിനായി മഹാരാജാവിനോടൊന്നിച്ചു ഇങ്ങോട്ടു വരുന്നു. അതിനാൽ ധർമ്മദൈവങ്ങളോടു യാത്രപറഞ്ഞുകൊള്ളുകതന്നെ.

രാക്ഷ—(വിചാരം) ഈ രാക്ഷസനു് ഇതു കേൾക്കേണ്ടതായി വന്നല്ലോ. (മുൻഭാഗത്തു നോക്കീട്ടു്) ഇതാ ആ ദുരാത്മാവായ—ഛേ അങ്ങനെയല്ല—മഹാത്മാവായ ചാണക്യൻ കഷ്ടം! കഷ്ടം!

"ഉൽകൃഷ്ടരത്നനിരകൾക്കുപോലെ ശാസ്ത്ര-
ങ്ങൾക്കുള്ളിരിപ്പിടമതായെഴുവോരിവന്റെ
ചൊല്ലേറുണ്ട സൽഗുണമതോർത്തു രസിച്ചിരുന്നി-
ല്ലുൾക്കൊണ്ട മത്സരമതുള്ളതു കാരണം ഞാൻ."

എത്രയായാലും മഹനീയങ്ങളായ സ്വഭാവവിശേഷങ്ങൾ എന്നും ആ തരത്തിൽത്തന്നെ ഇരിക്കും. അതിനാൽ ഇനി ഇദ്ദേഹത്തെ നിന്ദിപ്പാൻ പാടില്ല.

ചാണക്യൻ — (വിചാരം) ഇതാ മഹാത്മാവായിരിക്കുന്ന ആ രാക്ഷസൻ — ഇദ്ദേഹമാവട്ടെ,

"ചിക്കെന്നുറക്കമതിലച്ചതിമാത്രമാലോ-
ചിക്കേണ്ടതാം വലിയ കല്പനകൊണ്ടുപാരം
ചൊല്ലേറുണ്ടിടും വൃഷലസൈന്യവുമെന്റെ വീര്യ-
മുൾക്കൊണ്ട ബുദ്ധിയതുമേറെ വലച്ചിരുന്നു."

ഇപ്രകാരമാണ് ഈ രണ്ടു മഹാത്മാക്കളുടെ ആദ്യമായുള്ള അഭിമുഖസന്ദർശനത്തിൽ അവക്ക് അന്യോന്യമുണ്ടായ അഭിപ്രായം. പല വിഷയത്തിലും യോഗ്യന്മാരും അതിസമർത്ഥന്മാരും ബുദ്ധിശാലികളുമായ മഹാന്മാർ ചില കാര്യകാരണങ്ങളാൽ അന്യോന്യം മത്സരിക്കുന്നതിനും അതു ഹേതുവായി ബുദ്ധികൊണ്ടും മററും ഓരോ പ്രയോഗങ്ങൾചെയ്തു ബലം പരീക്ഷിക്കുന്നതിനും സാധാരണ സംഗതിയാകാറുണ്ട്. എന്നാൽ ഏതെങ്കിലും ഒരവസരത്തിൽ ഇവർ തമ്മിൽ കണ്ടുമുട്ടുന്നതിനിടയായാൽ ക്ഷുദ്രമതികളെപ്പോലെ തമ്മിൽത്തമ്മിൽ കുററം കണ്ടുപിടിച്ചു മുമ്പ് ഉൽഭൂതമായ മാത്സര്യം വർദ്ധിക്കുന്നതിനു പകരം ഓരോരു

ത്തനം മഹാശയനായ തന്റെ പ്രത്യോഗി പ്രവ ൎത്തിച്ചിട്ടുള്ള മഹിമകളെ ഓൎത്ത് അദ്ദേഹത്തെ ബഹു മാനിക്കയും അപ്രകാരം അവരുടെ സാക്ഷാൽ യോ ഗ്യതകളെ വെളിപ്പെടുത്തി തമ്മിൽ യോജിച്ചു പ്ര വൎത്തിച്ചാലുണ്ടാവുന്ന അന്യരുടെ ഗുണങ്ങളെ ആസ്പ ദമാക്കി വൈരത്തിനു അവസാനം വരുത്തുകയും അ ല്ലെങ്കിൽ അതിനു ശ്രമിക്കയും അപൂൎവ്വമായിട്ടെങ്കിലും ചെയ്യേണ്ടതാകുന്നു. നമ്മുടെ കഥയിലെ പ്രധാന പാത്ര ങ്ങളായ ചാണക്യരാക്ഷസന്മാരുടെ സന്ദൎശനവും ഏ റെക്കുറെ ഇപ്രകാരംതന്നെ ആയിരുന്നു. എന്നാൽ നീതിനിപുണനായ ചാണക്യൻ ബുദ്ധിശക്തിയിലും മററും ഒട്ടും പിന്നോക്കമല്ലാതിരുന്നെങ്കിലും പ്രായത്തി ലും ലോകപരിചയത്തിലും പകുതി രാക്ഷസനോളം വന്നിട്ടില്ലാത്ത ആളായിരുന്നു. അതിനാൽ രാക്ഷ സൻ തന്നേക്കാൾ ഉൽകൃഷ്ടനെന്നു വിചാരിച്ചു വിന യാവനതനായിട്ടാണു ചാണക്യൻ അവസാനകാൎയ്യം നേടുവാനുറച്ചത്.

അമാത്യനെ കണ്ടുകൂടുമ്പോൾതന്നെ കൌടി ല്യൻ പെട്ടെന്നു മുന്നോട്ടുചെന്നു "പൂജ്യനായ അമാ ത്യപാദരേ! ഇതാ വിഷ്ണുഗുപ്തൻ അഭിവാദനം ചെയ്യു ന്നു എന്നു പറഞ്ഞു് അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. ഈ പ്രവൃത്തികൂടി കണ്ടപ്പോൾ രാക്ഷസന്റെ ഉള്ളിൽ മത്സൎയ്യബീജങ്ങളുടെ വല്ല ശിഷ്ടവും കിടപ്പുണ്ടായിരുന്നെങ്കിൽ അതു പാടെ നാമാവശേഷമായി. മഹാനായ വിഷ്ണുഗുപ്തൻ തന്റെ

പാദങ്ങളിൽ നമസ്കരിക്കത്തക്കവണ്ണം തനിക്കെന്തൊരു യോഗ്യതയാണ് ഉള്ളത്? താനോ പല മാതിരി കപടപ്രവൃത്തികൾ ചെയ്യുകയും കഴിയുമെങ്കിൽ യോഗ്യശിരോമണികളെന്ന് ഇപ്പോൾ ബോധപ്പെട്ട രണ്ടുപേരെ നശിപ്പിക്കുന്നതിനു ശ്രമിക്കയും ചെയ്ത മഹാപാപി, പ്രത്യേകിച്ച് ഇപ്പോൾ ചണ്ഡാലസ്പർശംകൊണ്ട് അശുദ്ധമായിട്ടുമുണ്ട്. ചാണക്യനാവട്ടെ എല്ലാവിധത്തിലും യോഗ്യനെന്നു ബദ്ധവിരോധിയായ താൻപോലും സംശയംവിനാ സമ്മതിക്കത്തക്ക ഒരു ഉത്തമബ്രാഹ്മണൻ. അങ്ങനെയിരിക്കുന്ന അദ്ദേഹം തന്റെ പാദസ്പർശംകൊണ്ട് അശുദ്ധനാകുന്നതിനു താൻ എങ്ങനെ അനുവദിക്കും?' ഈ മാതിരി വിചാരങ്ങളായിരുന്നു രാക്ഷസന്റെ ഹൃദയത്തിൽ ആ ക്ഷണനേരംകൊണ്ടുണ്ടായത്. അതിനാൽ അദ്ദേഹം പുറകോട്ടു മാറിനിന്നിട്ടു ചണ്ഡാലസ്പർശദൂഷിതനായ തന്നെ തൊടരുതെന്നു ചാണക്യനോടപേക്ഷിച്ചു. ഇപ്രകാരമൊരു വാദത്തിനു ചാണക്യൻ തയ്യാറായിരുന്നു. അദ്ദേഹം ഉടനെ എണീററിങ്ങനെ പറഞ്ഞു. "ഹേ അമാത്യാ! ഇവർ ചണ്ഡാലന്മാരല്ല."

രാ—(വിചാരം) ഇതാ ഇപ്പോൾ രണ്ടു പ്രാവശ്യമായി. അധികാരഭ്രഷ്ടമായ ഈ നാമധേയംതന്നെ ലജ്ജാവഹമായിരിക്കുന്നു. എന്തത്ഭുതം! ചാണക്യന്റെ നീതിയാൽ രാക്ഷസൻ നിശ്ശേഷം പരാജിതനായി എന്നു സമ്മതിച്ചേ തീരു. (പ്രകാശം) പി

ന്നെ ഇവരാരാണ്?

ചാ—അങ്ങ് ഇവരെ നല്ലവണ്ണം അറിയും. ഇതാ ഇയ്യാൾ മുമ്പ് അങ്ങയുടെ ഭൃത്യനും ദണ്ഡനാധികാരിയായ രാജപുരുഷനുമായിട്ടുള്ള സിദ്ധാർത്ഥകനാണ്. ഇവനും അങ്ങയുടെ ഭൃത്യനായ സമൃദ്ധാർത്ഥകനാണ്. അങ്ങയുടെ കാര്യസ്ഥനായ സാധു ശകടദാസനെക്കൊണ്ടു വ്യാജലേഖനം എഴുതിച്ചതു് ഈ ഞാൻതന്നെയാണ്.

രാ—(അത്ഭുതത്തോടുകൂടി, ചാണക്യനെ നോക്കീട്ടു വിചാരം), ആവൂ! ശകടദാസന്റെ പേരിലുള്ള എന്റെ ശങ്ക തീൎന്നു. ഭാഗ്യംതന്നെ.

ചാണ—അങ്ങ് അത്ഭുതപ്പെടുന്നുണ്ടായിരിക്കാം. എന്നാൽ ഇതു സത്യംതന്നെയാണ്. ചുരുക്കിപ്പറയാമല്ലോ.

"അല്ലേ! കേൾവിഷകന്യ, ഭദ്രഭടരാ—
ദ്യാക്കത്തു, സിദ്ധാർത്ഥകൻ,
നല്ലോരാഭരണങ്ങൾ മൂന്നു, ബത! നിൻ
തോഴൻ ഭദന്താഭിധൻ—
ചൊല്ലാം ജീൎണ്ണവനത്തിലാത്തനര, നാ
ച്ചെട്ടിക്കെഴും ദുഃഖമെ—
ന്നെല്ലാമെൻ വൃഷലൻറ വീര! തവ സം—
യോഗാർത്ഥയാം നീതിയാം.

രാ—ആശ്ചര്യമാശ്ചര്യം! എന്നാൽ ഞാൻ തോല്പിക്കപ്പെട്ടതിൽ ഒരു കുററവും പറയാനില്ല.

ചാ—ഇതാ ചന്ദ്രഗുപ്തൻ അങ്ങയെ കണ്ടു വന്ദിപ്പാനി

ഷ്ഠിക്കുന്നു. അദ്ദേഹത്തെ അനുഗ്രഹിക്കണം. ഉടനെ ചന്ദ്രഗുപ്തൻ മുമ്പോട്ടു വന്നു. അദ്ദേഹത്തെ കണ്ടിട്ടു രാക്ഷസന്റെ അന്തൎഗ്ഗതം ഈ വിധമായിരുന്നു. ഈ രാജകുമാരൻ,

ബാലത്വമാൎന്നളവിലേ ബഹു കേമനാം മേ-
ന്മമലെന്നു ലോകർ നിരൂപിച്ചു വിധം ക്രമത്തിൽ
ചാലേ കരേറി നിജ രാജ്യമതിങ്കലേവം
ചേലോടു യൂഥപതിയാം ഗജമെന്നപോലെ."

അതിനാൽ ഇദ്ദേഹം നിസ്സംശയം മാന്യപുരുഷൻ തന്നെ.

എന്നാൽ രാജാവു ചെന്നു വന്ദിച്ചതു തന്റെ കാൎയ്യകാരണഗുരുവായ ചാണക്യനെയാണു്. ചാണക്യൻ ചന്ദ്രഗുപ്തന്റെ തലയിൽ കൈകൾ രണ്ടും ചേൎത്തനുഗ്രഹിച്ചിട്ടു "രാജാവേ! അങ്ങെയ്ക്കെന്റെ അനുഗ്രഹം പൂൎണ്ണമായിട്ടുണ്ടു്. എന്നാൽ ഇതാ മഹാനായ അമാത്യപാദൻ; അദ്ദേഹത്തെ നമസ്കരിക്കു. ഇദ്ദേഹം അങ്ങയുടെ പിതാക്കന്മാരുടെ അമാത്യമുഖ്യനാണല്ലോ എന്നു പറഞ്ഞു. രാക്ഷസൻ, താനും ചന്ദ്രഗുപ്തനും തമ്മിലുള്ള സംബന്ധത്തെ ഇപ്രകാരം കൂട്ടിച്ചേൎത്ത ചാണക്യന്റെ ബുദ്ധിസാമൎത്ഥ്യത്തെപ്പററി മനസാ ശ്ലാഘിച്ചു. രാജാവു രാക്ഷസന്റെ മുമ്പിൽചെന്നു് "അമാത്യപാദരേ! ചന്ദ്രഗുപ്തൻ നമസ്കരിക്കുന്നു" എന്നു പറഞ്ഞു് അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു. അസ്തമിതസൎവ്വമത്സരനായ അമാത്യൻ ചന്ദ്രഗുപ്തനെ തന്റെ കൈകൾകൊണ്ടു പിടി

ച്ചെഴനേല്പിച്ച് അനുഗ്രഹിച്ചു. കുട്ടിക്കാലങ്ങളിൽ ചന്ദ്രഗുപ്താദികളെ താൻ ലാളിച്ചിട്ടുള്ളതും മററോരോ കഥകളും ഓത്ത് അദ്ദേഹത്തിനു പല വികാരങ്ങളുണ്ടായവയെ അദ്ദേഹം അശ്രുധാരാമാഗ്ഗമായി വെളിയിലേക്കയച്ചു എന്നാൽ പൂവ്വവിചാരങ്ങളുടെ കൂട്ടത്തിൽ നന്ദമഹാരാജാവിൻേറയും പുത്രന്മാരുടേയും കഥ ഉള്ളിലുദിച്ചതിനാൽ ആ വക വിചാരങ്ങൾ ഒരു ഭാഗത്തും തല്ക്കാലം ചന്ദ്രഗുപ്തനിൽ ഉളവായ വാത്സല്യം മറെറാരു ഭാഗത്തും നിന്നുകൊണ്ടു ഹൃദയത്തിൽ പോരാടുവാൻ തുടങ്ങി. നിസ്തിമഷനായി ചന്ദ്രഗുപ്തനെ നോക്കിക്കൊണ്ടുനിന്ന രാക്ഷസൻ "രാജാവു വിജയിച്ചാലും" എന്നു പറഞ്ഞു. പിന്നീടു മൌനം ദീക്ഷിച്ചതേയുള്ളൂ. രാജാവു വീണ്ടും

ഗുരുവാമാര്യനമാര്യനു-
മരിവൊടു ഷാൾഗുണ്യചിന്തയിലിരിക്കേ,
പരമീയിവനു ജയിക്കാ-
തൊരു പദമെന്തുള്ളൂ പാത്താലേ പാത്താൽ?

എന്നു പറഞ്ഞിട്ടും രാക്ഷസൻ മിണ്ടാൻ ഭാവമില്ലെന്നു കണ്ടു ചാണക്യൻ അദ്ദേഹത്തിൻെറ ഉള്ളിലുള്ള വിചാരങ്ങളെ ക്ഷണേന മനസ്സിലാക്കി.

ചാ—അമാത്യ! ചന്ദനദാസനെ രക്ഷിക്കണമെന്നു മോഹമുണ്ടോ?

രാക്ഷ—നിശ്ചയമായിട്ടും.

ചാ—"എന്നാൽ അധികാരമുദ്രിതമായിരിക്കുന്ന ഈ വാളെടുത്തുകൊണ്ട് അതിലേയ്ക്കാജ്ഞകൊടുത്തു

കൊള്ളുക" എന്നു പറഞ്ഞു മന്ത്രിപദസൂചകമായി തൻെറ കയ്യിലിരുന്ന മുദ്രവാൾ നീട്ടിക്കൊടുത്തു.

രാക്ഷസൻ—"ഹേ മഹാബ്രാഹ്മണാ" എന്തിനു ശവത്തിൽ കുത്തുന്നു? മഹായോഗ്യനായ അങ്ങു് എടുത്തിരുന്ന ഈ വാൾ തൊടുന്നതിനുപോലും അയോഗ്യനും ഭാഗ്യഹീനനുമായ എനിക്കവകാശമില്ല. എനിക്കതിനു് ഇനി യോഗ്യതയില്ലാത്തതിനാൽ മോഹവുമില്ല. ഞാൻ ആവശ്യപ്പെടുന്നതെല്ലാം എൻെറ അന്തരംഗമിത്രമായ ചന്ദനദാസനെ തിരിയെക്കിട്ടണമെന്നുള്ളതാണു്.

ചാണ—ഞാൻ യോഗ്യനെന്നോ അയോഗ്യനെന്നോ പറയുന്നതെന്തിനു്? അതെങ്ങനേയും പോകട്ടെ. അവസാനമായി തീർച്ച പറഞ്ഞേക്കാം ഈ വാൾ എടുത്തു് അധികാരപദത്തെ—ചന്ദ്രഗുപ്തൻെറ മന്ത്രിപദത്തെ—പ്രാപിച്ചു ചന്ദനദാസനെ വധത്തിൽനിന്നു മോചിക്കുവാൻ കല്പിക്കാമെങ്കിൽ അപ്രകാരം ചെയ്തുകൊൾക. അല്ലാത്തപക്ഷം അയാളെ വധിക്കുകയേ നിവൃത്തിയുള്ളു. അതിനാൽ എന്തുവേണമെന്നു് ആലോചിച്ചു നിശ്ചയിക്കാം.

ചാണക്യൻ ഇങ്ങനെ ഖണ്ഡിച്ചു പറയുന്നതു കേട്ടു രാക്ഷസൻ വിഷണ്ണനായി. എന്തു വേണ്ടു എന്നറിയാതെ അദ്ദേഹം ആലോചനാമഗ്നനായി "കൈ ചുട്ടിട്ടിറക്കാനും മധുരിച്ചിട്ടു തുപ്പാനും പാടില്ലാ"തെ നിന്നു. ഒടുവിൽ "ഹേ വിഷ്ണുഗുപ്താ! സർവ്വകാലങ്ങളിലും പ്രതിപത്തിക്കു കാരണമായിരിക്കുന്ന

സുഹൃൽസ്നേഹത്തിന്നായിക്കൊണ്ടു നമസ്കാരം. എന്തു ചെയ്യാം! ഞാൻ ഇതാ തയ്യാറായിരിക്കുന്നു. വാൾ തരിക" എന്നു് അദ്ദേഹം പറഞ്ഞു. ചാണക്യനാകട്ടെ, അപരിമിതസന്തോഷത്തോടുകൂടി വാൾ അമാത്യന്റെ കയ്യിൽ കൊടുത്തിട്ടു തിരിഞ്ഞു വിനീതനും സന്തുഷ്ടനുമായി നില്ക്കുന്ന ചന്ദ്രഗുപ്തനെ നോക്കി പറഞ്ഞു.

"വത്സ, ചന്ദ്രഗുപ്ത! അമാത്യരാക്ഷസൻ അധികാരം വഹിച്ചനുഗ്രഹിച്ചതിനാൽ അങ്ങേയ്ക്കു ഭാഗ്യം കൊണ്ടു് അഭിവൃദ്ധിയായി". എന്നു മാത്രമല്ല,

"നമ്മുടെ ബുദ്ധി ഭവാനുടെ ഭാഗ്യം
വെണ്മ കലർന്നൊരു രാക്ഷസവീര്യം
നമ്മയോടൊത്തിതു മൂന്നും ചേർന്നാൽ
വെണ്മതിധരനെയുമങ്ങു ജയിക്കാം."

ഈ ആശീർവ്വാദത്തിനുത്തരമായി, "ആര്യന്മാരുടെ പ്രസാദംകൊണ്ടുള്ള ഭാഗ്യമല്ലാതെ എനിക്കു യാതൊന്നുമില്ല" എന്നു രാജാവു സപ്രശ്രയം പ്രതിവചിച്ചു.

അനന്തരം ചന്ദനദാസനെ വിമുക്തനാക്കി, എല്ലാവരുംകൂടി സന്തോഷമായി രാജധാനിയിലേയ്ക്കു പോയി. രാജധാനിയിലുണ്ടായിരുന്ന എല്ലാവർക്കും അമാത്യനെ വീണ്ടും മന്ത്രിസ്ഥാനത്തു കണ്ടതിൽ അതിരററ സന്തോഷമുണ്ടായി. അദ്ദേഹവും പണ്ടു തന്റെ ആശ്രിതന്മാരായിരുന്ന എല്ലാവരേയും സ

സന്തോഷത്തോടെ സ്വീകരിക്കയും യഥായോഗ്യം കുശലപ്രശ്നാദികൾ ചെയ്കയും ചെയ്തു

---

## ൨൦-ാം അദ്ധ്യായം

സ്നാനാശനാനന്തരം എല്ലാവരും ആസ്ഥാനമണ്ഡപത്തിൽ യോഗംകൂടി. അഗ്രാസനത്തിൽ മഹാരാജാവു ചന്ദ്രഗുപ്തനും മന്ത്രിസ്ഥാനത്തു് അമാത്യരാക്ഷസനും രണ്ടു പേരുടേയും മദ്ധ്യേ ചാണക്യനും അനന്തരം അവസ്ഥാനുസരണം മററുദ്യോഗസ്ഥന്മാരും ചന്ദനദാസാദി പൌരപ്രധാനന്മാരും ഇരുന്നതിന്റെശേഷം വിഷ്ണുഗുപ്തന്റെ സംജ്ഞയനുസരിച്ചു രാജാവു മന്ത്രിയോടു ബന്ധനസ്ഥനായ മലയകേതുവിനെ എന്തു ചെയ്യണമെന്നുള്ളതിൽ അദ്ദേഹത്തിന്റെ അഭിപ്രായമറിഞ്ഞിട്ടുവേണമെന്നുവച്ചു് ഇതേവരെ ഒന്നും ചെയ്തിട്ടില്ലെന്നു പ്രസ്താവിച്ചു. രാക്ഷസന്റെ മറുപടി ഇപ്രകാരമായിരുന്നു.

“രാജൻ! ചന്ദ്രഗുപ്ത! ഞാൻ കുറെക്കാലം മലയകേതുവിനെ ആശ്രയിച്ചു പാർത്തിട്ടുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തെ രക്ഷിക്കേണ്ടതു് എന്റെ ചുമതലയാണു് അതിനുംപുറമെ, തന്റെ പിതാവനു് ഇവിടെവെച്ചു മരണം സംഭവിച്ചതിന്റെ പ്രതികാരം ചെയ്യാൻ അദ്ദേഹം ഇവിടെ വന്നതു രാജോചിതവും വീരോചിതവുമാണു്. യുദ്ധത്തിൽ തോററുപോയതു് ഏതുവിധമെങ്കിലുമാവട്ടെ. മലയകേ

ത്തുവിനെ ബന്ധനമുക്തനാക്കി സമ്മാനിച്ചയയ്ക്കയാണുചിതമെന്നു് എനിക്കു തോന്നുന്നു" ഇതുകേട്ടു രാജാവു ചാണക്യന്റെ അന്തർഗ്ഗതമറിവാൻ അദ്ദേഹത്തിന്റെ മുഖത്തു നോക്കി. ചാണക്യനും തന്റെ ഇംഗിതം പുറപ്പെടുവിച്ചു. "രാജാവേ! സാർവ്വത്രാ സമർത്ഥനും കാര്യാകാര്യജ്ഞാനകുശലനുമായ അമാത്യന്റെ അഭിമതം സ്വീകാരയോഗ്യമല്ലാതെ വരികയില്ല. അതിനാൽ അനുസരിച്ചുകൊള്ളു."

കല്പനപ്രകാരം പർവ്വതകകുമാരനെ ബന്ധനമോചനം വരുത്തി വിശേഷവസ്ത്രാഭരണാദികൾ കൊണ്ടലംകൃതനാക്കി രാജസദസ്സിൽ വരുത്തി. അദ്ദേഹവും എല്ലാവരേയും വന്ദിച്ചു് ആസനസ്ഥനായശേഷം ചാണക്യൻ എണീററുനിന്നു സഭ്യരെ വണങ്ങി ഇപ്രകാരം പറഞ്ഞു.

"മഹാരാജാവേ! മന്ത്രിപുംഗവ! മററു മാന്യജനങ്ങളേ! നിങ്ങളുടെ അനുവാദപ്രകാരം ഞാൻ കുറഞ്ഞൊന്നു പറഞ്ഞുകൊള്ളുന്നു. കുറേക്കാലം മുമ്പു്— അതായതു സർവ്വാർത്ഥസിദ്ധിമഹാരാജാവു തന്റെ പുത്രന്മാരിൽ രാജ്യഭാരം സമർപ്പിച്ചു സ്വസ്ഥനാകയും നവനന്ദനന്മാർ നമ്മുടെ ഇപ്പോഴത്തെ രാജാവിന്റെ പിതാവിനേയും സഹോദരന്മാരേയും വീരോചിതമല്ലാത്തവിധം വഞ്ചിച്ചു, കൊലചെയ്തു് അദ്ദേഹത്തെ രക്ഷിക്കയും ചെയ്തശേഷം—ഒരിക്കൽ ഒരു വെറും വഴിപോക്കനായി രാജാക്കന്മാരുടെ അഗ്രഭോജനത്തിനു് ഇവിടെ പ്രവേശിച്ച സാധുബ്രാഹ്മണനെ

നിങ്ങളിൽ മിക്കവരും ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. ഒരു ബ്രാഹ്മണനു വേണ്ട സകല യോഗ്യതകളും തികഞ്ഞവനായ അദ്ദേഹത്തെ പ്രായപൂൎത്തി വരാത്ത ഒരു വടു, ധിക്കാരി, മൂഢൻ, ഭ്രാന്തൻ എന്നെല്ലാം പറഞ്ഞു രാജപുരുഷന്മാർ കുടുമ ചുററിപ്പിടിച്ചു സദസ്സിൽനിന്നു വെളിയിലാക്കിയതും, അവിടെനിന്നു് അദ്ദേഹം ദുസ്സാധമായ പ്രതിജ്ഞചെയ്തു് അഴിഞ്ഞ കുടുമയോടുകൂടി കോപിച്ചുപോയതും നിങ്ങൾ വിസ്മരിച്ചിട്ടുണ്ടായിരിക്കയില്ല. പക്ഷേ ക്ഷുൽപീഡിതനായ ആ ബ്രാഹ്മണക്കുട്ടിയുടെ വകതിരിവില്ലായ്മയെക്കുറിച്ചു നിങ്ങൾ ഗൌനിക്കയോ, ആ സംഭവം ഈ സകല കലാപങ്ങളുടേയും വിശിഷ്യ നന്ദരാജവംശത്തിനുണ്ടായ ഈ വലുതായ മാററത്തിന്റേയും നിദാനമായി ഭവിക്കുമെന്നു ശങ്കിക്കുകയോ ചെയ്തിരുന്നിരിക്കയില്ല. എന്നാൽ ഒരാൾമാത്രം ആ സാധുദ്വിജനിൽ വിശ്വസിക്കയും സൎവ്വപ്രകാരേണയും അദ്ദേഹത്തെ അനുസരിക്കയും ചെയ്തു. തൽഫലം അചിരേണ അദ്ദേഹത്തിനു് അനുഭവിക്കാനിടവന്നു. ആ ഒരാൾ ഇപ്പോൾ നമ്മുടെ ഈ സമ്മേളനത്തിൽ അദ്ധ്യക്ഷവും മേലിൽ നമ്മെയെല്ലാം വഴിപോലെ ഭരിക്കുന്നതിനുള്ള ചുമതലയും വഹിക്കുന്ന മഹാരാജാവു ചന്ദ്രഗുപ്തനാണു്. ആ സാധുബ്രാഹ്മണൻ— ഭോജനലോലുപനായി തൽക്കാലകോപത്താൽ വൃഥാ ജല്പനംചെയ്ത ആ വടു ഈ ഞാൻതന്നെയാണെന്നു ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. "ബ്രാഹ്മണോ ഭോജനപ്രിയ"

എന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അക്കൂട്ടർ വെറും ഭോജനപ്രിയന്മാർ മാത്രമാണെന്നും കാര്യശേഷിയുള്ളവരോ കാര്യമറിയാവുന്നവരോ ആയി അവരിൽ ആരുമില്ലെന്നും കരുതി നാം അറിയുന്ന ഒരുവനെ മാത്രം ഒരു സമുദായത്തിന്റെ മാനദണ്ഡമായി വിചാരിക്കുന്നതു് എത്ര ഭോഷത്തരമാണു്.

നിങ്ങളിൽ ചിലക്കു് എന്റെ പ്രസംഗം ആത്മപ്രശംസയോ മററോ ആണെന്നുവെച്ചു രസാവഹമല്ലാതെ വന്നേക്കാം. അങ്ങനെയാണെങ്കിൽ പ്രസംഗവിഷയം മാററിക്കളയാം. എന്റെ പ്രവൃത്തികൾ ഇന്നിന്നവയാണെന്നു നിങ്ങളിൽ ഏതാനും ചിലക്കറിയാമെങ്കിലും അതുകളുടെ വാസ്തവം മുഴുവനും എല്ലാവരും അറിഞ്ഞു കാണുകയില്ലെന്നു വിശ്വസിക്കുന്നു. അതിനാൽ ആ പരമാർത്ഥം തെളിയിച്ചു് അതിന്റെ ഒരു സംക്ഷേപം പറവാനാകുന്നു ഞാൻ ഇനി തുനിയുന്നതു്.

"എന്റെ പരമോദ്ദേശ്യം ചന്ദ്രഗുപ്തനെ നന്ദന്മാരുടെ സ്ഥാനത്തു നിഷ്പ്രതിദ്വന്ദ്വിയായി അധിരോഹണം ചെയ്യിക്കണമെന്നായിരുന്നു. അതിനായി എന്റെ വയസ്യനായ ഇന്ദുശർമ്മാവിനെ ബൌദ്ധവേഷം ധരിപ്പിച്ചു് ഈ നഗരത്തിലും മററു പല സ്ഥലത്തും അയച്ചു. അയാൾ അമാത്യാദികളെ കയ്യിലാക്കി എന്റെ ഉദ്ദേശ്യം പൂർണ്ണമായി സാധിക്കുന്നതിനു തന്നാൽ കഴിയുന്ന യത്നം അവസാനംവരെ ചെ

ട്ടു എന്നുള്ളതു സസന്തോഷം ഞാൻ സമ്മതിച്ചുപറ യുന്നു. അനന്തരം പർവ്വതേശ്വരനെ ആശ്രയിച്ചു് ആ ദ്യയുദ്ധത്തിൽത്തന്നെ നന്ദനന്മാരെ നാമാവശേഷരാ ക്കി മൌര്യനെ ഇവിടെ വാഴിച്ചു. എന്നാൽ ഇതു കൊണ്ടു് എന്റെ ഉദ്ദേശ്യം പൂർണ്ണമായില്ല പർവ്വത കനു രാജ്യം കൊടുപ്പാൻ തരമില്ലെന്നുറച്ചു് ഇന്ദ്രശ ർമ്മാവിന്റെ സഹായത്തോടുകൂടി അദ്ദേഹത്തെ നി ഗ്രഹിച്ചു് ആ അപരാധം അമാത്യന്റെ തലയിൽ ചുമത്തി. ഇതിനും ഒരു കാരണമുണ്ടു്. അമാത്യ ന്റെ ഗുണഗണങ്ങൾ പ്രഥമദൃഷ്ടിയിൽ തന്നെ എനി ക്കു ബോദ്ധ്യമായി. അപ്രകാരമുള്ള ഒരു മന്ത്രിയെ ചന്ദ്രഗുപ്തനോടു ചേർത്തിണക്കിയാൽ മാത്രമേ ഞാൻ മനസാ ഏററഭാരം പൂർത്തിയാകയുള്ളൂ എന്നു നിശ്ച യിച്ചു. തുടങ്ങിയ കാര്യം പകുതിയിൽ അവസാനി പ്പിക്കുന്നതു് എനിക്കു പരമസങ്കടമാണു്. നന്ദവംശ ത്തിൽ ആരെങ്കിലുമുള്ള കാലം അമാത്യനെ സ്വാധീ നമാക്കുവാൻ പ്രയാസമെന്നു കണ്ടിട്ടു സർവ്വാർത്ഥസി ദ്ധിയെ ഞാൻ നിഗ്രഹിച്ചതും വാസ്തവം തന്നെ. പക്ഷേ, ഇതിൽ അവനവൻ കുഴിച്ച കുഴിയിൽ അവ നവൻ വീഴുമെന്നുള്ളതാണു് അധികം യോജിക്കുന്ന തു്. സംഗതികളുടെ പോക്കറിയുന്നതിനായി ഞാൻ ചാരന്മാരെ ധാരാളം നിയോഗിച്ചിരുന്നു. അവ രിൽനിന്നു സർവ്വാർത്ഥസിദ്ധി സ്വന്ത പൌത്രനെ കൊ ല്ലിക്കുവാൻ വഴിനോക്കിയതായറിഞ്ഞു് ആ വഴിയിൽ കൂടി അദ്ദേഹത്തെ അകപ്പെടുത്തുകയാണുണ്ടായതു്.

എൻെറ പിന്നത്തെ ശ്രമം അമാത്യനെ പാട്ടിൽ പിടിപ്പാനായിരുന്നു. നന്ദപക്ഷപാതിയായ അമാത്യനിൽ മിത്രസ്നേഹം നിസ്സീമമായി കണ്ടിട്ടു ചന്ദനദാസൻ വഴിയായി അദ്ദേഹത്തെ പാട്ടിലാക്കാമെന്നുറച്ചു. ശകടദാസനെ വഞ്ചിച്ചു വ്യാജപത്രമെഴുതിച്ചു. മലയകേതു കുമാരനിൽനിന്നു് അദ്ദേഹത്തെ അകററിയതു് ഇങ്ങോട്ടടുപ്പിക്കാനുള്ള മറെറാരു വഴിയാകുന്നു. ഇതിൽ ഭാഗുരായണൻ വളരെ സഹായം ചെയ്തിട്ടുണ്ടെന്നു സമ്മതിച്ചേതീരൂ. എൻെറ ഈ ഉദ്ദേശവും ഫലിച്ചു എന്നു് ഇപ്പോൾ സാഭിമാനം സമ്മതിക്കുന്നു. ഇപ്പോളാണു ഞാൻ ദൃഢപ്രതിജ്ഞനായതു്. പണ്ടു ദുശ്ശാസനനാൽ വലിച്ചിഴിക്കപ്പെട്ട ദ്രൗപതിയുടെ തലമുടിയെ അവൻെറ മാറുപിളൎന്നു അതിൽ നിന്നൊലിക്കുന്ന രക്തംപുരട്ടി സാധിതപ്രതിജ്ഞനായ ഭീമസേനൻ കെട്ടിയതായി പുരാണത്തിൽ പറയുന്നതുപോലെ അന്നു് ഇവിടത്തെ ഗോപുരദ്വാരത്തിങ്കൽവെച്ചു ഞാൻ പറഞ്ഞിരുന്നപ്രകാരം ലബ്ധശപഥനായി ഇതാ ഈ സഭാസമക്ഷം ഞാൻ എൻെറ കുടുമ കെട്ടിക്കൊള്ളുന്നു. എന്നാൽ ഇതോടൊന്നിച്ചു വേറെ ഒന്നുകൂടി എനിക്കു പറവാനുണ്ടു്. ആൎയ്യനായ അമാത്യൻെറ ആജ്ഞാനുസരണം ചന്ദനദാസനേയും മലയകേതുവിനേയും കെട്ടഴിച്ചുവിട്ടു. ഇനിയുള്ളവരേയും ഇതു പോലെ വിട്ടുവിക്കണം. മോഹനമൃഗങ്ങൾക്കൊഴികെ പിന്നെ ഒന്നിനും കെട്ടാവശ്യമില്ല. നയകോവിദനായ അ-

മാത്യരാക്ഷസൻ രാജ്യഭാരം ചെയ്യേ മററുള്ളവരെ കൊണ്ടെന്താവശ്യമാണ്. അതിനാൽ എൻെറ കൂട്ടുമ കെട്ടപ്പെട്ടതിനോടുകൂടി മററുള്ളവരുടെ കെട്ടു പൊട്ടിക്കപ്പെടുകയും ചെയ്തിരിക്കുന്നു."

ചാണക്യൻ വിരമിച്ചതിനുശേഷം അദ്ദേഹത്തിൻെറ ഉപദേശപ്രകാരം ചന്ദ്രഗുപ്തൻ മലയകേതുവിന് അനവധി ദ്രവ്യാഭരണങ്ങൾ സമ്മാനിച്ചു. അച്ഛൻെറ നാട്ടു തിരിച്ചുകൊടുത്തു. ഭദ്രഭടൻ മുതലായ പഴയ ആളുകളെ മലയകേതുവിൻെറ സൈന്യത്തോടൊന്നിച്ച് അദ്ദേഹത്തെ സ്വരാജ്യത്തിലെത്തിച്ചു സുഖമായി രാജ്യഭരണത്തിലിരുത്തി തിരിച്ചുവരുന്നതിനായി ചുമതലപ്പെടുത്തി. ചന്ദനദാസനെ മൌര്യൻ തൻെറമുമ്പിൽ വിളിച്ചു പലമാതിരി സന്തോഷവാത്തകൾ പറഞ്ഞു വളരെ അഭിനന്ദിച്ചതിനു ശേഷം അയാളുടെ വകയായി താൻ അടക്കിയിരുന്ന ഭണ്ഡാരാദി സവ്വസ്വവും തിരിയെ കൊടുത്തു. കൂടാതെ അയാൾ കാണിച്ച മിത്രസ്നേഹം, സഹനശക്തി, ഔദായ്യം മുതലായ ഗുണങ്ങളാൽ അയാൾ ഒരു മാതൃകാപുരുഷനായിരിക്കണമെന്നുദ്ദേശിച്ചു രാജാവു് തൻെറ ദ്വാപാലനെ വിളിച്ചു "ചന്ദനദാസന് ഇന്നു മുതൽ നമ്മുടെ അധികാരാതൃത്തിയിലുള്ള എല്ലാനഗരങ്ങളിലും "ചെട്ടിയാർ പട്ടം" കൊടുത്തിരിക്കുന്നു എന്നു മുരശടിച്ചു പരസ്യം ചെയ്യുന്നതിനാജ്ഞാപിക്കയും ചെയ്തു. പരമസന്തുഷ്ടനായ ചന്ദനദാസൻ രാജാവിനോടും അമാത്യനോടും

തല്ക്കാലം യാത്രയും പറഞ്ഞു തന്റെ ഗൃഹത്തിൽ ചെന്നു സുഖമായി വസിച്ചു. ഭാഗുരായണൻ സിദ്ധാർത്ഥകൻ മുതലായ രാജപുരുഷന്മാർ, ചാരന്മാർ, ഭൃത്യന്മാർ മുതലായവർക്കും ധാരാളം സമ്മാനാദികൾ ലഭിക്കയാൽ അവരും സുഖമായി താമസിച്ചു.

ചാണക്യന്റെ ആശ്രമവർണ്ണനത്തിലും മററും നിന്നു് അദ്ദേഹം ലോകവ്യാപാരങ്ങളിൽനിന്നൊഴിഞ്ഞിരിക്കുന്നതു് ഒരു വാശിയാണെന്നു നാം കണ്ടുവല്ലോ. എങ്കിലും മഹാരാജാവു് പാരിതോഷികമായി സംഖ്യയില്ലാത്ത ദ്രവ്യം അദ്ദേഹത്തിനു സമ്മാനിച്ചു. രാജപ്രീതിയും ശിഷ്യവാത്സല്യവും വിചാരിച്ചു ആ യതിശ്രേഷ്ഠൻ അവയെല്ലാം സ്വീകരിച്ചു തന്റെ ഭൃത്യന്മാർക്കും മററു സാധുക്കൾക്കുമായി ദാനം ചെയ്തു. അനന്തരം അദ്ദേഹം തന്റെ ആശ്രമത്തെ പ്രാപിച്ചു തപസ്സുചെയ്തു. ഓരോ ദിവസം ചെല്ലുംതോറും ചന്ദ്രഗുപ്തന്റെ ഗുണങ്ങൾ കണ്ടു് അമാത്യനു് അദ്ദേഹത്തിൽ സന്തോഷം വർദ്ധിച്ചു. അവസാനത്തിൽ രാജാവും മന്ത്രിയും തമ്മിൽ പൂർണ്ണമായി യോജിക്കുകയും ഉഭയപാർശ്വത്തിലും സന്തുഷ്ടരായി രാജ്യം ഭരിക്കുകയും ചെയ്തു.

പാതാളതുല്യമായ തുരങ്കത്തിൽ കിടക്കുമ്പോൾ തന്റെ അച്ഛനോടും സഹോദരന്മാരോടും ചെയ്ത പ്രതിക്രിയാപ്രതിജ്ഞയെ ഇപ്രകാരം സാധിച്ചു ചന്ദ്രഗുപ്തൻ, മഹാരാജാവായെങ്കിലും തന്റെ ഉപകർത്താവായ ചാണക്യന്റെ മേൽപാട്ടിൽ അദ്ദേഹം അല്പം

ERNAKULAM

അസന്തുഷ്ടിയെ പ്രദർശിപ്പിച്ചു. എന്നാൽ ആ മഹാത്മാവു് കൂടക്കൂടെ അദ്ദേഹത്തെ വന്നു കാണുകയും അപ്പോഴപ്പോൾ വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തുപോന്നു. ഇതിനാൽ സംതൃപ്തനായി അദ്ദേഹം ധർമ്മമാർഗ്ഗത്തിൽനിന്നു ഭ്രംശിക്കാതെ രാക്ഷസാമാത്യഹിതം അനുസരിച്ചു പ്രജാക്ഷേമകരമാംവണ്ണം രാജ്യം ഭരിച്ചു.

സമാപ്തം.

തൃശ്ശിവപേരൂർ വിദ്യാവിനോദിനി അച്ചുക്കൂടത്തിൽ അച്ചടിച്ചതു്,

Good Book

Best

Yours faithfully

Samson

It is very good book.

I Never Read such books in that

It is very good book

Yours faithfully

ISLAM HIGH SCHOOL
2002
Date......
ERNAKULAM.

# CHANAKYAN

2002

2002

*By*

P. Sankaran Nambiyar M. A. (Hons.)

1693

# ചാണക്യൻ

ഗ്രന്ഥകർത്താ:

പി. ശങ്കരൻ നമ്പ്യാർ, എം. ഏ. (ഓനേഴ്സ്).

TRICHUR

V. SUNDRA IYER & SONS.

*Rights Reserved*] 1952 Price 1—4—0]

Indic Digital Archive Foundation

gpura.org